Process Ensuring for Natural Classroom Interaction and Learning

# പെൻസിൽ

PENCIL

എല്ലാവർക്കും പഠനനേട്ടം
അധ്യാപനമികവിലൂടെ

4

# മലയാളം

## അധ്യാപകസഹായി

ഡയറ്റ് മലപ്പുറം

ബി.ആർ.സി. അരീക്കോട്

2016-17

PENCIL
എല്ലാവർക്കും പഠനനേട്ടം
അധ്യാപനമികവിലൂടെ

**പെൻസിൽ - നാല്**
**അധ്യാപക സഹായി (മലയാളം)**

*സാക്ഷാത്കാരം:*
**എജുക്കേഷണൽ ടെക്നോളജി ഫാക്കൽറ്റി**
ഡയറ്റ്, മലപ്പുറം, തിരൂർ-2

*വിദഗ്ധോപദേശം:*
**ഡോ. പി.കെ. അബ്ദുൾ ഗഫൂർ**
പ്രിൻസിപ്പൽ, ഡയറ്റ്, മലപ്പുറം
**പി. ജയദേവൻ**
സീനിയർ ലക്ചറർ, ഡയറ്റ്, മലപ്പുറം

*ആശയവും ഏകോപനവും:*
**ഡോ. വി. പരമേശ്വരൻ**
സീനിയർ ലക്ചറർ, ഡയറ്റ്, മലപ്പുറം

പെൻസിൽ ലോഗോ
**ഗോപു പട്ടിത്തറ**

*ട്രൈഔട്ട് ഏകോപനം*
**റോയ് തോമസ് ടി.ടി**
ബി.പി.ഒ, ബി.ആർ.സി. അരീക്കോട

PENCIL
എല്ലാവർക്കും പഠനനേട്ടം
അധ്യാപനമികവിലൂടെ

*സർഗാത്മക പങ്കാളിത്തം:*
**രമാദേവി സി**
ബി.ആർ.സി. അരീക്കോട്

**അനൂപ് സി**
ജി.എച്ച്.എസ്. പന്നിപ്പാറ

**ജയശ്രീ എം**
എ.എൽ.പി. തവനൂർ സൗത്ത്

**അബ്ദുൾസമദ് കെ.സി**
ജി.എൽ.പി. കിഴിശ്ശേരി

**രാജ്മോഹൻ എ.പി**
എ.എം.എൽ.പി., ഇയ്യത്തിങ്ങൽ

**മിനി എം**
ജി.എൽ.പി. കരുവമ്പുറം വെസ്റ്റ്

**മുഹമ്മദ് ഷമീം പി**
എ.യു.പി. വെണ്ണക്കോട്

**നൗഷാദ് വെള്ളലശ്ശേരി**
ഗണപത് എ.യു.പി കിഴിശ്ശേരി

**ലോഹിതാക്ഷൻ.കെ**
അസിസി ഹയർ സെക്കന്ററി ബധിര വിദ്യാലയം, മലപ്പുറം

**ബിന്ദു. എസ്**
ബി.ആർ.സി., കുറ്റിപ്പുറം

**സുഗതൻ. ടി.പി**
*കവർ, ഡിറ്റിപി & ലേഔട്ട്:*
റോളക്സ് ഗ്രാഫിക്സ്, കോഴിക്കോട്

# ആമുഖം

ഗുണമേന്മയുടെ വിദ്യാഭ്യാസം എല്ലാ കുട്ടികളുടെയും അവകാശമായിരിക്കുന്നു. എന്നാൽ ഇന്ന് എല്ലാ കുട്ടികളും ക്ലാസിൽ ശ്രദ്ധിക്കുന്നു എന്നുറപ്പാക്കാൻ നമുക്ക് കഴിയുന്നില്ല. എല്ലാവരും പഠനനേട്ടം ആർജ്ജിക്കുന്നില്ല. പഠന പ്രക്രിയയിൽ എല്ലാവരും താല്പര്യപൂർവ്വം പങ്കെടുക്കുന്നില്ല. എല്ലാവർക്കും വായിക്കാനും തെറ്റുകൂടാതെ എഴുതാനും കഴിയുന്നില്ല. ഗ്രൂപ്പു പ്രവർത്തനങ്ങൾ കേവലം ചടങ്ങുകളായി മാറുന്നു. പ്രതികരണപേജിലെ രേഖപ്പെടുത്തൽ ഫലപ്രദമാകുന്നില്ല. അധ്യാപകർ കുട്ടികളുടെ അക്കാദമിക മികവിൽ വേണ്ടത്ര തൃപ്തരല്ല.

എന്തുകൊണ്ടാണ് ഇത്തരമൊരവസ്ഥയുണ്ടാകുന്നത്? ഈ പ്രശ്നങ്ങളെ കൂടി അഭിസംബോധന ചെയ്യുന്ന ആസൂത്രണമില്ല എന്നതാണ് പ്രധാന കാരണം. ഇതെന്തുകൊണ്ട്? സൂഷ്മമായി പ്രശ്നങ്ങളെ വിശകലനം ചെയ്ത് അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിന് സമയം, വിഭവം, മനോഭാവം, ധാരണ എന്നിവ അനിവാര്യമാണ്. ഇവയുടെ അഭാവം ഒരു പരിധിവരെ പരിഹരിക്കാനുള്ള ശ്രമമാണ് പെൻസിൽ. (PENCIL - Process Ensuring Natural Class room Interaction and Learning) മുൻവർഷങ്ങളിൽ വിജയിച്ച എന്റെ മലയാളം, സ്ളേറ്റ്, നെസ്റ്റ് തുടങ്ങിയ ഗവേഷണാത്മക പരിപാടികളുടെ തുടർച്ചയാണിത്.

മൂന്നുമതൽ എഴുവരെ ക്ലാസ്സുകളിലെ എല്ലാ വിഷയങ്ങൾക്കും പെൻസിൽ സാമഗ്രികൾ തയ്യാറാക്കുന്നുണ്ട്. ഡയറ്റ് ഫാക്കൽറ്റിയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന സഹായ സാമഗ്രികൾ ബി.ആർ.സിയുടെ ആഭിമുഖ്യത്തിൽ ട്രൈഔട്ട് ചെയ്യുന്നു.

3,4 ക്ലാസുകളിലെ മലയാളം, ട്രൈഔട്ടിന്റെ പാഠാസൂത്രണരേഖ (കരട്), വർക്ക് ഷീറ്റ്, വായനസാമഗ്രി എന്നിവയാണ് ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുപോലെ 15 പുസ്തകങ്ങൾ ജില്ലയിൽ രൂപപ്പെടുന്നുണ്ട്.

അരീക്കോട് ബി.ആർ.സിയിലെ 23 സ്കൂളുകളിൽ ട്രൈഔട്ട് ചെയ്ത പെൻസിൽ കുട്ടികളിലും അധ്യാപകരിലും ആത്മവിശ്വാസം വളർത്തിയിട്ടുണ്ട്. ഈ പുസ്തകം സൂക്ഷ്മ പരിശോധന നടത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ബി.ആർ.സി. എ.ഇ.ഒ, ഡയറ്റ് എന്നീ ഏജൻസികളുടെ ഏകോപിച്ചുള്ള പ്രവർത്തനവും ജില്ലാതല ഓഫീസർമാരുടെ മാർഗ്ഗ നിർദ്ദേശവും പെൻസിൽ പരിപാടി വിജയത്തിലേക്ക് എത്തിക്കുന്നതിൽ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. സഹകരണ പ്രതീക്ഷയോടെ,

**ഡോ. വി. പരമേശ്വരൻ**
സീനിയർ ലക്ചർ
ഡയറ്റ് മലപ്പുറം

**ഡോ. പി.കെ. അബ്ദുൾ ഗഫൂർ**
പ്രിൻസിപ്പൽ
ഡയറ്റ്, മലപ്പുറം

# ഉള്ളടക്കം


0 സമീപന രേഖ 1–4

1  വെണ്ണക്കണ്ണൻ 5–13

2  സ്നേഹം താൻ ശക്തി 14–23

3  കുടയില്ലാത്തവർ 24–35

4  എന്റെ പനിനീർ ച്ചെടി 36–45

5  ഞാവൽക്കാട് 46–59

6  പത്തായം 60–70

7  ഓമനയുടെ ഓണം 71–77

8  നെഹ്റുട്രോഫി വള്ളംകളി 78–89

9  ആരു പഠിപ്പിക്കും? 90–102

10  ഊണിന്റെ മേളം 103–113

11  താളും തകരയും 114–125

12  മലയാളം 126–132

13  മുരളി കണ്ട കഥകളി 133–140

14  നിലാവിനോട് 141–148

15  കുത്തബ്ബ്മിനാർ 149–155

16  കുട്ടിയും തള്ളയും 156–167

17  പഴശ്ശിത്തമ്പുരാൻ 168–174

18  ഹോക്കി മാന്ത്രികൻ 175–186

# PENCIL

**Process Ensuring for Natural Classroom Interaction and Learning**

**എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ**

**സമീപനരേഖ**

DIET MALAPPURAM

***ആമുഖം***

ഗുണമേന്മയുള്ള വിദ്യാഭ്യാസവും ഗുണമേന്മയുള്ള അധ്യാപകനും കുട്ടിയുടെ അവകാശമായി മാറിയിരിക്കുന്നു. പഠനത്തിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നതിലൂടെ മാത്രമേ എല്ലാവരുടേയും പഠനനേട്ടം ഉറപ്പാക്കാനാവൂ. അതിന് അധ്യാപകന്റെ പങ്ക് നിർണ്ണായകവും സുപ്രധാനവുമാണ്. ഈ പശ്ചാത്തലത്തിലാണ് മലപ്പുറം ജില്ല - എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ - എന്ന മുദ്രാവാക്യം മുന്നോട്ട് വെക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള ഒരു പരിപാടിയാണ് പെൻസിൽ PENCIL-Process Ensuring for Natural Classroom Interaction and Learning). ഗുണമേന്മയുള്ള പഠനപ്രക്രിയ ഉറപ്പാക്കുന്നതിലൂടെ മാത്രമേ എല്ലാവരുടേയും പങ്കാളിത്തവും പഠനനേട്ടവും യാഥാർത്ഥ്യമാക്കാൻ കഴിയൂ. സ്വാഭാവികമായും ഗുണമേന്മയുള്ള പഠനപ്രക്രിയ ഗുണമേന്മയുള്ള ആസൂത്രണത്തിന്റെ ഉല്പന്നമാണ്. എല്ലാ കുട്ടികളേയും പരിഗണിക്കുന്നതിൽ ടീച്ചറുടെ പരിമിതി മറികടക്കുന്നതിന് സഹായമായ രീതിയിൽ സൂക്ഷ്മമായി തന്നെ ആസൂത്രണവും അനുബന്ധ സാമഗ്രികളും തയ്യാറാക്കണം. തുടർന്ന് ഓരോ അധ്യാപകനും തന്റെ ക്ലാസ്സിനു യോജിച്ച വിധം അനുരൂപീകരണം നടത്തി പ്രയോജനപ്പെടുത്തണം.

ഈ കാഴ്ചപ്പാടോടെ മലപ്പുറം ഡയറ്റ് 2011 മുതൽ നടത്തിയ ഗവേഷണ പ്രവർത്തനങ്ങളായ എന്റെ മലയാളം, നെസ്റ്റ്, സ്ലേറ്റ് എന്നീ പരിപാടികൾ അധ്യാപകരുടെ ആത്മവിശ്വാസവും പ്രവർത്തനശേഷിയും വർദ്ധിപ്പിച്ചു. അതിന്റെ ഫലമായി പ്രക്രിയാധിഷ്ഠിത പഠനം യാഥാർത്ഥ്യമായി. എല്ലാവർക്കും പങ്കാളിത്തവും പഠനനേട്ടവും ഉണ്ടായി. ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിലേക്ക് ഒരു ചുവടുകൂടി മുന്നേറാൻ നമുക്ക് സാധിച്ചു. വിവിധ ഏജൻസികളുടെ കൂട്ടായ്മയാണ് ഈ പരിപാടികളെ വിജയത്തിലെത്തിച്ചത്. ഈ വിജയം നമ്മെ കൂടുതൽ ഉത്തരവാദിത്തമുള്ളവരാക്കുന്നു.

മൂന്നുമുതൽ ഏഴുവരെ ക്ലാസ്സിൽ പ്രക്രിയാബന്ധിതമായ സ്വാഭാവിക പഠനം ഉറപ്പാക്കുന്നതിനുള്ള ട്രൈ ഔട്ട് - പെൻസിൽ - വിദ്യാഭ്യാസ വകുപ്പ്, ഡയറ്റ്, എസ്.എസ്.എ, എൽ.എസ്.ജി. എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ ആരംഭിക്കുകയാണ്. 'എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ' എന്ന ലക്ഷ്യം പ്രൈമറി തലത്തിൽ യാഥാർത്ഥ്യമാക്കുകയാണ് പെൻസിൽ പരിപാടിയിലൂടെ ലക്ഷ്യം വെക്കുന്നത്. എല്ലാവരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

**1. പെൻസിൽ - ഉദ്ദേശ്യം**

- പ്രക്രിയാബന്ധിത പഠനത്തിലൂടെ എല്ലാ കുട്ടികളുടേയും പഠനപങ്കാളിത്തവും പഠനനേട്ടവും ഉറപ്പാക്കുക.
- മികച്ച അധ്യാപനത്തിനാവശ്യമായ ആസൂത്രണവും അനുബന്ധ സാമഗ്രികളും ലഭ്യമാക്കുക.
- അക്കാദമിക ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ബി.ആർ.സികളെ ശാക്തീകരിക്കുക.
- മികച്ച അക്കാദമിക മാതൃകകൾ സൃഷ്ടിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുക.

**2. പെൻസിൽ - എന്ത് ?**

- മൂന്നു മുതൽ ഏഴുവരെയുള്ള ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങളുടേയും പ്രക്രിയാബന്ധിത പഠനം ഉറപ്പാക്കുന്ന പരിപാടി.
- എല്ലാവർക്കും പഠന പങ്കാളിത്തവും പഠനനേട്ടവും ഉറപ്പാക്കാൻ ലക്ഷ്യമിടുന്നു.
- പാഠാസൂത്രണവും (കരട്) പഠനസാമഗ്രികളും പരിശീലനവും ഈ പരിപാടിയുടെ ഭാഗമാണ്.
- 15 ബി.ആർ.സികളും ഓരോ വിഷയം ട്രൈഔട്ട് ചെയ്യും. അവ ബ്ലോഗിലൂടെ മറ്റു ബി.ആർ.സികൾക്ക് ലഭ്യമാക്കും.

- ഡയറ്റിന്റെ അക്കാദമിക നേതൃത്വം ഉണ്ടായിരിക്കും.

**3. പെൻസിൽ എന്തിന് ?**

- ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പാക്കുന്നതിന്.
- പ്രക്രിയാബന്ധിത പഠനം ഉറപ്പാക്കുന്നതിന്.
- ആവശ്യമായ പഠനസമയം ഉപയോഗിച്ച് അനുഭവങ്ങൾ നൽകുന്നതിന്.
- നിരന്തരവിലയിരുത്തൽ മെച്ചപ്പെടുത്തുന്നതിനും ഉറപ്പാക്കുന്നതിനും.
- നിരന്തര വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പരിമിതി മറികടക്കുന്നതിന് തന്റെ ക്ലാസിനനുയോജ്യമായ വിധത്തിൽ ആസൂത്രണരേഖ, സാമഗ്രികൾ, എന്നിവയുടെ അനുരൂപീകരണം നടത്തി ടീച്ചിംഗ് മാന്വൽ തയ്യാറാക്കുന്നതിൽ ടീച്ചറെ ശാക്തീകരിക്കുന്നതിന്.
- ദിനാചരണങ്ങൾ, ക്ലബ്ബുകൾ സർഗ്ഗവേദി, സി.പി.ടി.എ. പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്.
- എസ്.ആർ.ജി. സബ്ജക്ട് കൗൺസിൽ, എച്ച്.എം. മോണിറ്ററിംഗ്, ഒ.എസ്.എസ്. ഫലപ്രദമാക്കുന്നതിന്.
- വായനമൂല, ലാബ്, ലൈബ്രറി ഫലപ്രദമാക്കുന്നതിന്.

**4. പാഠാസൂത്രണരേഖ**

എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതാണ് നമ്മുടെ ആത്യന്തിക ലക്ഷ്യം. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ നാമിനിയും നിരവധി പടവുകൾ കയറേണ്ടതുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസവും അധ്യാപകനും കുട്ടിയുടെ അവകാശമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ഗുണമേന്മയുള്ള അധ്യാപകരിൽ നിന്നു മാത്രമേ ഗുണമേന്മയുള്ള വിദ്യാഭ്യാസം രൂപപ്പെടുകയുള്ളൂ. ഈ പശ്ചാത്തലത്തിൽ കൂടിയാണ് 'എല്ലാവർക്കും പഠനനേട്ടം അധ്യാപനമികവിലൂടെ' എന്ന മുദ്രാവാക്യം ,ഡയറ്റ് മുന്നോട്ട് വെക്കുന്നത്. ഇത് സാക്ഷാത്കരിക്കാനുള്ള വിവിധ പരിപാടികളിലൊന്നാണ് പെൻസിൽ. ഗുണമേന്മയുള്ളതും എല്ലാവർക്കും പങ്കാളിത്തം ലഭിക്കുന്നതുമായ പഠനപ്രക്രിയ ഉറപ്പാക്കണമെങ്കിൽ അതിനനുയോജ്യമായ സൂക്ഷ്മതല ആസൂത്രണം അനിവാര്യമാണ്. സൂക്ഷ്മതല ആസൂത്രണം തയ്യാറാക്കേണ്ടത് ആര് എന്ന ചോദ്യമാണ് അടുത്തത്. അധ്യാപിക തന്നെ എന്നതിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ല. അതിനു മുമ്പായി എന്തെല്ലാം ധാരണകളും ശേഷികളുമാണ് എല്ലാ കുട്ടികൾക്കും പങ്കാളിത്തമുള്ള സൂക്ഷ്മതല ആസൂത്രണം തയ്യാറാക്കുന്നതിന് അധ്യാപികക്കുവേണ്ടത്.

- പാഠ്യപദ്ധതിയുടെ സവിശേഷതകൾ (NCF, KCF) ● ശിശുമനഃശാസ്ത്രം
- ആധുനിക മനഃശാസ്ത്ര സിദ്ധാന്തങ്ങൾ (ജ്ഞാനനിർമ്മിതിവാദം, നാഡീമനഃശാസ്ത്രം, ബഹുമുഖ ബുദ്ധി സിദ്ധാന്തം, ഭാഷാസമഗ്രസിദ്ധാന്തം, മാനവികതാവാദം..)
- വിദ്യാഭ്യാസ ദർശനങ്ങളും തത്വങ്ങളും ● വിദ്യാഭ്യാസ അവകാശനിയമം 2009 ● കുട്ടികളുടെ അവകാശം - അന്താരാഷ്ട്ര ഉടമ്പടി ● വിവിധ വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ടിലെ കണ്ടെത്തലുകൾ
- വിഷയ സംബന്ധമായ ജ്ഞാനം ● ടീച്ചർ ടെക്സ്റ്റ്, പാഠപുസ്തകം - മികച്ച ധാരണ
- ഐ.സി.ടി. നൈപുണി ● പഠനതന്ത്രങ്ങൾ, സങ്കേതങ്ങൾ ● പ്രാദേശിക സാധ്യതകൾ ● കുട്ടികളുടെ പ്രശ്നം (പൊതുവായതും സവിശേഷമായതും) ● ദിനാചരണങ്ങൾ

ഇവയിൽ നിന്നും ലഭിക്കുന്ന അറിവിനെ നിശ്ചിത ദിവസം ക്ലാസിൽ അവതരിപ്പിക്കുന്ന പാഠഭാഗത്തെ ആസ്പദമാക്കിയുള്ള പഠനപ്രവർത്തനങ്ങളിൽ സമഗ്രമായി സന്നിവേശിപ്പിക്കണം. അതിനെ അടിസ്ഥാനമാക്കി വേണം സൂക്ഷ്മതല പ്രക്രിയ ഉൾക്കൊള്ളുന്ന പാഠാസൂത്രണം തയ്യാറാക്കാൻ.

ധാരാളം റഫറൻസും ഏകാഗ്രതയും സർഗ്ഗാത്മകവും ധൈഷണികമായ ചിന്തയും സമയവും ആവശ്യപ്പെടുന്ന പ്രവർത്തനമാണിത്. വിദഗ്ധരായ അധ്യാപകർക്കുപോലും ഒരു യൂണിറ്റിന്റെ സൂക്ഷ്മതല പാഠാസൂത്രണം തയ്യാറാക്കാൻ ദിവസങ്ങൾ വേണം. എന്നാൽ വിവിധ വിഷയങ്ങളിലായി 5-7 പിരീയഡ് ക്ലാസെടുക്കുന്ന പ്രൈമറി അധ്യാപകരോട് സൂക്ഷ്മതല സ്പർശിയായ എല്ലാ കുട്ടികളേയും പരിഗണിക്കുന്ന ടീച്ചിംഗ് മാന്വൽ തയ്യാറാക്കാനാണ് ആവശ്യപ്പെടുന്നത്. ഇത് എത്രമാത്രം പ്രായോഗികമാണ്. തത്ഫലമായി എല്ലാ കുട്ടികളേയും പരിഗണിക്കുന്ന പഠന പ്രക്രിയ ഇല്ലാതെ പോവുന്നു. ബോധപൂർവ്വമല്ലെങ്കിലും പിന്നാക്കക്കാരെ സൃഷ്ടിക്കുന്ന അവസ്ഥ ഉണ്ടാക്കുന്നു. If you fail to plan, you

plan to fail എന്ന ആപ്തവാക്യം ഇവിടെ പ്രസക്തമാവുകയും ചെയ്യുന്നു.

എന്നാൽ പ്രക്രിയാബന്ധിതമായ ആസൂത്രണരേഖകളുടെ കരട്, അനുബന്ധ പഠനസാമഗ്രികൾ എന്നിവ ലഭിക്കുകയും അവ ഉപയോഗപ്പെടുത്തുന്നതിന് സഹായകമായ പരിശീലനം ലഭിക്കുകയും ചെയ്താൽ എല്ലാരേയും പങ്കെടുപ്പിച്ചുള്ള പഠനപ്രക്രിയയിൽ ഏർപ്പെടാൻ അധ്യാപികക്ക് കഴിയും എന്ന തിന്റെ തെളിവുകളാണ് എന്റെ മലയാളം, സ്ലേറ്റ്, നെസ്റ്റ് എന്നീ പരിപാടി. ഇതിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് കൊണ്ടാണ് 'പെൻസിൽ' എന്ന പരിപാടിക്ക് മലപ്പുറം ഡയറ്റ് രൂപം നൽകുന്നത്.

**5. അധ്യാപകരുടെ റോൾ**

കേന്ദ്രീകൃതമായി തയ്യാറാക്കുന്ന പാഠാസൂത്രണവും അനുബന്ധ സാമഗ്രികളും ലഭ്യമാകുമ്പോൾ അധ്യാപകന്റെ സർഗ്ഗാത്മകതയും അക്കാദമിക സ്വാതന്ത്ര്യവും നിഷേധിക്കപ്പെടുമോ? ഈ ഘട്ടത്തിൽ അധ്യാപകന് ക്രിയാത്മകമായി എന്താണ് ചെയ്യാനുള്ളത്? എന്നീ ചോദ്യങ്ങൾ പ്രസക്തമാണ്. ഇവിടെ യഥാർത്ഥത്തിൽ അധ്യാപകന്റെ സർഗ്ഗാത്മകതയും ക്രിയാത്മകതയും അക്കാദമിക സ്വാതന്ത്ര്യവും ഉദ്ദീപിപ്പിക്കുകയാണ് ചെയ്യുന്നത്.

കേന്ദ്രീകൃതമായ പാഠാസൂത്രണവും സാമഗ്രികളും (കരട്) തയ്യാറാക്കുന്നത് അധ്യാപകരും ഈ മേഖലയിലെ വിദഗ്ധരും ചേർന്നാണ്. അതുകൊണ്ട് തന്നെ അവ മികവുറ്റതാവും. എന്നാൽ അവയിൽ പ്രാദേശിക ആവശ്യങ്ങൾ പൂർണ്ണമായും കടന്നു വരില്ലല്ലോ? ഇവിടെയാണ് അധ്യാപകരുടെ ഇടപെടൽ അനിവാര്യമാകുന്നത്. ഇതിന്റെ ഭാഗമായി

- സാമഗ്രികളുടെ നിലവാരം ക്രമീകരിക്കൽ
- പഠനപ്രക്രിയയിലും പ്രവർത്തനത്തിലും ക്ലാസിന്റെ പഠന നില പരിഗണിച്ചുള്ള മാറ്റം.
- സ്വാനുഭവം (ക്ലാസ്, വായന) ഉൾച്ചേർക്കൽ
- പ്രാദേശിക സാധ്യതകൾ, വിഭവങ്ങൾ പ്രയോജനപ്പെടുത്തൽ
- ദിനാചരണം സാധ്യതകൾ നിശ്ചിത പഠനപ്രവർത്തനവുമായി ബന്ധിപ്പിക്കൽ

ഇവയെല്ലാം പരിഗണിച്ച് ആവശ്യമായ അനുരൂപീകരണം നടത്തി വേണം സ്വന്തം ടീച്ചിംഗ് മാന്വൽ തയ്യാറാക്കാൻ, ഈ അനുരൂപീകരണ പ്രക്രിയ ഗവേഷണാത്മകതയും മറ്റു നൈപുണികളും ആവശ്യപ്പെടുന്നതുമാണ്. ഈ കഴിവുകൾ പരിശീലനത്തിലൂടെ ആർജ്ജിക്കാൻ കഴിയും.

**6. അധ്യാപകർ നേരിടുന്ന വെല്ലുവിളി**

- ആസൂത്രണ രംഗത്ത് അധ്യാപകർ നേരിടുന്ന പ്രധാന വെല്ലുവിളി സമയവുമായി ബന്ധപ്പെട്ടതാണ്. സൂക്ഷ്മതലത്തിൽ ഇത്തരം സാമഗ്രി തയ്യാറാക്കാൻ മണിക്കൂറുകൾ വേണം.
- വിഭവങ്ങളുടെ ലഭ്യതക്കുറവ്, ഓരോ യൂണിറ്റിനും ആവശ്യമായ വിഭവങ്ങൾ ശേഖരിക്കാൻ സമയബന്ധിതമായി കഴിയുന്നില്ല.
- സൂക്ഷ്മതലത്തിൽ ആസൂത്രണം തയ്യാറാക്കുന്നതിനുള്ള സഹായം ലഭിക്കുന്നില്ല.

  ഈ വെല്ലുവിളികളെ നേരിടുന്നതിന് അധ്യാപകരെ ഒരു പരിധിവരെയെങ്കിലും സഹായിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം.

**7. പെൻസിലിന്റെ ഭാഗമായി**

- വർക്ക് ഷീറ്റുകൾ ● വായനാ സാമഗ്രികൾ ● പഠനോപകരണങ്ങൾ ● ചിത്രങ്ങൾ
- വീഡിയോ, ഓഡിയോ ● ഇവയെല്ലാം ഉൾക്കൊള്ളുന്ന സൂക്ഷ്മ പ്രക്രിയ പാലിച്ചുള്ള പാഠാസൂത്രണം (കരട്) ലഭ്യമാക്കും. ● ലഭ്യമായ പാഠാസൂത്രണത്തിൽ (കരട്), ആവശ്യമായ അനുരൂപീകരണം നടത്തി സ്വന്തം ടീച്ചിംഗ് മാന്വൽ തയ്യാറാക്കണം. അപ്പോൾ മാത്രമേ സ്വന്തം ക്ലാസ്സിനിണങ്ങുന്ന ആസൂത്രണമാവുകയുള്ളൂ. ● ഇതിനു സഹായകമായ രീതിയിൽ സബ് ജില്ലാ ക്ലസ്റ്റർ തല പരിശീലനം നടക്കണം. ● സഹായ സംവിധാന ശക്തമാക്കണം. ● എൽ.എസ്.ജി. ജനകീയ ഇടപെടൽ ഉറപ്പാക്കണം.

**8. ആസൂത്രണ അവലോകന യോഗങ്ങൾ**

- പ്രവർത്തനപുരോഗതി എസ്.ആർ.ജിയിൽ ചർച്ച ചെയ്യണം ● പ്രതിമാസ ക്ലസ്റ്റർ, പ്രഥമാധ്യാപക യോഗങ്ങൾ ● ജില്ലാതല യോഗങ്ങൾ എന്നിവിടങ്ങളിൽ ചർച്ച ചെയ്യപ്പെടണം. ● എസ്.എസ്.എ., എൽ.എസ്.ജി. ഫണ്ടുകൾ ലഭ്യമാക്കണം. ● ഡയറ്റിന്റെ അക്കാദമിക പിന്തുണ ഉറപ്പാക്കണം

**9. ഇതു സാധ്യമാണോ ?**

ഏതൊരു പ്രതിസന്ധിയേയും മുറിച്ചുകടന്ന് മുന്നേറാൻ മനുഷ്യന് അനിതര സാധാരണമായ കഴിവുണ്ട് എന്നതിന് ഈ ലോകം തന്നെ സാക്ഷി. പക്ഷെ അതിന് ചില ഉപാധികളുണ്ട്.

- ലക്ഷ്യത്തെക്കുറിച്ചുള്ള കൃത്യമായ ധാരണ
- ലക്ഷ്യത്തിലെത്തുന്നതിന് തടസ്സം നിൽക്കുന്ന പ്രശ്നത്തെക്കുറിച്ചും അവക്കുള്ള കാരണങ്ങളെക്കുറിച്ചുമുള്ള അറിവ്
- അവ മറികടന്ന് ലക്ഷ്യത്തിലെത്തുന്നതിന് തനിക്കും ചില ഉത്തരവാദിത്വമുണ്ടെന്നുള്ള ബോധവും അതിനുവേണ്ടി പരമാവധി ശ്രമിക്കുവാനുള്ള മനോഭാവവും.
- ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള ആസൂത്രണവും സംഘാടനവും
- എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ സൂക്ഷ്മ പ്രക്രിയ പാലിച്ച് തയ്യാറാക്കണം.
- പഠനോപകരണങ്ങളും മറ്റു പഠനസാമഗ്രികളും ഉപയോഗിക്കുന്ന ഘട്ടം സൂക്ഷ്മ പ്രക്രിയയുടെ ഭാഗമാവണം. എങ്കിൽ മാത്രമേ അവ കൃത്യമായി വിനിമയം ചെയ്യപ്പെടുകയുള്ളൂ.
- എന്റെ മലയാളം, സ്ലേറ്റ്, നെസ്റ്റ് തുടങ്ങിയ ട്രൈ ഔട്ടുകൾ നമ്മോട് പറയുന്നത് ഇത് സാധ്യമാണ് എന്നാണ്. എന്നാൽ വിദ്യാഭ്യാസ ഏജൻസികളുടെ കൂട്ടായ ഇടപെടലിലൂടെ മാത്രമേ നിലനില്ക്കുന്ന വെല്ലുവിളികളെ അതിജീവിച്ച് ലക്ഷ്യം കൈവരിക്കാനാവൂ.

**10. സംഘാടനം എങ്ങനെ ?**

- ബി.ആർ.സി. തലത്തിൽ 10 പേരടങ്ങുന്ന കോർ ഗ്രൂപ്പ് രൂപീകരിക്കണം. ഇതിൽ ഡി.ടി.പി, ചിത്രംവര അറിയുന്നവർ ഉൾപ്പെടണം.
- ട്രൈ ഔട്ടിന്റെ അക്കാദമിക നേതൃത്വം ബി.ആർ.സി. അക്കാദമിക് കോഡിനേറ്റർക്കായിരിക്കും.
- ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും (എ.ഇ.ഒ) ഡയറ്റ് ഫാക്കൽറ്റി, ബി.പി.ഒ, ട്രെയിനർ/ബി.ആർ.സി.സി) സ്കൂളിലെത്തി നിജ സ്ഥിതി വിലയിരുത്തണം.
- പാഠാസൂത്രണ രേഖ (കരട്), വർക്ക് ഷീറ്റ്, പഠനോപകരണങ്ങൾ എന്നിവ പരിശീലനത്തിൽ വിശദമായി ചർച്ചചെയ്യണം ആവശ്യമായ സാമഗ്രികൾ വിതരണം ചെയ്യുകയും വേണം.
- ഉദ്ഘാടന പരിപാടി, നവംബർ 1, വാർഷിക സെമിനാർ എന്നിവ സംഘടിപ്പിച്ച് ജനപ്രതിനിധികൾ, വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ, എൽ.എസ്.ജി, നാട്ടുകാർ എന്നവരെ പങ്കെടുപ്പിച്ച് പ്രവർത്തനമികവ് ബോധ്യപ്പെടുത്തുക.
- പ്രീ ടെസ്റ്റ്, പ്രതിമാസവിലയിരുത്തൽ, പാദവാർഷിക, അർദ്ധ വാർഷികം പുരോഗതി രേഖപ്പെടുത്തൽ, പോസ്റ്റ് ടെസ്റ്റ്, എന്നിവ ഉറപ്പാക്കണം.
- എല്ലാ കുട്ടികൾക്കും പോർട്ടുഫോളിയോ സൂക്ഷിക്കാനുള്ള സംവിധാനം ഒരുക്കണം.
- പ്രഥമാധ്യാപകന്റെ മോണിറ്ററിംഗ് ഉറപ്പാക്കണം.
- എസ്.ആർ.ജി, സി.പി.ടി.എ ദിനാചരണം, സർഗ്ഗവേദി - പെൻസിൽ പ്രതിഫലനം ഉണ്ടാകണം.
- കഥ, കവിത, നാടകം, പഠനോപകരണം, ക്യാമ്പുകൾ സംഘടിപ്പിക്കണം.
- ബി.ആർ.സി തല ഡോക്യുമെന്റേഷൻ ഉറപ്പാക്കണം.
- അക്കാദമിക് കോ-ഓഡിനേറ്റർ അധിക ചുമതല വഹിക്കുന്ന സ്ഥലങ്ങളിൽ ഒരു ട്രെയിനർക്ക് പ്രത്യേക ചുമതല നൽകണം.
- എല്ലാ ബി.ആർ.സികളിലും പെൻസിലിന്റെ ട്രൈ ഔട്ട് നടത്തുന്നതിന് ഒരു ട്രെയിനർക്ക് ചുമതല നൽകണം.

# PENCIL

**Process Ensuring for Natural Classroom Interaction and Learning**

**എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ**

**ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, പാഠാസൂത്രണരേഖ-കരട്**

| ക്ലാസ് : 4 | യൂണിറ്റ് 1 - അമൃതം | മൊഡ്യൂൾ 1. | വെണ്ണക്കണ്ണൻ |
|---|---|---|---|

| | |
|---|---|
| **ആമുഖം** | സ്നേഹമെന്തെന്ന് അറിഞ്ഞു വളരേണ്ടവരാണ് നമ്മുടെ കുഞ്ഞുങ്ങൾ. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും കഴിയുമ്പോൾ മാത്രമെ കുട്ടികൾക്ക് മറ്റുള്ളവരുടെ ദുഖം അറിയാനും അവരുടെ കണ്ണീരൊപ്പാനും കഴിയുകയുള ളു. മറ്റുള്ളവർക്ക് വേണ്ടി നാം കരുതി വയ്ക്കുന്ന ഒരു തുള്ളി കണ്ണുനീരോ, ഒരു പിടി അന്നമോ, ഒരു ആശ്വാസവാക്കോ, തലോടലോ ദയാപൂർണ്ണമായ നോട്ടമോ, പുഞ്ചിരിപോലുമോ അതർഹിക്കുന്നവർക്ക് സ്നേഹത്തിന്റെ വലിയ ഒരനുഭവം തന്നെയാകും സമ്മാനിക്കുക. ഈ തിരിച്ചറിവ് കുട്ടികളിൽ ഉണ്ടാ വേണ്ടതുണ്ട്. അതിനായി വെണ്ണക്കണ്ണൻ, സ്നേഹംതാൻശക്തി, കുടയില്ലാ ത്തവർ എന്നീ പാഠഭാഗങ്ങളിൽ അത്തരമൊരു അനുഭവം ഒരുക്കിയിരിക്കുന്നു. |
| **ആശയം** | കവിതയിലെ താളത്തിന് അതിലെ വരികളിലെ അക്ഷരവുമായി ബന്ധമു ണ്ട്. സ്നേഹത്തിന് വ്യത്യസ്ഥ മുഖങ്ങളുണ്ട്. സ്നേഹവും പരിചരണവും നല്കിയാണ് മാതാപിതാക്കൾ കുട്ടികളെ വളർത്തുന്നത് സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യ രചനകളുണ്ട്. |
| **പഠനനേട്ടങ്ങൾ** | കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു. അമ്മയും മകനും തമ്മി ലുള്ള സ്നേഹവാത്സല്യത്തിന്റെ മാധുര്യം ഉൾക്കൊള്ളുന്നു. തെറ്റുകൂടാതെ ഉചിതമായ വ്യവഹാരരൂപങ്ങൾ (കുറിപ്പ്, കവിത) തയ്യാറാക്കുന്നു. |
| **വ്യവഹാര രൂപം** | കവിത, താരതമ്യക്കുറിപ്പ് |
| **വായന സാമഗ്രി** | കവിത (പൂതപ്പാട്ട്) |
| **സമയം** | 6 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1. പ്രവേശകം 2. കവിത വായന 3. വർക്ക് ഷീറ്റ് 4. പറയാം എഴുതാം. 5. വിശ കലന ചോദ്യങ്ങൾ 6. ഈണത്തിൽ ചൊല്ലാം 7. ആവർത്തനത്തിന്റെ ഭംഗി 8. ഒരേ ഈണം ഒരേ താളം 9. ഭാഷാകേളി 10. സമാനാർത്ഥം 11. ചൊല്ലി രസിക്കാം 12. അമ്മയുടെ സ്നേഹം 13. എഡിറ്റിംഗ് |
| **വർക്ക് ഷീറ്റ്** | 4101 വരികൾ കണ്ടെത്താം |
| **വായനാ സാമഗ്രി** | പൂതപ്പാട്ട് - കവിത (ടീച്ചർ, കുട്ടി), കുട്ടിക്കവിതകൾ<br>4150 കൃഷ്ണഗാഥ ഐതിഹ്യം, 4151 മാതൃസ്നേഹം |
| **ബാലസഭ** | വെണ്ണക്കണ്ണൻ, പൂതപ്പാട്ട്, കവിതാലാപനം,<br>ദൃശ്യാവിഷ്ക്കാരം - അഭിനയം, പൂതപ്പാട്ട് - കഥപറയൽ<br>കണ്ണനെക്കുറിച്ചുള്ള മറ്റു കഥകളും കവിതകളും അവതരിപ്പിക്കൽ |
| **സി പി ടി എ** | പൂതപ്പാട്ട്, വെണ്ണക്കണ്ണൻ അവതരണം, രചനകളുടെ പ്രദർശനം |

**പ്രവർത്തനങ്ങൾ - സൂക്ഷ്മ പ്രക്രിയ**

**1. പ്രവേശകം (20 മിനിട്ട്)**

ടീച്ചർ കുട്ടികളുമായി ഒരനുഭവം പങ്ക് വെയ്ക്കുന്നു. ഒരു ദിവസം വഴിയരികിലൂടെ നടന്നുപോവുമ്പോൾ ഒരു മരത്തിന് ചുവട്ടിൽ എല്ലും തോലുമായ ഒരു പാവം വൃദ്ധനെ കണ്ടു. അയാൾ വിശപ്പ് സഹിക്കാനാവാതെ ഭക്ഷണത്തിനായി കൈനീട്ടുകയാണ്. കുറെ ആളുകൾ അതിലൂടെ കടന്നു പോകന്നുണ്ട്. അയാൾക്ക് എഴുന്നേൽക്കാൻ പോലും വയ്യാതായിരിക്കുന്നു. തുടർന്ന് ചില ചോദ്യങ്ങൾ ചോദിക്കുന്നു.

1. നിങ്ങൾ ഇത്തരത്തിലുള്ള ആളുകളെ കാണാറില്ലേ?

2. നിങ്ങൾ വിദ്യാലയത്തിൽ പോകുമ്പോഴാണ് ഇങ്ങനെ ഒരു കാഴ്ച കാണുന്നതെങ്കിൽ എന്തൊക്കെ ചെയ്യുമായിരുന്നു? കുട്ടികൾ പറയുന്നു

കുട്ടികൾ പറഞ്ഞ പ്രവൃത്തികൾ ടീച്ചർ ബോർഡിൽ എഴുതുന്നു

തുടർന്ന് നിങ്ങളെ പോലെയുള്ള ഒരു കുട്ടി വിദ്യാലയത്തിൽ പോകുമ്പോൾ ഇത്തരം കാഴ്ച കണ്ടപ്പോൾ ചെയ്തത് എന്താണെന്ന് അറിയാനായി അമൃതം യൂണിറ്റിലെ യൂണിറ്റ് പ്രവേശകം പേജ് 7 വായിക്കുന്നു. തുടർന്ന് ആ കുട്ടി ചെയ്തത് എന്തെന്ന് കുട്ടികൾ പറയുന്നു.

നിങ്ങൾ ചെയ്തതിൽ നിന്ന് എന്തു വ്യത്യാസമാണുള്ളത്? എന്ന് ചർച്ചയിലൂടെ ക്രോഡീകരിക്കുന്നു.

തുടർന്ന് ഈ കഥയിൽ നിന്ന് കുട്ടിയുടെ എന്തെല്ലാം സ്വഭാവ വിശേഷങ്ങളാണ് നമുക്ക് കാണാൻ കഴിയുന്നത്? ചർച്ച

- കരുണ, ത്യാഗമനോഭാവം, സ്നേഹം തുടങ്ങിയവയെല്ലാം ഉള്ള നിങ്ങളുടെ വീട്ടിലെ ഒരാളുടെ പേരുപറയൂ? എന്ന് കുട്ടികളോട് ചോദിക്കുന്നു. (അമ്മ എന്നുള്ള ഉത്തരം കേന്ദ്രീകരിച്ചാണ് ചോദ്യം)

അങ്ങനെ നിങ്ങൾ പറയാൻ കാരണമെന്തെന്ന് ചോദിക്കുന്നു. കുട്ടികൾ പ്രതികരിക്കുന്നു.

നിങ്ങൾ എന്തു വികൃതി കാണിച്ചാലും അമ്മ നിങ്ങളോടു ക്ഷമിക്കുകയില്ലേ........?

എങ്കിൽ നിങ്ങൾ ചെയ്ത ഏതെങ്കിലും ഒരു വികൃതി നിങ്ങളുടെ ഓർമ്മയിലുള്ളതു പറയാമോ?

അതിന് അമ്മ എങ്ങനെ പ്രതികരിച്ചു എന്നു പറയണം. കുട്ടികൾ പറയുന്നു.

ഒന്നോ രണ്ടോ പേർ പറയുന്നു. ബോർഡിൽ എഴുതുന്നു.

നിങ്ങൾ ചെയ്ത് വികൃതികൾ ഇതൊക്കെ? നിങ്ങളുടെ അമ്മ അതിന് പ്രതികരിച്ചതും നിങ്ങൾ പറഞ്ഞു

**2. കവിതാ വായന - സൂക്ഷ്മതലം (40 മിനിട്ട് )**

ശ്രീകൃഷ്ണനും നിങ്ങളെപ്പോലെ വികൃതിക്കുട്ടിയായിരുന്നു. കണ്ണൻ ചെയ്ത വികൃതി നിങ്ങൾ ചെയ്തതുപോലെ ആയിരിക്കുമോ? കണ്ണന്റെ അമ്മ എങ്ങനെയായിരുന്നു പ്രതികരിച്ചിരിക്കുക? കുട്ടികൾ പറയുന്നു. ബോർഡിൽ കുറിക്കുന്നു. യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചത് ? അറിയാനായി കുട്ടികൾ വെണ്ണക്കണ്ണൻ (പേജ് 8)

എന്ന പാഠഭാഗം വ്യക്തിഗതമായി വായിക്കുന്നു.

കണ്ണൻ ചെയ്ത വികൃതികളും അമ്മ അതിനു എങ്ങനെ പ്രതികരിച്ചു എന്നും ലിസ്റ്റു ചെയ്യുന്നു. ക്ലാസിൽ വായിക്കുന്നു.

ബോർഡിൽ എഴുതുന്നു. നേരത്തെ കുട്ടികൾ ചെയ്ത വികൃതിയുമായി താരതമ്യപ്പെടുത്തുന്നു. തുടർന്ന് ചോദ്യങ്ങൾ ചോദിക്കുന്നു.

എല്ലാവരും വായിച്ചോ? എല്ലാവർക്കും കണ്ടെത്താൻ സാധിച്ചോ? എല്ലാവർക്കും സാധിക്കേണ്ടേ

ഇല്ലെങ്കിൽ എന്തുകൊണ്ട്? (അർത്ഥമറിയില്ല, വായിക്കാനറിയില്ല, അശയം കിട്ടിയില്ല)

എങ്ങനെ കണ്ടെത്താം? വിശദമായി വായിക്കണം തുടർന്ന് കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. അറിയുന്ന പദങ്ങൾ (✓) അറിയാത്ത പദങ്ങൾ (×) ഇഷ്ടപ്പെട്ടവ (അടിവര) എന്നീ ചിഹ്നങ്ങൾ പെൻസിൽ കൊണ്ട് രേഖപ്പെടുത്തുന്നു.

ഗ്രൂപ്പിൽ പങ്കുവെയ്ക്കുന്നു. ഓരോരുത്തരും വായിച്ചവതരിപ്പിക്കുന്നു. ഗ്രൂപ്പുകളുടെ അവതരണം


അറിയാത്ത പദങ്ങളുടെ അർത്ഥം പദസൂചികയിൽ നിന്നും അധ്യാപകന്റെ സഹായത്താലും കണ്ടെത്തി ക്രോഡീകരിക്കണം. (പാ. പു. 9 അർത്ഥം കണ്ടെത്താം. പ്രവർത്തനം ഇതോടൊപ്പം ചെയ്യണം)

**3. വർക്ക് ഷീറ്റ് – വരികൾ കണ്ടെത്താം (20 മിനിട്ട്)**

കുട്ടികൾ വർക്ക് ഷീറ്റിൽ പാഠഭാഗത്ത് നിന്ന് വരുന്ന വരികൾ കണ്ടെത്തി എഴുതുന്നു. വ്യക്തിഗതമായി ചെയ്യുന്നു. 3 അംഗ ഗ്രൂപ്പിൽ അവതരണം. ചർച്ച – പൊതുഅവതരണം, കവിതയുടെ ആശയം സംബന്ധിച്ച ചർച്ച ക്രോഡീകരിക്കുന്നു.

പ്രതികരണ പേജിലേക്ക്: എല്ലാവർക്കും വർക്ക്ഷീറ്റ് കൃത്യമായി ചെയ്യാൻ കഴിഞ്ഞോ? ഗ്രൂപ്പുപ്രവർത്തനത്തിൽ നേരിട്ട പ്രശ്നങ്ങൾ എന്തെല്ലാം? എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കിയതെങ്ങനെ?

**4. പറയാം എഴുതാം (30 മിനിട്ട്)**



പാഠ പുസ്തകം പേജ് 9 ൽ തന്നിരിക്കുന്ന ചോദ്യങ്ങൾക്കുത്തരം കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തി എഴുതുന്നു.

1. വെണ്ണ ലഭിക്കാൻ കണ്ണൻ എന്തൊക്കെ ന്യായങ്ങളാണ് അമ്മയോട് പറയുന്നത്?
2. വെണ്ണക്കള്ളനായ ആരു തട്ടിയെടുത്തു എന്നാണ് കണ്ണൻ അമ്മയോട് പറയുന്നത്?
3. വെണ്ണ കിട്ടിയപ്പോൾ കണ്ണൻ എന്താണ് ചെയ്തത്?
4. വെണ്ണിലാവോലുന്ന തിങ്കൾ പോലെ കണ്ണന്റെ മുഖം തിളങ്ങാൻ കാരണമെന്ത്?

കണ്ടെത്തിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ പങ്കുവെയ്ക്കുന്നു. ഉത്തരങ്ങൾ മെച്ചപ്പെടുത്തി എഴുതുന്നു.

ക്ലാസിൽ ഓരോ ചോദ്യങ്ങളായി എടുത്ത് അവതരിപ്പിക്കുന്നു. ചോദ്യങ്ങൾക്കുത്തരം ഓരോ ചോദ്യവും അവതരിപ്പിച്ചതിന് ശേഷവും ക്രോഡീകരിക്കണം.

**5. വിശകലന ചോദ്യങ്ങൾ 30 മിനിട്ട്**

1. കണ്ണന്റെ കുസൃതികളിൽ നിങ്ങളെ ഏറ്റവും കൂടുതൽ ആകർഷിച്ചതേത്? എന്തുകൊണ്ട്?
2. കണ്ണന്റെ അമ്മയുടെ സ്ഥാനത്ത് നിങ്ങളുടെ അമ്മയാണെങ്കിലോ? പ്രതികരണം എങ്ങനെയായിരിക്കും?

കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി ഗ്രൂപ്പിൽ പങ്കുവെച്ച് മെച്ചപ്പെടുത്തുന്നു. ക്ലാസിൽ അവതരണത്തിന് ശേഷം ക്രോഡീകരിക്കുന്നു.

**6 ഈണത്തിൽ ചൊല്ലാം? (30 മിനിട്ട്)**

കവിത വായിച്ചുവല്ലോ? ഇതിന് അനുയോജ്യമായ ഈണം കണ്ടെത്തു (വ്യക്തിഗതം) വീണ്ടും വായന ഗ്രൂപ്പിൽ അവതരണം.

ആശയവും ഭാവവും പരിഗണിച്ച് അനുയോജ്യമായ ഈണം കണ്ടെത്തുന്നു. ഗ്രൂപ്പിന്റെ ഒന്നിലധികം ഈണ സാധ്യതയിൽ നിന്നും മികച്ചവ തെരഞ്ഞെടുക്കുന്നു.

റിഹേഴ്സലിനു സമയം നൽകുന്നു. ചർച്ച. കവിതയുടെ ഈണം നിർണയിക്കുന്ന ഘടകങ്ങൾ എന്തെല്ലാം?


സൂചകങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ രൂപീകരിക്കുന്നു ആശയത്തിനും ഭാവത്തിനും യോജിച്ച ഈണവും താളവും വ്യക്തതയോടെയുള്ള ആലാപനം

ഗ്രൂപ്പുകൾ എല്ലാവരുടെയും പങ്കാളിത്തത്തോടെ പൊതുവായി അവതരിപ്പിക്കുന്നു.

മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തി അവതരിപ്പിക്കുന്നു.

അധ്യാപകർ എല്ലാ ഗ്രൂപ്പിന്റെയും അവതരണത്തിനു ശേഷം കവിത ചൊല്ലി അവതരിപ്പിക്കുന്നു. നിങ്ങൾ ചൊല്ലിയതിൽ നിന്ന് എന്തെങ്കിലും വ്യത്യാസമുണ്ടോ.? മികവുകൾ ചർച്ചചെയ്യുന്നു

ഈ കവിത (4150 ടി.ടി പേജ് 68 – 69) ചെറുശ്ശേരി എഴുതാനുള്ള സാഹചര്യം എന്തായിരുന്നു? വായനാ സാമഗ്രി നൽകുന്നു.




ഗ്രൂപ്പിൽ വായന – ചർച്ച – ടീച്ചറുടെ ക്രോഡീകരണം

**7. ആവർത്തനത്തിന്റെ ഭംഗി (20 മിനിട്ട് )**

കുട്ടികൾ കവിതയിലെ

"വെണ്ണയെക്കണ്ടൊരു കണ്ണന്താനന്നേരം

വെണ്ണിലാവഞ്ചിച്ചിരിച്ചു ചൊന്നാൻ" ഈ വരികൾ പരിശോധിക്കുന്നു.

ഈ വരികൾക്കെന്തെങ്കിലും പ്രത്യേകത കാണുന്നുണ്ടോ? ഏതെങ്കിലും അക്ഷരം രണ്ടു വരിയിലും ആവർത്തിച്ചു വരുന്നുണ്ടോ? ഇതു ചൊല്ലുമ്പോൾ എന്തെങ്കിലും പ്രത്യേകത ഉണ്ടോ? അക്ഷരങ്ങൾ ആവർത്തിച്ചു വരുന്ന വരികൾ കവിതയിൽ വേറെ ഉണ്ടോ? ഏതെല്ലാം? ആ വരികൾക്ക് മറ്റ് വരികളെക്കാൾ ഈണത്തിൽ ചൊല്ലുമ്പോൾ എളുപ്പമില്ലേ? തുടങ്ങിയ ചോദ്യങ്ങളിലൂടെ വരികളിലെ അക്ഷരാവർത്തനം / പ്രാസഭംഗി ഈണത്തിൽ ചൊല്ലാൻ സഹായകമാകും എന്നു ക്രോഡീകരിക്കുന്നു.

**8. ഒരേ ഈണം ഒരേ താളം (30 മിനിട്ട് )**

ഉന്തുന്തുന്തു/ന്തുന്തുന്തു എന്ന ഈണത്തിൽ ചൊല്ലാൻ കഴിയുന്ന മറ്റ് കവിതകൾ നിങ്ങൾക്കറിയാമോ? എല്ലാ കവിതയും ഈ ഈണത്തിൽ ചൊല്ലാൻ സാധിക്കുമോ? കുട്ടികൾ അവരവരുടെ കവിതാ പുസ്തകത്തിലെ കവിതകൾ ചൊല്ലാൻ ശ്രമിക്കുന്നു. പാഠപുസ്തകത്തിലെ ഈ യൂണിറ്റിലെ കവിത 'കൂടയില്ലാത്തവർ' അതേ ഈണത്തിൽ ചൊല്ലി നോക്കൂ.

ചൊല്ലാൻ കഴിയുകയില്ല എന്ന് ബോധ്യപ്പെടുന്നു. തുടർന്ന് പാഠപുസ്തകം പേജ് 11 ലെ വള്ളത്തോളിന്റെ കവിത കുട്ടികൾ വ്യക്തിഗതമായി ചൊല്ലി നോക്കുന്നു.

'ഉന്തുന്തുന്തു ന്തുന്തുന്തു' എന്ന ഈണത്തിൽ ക്ലാസ് മുഴുവനായി ആ കവിത ചൊല്ലുന്നു. തുടർന്ന് വെണ്ണക്കണ്ണൻ എന്ന കവിതയിലെ വരികളിലെ അക്ഷരങ്ങൾ എണ്ണിനോക്കുന്നു. വള്ളത്തോളിന്റെ കവിതയിലെ അക്ഷരങ്ങൾ എണ്ണി നോക്കുന്നു. വരികളിലെ അക്ഷരങ്ങളുടെ എണ്ണം ഒരേ പോലെയായാൽ അവ ഒരേ ഈണത്തിൽ ചൊല്ലാൻ സാധിക്കും എന്ന തിരിച്ചറിവിലേക്ക് നയിക്കുന്നു.

**9. ഭാഷാ കേളി (30 മിനിട്ട്)**

പാഠപുസ്തകത്തിലെ പേജ് 10ലെ അടിവരയിട്ട പദത്തിന് പകരം പദം കണ്ടെത്തുന്ന പ്രവർത്തനവും മാതൃക പോലെ മാറ്റിയെഴുതാം എന്ന പ്രവർത്തനവും ക്ലാസിൽ ഗ്രൂപ്പു പ്രവർത്തനമായി നടത്തുന്നു.

- ഗ്രൂപ്പിലെ വ്യക്തികൾ വ്യക്തിഗതമായി ചെയ്യണം
- ഒരു ഗ്രൂപ്പിലെ എല്ലാവരുടെയും നോട്ടുപുസ്തകത്തിൽ ആദ്യം ശരിയായി എഴുതി തീരുന്ന ഗ്രൂപ്പാണ് വിജയിക്കുക
- കുട്ടികൾ എഴുതിയത് ഗ്രൂപ്പിൽ ഓരോ അംഗങ്ങളായി വായിക്കണം – തെറ്റു തിരുത്തി എഴുതുന്നു.

**10. സമാനാർത്ഥം (30 മിനിട്ട് )**

പാഠപുസ്തകത്തിലെ പേജ് 11ലെ സമാനാർത്ഥ പദങ്ങൾ കണ്ടെത്താനായി താഴെ തന്നിരിക്കുന്ന പദകൂട്ടങ്ങളെ ചാർട്ടിൽ എഴുതിയത് കാണിക്കുന്നു.

| |
|---|
| മുഖം, കൈ, ചന്ദ്രിക, ജനനി, അമ്മ, ബാഹു, പയസ്, പാണി, നിലാവ്, |
| തായ, ഹസ്തം, കൗമുദി, മാതാവ്, ദുഗ്ധം, സ്മിതം, ക്ഷീരം, പാൽ |

ഇവയിൽ നിന്ന് താഴെ തന്നിരിക്കുന്ന കൂട്ടങ്ങൾക്ക് യോജിച്ച പദങ്ങൾ കണ്ടെത്തി കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു.

| | |
|---|---|
| പാൽ | |
| പുഞ്ചിരി | |
| അമ്മ | |
| മുഖം | |
| നിലാവ് | |
| കൈ | |

| | |
|---|---|
| പാൽ | ക്ഷീരം, പയസ്, ദുഗ്ധം |
| പുഞ്ചിരി | സ്മിതം |
| അമ്മ | മാതാവ്, ജനനി, തായ |
| മുഖം | ആനനം, വദനം |
| നിലാവ് | ചന്ദ്രിക, കൗമുദി, ജ്യോത്സന |
| കൈ | പാണി, ഹസ്തം, ബാഹു |

കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തി ഗ്രൂപ്പിൽ പങ്കുവെയ്ക്കുന്നു, മെച്ചപ്പെടുത്തുന്നു. തുടർന്ന് ടി.ബി പേജ് 79 ലെ സമാനാർത്ഥ സൂചിക പരിശോധിച്ച് ശരിയാക്കുന്നു, കൂട്ടിച്ചേർക്കുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു. ക്രോഡീകരിക്കുന്നു.

**11. ചൊല്ലി രസിക്കാം (30 മിനിട്ട് )**

കണ്ണന്റെ അമ്മയുടെ സ്നേഹ വാത്സല്യങ്ങൾ കുട്ടികൾ പരിചയപ്പെട്ടു കഴിഞ്ഞു..... അമ്മയ്ക്കു കണ്ണനോടു അതിയായ സ്നേഹം ഉണ്ടെന്നു എങ്ങനെ മനസ്സിലാക്കാം. കുട്ടികൾ പ്രതികരിക്കുന്നു. ചർച്ച

**ചർച്ചാ സൂചകങ്ങൾ**

കണ്ണൻ നുണ പറഞ്ഞിട്ടും അതു ആസ്വാദിച്ചു കൊണ്ടു കണ്ണന് വീണ്ടും വീണ്ടും വെണ്ണ കൊടുക്കുന്നു. കണ്ണന്റെ സന്തോഷമാണ് അമ്മ എപ്പോഴും ആഗ്രഹിക്കുന്നത്

ഇതുപോലെ നിങ്ങളുടെ അമ്മയ്ക്കു നിങ്ങളോടു അതിയായ ഇഷ്ടമില്ലെ?

എങ്ങനെ മനസ്സിലായി?: ചെറിയ കുട്ടിയായിരുന്നപ്പോൾ നിങ്ങൾക്ക് ആഹാരം നൽകിയത് എങ്ങനെയായിരുന്നു?

പാട്ടുപാടിത്തരാറുണ്ടായിരുന്നോ?

തുടങ്ങിയ ചോദ്യങ്ങൾ ചോദിക്കുന്നു. കുട്ടികൾ പ്രതികരിക്കുന്നു. ഓരോ ചോദ്യത്തിനും ഒന്നോ രണ്ടോ കുട്ടികളോടും ചോദിച്ചു കൊണ്ട് പ്രതികരണം ഉറപ്പാക്കണം. അതു ക്ലാസിൽ മൊത്തത്തിൽ ക്രോഡീകരിക്കണം.

നിങ്ങളുടെ അമ്മ നിങ്ങളെ വളർത്തിയപോലെയാണോ നങ്ങേലി തന്റെ കുഞ്ഞിനെ വളർത്തിയത്?

അറിയാനായി കുട്ടികൾ പേജ് 10ലെ ചൊല്ലി രസിക്കാം എന്നതിലെ പൂതപ്പാട്ട് കവിതാഭാഗം വായിക്കുന്നു. തുടർന്ന് കവിതയിലെ ആശയം കുട്ടികൾക്ക് ലഭിച്ചോ എന്നറിയാനായി ചില ചോദ്യങ്ങൾ ചോദിക്കുന്നു.

1. നങ്ങേലി ഉണ്ണിക്ക് കഴിയ്ക്കാൻ എന്തെല്ലാം നൽകുന്നുണ്ട്?
2 എങ്ങനെയാണ് ഉണ്ണിയെ നങ്ങേലി ഉറക്കുന്നത്?

തുടർന്ന് നേരത്തെ കുട്ടികളുമായി പ്രതികരണത്തിലെ ഉത്തരങ്ങൾ ഈ കവിതയുമായി താരതമ്യപ്പെടുത്തി ക്രോഡീകരിക്കണം.

തുടർന്ന് കുട്ടികൾ കവിതയക്ക് ഈണം കണ്ടെത്തുന്നു.

- വ്യക്തിഗതം, ഗ്രൂപ്പിൽ അവതരണം, ഗ്രൂപ്പിൽ മികച്ചവ കണ്ടെത്തുന്നു
- ഗ്രൂപ്പിന്റെ അവതരണം മറ്റ് ഗ്രൂപ്പുകളുടെ വിലയിരുത്തൽ
- ടീച്ചറുടെ ആലാപനം (കുട്ടികളുടെ വിലയിരുത്തൽ) ഇടശ്ശേരിയുടെ പൂതപ്പാട്ട് ദൃശ്യാവിഷ്ക്കാരം വീഡിയോ കുട്ടികളെ കാണിച്ചുകൊടുക്കാം.

കവിതയുടെ ബാക്കി ചാർട്ടിൽ എഴുതിയോ, ഓഡിയോ കേൾപ്പിച്ചോ ക്ലാസിൽ നൽകാം. (കവിതയുടെ ബാക്കി ഭാഗം ടീച്ചർ ടെക്സ്റ്റിൽ)


**12. അമ്മയുടെ സ്നേഹം ( 40 മിനിറ്റ് )**

വെണ്ണക്കണ്ണൻ, പൂതപ്പാട്ട്, ഈ രണ്ട് കവിതാ ഭാഗങ്ങളും വായിച്ചില്ലേ. ഇനി രണ്ട് കവിതാ ഭാഗത്തും നിങ്ങൾ കണ്ട അമ്മയുടെ വാത്സല്യ പ്രകടനങ്ങൾ എന്തെല്ലാം? താരതമ്യം ചെയ്ത് എഴുതൂ.

വ്യക്തിഗതമായി എഴുതുന്നു (10 മിനിട്ട് ). മൂന്നംഗ ഗ്രൂപ്പിൽ അവതരണം. ചർച്ച - മികച്ചവ കണ്ടെത്തുന്നു. (സൂചകം - രണ്ടു കവിതയിലേയും മാതൃസ്നേഹം പ്രകടിപ്പിക്കുന്നു. സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവയിലെ സാമ്യ വ്യത്യാസം എഴുതിയിട്ടുണ്ട്. അക്ഷരത്തെറ്റില്ലാതെ ആശയം വ്യക്തമാക്കുന്ന ഭാഷയിലാണ് എഴുതിയത് ) പൊതു അവതരണം പരസ്പരം വിലയിരുത്തുന്നു. ടീച്ചർ ക്രോഡീകരിക്കുന്നു. 4151 ടീച്ചർവേർഷൻ അവതരണം - ചർച്ച.

**13 എഡിറ്റിംഗ് (30 മിനിട്ട് )**

ഒരു ഗ്രൂപ്പിന്റെ താരതമ്യക്കുറിപ്പ് ചാർട്ടിലെഴുതി പൊതുവായി എഡിറ്റ് ചെയ്യുന്നു. ചോദ്യങ്ങൾ ടീച്ചർ പൊതുവായി ചോദിച്ചുകൊണ്ട് എഡിറ്റ് ചെയ്യുന്നു.



PENCIL

Process Ensuring for Natural Classroom Interaction and Learning

കൃഷ്ണഗാഥ രചനയ്ക്ക് പിന്നിലെ ഐതിഹ്യം

കോലത്തിരി നാട്ടിലെ രാജാവായിരുന്നു. ഉദയവർമ്മൻ. അദ്ദേഹം ചെറുശ്ശേരി നമ്പൂതിരിയുമായി ചതുരംഗം കളിയ്ക്കുകയായിരുന്നു. തൊട്ടടുത്തായി തൊട്ടിലിൽ കുട്ടിയെ താരാട്ടുപാടി ഉറക്കുകയാണ് രാജപത്നി. ചതുരംഗക്കളിയിൽ വിദഗ്ദ്ധയായ രാജ്ഞി കളിയിൽ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അപ്പോൾ കണ്ടത് അടിയറവ് പറയാനൊരുങ്ങുന്ന രാജാവിനെയാണ്. ഒരു നീക്കം കൂടി പിഴച്ചാൽ രാജാവിന് തോൽവി ഉറപ്പ്. കുട്ടിയെ താരാട്ടു പാടി ഉറക്കാനെന്ന മട്ടിൽ

"ഉന്തുന്തു/ന്തുന്തുന്തു/ന്തുന്തുന്തു/ന്തുന്തുന്തു/
ന്തുന്തുന്തു/ന്തുന്തുന്തു/ന്താളെയുന്ത്"

എന്ന് രാജ്ഞി പാടി. അർത്ഥം മനസ്സിലായ രാജാവ് കാലാൾക്കരു നീക്കി പരാജയത്തിൽ നിന്ന് കരകയറി. സന്തുഷ്ടനായ രാജാവ് പത്നി പാടിയ ഈണത്തിൽ ഒരു കാവ്യം രചിക്കാൻ ചെറുശ്ശേരിയോട് ആവശ്യപ്പെട്ടുവെന്നും അപ്രകാരം രചിക്കപ്പെട്ടതാണ് കൃഷ്ണഗാഥയെന്നുമാണ് ഐതിഹ്യം.

***ആശയം***

- രണ്ട് വ്യവഹാര രൂപങ്ങളിലെയും ആശയം ഉൾപ്പെട്ടിട്ടുണ്ടോ?
- ആശയങ്ങളുമായി ബന്ധമില്ലാത്ത വാക്യങ്ങളുണ്ടോ?
- ഇനിയും കൂട്ടിച്ചേർക്കാവുന്ന കാര്യങ്ങൾ, ഒഴിവാക്കേണ്ടവ എന്നിവ ഏതൊക്കെ?

**വാക്യഘടന**

- വാക്കുകൾ ക്രമം തെറ്റി എഴുതിയിട്ടുണ്ടോ?
- വാക്കുകൾ വിട്ടുപോയിട്ടുണ്ടോ?
- ആവശ്യമില്ലാത്ത വാക്കുകൾ ചേർന്നിട്ടുണ്ടോ?

**പദം**

- അനുയോജ്യമായ പദങ്ങളാണോ? അർത്ഥവ്യത്യാസം വരുന്ന പദങ്ങളുണ്ടോ?

**അക്ഷരം**

- അക്ഷരം, പദം, വാക്യം എന്നിവ നിശ്ചിത അകലം പാലിച്ച് എഴുതിയിട്ടുണ്ടോ?
- അക്ഷരം, ചിഹ്നം എന്നിവ ശരിയായ രൂപത്തിൽ എഴുതിയിട്ടുണ്ടോ?

**വ്യവഹാര രൂപം**

- രണ്ടു കവിതയിലേയും മാതൃസ്നേഹം വിശകലനം ചെയ്തിട്ടുണ്ടോ?
- സാമ്യവ്യത്യാസം കണ്ടെത്തിയിട്ടുണ്ടോ?
- സ്വന്തം നിരീക്ഷണം ഉൾപ്പെടുത്തിയിട്ടുണ്ടോ?

**പ്രതികരണ പേജിലേക്ക് :** ആശയങ്ങൾ കണ്ടെത്താൻ കഴിയുന്നുണ്ട്. പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. ഗ്രൂപ്പു പ്രവർത്തനത്തിൽ നേരിട്ട പ്രശ്നങ്ങൾ. തിരിച്ചറിവുകൾ എന്തെല്ലാം.

| ക്ലാസ് : 4 | യൂണിറ്റ് 1 - അമൃതം | മൊഡ്യൂൾ 1. | വെണ്ണക്കണ്ണൻ |
|---|---|---|---|

| വരിയുടെ ആശയം | വരികൾ കണ്ടെത്തി എഴുതൂ.. |
|---|---|
| അമ്മ കുളിച്ചു വരുന്നതുവരെ ഞാൻ വെണ്ണയ്ക്ക് കാവൽ നിൽക്കുകയായിരുന്നു. | |
| നീട്ടിയ കൈകളിലേക്ക് അമ്മ വെണ്ണ നല്കി | |
| ഒരു കൈയിൽ മാത്രം വെണ്ണ നൽകിയാൽ മറ്റേ കൈയ്ക്ക് വിഷമമാകില്ലേ. | |
| കൈയിലുള്ള വെണ്ണ വായിലിടുകയും വെണ്ണ കാക്ക തട്ടിക്കൊണ്ടുപോയി എന്ന് പറയുകയും ചെയ്തു. | |
| ഒട്ടും മടി കാണിക്കാതെ അമ്മ കുട്ടിയുടെ രണ്ടു കൈയ്യിലും വെണ്ണ വെച്ചുകൊടുക്കുന്നു. | |

# കൃഷ്ണഗാഥ രചനയ്ക്ക് പിന്നിലെ ഐതിഹ്യം

കോലത്തിരി നാട്ടിലെ രാജാവായിരുന്നു ഉദയവർമ്മൻ. അദ്ദേഹം ചെറുശ്ശേരി നമ്പൂതിരിയുമായി ചതുരംഗം കളിയ്ക്കുകയായിരുന്നു. തൊട്ടടുത്തായി തൊട്ടിലിൽ കുട്ടിയെ കിടത്തി താരാട്ടുപാടി ഉറക്കുകയാണ് രാജപത്നി. ചതുരംഗക്കളിയിൽ വിദഗ്ദ്ധയായ രാജ്ഞി കളിയിൽ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അപ്പോൾ കണ്ടത് അടിയറവ് പറയാനൊരുങ്ങുന്ന രാജാവിനെയാണ്. ഒരു നീക്കം കൂടി പിഴച്ചാൽ രാജാവിന് തോൽവി ഉറപ്പ്. കുട്ടിയെ താരാട്ടു പാടി ഉറക്കാനെന്ന മട്ടിൽ

“ഉന്തുന്തു/ന്തുന്തുന്തു/ന്തുന്തുന്തു/ന്തുന്തുന്തു/
ന്തുന്തുന്തു./ന്തുന്തുന്തു/ന്താളെയുന്ത്”

എന്ന് രാജ്ഞി പാടി. അർത്ഥം മനസ്സിലായ രാജാവ് കാലാൾക്കരുനീക്കി പരാജയത്തിൽ നിന്ന് കരകയറി. സന്തുഷ്ടനായ രാജാവ് പത്നി പാടിയ ഈണത്തിൽ ഒരു കാവ്യം രചിക്കാൻ ചെറുശ്ശേരിയോട് ആവശ്യപ്പെട്ടുവെന്നും അപ്രകാരം രചിക്കപ്പെട്ടതാണ് കൃഷ്ണഗാഥയെന്നുമാണ് ഐതിഹ്യം.

# മാതൃസ്നേഹം

കൃഷ്ണഗാഥയിലെ 'വെണ്ണക്കണ്ണൻ'എന്ന ഭാഗവും പൂതപ്പാട്ടും മാതൃസ്നേഹത്തിന്റെ രണ്ടു സന്ദർഭമാണ് കാട്ടിത്തരുന്നത്. വെണ്ണക്കണ്ണനിൽ മകന്റെ ബാല്യകാല കുസൃതികൾ ആസ്വദിക്കുന്ന അമ്മയെയാണ് നാം കാണുന്നത്. ഒരു കൈയിൽ വെണ്ണ നൽകുമ്പോൾ മറുകൈ കരയുമെന്നും കൈയിൽ തന്ന വെണ്ണ കാക്കയെടുത്തുപോയിയെന്നുള്ള മകന്റെ വാക്കുകൾ, കുസൃതിയായിട്ടാണ് വാത്സല്യനിധിയായ അമ്മ കരുതുന്നത്.

പൂതപ്പാട്ടിലെ മകൻ ശൈശവാവസ്ഥയിലാണ്. അവന് അമ്പിളിമാമനെ കാട്ടി, കാക്കേപൂച്ചേ പാടി നങ്ങേലി മാമു കൊടുക്കുന്ന രംഗം നേരിൽ കാണുന്നപോലെ അവതരിപ്പിക്കുന്നുണ്ട്. നങ്ങേലിക്ക് ആറ്റുനോറ്റ് കാത്തിരുന്നുണ്ടായ മകനാണ്,

അതുകൊണ്ടുതന്നെ നിലത്തു വെച്ചാൽ ഉറുമ്പരിച്ചാലോ തലയിൽ വെച്ചാൽ പേനരിച്ചാലോ എന്ന പ്രയോഗം അർത്ഥവത്തും ആസ്വാദ്യവുമാവുന്നു.

രണ്ടമ്മമാരും മക്കളെ സ്നേഹിക്കുകയും അവരുടെ സന്തോഷത്തിനായി പ്രയത്നിക്കുകയും ചെയ്യുന്നു. ഓരോ ഘട്ടത്തിലും സ്നേഹത്തിന്റെ അളവ് കൂടി വരുന്നതായി കാണാം. പാപ്പ കൊടുക്കുന്നു..... നങ്ങേലി എന്ന വരികളിൽ പ്രാസഭംഗി, പദച്ചേർച്ച, ലാളിത്യം, എന്നിവ കാണാനാകും. അതുപോലെ വെണ്ണക്കണ്ണനിൽ ''ഒറ്റക്കൈ.............കേഴും പോലെ'' ''കയ്യിലെ വെണ്ണയെ കൊണ്ടുപോയി''തുടങ്ങിയ വരികളിലെ ശബ്ദഭംഗി, ലാളിത്യം എന്നിവ എടുത്തു പറയത്തക്കവയാണ്.

| | | |
|---|---|---|
| PENCIL<br>എല്ലാവർക്കും പഠനനേട്ടം അധ്യാപനമികവിലൂടെ | **PENCIL**<br>**Process Ensuring for Natural Classroom Interaction and Learning**<br>**എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ**<br>**ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, പാഠാസൂത്രണരേഖ-കരട്** | DIET MALAPPURAM |

| | | | |
|---|---|---|---|
| **ക്ലാസ് : 4** | **യൂണിറ്റ് 1 – അമൃതം** | **മൊഡ്യൂൾ 2.** | **സ്നേഹം താൻ ശക്തി** |

| | |
|---|---|
| **ആമുഖം** | നിത്യചൈതന്യയതി എഴുതിയ 'സ്നേഹം താൻ ശക്തി' എന്ന കഥ, സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്നു. നമ്മളിൽ നിന്ന് മറ്റുള്ളവരിലേക്കും പ്രകൃതിയിലേക്കും പടരേണ്ടുന്ന സ്നേഹ പ്രകാശത്തെക്കുറിച്ച് ഈ പാഠഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. സ്നേഹത്തിന്റെ മാന്ത്രിക ശക്തികൊണ്ട് ഈ ലോകത്തെതന്നെ സുന്ദരമാക്കാമെന്ന സന്ദേശം ഈ പാഠഭാഗം നൽകുന്നു. |
| **ആശയം** | സഹജീവികളോട് സ്നേഹപൂർണ്ണമായി പെരുമാറുന്നതിലൂടെ നാം ജീവിക്കുന്ന ലോകത്തെ സുന്ദരമാക്കാൻ കഴിയും. സ്നേഹത്തിന്റെ പ്രകാശത്തിന് നമ്മുടെ ചുറ്റുപാടിനെ മാറ്റാനുള്ള കഴിവുണ്ട് |
| **പഠന നേട്ടം** | സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യ രചനകളുണ്ട്<br>ഉച്ചാരണശുദ്ധി, ഒഴുക്ക്, ആവശ്യമായ ഭാവവ്യത്യാസം എന്നിവയോടെ വായിക്കുന്നു. നമുക്ക് ചുറ്റുമുള്ള എല്ലാറ്റിനേയും സ്നേഹിക്കുന്നതിലൂടെ നാം ജീവിക്കുന്ന ലോകത്തെ സുന്ദരമാക്കാൻ കഴിയുമെന്ന് ബോധ്യപ്പെടുന്നു. |
| **വ്യവഹാര രൂപം** | കഥ |
| **സാമഗ്രികൾ** | വർക്ക് ഷീറ്റ് 4102, അച്ഛന്റെ സ്നേഹം 4152, സമ്മാനപ്പക്ഷി- കഥ 4153 |
| **സമയം** | 6 മണിക്കൂർ |
| **പ്രവർത്തനം** | 1. വായനയിലേക്ക് 2. കണ്ടെത്താം 3. അർത്ഥം കണ്ടെത്താം 4. കണ്ടെത്താം എഴുതാം. 5. വ്യത്യാസം കണ്ടെത്താം. 6. കേട്ടെഴുതാം 7. മാറ്റി എഴുതാം 8. ഭാവാത്മക വായന 9. കഥാരചന 10. എഡിറ്റിംഗ് 11. പൂക്കളുണ്ടാക്കാം. 12. സ്നേഹവചസ്സുകൾ |
| **വർക്ക് ഷീറ്റ്** | 4102 പരസ്പരം, 4103 സ്നേഹവചങ്ങൾ |
| **വായനാ സമാഗ്രി** | മഞ്ഞുതുള്ളി - നിത്യചൈതന്യയതി - ടീച്ചർവേർഷൻ - കഥ |
| **സർഗ്ഗവേള** | കഥ അവതരണം, പൂക്കൾ പ്രദർശനം |
| **ദിനാചരണം** | |
| **സി.പി.ടി.എ** | കഥ അവതരണം, പൂക്കൾ പ്രദർശനം, കഥാ പതിപ്പ് |

**1. വായനയിലേക്ക് (40 മിനിട്ട്)**

ടീച്ചർ ഭാവാത്മകമായി സന്ദർഭം അവതരിപ്പിക്കുന്നു

ഒരു അവധിക്കാലം. ലൈലയും കുട്ടനും വീട്ടുമുറ്റത്ത് കളിക്കുകയാണ്. അവിടേക്ക് ഒരു മൈന പറന്നെത്തുന്നു. മൈനക്ക് ഒരു പേടിയുമില്ല. കൈയ്യെത്തും ദൂരത്താണ് മൈന. കുട്ടൻ മൈനയെ പിടിക്കാൻ ശ്രമിക്കുന്നു. മൈന പറന്നു മരക്കൊമ്പിൽ ഇരിക്കുന്നു. കുട്ടൻ തന്റെ തെറ്റാലി കൊണ്ട് മൈനയെ എയ്തു വീഴ്ത്താൻ തുടങ്ങുന്നു. പിന്നീടെന്താവും സംഭവിച്ചിട്ടുണ്ടാവുക?

നിങ്ങളുടെ അഭിപ്രായമെന്താണ്? കുട്ടികൾ അഭിപ്രായം പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു.

തുടർന്ന്.... ശരിക്കും മൈനക്ക് എന്തായിരിക്കും സംഭവിച്ചിട്ടുണ്ടാവുക? എങ്ങനെ അറിയാം? പാഠ വായനയിലേക്ക് നയിക്കുന്നു. വ്യക്തിഗത വായന കണ്ടെത്തൽ അവതരണം. ടീച്ചർ ബോർഡിൽ എഴുതുന്നു. പിന്നാക്കക്കാർക്ക് ആദ്യ അവസരം ആദ്യം പറഞ്ഞതും കഥയിലുള്ളതും താരതമ്യം ചെയ്യുന്നു. വായിച്ച് ആശയം ഗ്രഹിച്ചവരെ അഭിനന്ദിക്കുന്നു.

എല്ലാവർക്കും വായിച്ച് ആശയം പറയാൻ കഴിഞ്ഞോ? എല്ലാവർക്കും വായിക്കാൻ കഴിയേണ്ടേ? എന്തുകൊണ്ടാണ് കഴിയാതിരുന്നത്? (വായിക്കാനറിയില്ല, അർത്ഥമറിയില്ല വായിച്ചാൽ ആശയം മനസ്സിലാവുന്നില്ല) എങ്കിൽ നമുക്ക് ഒരിക്കൽകൂടി വായിക്കാം (പിന്നാക്കക്കാരെ വായിക്കാനറിയുന്ന വർ സഹായിക്കട്ടെ)

● ഇഷ്ടപ്പെട്ടത് (അടിവര), അറിയുന്നത് (✓) അറിയാത്തത് (x) അടയാളം ഇടുക. ● മൂന്നംഗ ഗ്രൂപ്പിൽ ഇഷ്ടപ്പെട്ടത്, അറിയുന്നത്, അറിയാത്തത് വായിക്കുന്നു. ● ഓരോരുത്തർ വായിക്കു മ്പോൾ മറ്റുള്ളവർ കൂട്ടിച്ചേർത്ത് വ്യക്തത വരുത്തണം ● ഓരോ സന്ദർഭത്തിലും ടീച്ചർ ആവശ്യ മായ ഗ്രൂപ്പിൽ ഇടപെടുന്നു ● അറിയുന്ന പദങ്ങളും അറിയാത്ത പദങ്ങളും അവയുടെ അർത്ഥവും നോട്ടുപുസ്തകത്തിൽ എഴുതണം ● പൊതുഅവതരണം - ചർച്ച - ക്രോഡീകരണം

**പ്രതികരണ പേജിലേക്ക്**

● വായനയിൽ എന്തു പ്രയാസമാണ് കുട്ടികൾ നേരിട്ടത്? എല്ലാവരും വായിച്ചുവോ? ● ആശയം മനസ്സിലാക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടുവോ?: പ്രക്രിയയിൽ ഞാൻ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം?

**2. കണ്ടെത്താം (40)**

ചോദ്യചാർട്ട് പ്രദർശിപ്പിക്കുന്നു

● മൈനയുടെ ഒച്ച എങ്ങനെയുള്ളതായിരുന്നു? ● കുട്ടൻ ക്ഷുഭിതനായതെന്തുകൊണ്ട്? ● ലൈലക്കും കുട്ടനും അമ്മ പകർന്നുകൊടുത്ത പാഠമെന്ത്? ● മൈനയുടെ പാട്ട് കേട്ട് മരത്തിനുണ്ടായ മാറ്റമെ ന്തെല്ലാം? ● മൈനയുടെ പാട്ട് കുട്ടികൾ പാടിയപ്പോഴുണ്ടായ മാറ്റമെന്ത്? ● മൈന മനുഷ്യശബ്ദ ത്തിൽ പാടിയ പാട്ടേതാണ്? ● മൈന മരക്കൊമ്പിൽ മാറി മാറി ഇരുന്നപ്പോൾ മരത്തിനുണ്ടായ മാറ്റ മെന്ത്? ചാർട്ടിലെ ചോദ്യം കുട്ടികൾ വായിക്കുന്നു

എന്തു മനസ്സിലായി? വായനക്കു പ്രയാസപ്പെടുന്നവരെ മറ്റു കുട്ടികൾ സഹായിക്കുന്നു. വ്യക്തിഗത മായി നോട്ടുപുസ്തകത്തിൽ ചോദ്യവും ഉത്തരവും എഴുതുന്നു. മൂന്നംഗ ഗ്രൂപ്പിൽ അവതരണം ഓരോ രുത്തരും വായിച്ചവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നു. (ഒരു ചോദ്യത്തിന്റെ ഉത്തരം എല്ലാവരും വായിച്ച് ചർച്ച ചെയ്ത് എഴുതിയശേഷം രണ്ടാമത്തെ ചോദ്യമെടുത്താൽ മതി) പൊതു അവതണം - ചർച്ച - മെച്ചപ്പെടുത്തൽ ടീച്ചറുടെ ക്രോഡീകരണം

**പ്രതികരണ പേജിലേക്ക്**

എല്ലാവർക്കും ചോദ്യങ്ങൾ വായിച്ച് ആശയം ഗ്രഹിക്കാൻ കഴിയുന്നുണ്ടോ? ഉത്തരം പാഠഭാഗങ്ങ ളിൽ നിന്ന് കണ്ടെത്താൻ കഴിഞ്ഞോ? പിന്നാക്കക്കാരെ പരിഗണിച്ചതെങ്ങനെ? ഗ്രൂപ്പ് പ്രവർത്തനം ഫലപ്രദമാക്കിയതെങ്ങനെ?

**3. അർത്ഥം കണ്ടെത്താം (ഭാഷാ കേളി) (20)**

വായനയുടെ ഭാഗമായി കുട്ടികൾ വാക്കുകളുടെ അർത്ഥം കണ്ടെത്തിയിട്ടുണ്ട്. അവ ഉപയോഗപ്പെ ടുത്തിയിട്ടുള്ള കളിയാണ് തുടർന്ന് നടക്കുന്നത് കുട്ടികളുടെ എണ്ണത്തിനനുസരിച്ച് നറുക്ക് ഉണ്ടാ ക്കണം. അവയിൽ പദങ്ങളും അവയുടെ അർത്ഥം/ ആശയം എന്നിവ വേറെ നറുക്കുകളിൽ എഴു തണം. ഓരോരുത്തരും ഓരോ നറുക്ക് എടുക്കുക. തുറന്നു നോക്കിയശേഷം തന്റെ ജോഡിയെ കണ്ടെത്തി അവതരിപ്പിക്കുക. ബോർഡിൽ എഴുതുക (ജോഡിയെ കണ്ടെത്താൻ അർത്ഥ സൂചിക യുടെ സഹായം വേണമെങ്കിൽ പ്രയോജനപ്പെടുത്താം) അവതരണം മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തി


ശരിയാണ് എന്ന് ഉറപ്പാക്കണം. ടീച്ചർ ക്രോഡീകരിക്കുന്നു.

**പ്രതികരണം പേജിലേക്ക്**

ഈ പ്രവർത്തനം എങ്ങനെയാണ് കുട്ടികൾ സ്വീകരിച്ചത്? പിന്നാക്കക്കാരുടെ പ്രതികരണം? ടീച്ചർ നേരിട്ട പ്രശ്നങ്ങൾ എന്തെല്ലാം? തിരിച്ചറിവുകൾ എന്തെല്ലാം?

**4. വിശകലന ചോദ്യങ്ങൾ (കണ്ടെത്താം എഴുതാം) (40 മിനിട്ട്)**

ടീച്ചർ വിശകലന ചോദ്യചാർട്ട് പ്രദർശിപ്പിക്കുന്നു. കുട്ടികൾ സ്വയം വായിച്ച് മനസ്സിലാക്കുന്നു. ആവശ്യമെങ്കിൽ ടീച്ചർ വിശദീകരിക്കുന്നു.




1."ചേട്ടാ, ഇത് വെറുമൊരു മൈനയല്ല" എന്തുകൊണ്ടായിരിക്കും ലൈല ഇങ്ങനെ പറഞ്ഞത്?
2. എന്തോ അബദ്ധം ചെയ്യുവാൻ തുടങ്ങിയവനെപ്പോലെ കുട്ടൻ അവന്റെ കൈയിലിരിക്കുന്ന തെറ്റാലിയും കല്ലും തറയിലിട്ടു - അബദ്ധം ചെയ്യാൻ തുടങ്ങിയവനെപ്പോലെ എന്ന് പറയാൻ കാരണമെന്ത്? 3. കുട്ടന്റെ സ്ഥാനത്ത് നിങ്ങളായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു? 4. എന്തുകൊണ്ടാണ് മൈനക്ക് ഈ അത്ഭുതങ്ങൾ ചെയ്യാൻ കഴിഞ്ഞത്? വ്യക്തിവായന - ചർച്ച - വ്യക്തത വരുത്തൽ. വ്യക്തിഗതമായി ഉത്തരമെഴുതാൻ മൂന്നംഗ ഗ്രൂപ്പിൽ വായന പൊതു വായന മെച്ചപ്പെടുത്തൽ 1. പാട്ടിന്റെ അസാധാരണമായ മാധുര്യവും മാവിൽ വന്ന മാറ്റവും ലൈലയെ അത്ഭുതപ്പെടുത്തിയിരിക്കുന്നു. 2. മൈനയെ എറിഞ്ഞ് വീഴ്ത്താനാണ് കുട്ടൻ ശ്രമിച്ചത്. എന്നാൽ ഇത്രയധികം വിശിഷ്ടമായ കഴിവുകളുള്ള സ്നേഹഗാനമാലപിച്ച് പ്രകൃതിയെപ്പോലും സന്തോഷിപ്പിക്കുന്ന ഈ മൈനയെയാണല്ലോ താൻ കൊല്ലാൻ ശ്രമിച്ചത് എന്നോർത്ത് കാണും. അപ്പോഴുണ്ടായ കുറ്റബോധത്തിൽ നിന്നാണ് താൻ ചെയ്തത്. അബദ്ധമായിരുന്നു എന്ന് കുട്ടന് തോന്നിയത്. 3. ഞാനും ഒരുപക്ഷെ കല്ലെടുത്തെറിയാൻ ശ്രമിച്ചേക്കാം. പക്ഷെ മൈനയുടെ സ്നേഹഗാനം കേട്ട ഒരാൾക്കും അതിനെ ഉപദ്രവിക്കാൻ തോന്നില്ല. സഹജീവികളെ ഉപദ്രവിക്കുന്നത് തെറ്റാണെന്നും അങ്ങനെ ചെയ്യരുതെന്നുമുള്ള തിരിച്ചറിവ് എനിക്ക് ഉണ്ടായിട്ടുണ്ട്. 4. സ്നേഹഗാനം പാടിയതുകൊണ്ടാണ് മൈനക്കിതു സാധിച്ചത് സ്നേഹത്തിന് പരിഹരിക്കാൻ കഴിയാത്ത ഒന്നുമില്ല. ഏതു മുറിവും ഉണക്കാനുള്ള അത്ഭുത മരുന്നാണ് സ്നേഹം. വരൾച്ചയിൽ വസന്തം വിരിയിക്കാനും ശൂന്യതയിൽ നിന്ന് തേനും മണവും ശോഭയുമുള്ള പൂക്കളും തീർക്കാനും സ്നേഹത്തിന് കഴിയും എന്ന് ഈ കഥ നമ്മെ ഓർമിപ്പിക്കുന്നു.

**വർക്ക് ഷീറ്റ് 4102 അവതരണം - വ്യക്തിഗത രചന - അവതരണം - ചർച്ച**

**പ്രതികരണ പേജ്**

● എല്ലാവർക്കും ഉത്തരമെഴുതാൻ കഴിഞ്ഞോ? ● പരിമിതികൾ ചർച്ചയിലൂടെ തിരിച്ചറിയുന്നുണ്ടോ? ● ടീച്ചർ വേർഷൻ ആഴത്തിലുള്ള വായനക്ക് എങ്ങനെ പ്രയോജനപ്പെടും?

**5. വ്യത്യാസം കണ്ടെത്താം (30 മിനിട്ട് )**

'അ' മുന്നിൽ ചേരുമ്പോൾ വാക്കുകൾക്കുണ്ടാകുന്ന അർത്ഥ വ്യത്യാസം കണ്ടെത്തുക? സാധാരണം - അസാധാരണം. കുട്ടികൾ വ്യക്തിഗതമായി പറയുന്നു. എങ്കിൽ പാ. പു. പേജ് 16 ലെ പ്രവർത്തനം പൂർണ്ണമാക്കുക. വിപരീതാർത്ഥമുള്ള വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ വ്യക്തിഗതമായി നിർമ്മിക്കുക. മൂന്നംഗ ഗ്രൂപ്പിൽ അവതരണം ക്രോഡീകരണം. പൊതു അവതരണം - ചർച്ച

**6. കേട്ടെഴുതാം (20 മിനിട്ട് )**

കുട്ടികളെ അഞ്ച് ഗ്രൂപ്പാക്കുന്നു. ഒന്നാമത്തെ ഗ്രൂപ്പ് മൂന്ന് പദങ്ങൾ പറയുന്നു. മറ്റ് ഗ്രൂപ്പിലെ എല്ലാവരും

അത് കാണാതെ എഴുതണം. ഓരോ ഗ്രൂപ്പിലും എത്ര പേർ ശരിയാക്കി എന്ന് ഒന്നാം ഗ്രൂപ്പിലെ അംഗങ്ങൾ പരിശോധിക്കണം. എത്ര ശരിയുണ്ടോ അത്രയും പോയിന്റ് മറ്റ് എല്ലാ ഗ്രൂപ്പുകൾക്കും കിട്ടും തുടർന്ന് രണ്ടാം ഗ്രൂപ്പ് - കൂടുതൽ പോയിന്റ് കിട്ടുന്നവർ വിജയി.

**7. മാറ്റി എഴുതാം (20 മിനിട്ട് )**

പാ.പു. പേജ് 16ലെ പ്രസംഗം വായിക്കുക. നിർദ്ദേശങ്ങൾക്കനുസരിച്ച് എഴുതുക. വ്യക്തിഗതം- ഗ്രൂപ്പിൽ വായിച്ചവതരണം - പൊതു അവതരണം.

**8. ഭാവാത്മക വായന (40 മിനിട്ട്)**

പാഠഭാഗത്തിന്റെ ആദ്യപേജ് രണ്ടു കുട്ടികൾ വായിക്കുന്നു (വ്യത്യസ്ത നിലവാരക്കാർ)

വായനയിലെ മികവ് പരിമിതി ചർച്ച. കൂടുതൽ മെച്ചപ്പെടുത്തുന്നതെങ്ങനെ? (ചർച്ചയിലൂടെ ഭാവാത്മക വായന വികസിപ്പിക്കാനുള്ള സൂചകം തയ്യാറാക്കണം)

മികവ്, പരിമിതി മെച്ചപ്പെടുത്താനുള്ള പ്രവർത്തനം ബോർഡിൽ എഴുതാം.

| **മികവ്** | **പരിമിതി** | **മെച്ചപ്പെടാൻ** |
|---|---|---|
| വ്യക്തതയോടെ വായിച്ചു | വ്യക്തതക്കുറവ് | ഭാവം ഉൾക്കൊണ്ട് വായിക്കണം |
| പൂർണ്ണമായി വായിച്ചു | അപൂർണ്ണത | ഉച്ചാരണശുദ്ധി ഒഴുക്ക്, വ്യക്തതയോടെ വായിക്കണം ശബ്ദക്രമീകരണം |

മൂന്നംഗ ഗ്രൂപ്പിൽ സൂചകം പാലിച്ച് ഓരോരുത്തരും വായിക്കുന്നു. കുട്ടികൾ പരസ്പരം വിലയിരുത്തുന്നു - മെച്ചപ്പെടുത്തുന്നു പൊതു അവതരണം - ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ടീച്ചർ വിലയിരുത്തുന്നു ടീച്ചറുടെ ഭാവാത്മക വായന - കുട്ടികൾ വിലയിരുത്തുന്നു ചർച്ച, തുടർന്ന് കുട്ടികളെ ജോഡിയാക്കുന്നു. പരസ്പരം വായിച്ച് കൊടുക്കുന്നു

**പ്രതികരണ പേജിലേക്ക്**

വ്യക്തിഗത വായന - ഗ്രൂപ്പ് വായന - പൊതുവായന - ടീച്ചറുടെ വായന പരസ്പര വായന - ദർശിക്കാനായ പുരോഗതി എന്തെല്ലാം? എല്ലാവരും വായിച്ചുവോ? കൂട്ടുകാരുടെ വായനകേട്ട് അഭിപ്രായം പറയാൻ കഴിഞ്ഞോ?

**9. കഥാരചന (40 മിനിറ്റ്)**

ഒരു ദിവസം രാവിലെ പതിവ് പോലെ രഘു എഴുന്നേറ്റ് മുറ്റത്തേക്ക് വന്നു. അവിടെ ഒരു തത്ത ഇരിക്കുന്നു. രഘു അതിന്റെ അടുത്തേക്ക് നടന്നു. തത്ത മനുഷ്യരെപ്പോലെ സംസാരിക്കുന്നു. തത്ത പറഞ്ഞു. ഞാൻ നിന്റെ കൂട്ടുകാരനാണ്. നിന്റെ എന്താഗ്രഹവും ഞാൻ സാധിപ്പിച്ചു തരാം. പക്ഷെ രണ്ടു വ്യവസ്ഥയുണ്ട്. നീ ആവശ്യപ്പെടുന്നത് ഒരിക്കലും നിനക്ക് മാത്രം നന്മ വരുന്നവയാവരുത്. മറ്റുള്ളവർക്കും അതിന്റെ ഗുണം ലഭിക്കണം, എന്നെക്കുറിച്ച് ആരോടും പറയുകയുമരുത്. രഘു സമ്മതിച്ചു. പിന്നീട് എന്തെല്ലാമായിരിക്കും സംഭവിച്ചിട്ടുണ്ടാവുക. കഥയുടെ ബാക്കി ഭാഗം എഴുതൂ. വ്യക്തിഗതം (10 മിനിറ്റ് ) തുടർന്ന് 3 അംഗ ഗ്രൂപ്പിൽ അവതരണം -കഥയുടെ സൂചകം വെച്ച് വിലയിരുത്തുന്നു.


PENCIL

Process Ensuring for Natural Classroom Interaction and Learning

സമ്മാനപ്പക്ഷി

മെച്ചപ്പെടുത്തൽ - പൊതു അവതരണം - ടീച്ചർവേർഷൻ അവതരണം - വിലയിരുത്തൽ - ക്രോഡീകരണം

### 10. എഡിറ്റിംഗ് (30 മിനിറ്റ്)

ഒരു ഗ്രൂപ്പിന്റെ കഥ എഡിറ്റ് ചെയ്യാനായി ചാർട്ടിൽ എഴുതുന്നു. പൊതുവായി ചോദ്യങ്ങൾ ചോദിച്ച് എഡിറ്റ് ചെയ്യുന്നു. (ആശയം, വാക്യഘടന, പദം, അക്ഷരം, വ്യവഹാര രൂപം)

***ആശയം***

● ആശയപൂർണതയുണ്ടോ? ● ഇനിയും കൂട്ടിച്ചേർക്കാവുന്ന കാര്യങ്ങൾ, ഒഴിവാക്കേണ്ടവ എന്നിവ ഏതൊക്കെ?

**വാക്യഘടന**

● വാക്കുകൾ ക്രമം തെറ്റി എഴുതിയിട്ടുണ്ടോ? ● വാക്കുകൾ വിട്ടുപോയിട്ടുണ്ടോ? ● ആവശ്യമില്ലാത്ത വാക്കുകൾ ചേർന്നിട്ടുണ്ടോ?

**പദം**

● അനുയോജ്യമായ പദങ്ങളാണോ? അർത്ഥവ്യത്യാസം വരുന്ന പദങ്ങളുണ്ടോ?

**അക്ഷരം**

● അക്ഷരം, പദം, വാക്യം എന്നിവ നിശ്ചിത അകലം പാലിച്ച് എഴുതിയിട്ടുണ്ടോ? ● അക്ഷരം, ചിഹ്നം എന്നിവ ശരിയായ രൂപത്തിൽ എഴുതിയിട്ടുണ്ടോ?

**വ്യവഹാരരൂപം**

● ഭാവാത്മകമായി കഥയെഴുതിയിട്ടുണ്ടോ? ● മികച്ച തുടക്കവും ഒടുക്കവുമുണ്ടോ? ● കഥയുടെ തലക്കെട്ട് യോജിച്ചതാണോ?

**പ്രതികരണ പേജിലേക്ക്**

കുട്ടികളുടെ പങ്കാളിത്തം എത്രമാത്രം? അവർ നേരിടുന്ന പ്രശ്നമെന്ത്? തിരിച്ചറിവുകൾ എന്തെല്ലാം?

### 11. പൂക്കളുണ്ടാക്കാം

● വർണ്ണക്കടലാസുകൊണ്ട് നിങ്ങൾക്കെന്തെല്ലാം ഉണ്ടാക്കാനറിയാം? ● കുട്ടികളുടെ പ്രതികരണം (തോണി, പട്ടം, തൊപ്പി) ● ആർക്കൊക്കെ പൂവ് ഉണ്ടാക്കാനറിയാം?


● അറിയുന്നവർ ഓരോ ഗ്രൂപ്പിലുമുണ്ടെന്ന് ഉറപ്പാക്കുന്നു. ● ഉണ്ടാക്കുന്ന വിധം എഴുതൽ - അവതരണം - ചർച്ച ● സി.പി.ടി.എയിൽ പ്രദർശനം

**പ്രതികരണ പേജിലേക്ക്**

- എല്ലാവരും പ്രവർത്തനത്തിൽ പങ്കാളികളായോ? ● എത്ര പേർ സ്വയം പൂക്കളുണ്ടാക്കി?
- താല്പര്യത്തോടെ പൂക്കൾ ഉണ്ടാക്കാനും ഉണ്ടാക്കിയ രീതി എഴുതുവാനും കഴിഞ്ഞോ?

### 12. സ്നേഹവചനങ്ങൾ

നിങ്ങൾ ഏറെ സ്നേഹിക്കുന്നതാരെ? എന്തുകൊണ്ട്? സ്നേഹവുമായി ബന്ധപ്പെട്ട വീഡിയോ, കവിത അവതരണം. സ്നേഹവുമായി ബന്ധപ്പെട്ട് മഹത് വ്യക്തികൾ ധാരാളം എഴുതിയിട്ടുണ്ട്. ഏതെങ്കിലുമൊന്ന് ഓർത്തെടുക്കാൻ കഴിയുന്നുണ്ടോ? കുട്ടികൾ പറയുന്ന മഹത് വചനങ്ങൾ ചാർട്ട് ചെയ്യുന്നു. തുടർന്ന് പാഠപുസ്തകത്തിലെ വചനങ്ങൾ വായിക്കുന്നു. വർക്ക്ഷീറ്റ് 4103 വിതരണം ചെയ്യുന്നു. വ്യക്തിഗതമായി ഈ വചനങ്ങളുടെ ആശയം എഴുതുന്നു. ഗ്രൂപ്പിൽ അവതരണം ചർച്ച. പൊതു അവതരണം - ചർച്ച ക്രോഡീകരണം മറ്റ് വചനങ്ങൾ കണ്ടെത്തി ശേഖരണ പുസ്തകത്തിൽ എഴുതുക (ഗൃഹപാഠം)


PENCIL
Process Ensuring for Natural Classroom Interaction and Learning
DIET

സ്നേഹവചനങ്ങൾ

| കവിത | ആശയം |
| --- | --- |
| (കുമാരനാശാൻ) | |
| [illegible] | |
| (വയലാർ) | |

# അച്ഛന്റെ സ്നേഹം

വളരെ കാലത്തെ കാത്തിരിപ്പിന് ശേഷം ആ ദമ്പതിമാർക്ക് ഒരുണ്ണി പിറന്നു. ആ കുടുംബത്തിലുണ്ടായ സന്തോഷത്തിന് അതിരുകളില്ലായിരുന്നു. അമ്മയും അച്ഛനും മുത്തശ്ശിയും മറ്റ് ബന്ധുക്കളും അവനെ ലാളിച്ചു വളർത്തി. എന്നും വൈകുന്നേരം ജോലി കഴിഞ്ഞെത്തുന്ന അച്ഛനേയും കാത്ത് മകൻ പൂമുഖത്ത് ഉണ്ടാകും. ദൂരെ പാടത്തിനക്കരെ അച്ഛൻ നടന്നു വരുന്നത് കണ്ടാൽ അവൻ ഓടി ഓടി അച്ഛന്റെ അടുത്തെത്തും. മകന് വേണ്ടി കരുതിയ മധുരപലഹാര ങ്ങൾ അവന് നൽകും. സന്തോഷത്തിന്റെ നാളുകൾ...

ഒരു ദിവസം അച്ഛൻ വീട്ടിലെത്തുമ്പോൾ പതിവുപോലെ മകൻ വന്നില്ല. പൂമു ഖത്തെത്തിയ അമ്മ ഒറ്റശ്വാസത്തിൽ പറഞ്ഞു തീർത്തു, മകനെ കാണാനില്ല, ഇവിടെയെല്ലാം ഞാൻ തിരഞ്ഞു....ഇനി.... ഒരു നിമിഷം അയാൾ തിരിച്ചു നിന്നു. പിന്നെ എങ്ങോട്ടെന്നില്ലാതെ ഇറങ്ങി നടന്നു. തന്റെ നടത്തത്തിന്റെ വേഗത കൂടു ന്നത് അയാളറിയുന്നില്ല. എവിടെക്കാണെന്നും അയാൾക്കറിയില്ല. വിയർപ്പിൽ കുളിച്ച ആ അച്ഛന്റെ മനസ്സിൽ പുഞ്ചിരിക്കുന്ന മകന്റെ മുഖം മാത്രമേയുള്ളൂ.

നാൽക്കവലയിൽ ആൾക്കൂട്ടം. സമയം സന്ധ്യകഴിഞ്ഞിരിക്കുന്നു. ചൂട്ടുകളു മായി ആളുകൾ കൂടി നിൽക്കുന്നു. ചുറ്റും നില്ക്കുന്നവരെ വകഞ്ഞുമാറ്റി അയാൾ മുന്നിലെത്തി. ആകെ പരിഭ്രമിച്ച് പകച്ചു നില്ക്കുന്ന മകൻ. അയാൾ അവനെ വാരിയെടുത്തു. ഒന്നും ചോദിക്കാതെ, പറയാതെ അവന്റെ കണ്ണുനീർ ചുണ്ടു കൾകൊണ്ട് ഒപ്പിയെടുത്തു. 'ആരോടും പറയാതെ കൂത്ത് കാണാനിറങ്ങിയതാണ് പോൽ', ജനം പിറുപിറുത്തു. മകനെ തോളിലേറ്റി അച്ഛൻ നടന്നു. അവർ ചെന്നെ ത്തിയത് വീട്ടിലായിരുന്നില്ല, പിന്നെയോ? ഉണ്ണി ആഗ്രഹിച്ച കൂത്തമ്പലത്തിലേ ക്കാണ് അച്ഛൻ അവനെ കൊണ്ടുപോയത്. കാലമേറെ കഴിഞ്ഞിട്ടും ഇന്നും അച്ഛന്റെ സ്നേഹം അവന്റെ ഉള്ളിൽ നിറഞ്ഞു നിന്നു. (കടപ്പാട് : കൂത്ത് കാണാൻ, അക്കിത്തം)

നിങ്ങൾ മറ്റുള്ളവരെ സഹായിച്ചതോ മറ്റുള്ളവർ നിങ്ങളെ സഹായിച്ചതോ ആയ ഒരനുഭവം എഴുതൂ.

# പരസ്പരം

| ക്ലാസ് : 4 | യൂണിറ്റ് 1 - അമൃതം | മൊഡ്യൂൾ 2. | സ്നേഹം താൻ ശക്തി |
|---|---|---|---|

# സ്നേഹവചനങ്ങൾ

| കവിത | ആശയം |
|---|---|
| സ്നേഹിക്കയുണ്ണീ നീ നിന്നെ<br>ദ്രോഹിക്കുന്ന ജനത്തെയും<br>(കുമാരനാശാൻ) | |
| ഒരൊറ്റ മതമുണ്ടൂലകിന്നുയിരാം<br>പ്രേമമതൊന്നല്ലോ<br>പരക്കെ നമ്മെപ്പാലമൃതൂട്ടും<br>പാർവ്വണശശിബിംബം<br>(ഉള്ളൂർ) | |
| സ്നേഹിക്കയില്ല ഞാൻ<br>നോവുമാത്മാവിനെ<br>സ്നേഹിച്ചിടാത്തൊരു<br>തത്വശാസ്ത്രത്തേയും<br>(വയലാർ) | |

# സമ്മാനപ്പക്ഷി

“എന്താണ് ഞാൻ തത്തയോട് ചോദിക്കേണ്ടത് ” ? രഘുവിന് തീരുമാനമെടുക്കാൻ കഴിയുന്നില്ല. നല്ലൊരു വീടുവേണമെന്നു പറഞ്ഞാലോ? ഓ....പറ്റില്ല. എനിക്ക് മാത്രമായി ഒന്നും ആവശ്യപ്പെടാൻ പറ്റില്ലല്ലോ! നാളെ രമേശന്റെ പിറന്നാളാണ്. പിറന്നാളിന് എല്ലാവരും ഒരു കഥാപുസ്തകം ക്ലാസ് ലൈബ്രറിയിലേക്ക് കൊടുക്കണം. പാവം രമേശൻ. അവൻ ഇന്നലെ വിഷമിച്ചാണ് വീട്ടിലേക്ക് പോയത്. അവനച്ഛനില്ല.... മരിച്ചുപോയി. അമ്മ കൂലിപ്പണിയെടുത്താണ് ജീവിതം. പല കുട്ടികളും പുത്തനുടുപ്പും കഥാ പുസ്തകവുമായാണ് പിറന്നാൾ ദിവസം സ്കൂളിൽ വരിക. പാവം രമേശൻ... ആ.....തത്തയോടു പറഞ്ഞാലോ? “ഞങ്ങളുടെ ക്ലാസിലെ എല്ലാവരുടെയും പിറന്നാളിന് അവർക്കിഷ്ടപ്പെട്ട ഒരു പുത്തനുടുപ്പും ഒരു കഥാപുസ്തകവും കിട്ടണം”അവൻ തത്തമ്മയോടു പറഞ്ഞു. ഇതുകേട്ട് തത്തമ്മ പൊട്ടിപ്പൊട്ടിച്ചിരിച്ചു. ചിറകടിച്ച് അവന് ചുറ്റും പാറി നടന്നു. തത്തമ്മ ചോദിച്ചു. “ഇതു മതിയോ? നീ നന്മയുള്ളവൻ തന്നെ, നീ പറഞ്ഞപോലെ സംഭവിക്കും. പക്ഷെ നിബന്ധന മറക്കരുത്. നമ്മൾ തമ്മിലുള്ള ബന്ധം ആരോടും പറയരുത്.

എങ്കിലും അവന് പൂർണ്ണവിശ്വാസം വന്നില്ല. പിറ്റേദിവസം അവൻ സ്കൂളിലെത്തി. അവൻ അന്തിച്ചു നിന്നുപോയി. രമേശൻ പുത്തനുടുപ്പിട്ട് നടന്നുവരുന്നു. രമേശാ.... പിറന്നാളാശംസകൾ..പുത്തനുടുപ്പാണല്ലോ? നന്നായിട്ടുണ്ട്? ആരാണ് വാങ്ങിത്തന്നത്? അറിയാനുള്ള തിടുക്കം അവൻ മറച്ചുവെച്ചില്ല. രമേശന് സന്തോഷംകൊണ്ട് വാക്കുകൾ കിട്ടുന്നില്ല.

“രാവിലെ എഴുന്നേറ്റ് ഉമ്മറത്തെത്തിയപ്പോൾ വർണ്ണക്കടലാസിൽ പൊതിഞ്ഞ ഒരു സമ്മാനം അവിടെ ഉണ്ടായിരുന്നു. അതിൽ ഒരു പുത്തനുടപ്പും കഥാപുസ്തകവും ആശംസാകാർഡും. **രമേശന് പിറന്നാളാശംസകൾ, സ്നേഹപൂർവ്വം,**

**സ്വന്തം കൂട്ടുകാരൻ** മുറ്റത്തേക്കിറങ്ങി നോക്കിയെങ്കിലും ആരെയും കണ്ടില്ല. ഇത ത്ഭുതം തന്നെ'' രമേശൻ പറഞ്ഞു.

'കഥാപുസ്തകം കാണട്ടെ'

രമേശൻ കഥാപുസ്തകം പുറത്തെടുത്തു പഞ്ചതന്ത്രം കഥകൾ. 'ഇന്ന് ടീച്ചർക്ക് പിറന്നാൾ പുസ്തകം കൊടുക്കണം.' രമേശൻ പതുക്കെ പറഞ്ഞു.

രഘുവിന് സന്തോഷം അടക്കാൻ കഴിയുന്നില്ല. ഈ സൂത്രം ആരോടെങ്കിലും ഒന്നു പറയാൻ കഴിഞ്ഞിരുന്നെങ്കിൽ. അവൻ മോഹിച്ചുപോയി.

നാളെ രമ്യയുടെ പിറന്നാളാണ്. എന്തുസംഭവിക്കുമെന്ന് നോക്കാം. അവൻ അക്ഷ മനായി. പിറ്റേന്ന് നേരത്തെ സ്കൂളിലെത്തി. രമ്യയെത്തിയിട്ടില്ല. അവൻ സ്കൂൾ വരാന്ത യിൽ ദൂരത്തേക്ക് കണ്ണുംനട്ട് നിന്നു. രമ്യ പുത്തനുടപ്പുമിട്ട് വരുന്നു. പക്ഷെ. അവന്റെ കണ്ണുകളിൽ അത്ഭുതമില്ല. അവൾക്ക് അച്ഛനോ അമ്മാവനോ വാങ്ങിക്കൊടുത്തതാകാം.

രഘു : രമ്യേ....പിറന്നാളാശംസകൾ... കഥാപുസ്തകമില്ലേ?

രമ്യ : നിനക്കെങ്ങനെ മനസ്സിലായി?

രഘു : പിറന്നാളിന് എല്ലാവരും പുസ്തകം കൊണ്ടുവരാറില്ലേ?

രമ്യ : ഓ.....അതാണല്ലേ, ഞാൻ കരുതി...

രഘു : എന്ത്?

രമ്യ : ഇന്ന് രാവിലെ ഒരു സംഭവമുണ്ടായി. ഞാൻ നേരത്തെ എഴുന്നേറ്റിരുന്നു. ചെടികൾക്ക് നനയ്ക്കാനായി തുടങ്ങുമ്പോഴാണ്, പൂമുഖപ്പടിയിൽ ഒരു വർണ്ണക്കടലാ സിൽ പൊതിഞ്ഞ പൊതി കണ്ടത്. തുറന്നുനോക്കിയപ്പോൾ ഒരു കഥാപുസ്തകവും പുത്തനുടുപ്പും. എന്റെ ഇഷ്ടനിറത്തിൽ, കൃത്യമായ അളവിൽ.

ഇതുകേട്ടപാതി അവൻ ഒരിക്കൽ കൂടി പിറന്നാളാശംസകൾ പറഞ്ഞ് മൈതാനത്തിലേക്ക് ഓടി. അടുത്ത ആഴ്ച എന്റെ പിറന്നാളാണ്.... സമ്മാനം ഉറപ്പ്.

പിന്നിൽ നിന്ന് ആരോ വിളിക്കുന്നപോലെ..... രഘൂ..... നേരം വെളുത്തു... എഴുന്നേ ല്ക്ക്. അവൻ ഞെട്ടിയുണർന്നു. അമ്മയാണ്. അവൻ മുറ്റത്തേക്കോടി. ചുറ്റും നോക്കി. മരക്കൊമ്പിൽ ഒരു പച്ചതത്ത 'തത്ത അവനോടെന്തോ പറയുന്നുണ്ടായിരുന്നു.

| | | |
|---|---|---|
| PENCIL | Process Ensuring for Natural Classroom Interaction and Learning<br>എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ<br>ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, പാഠാസൂത്രണരേഖ-കരട് | DIET MALAPPURAM |

| ക്ലാസ് : 4 | യൂണിറ്റ് 1 – അമൃതം | മൊഡ്യൂൾ 3. | കുടയില്ലാത്തവർ |
|---|---|---|---|

| | |
|---|---|
| **ആമുഖം** | എല്ലാതരം വിഭാഗീയതകൾക്കുമപ്പുറം മനുഷ്യരെ സ്നേഹമെന്ന വികാരത്തിൽ വിളക്കിച്ചേർക്കാൻ ആഗ്രഹിക്കുന്ന കവിയാണ് ഒ.എൻ.വി. ആത്മകഥാപരമായ 'കുടയില്ലാത്തവർ' എന്ന ഈ കവിതയിലൂടെ തന്റെ ബാല്യകാലത്തെ ഒരു സ്നേഹാർദ്ര നിമിഷത്തിന്റെ ഓർമയിലൂടെ നമ്മെ കൊണ്ടു പോവുകയാണ് കവി. |
| **ആശയം** | സഹജീവികളോട് സ്നേഹപൂർണമായി പെരുമാറുന്നതിലൂടെ നാം ജീവിക്കുന്ന ലോകത്തെ സുന്ദരമാക്കാൻ കഴിയും. സ്നേഹത്തിന്റെ പ്രകാശത്തിന് നമ്മുടെ ചുറ്റുപാടിനെ മാറ്റാനുള്ള കഴിവുണ്ട്. ആവശ്യമായ ജീവിത സൗകര്യങ്ങൾ അനുഭവിക്കാൻ കഴിയാതെ കഷ്ടപ്പെടുന്ന എത്രയോപേർ നമുക്ക് ചുറ്റിലുമുണ്ട്. അവരെ സ്നേഹിക്കാനും സഹായിക്കാനും നമുക്ക് കഴിയണം. സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യ രചനകൾ ഉണ്ട്. |
| **പഠനനേട്ടം** | പരിചയപ്പെടുന്ന പുതിയ പദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ എന്നിവ ഉചിത സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു. കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു. തെറ്റുകൂടാതെ ഉചിതമായ വ്യവഹാരം രൂപങ്ങൾ (കുറിപ്പ്, കവിത, അനുഭവക്കുറിപ്പ്) ആസ്വാദന കുറിപ്പ് തയ്യാറാക്കുന്നു. സമാന കവിതകൾ ശേഖരിക്കുന്നു. പാഠഭാഗത്തിലെ ആശയങ്ങളെ ചിത്രീകരിക്കുന്നു. നമുക്ക് ചുറ്റുമുള്ള എല്ലാറ്റിനേയും സ്നേഹിക്കുന്നതിലൂടെ നാം ജീവിക്കുന്ന ലോകത്തെ സുന്ദരമാക്കാൻ കഴിയുമെന്ന് ബോധ്യപ്പെടുന്നു. വേദനിക്കുന്നവരേയും ദുരിതമനുഭവിക്കുന്നവരേയും സ്നേഹിക്കാനും സഹായിക്കുവാനും നമുക്ക് കഴിയേണ്ടതുണ്ട് എന്ന മനോഭാവം വളർത്തുന്നു. |
| **വ്യവഹാര രൂപം** | കവിത, അനുഭവക്കുറിപ്പ്, ചിത്രീകരണം, ആസ്വാദനക്കുറിപ്പ് |
| **സാമഗ്രി** | സമാനകവിതകൾ, ടീച്ചർവേർഷൻ, കവിത ഓഡിയോ സി.ഡി |
| **സമയം** | 7 മണിക്കൂർ |
| **പ്രവർത്തനം** | 1. കവിതയിലേക്ക് 2. കവിതവായന 3. കണ്ടെത്താം 4. കണ്ടെത്താം എഴുതാം 5.കവിതാലാപനം 6.പ്രായോഗിക ഭംഗി 7.വാക്കുകൾ കണ്ടെത്താം 8. കണ്ടതും കേട്ടതും.9. മറക്കാത്ത മഴക്കാലം 10. എഡിറ്റിംഗ്. 11. ചിത്രം വരക്കാം 12. ചർച്ച ചെയ്യുക 13. ശേഖരിക്കൂ. 14. ആസ്വാദനക്കുറിപ്പ് 15. എഡിറ്റിംഗ് |
| **വായനാസാമഗ്രി** | ഒ.എൻ.വിയുടെ കുഞ്ഞേടത്തി, മുട്ടത്തു വർക്കിയുടെ ഒരു കുടയും കുഞ്ഞുപെങ്ങളും |
| **സർഗ്ഗവേള** | കവിതയരങ്ങ് (മഴക്കവിതകൾ), ആസ്വാദനക്കുറിപ്പ്, മഴയനുഭവം.<br>ഒ.എൻ.വി കവിതകൾ |
| **ചുമർചിത്രം** | പാഠഭാഗത്തിലെ രചനകൾ, സമാനകവിതകൾ |
| **ദിനാചരണം** | രചന മത്സരം – കഥ, കവിത – വിഷയം : സ്നേഹം, മഴ |
| **സി.പി.ടി.എ** | ദിനാചരണവും പഠനവും – ബോധവത്കരണ ക്ലാസ്, കുട്ടികളുടെ പ്രകടനം ഉല്പന്നങ്ങളുടെ പ്രദർശനം, രക്ഷിതാക്കളുടെ വിലയിരുത്തൽ |

**പ്രവർത്തനങ്ങൾ – സൂക്ഷ്മ പ്രക്രിയ**

**1. കവിതയിലേക്ക്**

ഒന്നാം ക്ലാസിലേക്ക് അമ്മയുടെ / അച്ഛന്റെ കൈപിടിച്ച് കടന്ന് വന്നത് ഒന്നോർത്തു നോക്കൂ. അന്ന് മഴയുണ്ടായിരുന്നോ? എന്തെല്ലാമാണ് അന്നുണ്ടായിരുന്നത്? കുട്ടികൾ പ്രതികരിക്കുന്നു. പ്രവേശനോത്സവം, പുതിയ കൂട്ടുകാർ, ബലൂണുകൾ, മിഠായി, പുതിയ പുസ്തകം, കഥ, പാട്ട്, പുതിയ ടീച്ചർ........

തുടർന്ന് ടീച്ചർ ചാർട്ട് പ്രദർശിപ്പിക്കുന്നു.

"പള്ളിക്കൂടം തുറന്നല്ലോ! – മഴ-
ത്തുള്ളികളും തുള്ളി വന്നല്ലോ!
ആർത്തുല്ലസിച്ചിന്നു നിങ്ങൾ പോകെ,
ഓർത്തുപോകുന്നു ഞാനെന്റെ ബാല്യം! "

കുട്ടിക്കാലത്തെ എന്തെല്ലാം കാര്യങ്ങളായിരിക്കും കവി ഓർത്തിട്ടുണ്ടാവുക? കുട്ടികൾ വ്യക്തിഗതമായി പ്രതികരിക്കുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. യഥാർത്ഥത്തിൽ കവി ഓർത്തത് എന്തെല്ലാമാണെന്ന് എങ്ങനെയറിയാം? പാഠ വായനയിലേക്ക് ചർച്ച നയിക്കുന്നു.

**2. കവിത വായന (40 മിനിട്ട് )**

വ്യക്തിഗതമായി വായിച്ച് കവിയുടെ ഓർമ്മകൾ കണ്ടെത്തുന്നു ( 5 മിനിട്ട്) വായനയിലൂടെ കണ്ടെത്തിയവർ പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു (5 മിനിട്ട്) ആദ്യം പറഞ്ഞതുമായി തട്ടിച്ചുനോക്കുന്നു. ആശയം കണ്ടെത്തിയവരെ അഭിനന്ദിക്കുന്നു. എല്ലാവർക്കും കവിതയിലെ ആശയം കണ്ടെത്താൻ കഴിഞ്ഞോ? എന്തുകൊണ്ടാണ് കഴിയാഞ്ഞത്? (അർത്ഥമറിയില്ല, വായിച്ച് മനസ്സിലായില്ല) എല്ലാവർക്കും ആശയം അറിയേണ്ടേ? എങ്ങനെ ഉറപ്പാക്കാം? വീണ്ടും വായനയിലേക്ക് . വായിക്കുമ്പോൾ ഇഷ്ടപ്പെട്ടവ (-), അറിയുന്നത് (✓), അറിയാത്തത് (X) രേഖപ്പെടുത്തുന്നു. (5 മിനിട്ട്) മൂന്നംഗ ഗ്രൂപ്പിൽ ഓരോരുത്തരും അവതരിപ്പിക്കുന്നു. (10മിനിട്ട്) ഇഷ്ടപ്പെട്ടവ അവതരിപ്പിച്ച ശേഷം അറിയുന്നത് പിന്നെ അറിയാത്തത്. അവതരണങ്ങളിൽ പിന്നാക്കക്കാർക്ക് ആദ്യ അവസരം നൽകണം. അർത്ഥം നോട്ടു പുസ്തകത്തിൽ എഴുതുന്നു എന്നുറപ്പാക്കണം. തുടർന്ന് ഓരോ ഗ്രൂപ്പും ഇഷ്ടപ്പെട്ട വരികൾ എന്തുകൊണ്ട് ഇഷ്ടമായി, അറിയുന്നവ അറിയാത്തവ പൊതു അവതരണം (10 മിനിട്ട്) മറ്റു ഗ്രൂപ്പുകൾ പ്രതികരിക്കുന്നു. ടീച്ചർ കൂട്ടിച്ചേർക്കുന്നു.

കവിത ഒരിക്കൽ കൂടി വ്യക്തിഗത വായന ( 5 മിനിട്ട്)

**പ്രതികരണ പേജിലേക്ക്**

എല്ലാവരും വായിച്ചുവോ? ആശയഗ്രഹണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ)

**3. കണ്ടെത്താം**

പാഠപുസ്തകപേജ് (പാ.പു.പേ )19 ലെ പ്രവർത്തനം വായിക്കുന്നു. എന്താണ് ചെയ്യേണ്ടത്? ചർച്ച ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു. കൂടെ താഴെ കൊടുത്ത ചോദ്യങ്ങൾ കൂടി ഉത്തരം എഴുതണം.

● കവി മഴയത്ത് സ്കൂളിലേക്ക് പോകുന്ന ചിത്രം എങ്ങനെയാണ് വിവരിക്കുന്നത്? ● സ്കൂളിലേക്ക് പോകുന്ന കുട്ടികളെ എന്തിനോടെല്ലാമാണ് കവി ഉപമിക്കുന്നത്? കണ്ടെത്തിയവരിൽ ചിലർ പറയുന്ന (10 മിനിട്ട്) പിന്നാക്കക്കാർക്ക് ആദ്യാവസരം. എല്ലാവരും നോട്ടുബുക്കിലേക്ക് ചോദ്യവും ഉത്തരവും എഴുതുന്നു. (10 മി) മൂന്നംഗ ഗ്രൂപ്പിൽ ഓരോ ചോദ്യത്തിന്റെ ഉത്തരവും ഓരോരുത്തരും വായിച്ച് ചർച്ച ചെയ്ത് മെച്ചപ്പെടുത്തി എഴുതുന്നു ( 10 മിനിട്ട്) പൊതു അവതരണം മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. മെച്ചപ്പെടുത്തുന്നു. ടീച്ചർ കൂട്ടിച്ചേർക്കുന്നു. മാറ്റങ്ങൾ നോട്ടുപുസ്തകത്തിൽ ചേർക്കുന്നു. (10 മിനിട്ട്)

**പ്രതികരണ പേജിലേക്ക്**

ചോദ്യം വ്യക്തിഗതമായി വായിച്ച് മനസ്സിലാക്കുന്നുണ്ടോ? എല്ലാവർക്കും ഉത്തരം കണ്ടെത്താൻ കഴിഞ്ഞോ? കുട്ടികൾ വായനയിലും എഴുത്തിലും നേരിടുന്ന പ്രശ്നം? അടുത്ത പ്രവർത്തനങ്ങളിൽ എങ്ങനെ പരിഹരിക്കാം?

4. **കണ്ടെത്താം എഴുതാം –** വിശകലന ചോദ്യം (40 മിനിട്ട്) പാ.പു 19 ലെ കണ്ടെത്താം എഴുതാം എന്ന പ്രവർത്തനം വായിക്കുന്നു. കൂടെ ചാർട്ടിലെഴുതിയ ചോദ്യങ്ങളും ടീച്ചർ പ്രദർശിപ്പിക്കുന്നു.

1. കവിതയിലെ ഇഷ്ടപ്പെട്ട വരി ഏത്? എന്തുകൊണ്ട്? 2. കവിത വായിക്കുമ്പോൾ മനസ്സിലെത്തുന്ന ചിത്രങ്ങൾ എന്തെല്ലാം? 3. വേനൽ കിനാക്കൾ കരിഞ്ഞുപോയ് – എന്തൊക്കെയായിരിക്കാം കവിയുടെ വേനൽക്കിനാക്കൾ?

4. കുതിരുന്നു ഞാനാ മഴയിലല്ലോ/ ഒരു കുഞ്ഞുപെങ്ങൾ തൻ സ്നേഹവായ്പിൽ.. കുഞ്ഞു പെങ്ങളുടെ സ്നേഹവായ്പിൽ കുതിർന്നു എന്നു പറയുന്നതെന്തുകൊണ്ടാവാം?

വ്യക്തിഗതമായി ഉത്തരം കണ്ടെത്തുന്നു. അതിനായി കവിത വീണ്ടും വായിക്കുന്നു. (10 മിനിട്ട്) മൂന്നംഗ ഗ്രൂപ്പിൽ അവതരണം. ഒന്നാമത്തെ ചോദ്യത്തിന്റെ ഉത്തരം എല്ലാവരും വായിച്ചവതരിപ്പിച്ച് ചർച്ച ചെയ്ത് ആവശ്യമായ മാറ്റങ്ങൾ നോട്ടുബുക്കിൽ കുറിച്ച ശേഷം അടുത്ത ചോദ്യം എന്ന രീതിയിൽ അവതരണം ചർച്ച. (15 മിനിട്ട്) പൊതു അവതരണം മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തുന്നു. മെച്ചപ്പെടുത്തുന്നു. ടീച്ചർ ഇടപെടുന്നു.

ടീച്ചറുടെ രചന അവതരിപ്പിക്കുന്നു (15 മിനിട്ട്)

1 പുതുമണം പുത്തനുടുപ്പിന്നും.....പുതുമണം - കാലം പൂതുക്കുന്നു

ഈ വരികൾ എന്നെ എന്റെ കുട്ടിക്കാലത്തേക്ക് കൊണ്ടുപോയി. പുതിയ പുസ്തകം പുത്തനുടുപ്പ് എന്നിവ കിട്ടുമ്പോൾ മണത്തുനോക്കുകയും പുതുമണം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ പുതുമഴ പെയ്യുമ്പോൾ മണ്ണിൽ നിന്നുണ്ടായ വാസന ഇവയെല്ലാം വീണ്ടും അനുഭവപ്പെടുത്തുവാൻ ഈ വരികൾക്ക് സാധിച്ചു. അതുകൊണ്ടാണ് ഈ വരികൾ ഇഷ്ടപ്പെട്ടത്. അതുപോലെ പുതുമണം എന്ന പദത്തിന്റെ ആവർത്തനം ചൊല്ലൽ സുഖം നൽകുന്നുണ്ട്.

2. സ്കൂളിലേക്ക് മഴ നനഞ്ഞെത്തുന്ന കുട്ടികൾ, ദൂരെ നിന്നും പെയ്തുവരുന്ന മഴ, വാഴയില തലയിൽ ചൂടി പുസ്തകവും സ്ലേറ്റും മാറിൽ ചേർത്ത് പിടിച്ച് നനഞ്ഞുവരുന്ന കുട്ടികൾ, രണ്ടു കുട്ടികൾ ഒരു കുട ചൂടിവരുന്നത് ഇങ്ങനെ നിരവധി ചിത്രങ്ങൾ ഈ കവിതാ ഭാഗത്ത് കാണാം.

3. അവധിക്കാലം കഴിയുമ്പോൾ അതു വരെയുണ്ടായിരുന്ന കളിയും ചിരിയും യാത്രകളും സമ്മാനിച്ച സന്തോഷത്തിന് അറുതി വരുന്നു. കളിച്ചും ചിരിച്ചും കൂട്ടുകൂടിയും മതി വരാത്ത അവസ്ഥയും ബാക്കിയായ ആഗ്രഹങ്ങളുമൊക്കെയാണ് ഇവിടെ വേനൽക്കിനാക്കൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

4. “ കുതിരുന്നു ഞാൻ ആ മഴയിലല്ലോ

ഒരു കുഞ്ഞുപെങ്ങൾ തൻ സ്നേഹവായ്പിൽ”

പെരുമഴയത്ത് വാഴയില ചൂടി, നനയുന്നില്ല എന്ന മട്ടിൽ എന്നാൽ നനഞ്ഞുവരുന്ന കവിയെ സ്വന്തം അനിയനോടെന്ന പോലെ കനിവുകാട്ടി, തന്റെ കടയിലേക്ക് ചേർത്തു നിർത്തുകയാണ് ഒരു കുഞ്ഞു പെങ്ങൾ. ഈ സമയത്ത് താൻ നനഞ്ഞു കുതിർന്നത് മഴ കൊണ്ടല്ല, കുഞ്ഞു പെങ്ങളുടെ സ്നേഹപെയ്ത്തിനാലാണെന്ന് കവി മനസ്സിലാക്കുന്നു. ആ പെങ്ങൾ നനയാതെ എന്ന് പറഞ്ഞ് അനിയല്ലാത്ത അനിയനായ തന്നെ കുടയിൽ കൂട്ടി. അതിന് അവർക്ക് ഒരു കുറവും തോന്നിയില്ല. ഈ കവിതയുടെ ആശയം പൂർണ്ണമായും ഈ വരികളിൽ കാണാൻ കഴിയും. (കുട്ടികൾ പൊതു അവതരണം നടത്തുമ്പോൾ ഒരു ചോദ്യത്തിനുള്ള ഉത്തരം ഓരോ ഗ്രൂപ്പും അവതരിപ്പിച്ചു കഴിഞ്ഞാൽ ടീച്ചറും തന്റെ രചന അവതരിപ്പിച്ച് പൊതുചർച്ചയും താരതമ്യവും നടത്തണം) ടീച്ചർവേർഷൻ ചാർട്ടിൽ എഴുതിയിടണം / വ്യക്തിഗതമായി കോപ്പി നൽകണം

**പ്രതികരണ പേജിലേക്ക്**

● വിശകലന ചോദ്യങ്ങൾ ആഴത്തിലുള്ള വായനയിലേക്ക് നയിച്ചുവോ? ● എല്ലാവർക്കും ഉത്തരമെഴുതാൻ കഴിഞ്ഞോ? ● ആസ്വാദന തലത്തിലേക്ക് എത്രപേർക്ക് എത്താൻ കഴിഞ്ഞു? ● കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം? ● തിരിച്ചറിവുകൾ എന്തെല്ലാം?

**5. കവിതാലാപനം (30 മിനിറ്റ്)**

കുട്ടികൾ കവിത പല പ്രാവശ്യം വായിച്ചു. ആശയം ഉൾക്കൊണ്ടു. പദങ്ങൾ പരിചിതമായി. ഇനി കവിതക്ക് വ്യക്തിഗതമായി ഈണം നൽകണം. (10 മിനിട്ട്). ഒന്നോ രണ്ടോ പേർ ചൊല്ലട്ടെ. ആരുടെ ഈണമാണ് അനുയോജ്യം. കുട്ടികൾ പ്രതികരിക്കുന്നു. എങ്ങനെ കണ്ടെത്തി. സൂചകങ്ങൾ വികസിപ്പിക്കുന്നു. (ആശയത്തിന് യോജിച്ച ഈണം, ആശയ വ്യക്തത, കേൾക്കാൻ ഇമ്പമുണ്ട്, ഭാവം ഉൾക്കൊള്ളുന്നു) തുടർന്ന് മൂന്നംഗഗ്രൂപ്പിൽ ആലാപനം ഒരു കുട്ടിചൊല്ലുമ്പോൾ മറ്റുള്ളവർ സൂചകം വെച്ച് വിലയിരുത്തുന്നു. സൂചകം ബോർഡിൽ / ചാർട്ടിൽ എഴുതിയിടണം. മികച്ച ആലാപനങ്ങൾ ഗ്രൂപ്പുകൾ, പൊതു അവതരണം മറ്റ് ഗ്രൂപ്പുകൾ സൂചകം വെച്ച് വിലയിരുത്തുന്നു. അവതരണം - ചർച്ച തുടർന്ന് ടീച്ചറുടെ ആലാപനം/ സി.ഡി ഉപയോഗപ്പെടുത്താം. കുട്ടികൾ ടീച്ചറുടെ ആലാപനം വിലയിരുത്തി സംസാരിക്കുന്നു.

**പ്രതികരണ പേജിലേക്ക്**

എല്ലാവരും വ്യക്തിഗതമായി ഈണം കണ്ടെത്തിയോ? ഗ്രൂപ്പ് തലത്തിൽ വിലയിരുത്തൽ ഫലപ്രദമോ? ടീച്ചറുടെ വിലയിരുത്തൽ എന്താണ്? അനുയോജ്യമായ ഈണവും താളവുമാണോ കണ്ടെത്തിയത്? മികവുറ്റ ആലാപനം എത്ര ശതമാനം? തിരിച്ചറിവുകൾ എന്തെല്ലാം?

**6. പ്രയോഗഭംഗി കണ്ടെത്താം (40 മിനിറ്റ്)**



കവിതയിലെ സവിശേഷമായ പ്രയോഗങ്ങൾ കുട്ടികൾ കണ്ടെത്തുന്നു. പൊതു അവതരണം മഴത്തുള്ളികളും തുള്ളി വന്നല്ലോ - പൊടി മീനിൻ നിരപോലാം കൂട്ടുകാർ - അനിയനല്ലാത്തോരനിയൻ, നീരാമ്പൽ പോലെ. ടീച്ചർ ബോർഡിൽ എഴുതുന്നു. ഈ പ്രയോഗങ്ങൾ സവിശേഷമാണെന്നു പറയുന്നതെന്തുകൊണ്ട്? ചർച്ച തുടർന്ന് വർക്ക് ഷീറ്റ് 4104 നൽകുന്നു. വ്യക്തിഗതമായി എഴുതുന്നു. മൂന്നംഗ ഗ്രൂപ്പിൽ ഓരോ പ്രയോഗവും വായിച്ച് ചർച്ചചെയ്യുന്നു. മെച്ചപ്പെടുത്തുന്നു. പൊതുഅവതരണം. ടീച്ചർവേഷൻ അവതരണം ചർച്ച


**പ്രതികരണ പേജിലേക്ക്**

എല്ലാവർക്കും കണ്ടെത്താൻ കഴിഞ്ഞോ? വർക്ക് ഷീറ്റ് ചർച്ച മെച്ചപ്പെട്ടുവോ? തിരിച്ചറിവുകൾ എന്തെല്ലാം?

**7. വാക്കുകൾ കണ്ടെത്താം.**

പാ. പു. പേജ് 20 ലെ പ്രവർത്തനം കുട്ടികൾ വായിക്കുന്നു. എന്താണ് മനസ്സിലായത്? മനസ്സിലായവർ പറയുന്നു. എങ്കിൽ എല്ലാവരും 'പുതു' ചേർന്ന് വരുന്ന പദങ്ങൾ കവിതയിൽ നിന്നു കണ്ടെത്തു കൂടാതെ കവിതയിലില്ലാത്തതുമാവാം. വ്യക്തിഗത രചന അഞ്ചംഗ ഗ്രൂപ്പിൽ ക്രോഡീകരണം. ഓരോരുത്തരായി വായിച്ചവതരണം. പുതിയ പദങ്ങൾ എല്ലാവരും നോട്ടുബുക്കിൽ എഴുതുന്നു. ഇനി പദപയറ്റ്. ഒന്നാമത്തെ ഗ്രൂപ്പ് ഒരു പദം പറയണം. മറ്റ് ഗ്രൂപ്പുകൾ അതു ശരിയാണോ എന്ന് നോക്കണം. തുടർന്ന് രണ്ടാമത്തെ ഗ്രൂപ്പ്. പുതു ചേർന്ന പദം പറയാത്തവർ കളിയിൽ നിന്നും പുറത്താവും. അവസാനം വരെ പദം പറയുന്നവർ വിജയിക്കും. പദങ്ങൾ ആവർത്തിക്കരുത്. പുതിയവ എല്ലാവരും എഴുതിയെടുക്കണം

**8. കണ്ടതും കേട്ടതും**



കുടയില്ലാത്തവർ എന്ന കവിത നമുക്ക് ധാരാളം അനുഭവങ്ങൾ നൽകുന്നുണ്ട്. കാഴ്ച, കേൾവി, മണം, ഓർമ്മകൾ തുടങ്ങിയ എന്തെല്ലാം അനുഭവമാണ് കവിക്കുണ്ടായത്. വ്യക്തിഗതമായി കുറിക്കുന്നു (10 മിനിട്ട്) ഒന്നു രണ്ട് പേർ അവതരണം തുടർന്ന് വർക്ക് ഷീറ്റ് 4105 - അനുഭവങ്ങൾ കാണാൻ കഴിയുന്നത്, കേൾക്കാൻ കഴിയുന്നത്, മണത്തറിയാൻ കഴിയുന്നത്, ഓർമ്മിച്ചെടുക്കാൻ കഴിയുന്നത്. വ്യക്തിഗതമായി വർക്ക് ഷീറ്റ് പൂർത്തിയാക്കുന്നു. മൂന്നംഗഗ്രൂപ്പിൽ അവതരണം, ആവശ്യമായവ കൂട്ടിച്ചേർക്കുന്നു. ടീച്ചറുടെ അവതരണം

**പ്രതികരണ പേജിലേക്ക്**

ആസ്വാദനത്തിൽ കുട്ടികളിലുണ്ടായ എന്തുമാറ്റമാണ് തിരിച്ചറിഞ്ഞത്? പിന്നാക്കക്കാരിൽ എത്ര ശതമാനം വർക്ക്ഷീറ്റ് ചെയ്തു? രചനയിലെ വൈവിധ്യം എന്തെല്ലാം?

**9. മറക്കാനാവാത്ത മഴക്കാലം (40 മിനിട്ട് )**

പാ. പു. പേജ് 20 ലെ പ്രവർത്തനം വായിക്കുന്നു. എന്തു മനസ്സിലായി? ശരാശരി കുട്ടികളോട് ചോദിക്കുന്നു. കുട്ടികൾ പ്രതികരിക്കട്ടെ. ആവശ്യമെങ്കിൽ വ്യക്തത വരുത്താം. വ്യക്തിഗതമായി കുട്ടികൾ മഴയനുഭവം എഴുതട്ടെ. (ക്ലാസിന്റെ നിലവാരമനുസരിച്ച് ആവശ്യമെങ്കിൽ ആശയ ഭൂപടം, അനുഭവം പറയൽ തുടങ്ങിയ പ്രവർത്തനങ്ങൾ ആവാം) തുടർന്ന് മൂന്നംഗ ഗ്രൂപ്പിൽ ഓരോരുത്തരും വായിച്ചവതരിപ്പിക്കണം. അവതരിപ്പിക്കുമ്പോൾ മറ്റ് കുട്ടികൾ വിലയിരുത്തണം. എങ്ങനെ വിലയിരുത്തും? ചർച്ച സൂചകങ്ങൾ വികസിപ്പിക്കുന്നു. അനുഭവം ആശയ വ്യക്തതയോടെ എഴുതണം. വാക്യഘടന, അനുയോജ്യപദങ്ങൾ, എന്നിവ പാലിക്കണം., ആത്മാംശം ഉൾക്കൊള്ളുന്ന ഭാഷ/ ചിഹ്നം, ചിഹ്നനം എന്നിവ ശരിയായി എഴുതുന്നു. അക്ഷരം, പദം എന്നിവ അകലം പാലിച്ച് എഴുതണം. ഗ്രൂപ്പ് അവത

രണവേളയിൽ ഈ സൂചകം വെച്ച് വിലയിരുത്തുന്നു. മാറ്റങ്ങൾ നിർദ്ദേശിക്കുന്നു. നിർദ്ദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തി എഴുതുന്നു. തുടർന്ന് ഗ്രൂപ്പിൽ മികച്ചവ പൊതുഅവതരണം. മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തുന്നു. നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നു. ടീച്ചർവേർഷൻ അവതരണം. കുട്ടികൾ വിലയിരുത്തുന്നു. സ്വന്തം ഗ്രൂപ്പിന്റെ രചനയുമായി താരതമ്യം ചെയ്യുന്നു....ചർച്ച. ടീച്ചറുടെ ക്രോഡീകരണം. എം.ടി. വാസുദേവൻ നായരുടെ മഴയനുഭവം (ടി. ടി. പേജ് 81) ചാർട്ടിൽ അവതരണം - വായന ചർച്ച

**പ്രതികരണ പേജിലേക്ക് :** പങ്കാളിത്തം, രചനയിലെ മികവുകൾ, തിരിച്ചറിവുകൾ എന്തെല്ലാം?

**10. എഡിറ്റിംഗ് (30 മിനിട്ട് )**

ഒരു ഗ്രൂപ്പിന്റെ രചന ചാർട്ടിലെഴുതി എഡിറ്റിംഗിനായി പ്രദർശിപ്പിക്കുന്നു. എഡിറ്റിംഗിന് സഹായകമായ ചോദ്യങ്ങൾ ചോദിച്ച് എഡിറ്റ് ചെയ്യുന്നു.

**ആശയം :** എല്ലാ ആശയവും വന്നിട്ടുണ്ടോ? ആശയവ്യക്തതയുണ്ടോ? മഴയനഭവുമായി ബന്ധമില്ലാത്ത ആശയങ്ങളുണ്ടോ? എന്തെങ്കിലും കൂട്ടിച്ചേർക്കേണ്ടതുണ്ടോ?

**വാക്യഘടന :** വാക്യങ്ങളിലെ വാക്കുകൾ ക്രമം തെറ്റാതെ എഴുതിയിട്ടുണ്ടോ? ഏതെങ്കിലും പദങ്ങൾ വിട്ടു പോയിട്ടുണ്ടോ? ഏതെങ്കിലും പദങ്ങൾ അധികമായി ഉപയോഗിച്ചിട്ടുണ്ടോ?

**പദം :** അനുയോജ്യമായ പദങ്ങളാണോ ഉപയോഗിച്ചത് ? അർത്ഥവ്യത്യാസം വരുന്ന പദങ്ങൾ ഉണ്ടോ? ഏതെങ്കിലും പദങ്ങൾ ഒഴിവാക്കേണ്ടതുണ്ടോ?

**അക്ഷരം :** അക്ഷരങ്ങൾ ശരിയായി തന്നെയാണോ എഴുതിയത്? ചിഹ്നങ്ങൾ കൃത്യമായി എഴുതിയിട്ടുണ്ടോ? ചിഹ്നനങ്ങൾ ഉപയോഗിച്ചുണ്ടോ? അക്ഷരം, പദം, വാക്യം എന്നിവ കൃത്യമായ അകലം പാലിച്ചാണോ എഴുതിയിട്ടുള്ളത്?

**വ്യവഹാര രൂപം :** അനുഭവം ആശയവ്യക്തതയോടെ എഴുതിയിട്ടുണ്ടോ? ആശയങ്ങളുടെ ബന്ധം, തുടർച്ച പാലിച്ചിട്ടുണ്ടോ? ആത്മാംശം ഉൾക്കൊള്ളുന്ന ഭാഷയാണോ ഉപയോഗിച്ചിട്ടുള്ളത്? നേരിൽ കാണുന്ന പ്രതീതി ജനിപ്പിക്കുന്ന പ്രയോഗങ്ങളുണ്ടോ?

**പ്രതികരണ പേജിലേക്ക്** : എഡിറ്റിംഗിന്റെ ഫലമായി ഉണ്ടായ പുരോഗതി തിരിച്ചറിയുന്നുണ്ടോ? കുട്ടികളുടെ പങ്കാളിത്തം എങ്ങനെ? ചോദ്യങ്ങളോട് എല്ലാവരും പ്രതികരിക്കുന്നു എന്നുറപ്പാക്കാൻ എന്തു തന്ത്രമാണ് ഉപയോഗിക്കുന്നത്?

**11. ചിത്രം വരക്കാം**

പാ.പു പേജ് 20 ലെ ചിത്രം വരക്കാം എന്ന പ്രവർത്തനം കുട്ടികൾ വായിക്കട്ടെ. എന്താണ് ചെയ്യേണ്ടത്? കുട്ടികൾ തന്നെ വിശദീകരിക്കട്ടെ. ആവശ്യമെങ്കിൽ വ്യക്തത വരുത്തണം. "പലനിറമോലും / പോണോരേ." ഈ വരികൾ വായിക്കുമ്പോൾ മനസ്സിൽ തെളിയുന്ന ചിത്രമെന്താണ്? കുട്ടികൾ പ്രതികരിക്കുന്നു. ഇതുപോലെ മറ്റെന്തെല്ലാം ചിത്രങ്ങളാണ് കവിത വായിക്കുമ്പോൾ മനസ്സിൽ വരുന്നത്? ചർച്ച. പലനിറത്തിലുള്ള കുടചൂടി മഴയത്ത് വരുന്ന കുട്ടികൾ, വാഴയിലെ ചൂടി പാട വരമ്പിലൂടെ മഴനനഞ്ഞു വരുന്നവർ, അനിയനെ തന്റെ കുടയിൽ കൂട്ടി വരുന്ന ചേച്ചി, വേനൽക്കാലത്തെ ഓർമ്മയായി വരുന്ന ചിത്രങ്ങൾ പൂരം, വിഷു..... പല നിറത്തിലുള്ള ആമ്പൽ വിരിഞ്ഞു നില്ക്കുന്ന തടാകം.... ടീച്ചർ ബോർഡിൽ എഴുതുന്നു. ഇവയിൽ നിങ്ങൾക്കിഷ്ടമുള്ള ചിത്രം ഓരോരുത്തരും തെരഞ്ഞെടുക്കണം. വ്യക്തിഗതമായി വരക്കണം. (10 മിനിട്ട്) തുടർന്ന് ഒരേ ചിത്രം കിട്ടിയവർ ഒരുമിച്ച് ഇരുന്ന് ചിത്രം പ്രദർശിപ്പിക്കുന്നു, മെച്ചപ്പെടുത്തുന്നു. ചിത്രത്തിന് പേര് നൽകുന്നു. ചിത്രപ്പതിപ്പ് തയ്യാറാക്കുന്നു.

**പ്രതികരണ പേജിലേക്ക് :** എല്ലാവർക്കും ആശയത്തെ ചിത്രമാക്കാൻ കഴിഞ്ഞോ? ടീച്ചർവേർഷൻ തയ്യാറാക്കുന്നതിൽ നേരിട്ട പ്രയാസമെന്താണ്? ചിത്രരചനയിൽ മികവുള്ളവർക്കുള്ള തുടർപ്രവർത്തനം എന്തെല്ലാം? തനിക്ക് ചിത്ര രചനയിലുള്ള മികവ് വർദ്ധിപ്പിക്കാൻ എന്തുചെയ്യും?



**12. ചർച്ച ചെയ്യുക**

പാ.പു പേജ് 20 ലെ പ്രവർത്തനം വായിക്കട്ടെ. എന്താണ് ചെയ്യേണ്ടത്? കുട്ടികൾ കണ്ടെത്തുന്നു. വിശദീകരിക്കുന്നു. ആവശ്യമെങ്കിൽ ടീച്ചർ വിശദീകരിക്കുന്നു. കുട്ടികൾ 'കുഞ്ഞേടത്തി 'യിലെ ഭാഗം വായിക്കുന്നു. 'കുടയില്ലാത്തവർ''കുഞ്ഞേടത്തി'എന്നീ കവിതകളിലെ സഹോദര സ്നേഹത്തിന്റെ വിവിധ ഭാഗങ്ങൾ മൂന്നംഗഗ്രൂപ്പിൽ ചർച്ച. ചർച്ചാ സൂചകങ്ങൾ

ടീച്ചർ ബോർഡിൽ എഴുതുന്നു. കുഞ്ഞേടത്തിയിലെ പെങ്ങൾ അനിയനു വേണ്ടി ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാം? 'കുടയില്ലാത്തവരിലെ' പെങ്ങൾ എങ്ങനെയാണ് സഹോദരനെ സഹായിക്കുന്നത്? സന്ദർഭം, അനിയന്റെ അവസ്ഥ, സഹോദരിയുടെ മനോഭാവം എന്നിവയും ചർച്ചക്ക് വിധേയമാക്കണം. ഗ്രൂപ്പിന്റെ കണ്ടെത്തൽ കുറിപ്പാക്കുന്നു. പൊതു അവതരണം - ചർച്ച - കൂട്ടിച്ചേർക്കൽ

ടീച്ചറുടെ അവതരണം. ടീച്ചർവേഷനുമായി താരതമ്യം ചെയ്യുന്നു. ക്രോഡീകരണം.

**പ്രതികരണ പേജിലേക്ക്.** രണ്ടു കവിതകളും താരതമ്യം ചെയ്തുവോ? ചർച്ചക്ക് സഹായകമായ മറ്റ് എന്ത് ഒരുക്കമാണ് നടത്താനാവുക? വ്യത്യസ്ത കവിതകളിൽ ഒരേ ആശയം ഉണ്ട് എന്ന തിരിച്ചറിവ് കുട്ടിക്ക് ലഭിച്ചുവോ?

**13. ശേഖരിക്കൂ ( 20 മിനിട്ട്) (ഗൃഹപാഠം)**

സഹോദരസ്നേഹത്തിന്റെ കഥ പറയുന്ന കവിതകൾ വ്യക്തിഗതമായി ശേഖരിക്കണം. എവിടെ നിന്നെല്ലാം ശേഖരിക്കാം. ബാലസാഹിത്യകൃതികൾ, മുതിർന്നവരോട് ചോദിച്ച്, പാഠപുസ്തകത്തിൽ നിന്ന് ശേഖരിച്ചവ എ4 ഷീറ്റിൽ എഴുതി അനുയോജ്യമായ ചിത്രം വരച്ച് അടുത്ത ക്ലാസിൽ പ്രദർശനം. പാടാനും അറിയണം. സർഗ്ഗവേദിയിൽ അവതരണം.

**14. ആസ്വാദനക്കുറിപ്പ് ( 60 മിനിട്ട്)**

'കുടയില്ലാത്തവർ' എന്ന കവിതയുമായി ബന്ധപ്പെട്ട നാം ചെയ്ത പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുക. അവയിലൂടെ നാം ഉൾക്കൊണ്ട ആശയങ്ങൾ എന്തെല്ലാം - ചർച്ച. ഈ ചർച്ചയുടെ ഭാഗമായി ഓരോരുത്തരും 'കുടയില്ലാത്തവർ'എന്ന കവിതക്ക് ഒരാസ്വാദനക്കുറിപ്പ് തയ്യാറാക്കണം. വ്യക്തിഗതമായി എഴുതുന്നു (10 മിനിട്ട്) തുടർന്ന് 3 അംഗ ഗ്രൂപ്പിൽ വായിച്ച് വിലയിരുത്തണം. വിലയിരുത്താനുള്ള സൂചകം വികസിപ്പിക്കണം. മികച്ച ആസ്വാദനക്കുറിപ്പിന്റെ സവിശേഷതകൾ ചർച്ച



ആശയങ്ങളുടെ പൂർണ്ണത, പ്രയോഗഭംഗി, ശബ്ദഭംഗി വിശദീകരിക്കൽ സ്വാഭിപ്രായം, നിരീക്ഷണം അവതരണം ലളിതവും വ്യക്തവുമായ ഭാഷ ഓരോ രചനയും പരസ്പരം വിലയിരുത്തുന്നു. മെച്ചപ്പെടുത്തുന്നു. ഗ്രൂപ്പിൽ മികച്ചത് പൊതു അവതരണം മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തുന്നു. മെച്ചപ്പെടുത്തുന്നു. ടീച്ചർവേർഷൻ അവതരണം - താരതമ്യം മെച്ചപ്പെടുത്തൽ.

**പ്രതികരണ പേജിലേക്ക് :** ആശയങ്ങൾ പൂർണ്ണതയോടെ അവതരിപ്പിച്ചിട്ടുണ്ടോ?: പങ്കാളിത്തം? ഗ്രൂപ്പ് പ്രവർത്തനത്തിന്റെ മികവ് ? ടീച്ചർവേർഷൻ ഉപയോഗപ്പെടുത്തൽ?

**15. എഡിറ്റിംഗ് (30 മിനിട്ട്)**

ഒരു ഗ്രൂപ്പിന്റെ രചന എഡിറ്റിങ്ങിനായി തെരഞ്ഞെടുത്ത് പൊതുവായി എഡിറ്റ് ചെയ്യണം

***ആശയം***

- എല്ലാ ആശയങ്ങളും വന്നിട്ടുണ്ടോ? • ആശയങ്ങളുമായി ബന്ധമില്ലാത്ത വാക്യങ്ങളുണ്ടോ?
- ഇനിയും കൂട്ടിച്ചേർക്കാവുന്ന കാര്യങ്ങൾ, ഒഴിവാക്കേണ്ടവ എന്നിവ ഏതൊക്കെ?

**വാക്യഘടന**

- വാക്കുകൾ ക്രമം തെറ്റി എഴുതിയിട്ടുണ്ടോ? • വാക്കുകൾ വിട്ടുപോയിട്ടുണ്ടോ? • ആവശ്യമില്ലാത്ത വാക്കുകൾ ചേർന്നിട്ടുണ്ടോ?

**പദം**

- അനുയോജ്യമായ പദങ്ങളാണോ? അർത്ഥവ്യത്യാസം വരുന്ന പദങ്ങളുണ്ടോ?

**അക്ഷരം**

- അക്ഷരം, പദം, വാക്യം എന്നിവ നിശ്ചിത അകലം പാലിച്ച് എഴുതിയിട്ടുണ്ടോ? • അക്ഷരം, ചിഹ്നം എന്നിവ ശരിയായ രൂപത്തിൽ എഴുതിയിട്ടുണ്ടോ?

**വ്യവഹാര രൂപം**

- ആശയസമഗ്രതയുണ്ട്. • സ്വന്തം നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. • പ്രയോഗഭംഗി, ശബ്ദഭംഗി എന്നിവ വിശദീകരിച്ചിട്ടുണ്ട്. • ഇഷ്ടപ്പെട്ട വരി വിശദീകരിച്ചിട്ടുണ്ട്. മറ്റു രചനകൾ പരസ്പരം കൈമാറി എഡിറ്റു ചെയ്യുന്നു.

| ക്ലാസ് : 4 | യൂണിറ്റ് 1 - അമൃതം | മൊഡ്യൂൾ 3. | കുടയില്ലാത്തവർ |
|---|---|---|---|

# സ്നേഹക്കുട - ആസ്വാദനക്കുറിപ്പ്

ഒ.എൻ.വി കുറുപ്പ് എഴുതിയ കവിതയാണ് 'കുടയില്ലാത്തവർ'. പോയ്മറഞ്ഞ കുട്ടിക്കാലത്തിന്റെ കുസൃതികൾ വർഷങ്ങൾക്ക് ശേഷവും കവിക്ക് ഓർത്തെടുക്കാനാവുന്നു. പൂരവും, പെരുന്നാളും, പൂക്കണിയും, വിഷുവും, സ്ക്കൂൾ തുറന്ന നാളിലെ പെരുമഴയും ഇന്നും മനസ്സിലുണ്ട്. ഇന്ന് കുട്ടികൾ പലനിറത്തിലുള്ള കുടകളുമായി ഒഴുകിയെത്തുമ്പോൾ കവി തന്റെ കുട്ടിക്കാലം ഓർത്തുപോകുന്നു.



ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പാണ് കവി സ്കൂളിൽ പഠിപ്പിച്ചിരുന്നത്. അക്കാലത്ത് മിക്ക കുട്ടികൾക്കും സ്വന്തമായി കുടയില്ല. വാഴയില കുടയാക്കി, 'നനയാതെയാകെ നനഞ്ഞു' വരുന്ന 'അനിയനല്ലാത്ത അനിയനോട് ' 'നനയാതെ' എന്ന് പറഞ്ഞ് തന്റെ കുടയിൽ കൂടെ നിർത്തുകയാണ് കൊച്ചുപെങ്ങൾ. ഇവിടെ 'നനയാതെ നനഞ്ഞു' വരുന്ന കുട്ടി കവി തന്നെയാണ്. താൻ യഥാർത്ഥത്തിൽ കുതിർന്നത് മഴയിലല്ലെന്നും ആ പെങ്ങളുടെ ദയാവായ്പിലാണെന്നും കവി പറയുന്നുണ്ട്. അപ്പോൾ ഓരോ വായനക്കാരനും ആ പെങ്ങളുടെ സ്നേഹത്തിന്റെ പെരുമഴയിലാണ് നനഞ്ഞു കുതിരുന്നത്.

'മഴത്തുള്ളികൾ തുള്ളിവരിക', 'പല നിറമോലും നീരാമ്പൽ' പോലുള്ള കുടകൾ, 'മഴവെള്ളച്ചാലുകൾ നീന്തിയെത്തുന്ന പൊടിമീൻകൂട്ടം', 'വാഴയില ചൂടി വരുന്ന കുട്ടി' തുടങ്ങിയ നേർക്കാഴ്ചകൾ കവിതയെ മനോഹരമാക്കുന്നു. പുതുമണ്ണിന്റെയും പുത്തനുടുപ്പിന്റേയും പുതുപുസ്തകത്തിന്റേയും ഗന്ധം കവിതയിൽ നമുക്ക് അനുഭവപ്പെടുന്നുണ്ട്. നനയാതെ നനയുക, അനിയനല്ലാത്ത അനിയൻ തുടങ്ങിയ പ്രയോഗവും വായനക്കാർക്ക് പുതിയ അനുഭവമാകുന്നു. ഒരിക്കൽ വായിച്ച ഈ കവിത ഒരിക്കലും മറക്കാതെ നമ്മുടെ മനസ്സിൽ നിറഞ്ഞുനില്ക്കും.

# കുഞ്ഞനിയൻ



രണ്ടു കവിതയിലും അനിയനോടുള്ള സ്നേഹത്തിന്റെ പ്രകടനമാണ് നമുക്ക് കാണാൻ കഴിയുന്നത്. കുഞ്ഞേടത്തിയിലെ അനിയൻ വളരെ ചെറുതാണ്. അവന് ഒരമ്മയുടെ സ്ഥാനത്ത് നിന്നുള്ള ലാളനയും കരുതലുമാണ് കുഞ്ഞേടത്തി നൽകുന്നത്. എന്നാൽ 'കുടയില്ലാത്തവർ' എന്ന കവിതയിൽ സഹോദരൻ 'അനിയനല്ലാത്ത അനിയനും' സഹപാഠിയുമാണ്. ഇവിടെ വാഴയിലയും ചൂടി നനഞ്ഞു വരുന്ന അനിയന്റെ പ്രയാസം മനസ്സിലാക്കി യാതൊരു 'കുറവും' തോന്നാതെ തന്റെ കുടയിൽ കൂട്ടുകയാണ് ആ പെൺകുട്ടി. അവനെ കുടയിൽ കൂട്ടിയാൽ മറ്റുള്ളവർ കളിയാക്കുമോ എന്ന ഭയം ആ ചേച്ചിക്കില്ലായിരുന്നു. അനിയനെ സഹായിക്കേണ്ട സന്ദർഭത്തിൽ മടികൂടാതെ സഹായിക്കുന്നു. കുഞ്ഞേടത്തിയിൽ അനിയൻ സ്വന്തം അനിയനാണ് മാതൃസമാനമായ വാത്സല്യവും സ്നേഹവുമാണ് പ്രകടിപ്പിക്കുന്നത്. അവനെ ലാളിക്കുകയും ആനയുടേയും മയിലിന്റേയും ഒട്ടകത്തിന്റെയും കഥ മടിയിലിരുത്തി മാറോട് ചേർത്ത് പറയുകയും ചെയ്യുന്ന സഹോദരിയെയാണ് ഒ.എൻ.വി അവതരിപ്പിച്ചത്. രണ്ടു കവിതയിലും സ്നേഹത്തിന്റെ വ്യത്യസ്തമുഖങ്ങൾ കാണാം.



# മഴക്കൊതി

മഴ കണ്ട് കൊതിയാകുന്നമ്മേ!
ഞാനും മഴയത്ത് പെയ്തിറങ്ങട്ടെ!
തുമ്പിക്കൈ വണ്ണത്തിൽ വീഴും-
വെള്ളത്തുള്ളികൾ തുള്ളിക്കളിക്കും-
മുറ്റത്തെക്കൊച്ചുകടലിൽ - ചെറു-
തോണിയിലേറി ഞാൻ പോട്ടെ!
അമ്മയെക്കാണുവാനില്ല - അമ്മ-
യൊന്നുമേ മിണ്ടുന്നുമില്ല
കോരിച്ചൊരിയും മഴയോ - എന്നെ
കൈനീട്ടി മാടി വിളിപ്പൂ



വർണ്ണക്കുടനിവർത്തുന്നു - എന്റെ -
യുള്ളിലിടക്ക കൊട്ടുന്നു.
പാൽനുര ചിന്നുന്ന നൃത്തം - ഉള്ളിൽ
തേൻമഴ പെയ്യും മധുരം
കാറ്റാർത്തലച്ചു വരുന്നു- വാനിൽ
വർണ്ണങ്ങൾ മാഞ്ഞുപോകുന്നു
ഉമ്മറത്തമ്മ മിന്നുന്നു
'ഠപ്പേ'ന്നിടിമുഴങ്ങുന്നു
മഴകൊണ്ട് കൊതി തീർന്നില്ലമ്മേ-
യെന്റെ കൊതിപെയ്തുതീരട്ടെയമ്മേ.

**- വി.പി**



# മഴക്കവിതകൾ



• അമ്മേ വരൂ വരൂ വെക്കം വെളിയിലേ-
ക്കല്ലെങ്കിലിമ്മഴ തോർന്നു പോമേ
എന്തൊരാഹ്ലാദമാ മുറ്റത്തടിക്കടി
പൊന്തുന്ന വെള്ളത്തിൽ തത്തിച്ചാടാൻ

**ബാലാമണിയമ്മ**



• ഇടവപ്പാതിപ്പാതിരയാ-
ണിടിയും മഴയും പൊടിപൂരം
പുരമുറ്റത്തെപ്പുളി മാവിന്മേ-
ലൊരു ഗന്ധർവ്വൻ പാടുന്നു

**ഇടശ്ശേരി ഗോവിന്ദൻനായർ**

• ചിന്നിത്തെറിക്കും നറുമുത്തുപോലെ
നീളുന്ന വെള്ളിത്തെളിനൂലുപോലെ
ആകാശഗംഗാ പ്രസരണങ്ങൾപോലെ-
യാഹാ! പതിപ്പൂ പുതുവർഷതോയം

**വൈലോപ്പിള്ളി ശ്രീധരമേനോൻ**

• ഒരു മഴപെയ്തു ഭൂമികുളിർത്തു
ഒരു കതിർനീണ്ടു ഭൂമിപൊലിച്ചു.

**അയ്യപ്പപ്പണിക്കർ**



• കാറ്റിന്റെ കൂട്ടില്ലാതെ,യിടിയില്ലാതെ തനി-
ച്ചങ്ങനെ പെയ്തീടേണം
താമരനൂലുപോലെ തൂവെള്ളിക്കമ്പിപോലെ
തുമ്പിക്കൈ വണ്ണം
ഒടുക്കം കുടംകൊണ്ടു ചൊരിയുന്നതുപോലെ
എന്തൊരുരസമതുകാണുവാ, നതിൻ ഗാനം കേൾക്കുവാൻ

**കുഞ്ഞുണ്ണി**

• കൊട്ടിപ്പാടുന്നു മഴ! നടവരമ്പത്തൊരു-
കുട്ടിയുണ്ടതിൻ കയ്യിൽ പുസ്തകം, പൊതിച്ചോറും
കുടയായൊരു തൂശനിലയും
അതുകൊത്തിക്കുടയുന്നുവോ, കാറ്റിന്റെ കാക്കക്കൂട്ടം

**ഒ. എൻ. വി**

| ക്ലാസ് : 4 | യൂണിറ്റ് 1 - അമൃതം | മൊഡ്യൂൾ 3. | കുടയില്ലാത്തവർ |
|---|---|---|---|

# പ്രയോഗഭംഗി കണ്ടെത്താം

**കവിതയിലെ സവിശേഷ പ്രയോഗങ്ങൾ താഴെ കൊടുത്തിട്ടുണ്ട്. അവയുടെ ഭംഗി വിശദമാക്കുക.**

മഴത്തുള്ളികളും തുള്ളിവന്നല്ലോ.

പൊടിമീൻനിരപോലാം കൂട്ടുകാർ

അനിയനല്ലാത്തൊരനിയൻ

നീരാമ്പൽ പോലെ.

| ക്ലാസ് : 4 | യൂണിറ്റ് 1 - അമൃതം | മൊഡ്യൂൾ 3. | കുടയില്ലാത്തവർ |
|---|---|---|---|

# ഇന്ദ്രിയാനുഭവങ്ങൾ

**കുടയില്ലാത്തവർ എന്ന കവിത നൽകുന്ന ഇന്ദ്രിയാനുഭവങ്ങൾ എന്തെല്ലാം?**

കാണാൻ കഴിയുന്നത്

കേൾക്കാൻ കഴിയുന്നത്

മണത്തറിയുന്നത്

ഓർമിക്കാൻ കഴിയുന്നത്

**P E N C I L**

**Process Ensuring for Natural Classroom Interaction and Learning**

**എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ**

**ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, പാഠാസൂത്രണ രേഖ (കരട്)**

| ക്ലാസ് : 4 | യൂണിറ്റ് 2 - ഹരിതം | മൊഡ്യൂൾ 4. എന്റെ പനിനീർച്ചെടി |
|---|---|---|

| | |
|---|---|
| **ആമുഖം** | ജനിച്ചു വളരുന്ന ചുറ്റുപാടിനെ അറിഞ്ഞും അതിനോട് ,സംവദിച്ചും കുട്ടികൾ വളർന്നു വരേണ്ടത് അത്യന്താപേക്ഷിതമാണ്. ചുറ്റുമുള്ള വസ്തുതകളെ ജീവനുള്ളതെന്നോ ജീവനില്ലാത്തതെന്നോ വേർതിരിക്കാതെ പൂവിനോടും പൂമ്പാറ്റയോടും കല്ലിനോടും മുള്ളിനോടും കൂട്ടുകാരോടെന്ന പോലെ സല്ലപിക്കാനുള്ള ശീലം കുട്ടികളിൽ വളർത്തിയെടുക്കണം. നാം പ്രകൃതിയിൽ നിന്ന് അകന്നുപോകാതെ അതിനെ പരിചരിച്ചും സംരക്ഷിച്ചും പ്രകൃതിയുമായുള്ള മമത ഊട്ടിയുറപ്പിക്കണമെന്ന സന്ദേശം കുട്ടികളിൽ എത്തിക്കുവാൻ സാധിക്കണം. |
| **ആശയം** | ◆ പ്രകൃതിയെ സ്നേഹിച്ചും പരിചരിച്ചും സംരക്ഷിക്കേണ്ടത് തന്റെ കടമയാണ് ◆ ഈണത്തിലും താളത്തിലും ചൊല്ലുമ്പോൾ കവിതകൾ ആകർഷമാകും ◆ കവിതയിലെ ആശയത്തെ വ്യത്യസ്ഥ രീതികളിൽ അവതിപ്പിക്കാൻ സാധിക്കും |
| **പഠനനേട്ടങ്ങൾ** | ◆ കവിതകൾ ഈണത്തിലും താളത്തിലും ചൊല്ലുന്നു ◆ പുതിയ പദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ എന്നിവ ഉൾപ്പെടുത്തി സന്ദർഭാനുസരണം രചനകൾ നടത്തുന്നു, സംസാരിക്കുന്നു. ◆ കവിതയുടെ ആസ്വാദനത്തിലൂടെ തന്റെ ചുറ്റുപാടിനോടും ജീവജാലങ്ങളോടും സ്നേഹവും ആഭിമുഖ്യവും വളർത്തുന്നു. ◆ പാഠഭാഗത്തുള്ള സമസ്ത പദങ്ങൾ പിരിച്ചെഴുതുകയും ചേർത്തെഴുതുകയും ചെയ്യുന്നു. |
| **വ്യവഹാരരൂപങ്ങൾ** | വിവരണം, കുറിപ്പ് |
| **സാമഗ്രികൾ** | ◆ വിശകലന ചോദ്യച്ചാർട്ട് ◆ പനിനീർച്ചടി കവിതാലാപാന ഓഡിയോ<br>◆ പദങ്ങൾ കണ്ടെത്താം - ചാർട്ട് ◆ ടീച്ചർവേർഷൻ<br>◆ വർക്ക്ഷീറ്റ് - കാലങ്ങൾ |
| **പ്രവർത്തനങ്ങൾ** | 1. പ്രവേശകം 2. കവിതാ വായനയിലേക്ക് 3. കണ്ടെത്താം 4. വിശകലന ചോദ്യങ്ങൾ 5. ഈണം കണ്ടെത്താം. 6. പ്രയോഗഭംഗി 7. കണ്ടെത്താം എഴുതാം. 8. പറയാം എഴുതാം 9. ഭാഷാകേളി 10. നിറം കൊടുക്കാം 11. വിവരണം തയ്യാറാക്കാം 12. എഡിറ്റിംഗ് |
| **പ്രതീക്ഷിത സമയം :** | **5 മണിക്കൂർ** |
| **വർക്ക്ഷീറ്റ്** | ◆ കാലങ്ങൾ - മാറ്റങ്ങൾ |
| **വായനാ സാമഗ്രികൾ** | ◆ വിവരണം |
| **ഉൽപ്പന്നങ്ങൾ** | ◆ വിവരണം-പോർട്ട് ഫോളിയോ ◆ പതിപ്പുകൾ |
| **സർഗ്ഗവേള** | ◆ പനിനീർച്ചെടി അനുയോജ്യമായ ഈണത്തിൽ അവതരിപ്പിക്കുക<br>◆ പ്രദർശനം |
| **സിപിടിഎ** | ◆ പനിനീർച്ചെടി കവിത സിപിടിഎ യിൽ ഉണർത്തു പ്രവർത്തനമായി അവതരിപ്പിക്കാം. |
| **ദിനാചരണം** | |

**പ്രവർത്തനം - സൂക്ഷ്മപ്രക്രിയ**


**1. പ്രവേശകം (30 മിനുട്ട്)**

വസന്തം വന്നപ്പോൾ എന്ന കഥയിൽ കുട്ടി പൂന്തോട്ടത്തിൽ പ്രവേശിച്ചപ്പോൾ പ്രകൃതിക്കുണ്ടായ മാറ്റങ്ങൾ എന്തെല്ലാം ? കുട്ടികൾ പ്രതികരിക്കുന്നു. സ്നേഹം താൻ ശക്തി എന്ന പാഠഭാഗത്തിൽ മൈന മധുരമായി പാടിയപ്പോൾ മാവിനു സംഭവിച്ച മാറ്റങ്ങൾ എന്നിവ പറയുന്നു. മാറ്റങ്ങൾ ബോർഡിൽ രേഖപ്പെടുത്തുന്നു. ഇതുപോലെ ഒരു പച്ചക്കിളി അശോകത്തോപ്പിലെത്തിയാൽ അവിടെ മാറ്റങ്ങൾ എന്തെങ്കിലും ഉണ്ടാകുമോ? അറിയാനായി പച്ചക്കിളി എന്ന കവിത കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. ഈ കവിതയിൽ പറഞ്ഞിരിക്കുന്നത് എന്തൊക്കെയാണ്? കണ്ടെത്തിയ കാര്യങ്ങൾ പറയുന്നു. പച്ചക്കിളിയുടെ വരവ് ചുറ്റുപാടിലുണ്ടാക്കിയ ആഹ്ലാദം കണ്ടില്ലേ എന്തൊക്കയാണവ? കുട്ടികൾ പറയുന്നു. ബോർഡിൽ എഴുതുന്നു. ഗ്രൂപ്പിൽ ഈണം കണ്ടെത്തി ചൊല്ലുന്നു. മികച്ച ഈണം കുട്ടികൾ പറയുന്നു. ടീച്ചർ ഭാവാത്മകമായി (താരാട്ടിന്റെ ഈണം) കവിത ചൊല്ലുന്നു. പച്ചക്കിളിയുടെ വരവ് പോലെ നിങ്ങളെ ആഹ്ലാദിപ്പിക്കുന്ന എന്തെല്ലാം കാഴ്ചകൾ നമ്മുടെ ചുറ്റുപാടിലുണ്ട് ?

**പച്ചക്കിളിയുടെ വരവ് ചുറ്റുപാടിൽ ആഹ്ലാദം ജനിപ്പിച്ചു. ഇത്തരത്തിൽ പ്രകൃതിയിൽ ഓരോ ജീവജാലങ്ങളും പ്രകൃതിയുടെ ഭാഗമാണെന്നും അവയുടെ സാന്നിദ്ധ്യം പ്രകൃതിക്ക് സന്തോഷം നൽകുന്നുവെന്നും അവയെ നമ്മൾ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യണമെന്ന് ക്രോഡീകരിക്കുന്നു.**

**2. കവിത വായനയിലേക്ക്**

കണ്ടിട്ടുള്ള ആഹ്ലാദകരമായ കാഴ്ചകൾ കുട്ടികൾ പറയുന്നു.
ബോർഡിൽ ലിസ്റ്റ് ചെയ്യുന്നു.




പങ്കുവെക്കുന്ന കാഴ്ചകളിൽ കിളിയും മരവും പൂക്കളും പൂന്തോട്ടവും മരവും പ്രകൃതിഭംഗിയും മറ്റും ഉൾപ്പെടുന്ന രീതിയിൽ കുട്ടികളുടെ പ്രതികരണം ഉറപ്പു വരുത്തണം. കുട്ടികൾ പറയുന്നതിൽ പൂന്തോട്ടം പൂ എന്നിവയ്ക്കു ഊന്നൽ നൽകിക്കൊണ്ട് താഴെ പറയുന്ന ചില ചോദ്യങ്ങൾ ചോദിക്കുന്നു. നിങ്ങളുടെ വീടുകളിൽ പൂന്തോട്ടം ഉണ്ടോ? ഏതെല്ലാം ചെടികളുണ്ട്? അതിൽ മണമുള്ള പൂവുകൾ ഏതെല്ലാം ? കുട്ടികൾക്ക് പ്രതികരിക്കാൻ അവസരം നൽകുന്നു

എങ്ങനെയാണ് നാം പൂന്തോട്ടത്തിൽ ചെടി നട്ടുവളർത്തുന്നത്? അതിനായി എന്തെല്ലാം ചെയ്യണം? (മണ്ണൊരുക്കണം, വിത്ത്, കമ്പുകൾ കുഴിച്ചിടണം, വെള്ളമൊഴിക്കണം, ..............)

കുട്ടികൾ പറയുന്ന കാര്യങ്ങൾ ബോർഡിൽ ലിസ്റ്റ് ചെയ്യുന്നു. ഇത്തരത്തിൽ വളരെ സ്നേഹത്തോടെ ഒരു പനിനീർച്ചെടി നട്ട് പരിപാലിച്ച ഒരു കുട്ടിയെ പരിചയപ്പെട്ടാലോ? നിങ്ങൾ നിങ്ങളുടെ പൂന്തോട്ടത്തിൽ ഒരു ചെടി കുഴിച്ചിട്ടപ്പോൾ അതിനെ പരിപാലിച്ചതു പോലെയോണോ പനിനീർച്ചെടി കുഴിച്ചിട്ട കുട്ടി അതിനെ പരിപാലിച്ചത്? എന്റെ പനിനീർച്ചെടി കവിത കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. നിങ്ങൾ പരിപാലിച്ചതിൽ നിന്ന് എന്തു സാമ്യവ്യത്യാസങ്ങൾ കുട്ടിയുടെ പരിപാലനത്തിൽ ഉണ്ട്? ഏതാനും പേർ പറയുന്നു. എല്ലാവർക്കും പറയാൻ കഴിയുന്നുണ്ടോ ? എല്ലാവരും പറയേണ്ടേ? എന്തുകൊണ്ടാണ് എല്ലാവരും പറയാത്തത് ?

വീണ്ടും വായിക്കാൻ അവസരം വായിക്കുമ്പോൾ മനസ്സിലായവ (✓) മനസ്സിലാകാത്തവ (X)എന്നീ അടയാളങ്ങൾ കൊണ്ടും ഇഷ്ടപ്പെട്ട ആശയത്തിന് അടിവരയിട്ടും അടയാളപ്പെടുത്താൻ നിർദേശം നൽകുന്നു) അറിയുന്നത്, അറിയാത്തത്, ഇഷ്ടപ്പെട്ടത് എന്നിവ അടയാളപ്പെടുത്തുന്നു. നാലംഗ ഗ്രൂപ്പിൽ പങ്കുവെയ്ക്കുന്നു, ക്രോഡീകരിക്കുന്നു. തുടർന്ന് ഓരോ ഗ്രൂപ്പും ഇഷ്ടപ്പെട്ടത് അറിയുന്നത്, അറിയാത്തത് എന്നിവ അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകൾ പ്രതികരിക്കുന്നു. ക്രോഡീകരിക്കുന്നു (ടീച്ചർ)

**3. കണ്ടെത്താം (10 മിനുട്ട്)**

കുട്ടി പനിനീർച്ചെടിയെ എങ്ങനെ പരിപാലിച്ചു ? കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തുന്നു, ഗ്രൂപ്പിൽ ക്രോഡീകരിക്കുന്നു. ഗ്രൂപ്പ് അവതരണം. ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തി ക്രോഡീകരിക്കുന്നു. ഓരോദിവസവും സന്തോഷത്തോടെ വെള്ളമൊഴിച്ചു. മുളകൾ നശിപ്പിക്കാതെ സംരക്ഷിച്ചു. കുരുന്നില ഉച്ചവെയിലിൽ വാടാതെ നോക്കി

**4. വിശകലന ചോദ്യങ്ങൾ (40 മിനുട്ട്)**

ചോദ്യചാർട്ട് പ്രദർശിപ്പിക്കുന്നു. എന്റെ പനിനീർച്ചെടി ഇതിൽ നിങ്ങൾക്കിഷ്ടപ്പെട്ട വരികൾ ഏതെല്ലാമാണ്? എന്തുകൊണ്ട് ? ഹേമന്തം വന്നപ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് പനിനീർച്ചെടിക്കുണ്ടായത് ? എങ്ങനെയാണ് ചെടി സുമംഗലി യായിത്തീർന്നത് ? പനിനീർച്ചെടിയിൽ പൂ വിരിഞ്ഞപ്പോൾ കുട്ടിയുടെ സന്തോഷം കാണിക്കുന്ന വരികൾ ഏതെല്ലാം ? കുട്ടി പനിനീർച്ചെടിക്കു വെള്ളമൊഴിച്ചു എന്നതിനു കവി ഇവിടെ പറഞ്ഞിരിക്കുന്നതെന്ത്? കുട്ടിയുടെ മനസ്സിൽ സന്തോഷം ഉണ്ടായി എന്ന ആശയത്തിനുതകുന്ന വരികൾ ഏതെല്ലാം ?

ഉത്തരങ്ങൾ കുട്ടികൾ നോട്ട്ബുക്കിൽ വ്യക്തിഗതമായി കുറിക്കുന്നു. ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു. പൊതു അവതരണം ഓരോ ചോദ്യവും ഉത്തരവും ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. ഏറ്റവും ഉചിതമായ ഉത്തരം കണ്ടെത്തി ക്രോഡീകരിക്കുന്നു. അടുത്ത ചോദ്യത്തിലേക്ക് (പ്രക്രിയകൾ ആവർത്തിക്കുന്നു)

**5. അനുയോജ്യമായ ഈണം കണ്ടെത്താം 30 മിനുട്ട്**

കവിതയുടെ ആശയം മനസ്സിലായല്ലോ ഇനി കവിതക്ക് അനുയോജ്യമായ ഈണം കണ്ടെത്തണം
വ്യക്തിഗതമായി കണ്ടെത്തി ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.
കവിത ചൊല്ലുമ്പോൾ അർത്ഥം ഭാവം എന്നിവ നഷ്ടപ്പെടാതെ വ്യത്യസ്ത ഈണങ്ങൾ പരീക്ഷിക്കാൻ കുട്ടികൾക്ക് സ്വാതന്ത്ര്യം നൽകുന്നു. സൂചകങ്ങൾ വെച്ച് വിലയിരുത്തുന്നു
(പരസ്പര വിലയിരുത്തൽ ടൂൾ ഉപയോഗിച്ച്)

**കവിത ചൊല്ലൽ - സൂചകങ്ങൾ**

കുട്ടി പനിനീർച്ചെടിയോടുള്ള സ്നേഹ ഭാവം ഉൾക്കൊണ്ട് ചൊല്ലുന്നു. ഉചിതമായ താളത്തിൽ ചൊല്ലുന്നു. അർത്ഥം ഉൾക്കൊണ്ട് ചൊല്ലുന്നു അക്ഷരസ്ഫുടതയോടെ ചൊല്ലുന്നു
മറ്റു ഗ്രൂപ്പുകളുടെ വിലയിരുത്തലും പ്രതികരണവും. ടീച്ചറുടെ അവതരണം. താരതമ്യം-മെച്ചപ്പെടുത്തൽ എല്ലാവരും ചൊല്ലി എന്ന് ഉറപ്പാക്കുന്നു.

**6. പ്രയോഗഭംഗി (30 മിനുട്ട്)**

പ്രയോഗഭംഗി കണ്ടെത്തുന്നതിനുള്ള ചോദ്യം ഉന്നയിക്കുന്നു
*വിസ്മരിക്കാതെ നിന്നു ഞാൻ അപ്പുതു*
*പുഷ്പ വല്ലിക്കു കാവൽമാലാഖയായ്*
താൻ കാവൽമാലാഖയാണെന്ന് കുട്ടി കരുതാൻ കാരണമെന്തായിരിക്കും ? ഈയൊരു ചോദ്യത്തിലൂടെ കവിതയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രയോഗത്തിലേക്ക് കുട്ടിയുടെ ശ്രദ്ധ കൊണ്ടുവരികയാണ് കാവൽമാലാഖ എന്ന പദം ബോർഡിൽ എഴുതുന്നു. ആരാണ് കാവൽമാലാഖ? കുട്ടികൾ പ്രതികരിക്കുന്നു. പദം വിഗ്രഹിച്ച് കാവൽ എന്നും മാലാഖ എന്നും രണ്ടു പദമാക്കി ബോർഡിൽ എഴുതുന്നു. എങ്ങിനെയാണ് കുട്ടി പനിനീർച്ചെടിക്ക് കാവൽ നിന്നത് ? കുട്ടികൾ പറയുന്നു.
***വെള്ളമൊഴിച്ചും കീടങ്ങളിൽ നിന്നും ഉച്ചവെയിലിൽ നിന്നും സംരക്ഷിച്ചു കൊണ്ടും***
എന്തിനാണ് കുട്ടി ഇങ്ങനെ ചെയ്തത് ?
***ചെടിയോട് അത്രമാത്രം ഇഷ്ടമുള്ളതു കൊണ്ട്***
കുട്ടി സ്വയം ആരാണെന്നാണ് കരുതുന്നത് ?
***കാവൽമാലാഖ***
ആരാണ് മാലാഖ ?
***നൻമയുടെ പ്രതിരൂപം***
ക്രോഡീകണം :
നന്മയുടെ പ്രതിരൂപമായ മാലാഖമാരെപ്പോലെ വളരെ ശ്രദ്ധയോടെ കുട്ടി പനിനീർച്ചെടിക്ക് കാവൽ നിൽക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനാലാണ് വിസ്മരിക്കാതെ നിന്നു ഞാൻ എന്ന് പറയുന്നത് കുട്ടി ഇങ്ങനെ കരുതാൻ കാരണമെന്തെന്ന് വ്യക്തിഗതമായി പറയുന്നു
ക്ലാസിൽ അവതരണം



വ്യക്തിഗതമായി ഉത്തരമെഴുതുന്നു. ഗ്രൂപ്പിൽ പങ്കുവെയ്ക്കുന്നു - മെച്ചപ്പെടുത്തുന്നു
പൊതു അവതരണം - മറ്റു ഗ്രൂപ്പുകളുടെ കണ്ടെത്തൽ വിമർശനാത്മകമായി വിലയിരുത്തുന്നു
ടീച്ചർ വേർഷൻ (4158) അവതരിപ്പിക്കുന്നു.
ചർച്ച - ക്രോഡീകരണം. താരതമ്യം ചെയ്ത് മെച്ചെപ്പെടുത്തി നോട്ടുബുക്കിൽ എഴുതുന്നു.

**7. കണ്ടെത്താം എഴുതാം (40 മിനുട്ട്)**

(കുട്ടിയുടെ പദസമ്പത്ത് വർധിപ്പിക്കാനുള്ള പ്രവർത്തനം)
കുട്ടിക്ക് പനിനീർച്ചെടിയെ പരിപാലിക്കുമ്പോൾ സന്തോഷം ഉണ്ടാകുന്നു എന്ന് ആശയം വരുന്ന വരികൾ ഏതെല്ലാം ? കുട്ടികൾ കണ്ടെത്തി ചൊല്ലുന്നു - വ്യക്തിഗതം (ഏതാനും പേർ അവതരിപ്പിക്കുന്നു) ഇവയിൽ സന്തോഷം എന്ന് അർത്ഥമുള്ള മറ്റു പദങ്ങൾ ഈ വരികൾ എവിടെയെല്ലാം വരുന്നുണ്ട് ? വ്യക്തിഗതമായി കണ്ടെത്തി പറയുന്നു. ബോർഡിൽ പദസൂര്യൻ എഴുതുന്നു. ശേഷം താഴെ പറയുന്ന ചാർട്ട് പ്രദർശിപ്പിക്കുന്നു.

രാവിലെ മൂടിപ്പുതച്ചുറങ്ങുകയാണ് കാവ്യ. നല്ല തണുപ്പ്. കാവ്യ എഴുന്നേറ്റ് മുറ്റത്തേക്കിറങ്ങി. തുഷാരമണിഞ്ഞ സുമങ്ങൾ പൂന്തോട്ടത്തിന് ശോഭ കൂട്ടി. അവളുടെ മനം കുളിർത്തു. ഹർഷമണിഞ്ഞ മനസ്സുമായി അവൾ അമ്മയ്ക്കരികിലെത്തി. ആനന്ദത്തോടെ പൂന്തോട്ടത്തിലെ കുസുമങ്ങളെല്ലാം വസന്തകാലമല്ലാതിരുന്നിട്ടും ഈ ശൈത്യകാലത്തും പൂത്തുലഞ്ഞു നിൽക്കുന്ന കാഴ്ച അമ്മയോട് പറഞ്ഞു. നീഹാരം തങ്ങി നിൽക്കുന്ന ഇലകളേയും മലരുകളേയും കാണാൻ അമ്മയും കാവ്യയോടൊപ്പം പൂന്തോട്ടത്തിലെത്തി
ചാർട്ട് വായിച്ച് താഴെ പറയുന്ന പദങ്ങളുടെ സമാനാർത്ഥങ്ങൾ കണ്ടെത്താമോ?

ഒരു പദത്തിന് സമാനമായ ഒന്നിലേറെ പദങ്ങൾ ഉണ്ടാകുമെന്ന് ഓർമ്മപ്പെടുത്തുന്നു. കുട്ടികൾ വാക്യങ്ങൾ. വായിച്ച് പദങ്ങളുടെ അർത്ഥങ്ങൾ സന്ദർഭോചിതമായി കണ്ടെത്തി നോട്ടുബുക്കിൽ എഴുതുന്നു. (മുകളിൽ കൊടുത്ത മാതൃകയിൽ) കുട്ടി വ്യക്തിഗതമായി കണ്ടെത്തിയ കാര്യങ്ങൾ കൂടി ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ച ചെയ്ത് കൂടുതൽ സന്ദർഭോചിതമായ രീതിയിൽ മെച്ചപ്പെടുത്തി എഴുതുന്നു. പാഠപുസ്തകതത്തിനു പുറകിൽ നൽകിയ പര്യായ നിഘണ്ടു നോക്കി എഴുതിയ ഉത്തരം ശരിയാണെന്ന് ഉറപ്പു വരുത്തുന്നു. ക്രോഡീകരിക്കുന്നു (ടീച്ചർ)

| | | |
|---|---|---|
| മഞ്ഞ് | - | തുഷാരം, ഹിമം, നീഹാരം |
| ശീതളം | - | തണുപ്പ്, ശൈത്യം, |
| പൂവ് | - | പുഷ്പം, സുമം, മലർ, കുസുമം |
| സന്തോഷം | - | ഹർഷം, ആനന്ദം, മോദം, മനംകുളിർക്കുക, ആഹ്ലാദം |

**8. പറയാം എഴുതാം (40 മിനുട്ട്)**

ഹേമന്തം വന്നപ്പോൾ പനിനീർച്ചെടിക്കുണ്ടായ മാറ്റങ്ങൾ എന്തെല്ലാം ? ഈ ചോദ്യം ബോർഡിൽ എഴുതുന്നു. കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തുന്നു. ഏതാനും പേർ അവതരിപ്പിക്കുന്നു.
**പനിനീർച്ചെടി ആകമാനം തളിർത്തു. മഞ്ഞുകണങ്ങളാൽ മുത്തണിഞ്ഞു. ചില്ലകളിൽ മുകുളങ്ങൾ മുളച്ചു.**
അങ്ങനെയാണെങ്കിൽ ഹേമന്ത കാലത്ത് പ്രകൃതിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാം ? കുട്ടികൾ പ്രതികരിക്കുന്നു. മഞ്ഞു പെയ്യും, ചെടികൾ തളിർക്കും, ചെടികളുടെ ഇലകളിൽ പ്രഭാതത്തിൽ മഞ്ഞുതുള്ളികൾ കാണും. പ്രകൃതിയിൽ എല്ലാ കാലത്തും ഇങ്ങനെയാണോ? ഓരോ കാലത്തും പ്രകൃതിയിൽ വ്യത്യസ്ഥ മാറ്റങ്ങൾ ഉണ്ടാകും എന്ന് ക്രോഡീകരിക്കുന്നു. അവയെ ഋതുക്കൾ എന്നാണ് പറയുക. വസന്തം, ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം, ശിശിരം എന്നിവയാണവ. ഋതുക്കളെ മഴക്കാലം, മഞ്ഞുകാലം, വേനൽക്കാലം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.
താഴെ കൊടുത്തിരിക്കുന്ന പട്ടികാചാർട്ട് പൂർത്തീകരിക്കുന്നു.

| കാലങ്ങൾ | കാലം വരുന്ന മാസങ്ങൾ | പ്രകൃതിയിലെ മാറ്റങ്ങൾ |
|---|---|---|
| മഴക്കാലം | | |
| മഞ്ഞുകാലം | | |
| വേനൽക്കാലം | | |



**മഴക്കാലം** :മഴ പെയ്യുന്നു, തോടും പുഴയും നിറഞ്ഞ് കവിയുന്നു, മരങ്ങൾ തളിർത്തും പുല്ലുകൾ വളർന്നും പ്രകൃതി പച്ചപുതക്കുന്നു
**മഞ്ഞുകാലം** :ഇലകളിൽ പ്രഭാതത്തിലും സന്ധ്യാനേരത്തും ഹിമകണങ്ങൾ കാണുന്നു., തണുപ്പാർന്ന കാലാവസ്ഥ - തണുത്ത കാറ്റ്, ചില സസ്യങ്ങൾ ഇല പൊഴിച്ച് നിൽക്കുന്നു.
**വേനൽക്കാലം** :ചെടികളും മരങ്ങളും ഉണങ്ങുന്നു, ചൂടുള്ള കാലാവസ്ഥ, ശക്തിയാർന്ന വെയിൽ
വ്യക്തിഗതമായി പട്ടിക പൂർത്തിയാക്കുന്നു, മൂന്ന് ഗ്രൂപ്പുകളായി തിരിക്കുന്നു, മഴക്കാലം, മഞ്ഞുകാലം, വേനൽക്കാലം എന്നിങ്ങനെ ഓരോ ഗ്രൂപ്പിനും ചുമതല നൽകുന്നു, ഗ്രൂപ്പിൽ കുട്ടികൾ വ്യക്തിഗതമായി എഴുതിയ അതതു കാലത്തെ മാറ്റങ്ങൾ ചർച്ച ചെയ്യുന്നു. മെച്ചപ്പെടുത്തി എഴുതി ഗ്രൂപ്പിന്റെ ഉൽപ്പന്നം ക്ലാസിൽ അവതരിപ്പിക്കുന്നു. ഒരു ഗ്രൂപ്പ് അവതരിപ്പിക്കുമ്പോൾ മറ്റു ഗ്രൂപ്പിലുള്ളവർക്ക് അവർ വ്യക്തിഗതമായി നേരത്തെ എഴുതിയതുമായി താരതമ്യം ചെയ്യാനും മെച്ചപ്പെടുത്തി നോട്ടുബുക്കിലേക്ക് എഴുതാനും അവസരം നൽകുന്നു, ഏതു ഗ്രൂപ്പാണ് ശരിയായ മാറ്റങ്ങൾ കൂടുതലായി കണ്ടെത്തിയത്? മികച്ചത് പറയുന്നു. (പരസ്പര വിലയിരുത്തൽ - ഗ്രൂപ്പ്) ഇപ്പോൾ ഏതൊക്കെ കാലങ്ങളാണ് ഉള്ളതെന്ന് പറയാൻ കഴിയില്ലേ ? അവ ഓരോന്നിന്റെയും പ്രത്യേകത പറയാൻ കഴിയില്ലേ?
എങ്കിൽ ***കാലങ്ങൾ പലത്*** എന്നതിനെ കുറിച്ച് കുറിപ്പ് തയ്യാറാക്കാം, എന്തെല്ലാം ഉൾപ്പെടുത്താം ? കുട്ടികളുടെ പ്രതികരണം ബോർഡിൽ ലിസ്റ്റ് ചെയ്യുന്നു.
കുട്ടികൾ വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കുന്നു., ഗ്രൂപ്പിൽ ഓരോരുത്തരും വായിച്ച് അവതരിപ്പിക്കുന്നു, ചർച്ചയുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തി എഴുതുന്നു, ഗ്രൂപ്പിൽ മികച്ചവ പൊതു അവതരണം - പരസ്പര വിലയിരുത്തൽ, ടീച്ചർവേർഷൻ അവതരണം (4159)



**9. ഭാഷാകേളി (30 മിനുട്ട്)**

5 പേരടങ്ങുന്ന ഗ്രൂപ്പുകളായി തിരിക്കുന്നു., ഗ്രൂപ്പുകൾ തമ്മിൽ മത്സരം ഒരു ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും ശരിയായി നോട്ടുപുസ്തകത്തിൽ പ്രവർത്തനം ചെയ്ത് കഴിയുമ്പോഴാണ് പോയിന്റ് കിട്ടുക ഏറ്റവും ആദ്യം ശരിയുത്തരം എഴുതിത്തീരുന്ന ഗ്രൂപ്പ് വിജയിക്കും.
ടെക്സ്റ്റ് ബുക്കിലെ 26 -ാം പേജിലെ മാതൃക പോലെ പദം പിരിച്ചെഴുതുക എന്ന പ്രവർത്തനമാണ് മത്സരത്തിനുപയോഗിക്കുന്നത് പിരിച്ചെഴുതേണ്ട പദങ്ങൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു

ശേഷം ടെക്സ്റ്റ് ബുക്കിലെ പേജ് 26 ലെ പൂരിപ്പിക്കാം ഇതു പോല... എന്ന പ്രവർത്തനം ചെയ്യുന്നു
കണ്ടു കണ്ടു മടുത്തു
കേട്ടു കേട്ടു ........................
നിന്നു നിന്നു ........................
നടന്നു നടന്നു ......................

**ഗ്രൂപ്പിൽ നടക്കേണ്ട പ്രവർത്തനങ്ങൾ**

വ്യക്തിഗതമായി ഉത്തരങ്ങൾ കണ്ടെത്തണം, എഴുതുന്ന ഉത്തരങ്ങൾ ഗ്രൂപ്പിൽ പങ്കുവെയ്ക്കണം, തെറ്റുകൾ കണ്ടെത്തി തിരുത്തണം, ഓരോ ഗ്രൂപ്പിന്റെയും കണ്ടെത്തലുകൾ അവതരിപ്പിക്കണം.,

ഗ്രൂപ്പുകളുടെ രചനകൾ പരസ്പരം വിലയിരുത്തണം, മികച്ചവ പങ്കുവെയ്ക്കുകയും അവതരിപ്പിക്കുകയും വേണം, ഒരു ഗ്രൂപ്പ് അവതരിപ്പിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾ ആവശ്യമെങ്കിൽ എഴുതിയെടുക്കണം

**10. നിറം കൊടുക്കാം (30 മിനുട്ട്)**

ടെക്സ്റ്റ്ബുക്കിലെ കലാപഠനത്തിനായുള്ള പ്രവർത്തനം - പേജ് 26 ലെ ഇലയും തണ്ടും നോക്കി ചെടി ഏതാണെന്നു കുട്ടികൾ തിരിച്ചറിയുന്നു, (ചെമ്പരുത്തി, പനിനീർച്ചെടി), ടെക്സ്റ്റ്ബുക്കിൽ നിർദേശിക്കപ്പെട്ട സ്ഥലത്ത് പൂക്കൾ വരച്ചു ചേർക്കുന്നു., ഇലയ്ക്കും തണ്ടിനും പൂവിനും നിറം നൽകുന്നു

**11. വിവരണം തയ്യാറാക്കൽ (40 മിനുട്ട്)**

നേരത്തെ വരച്ച ചിത്രത്തിലെ ചെടികൾ മാത്രമാണോ നിങ്ങളുടെ വീട്ടുമുറ്റത്തുള്ളത് ? മറ്റേതെല്ലാം ചെടികൾ ഉണ്ട്? കുട്ടികൾ വ്യക്തിരതമായി പട്ടികപ്പെടുത്തുന്നു,. ഈ പൂന്തോട്ടത്തിൽ നിങ്ങൾ എഴുതിയ ഏതെല്ലാം ചെടികളും പൂവുകളുമുണ്ട്?

എങ്കിൽ ഇവയിലെ പൂന്തോട്ടത്തെ കുറിച്ച് വിവരണം തയ്യാറാക്കിയാലോ, വിവരണത്തിൽ എന്തെല്ലാം ഉൾപ്പെടുത്തണം? ചർച്ച, കുട്ടികളുടെ പ്രതികരണം ബോർഡിൽ എഴുതുന്നു

കുട്ടികൾ വ്യക്തിഗതമായി വിവരണം എഴുതുന്നു

ഗ്രൂപ്പിൽ എല്ലാവരും വായിക്കുന്നു - മെച്ചപ്പെടുത്തുന്നു, ഗ്രൂപ്പിലെ മികച്ചവ കണ്ടെത്തുന്നു - അവതരിപ്പിക്കുന്നു, ഏതു ഗ്രൂപ്പിന്റേതാണ് മികച്ചത് ? എങ്ങനെ കണ്ടെത്തും? വിവരണത്തിന്റെ പ്രത്യേകത എന്തായിരിക്കും? സൂചകങ്ങൾ വികസിപ്പിക്കുന്നു (ക്ലാസ് ചർച്ചയിലൂടെ)



**സൂചകങ്ങൾ**

സംഭവങ്ങളെ മുന്നിൽ കാണുന്നതു പോലെ, തോന്നിക്കുന്ന വാക്യങ്ങൾ എഴുതാൻ കഴിഞ്ഞിട്ടുണ്ട്, നല്ല തുടക്കം - ഒടുക്കം, ഒരു വാക്യത്തിന്റെ തുടർച്ചയാണ് അടുത്ത വാക്യം, വ്യത്യസ്ഥ വാക്യമാതൃതകകൾ, വൈവിധ്യമാർന്ന പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്, ആശയപൂർണത വന്നിട്ടുണ്ട്. ഈ സൂചകങ്ങൾ വെച്ച് ഗ്രൂപ്പുകൾ തമ്മിൽ പരസ്പര വിലയിരുത്തൽ നടത്തുന്നു, സ്വന്തം രചന അവതരിപ്പിക്കുന്നു (ടീച്ചർ) 4160

കുട്ടികൾക്ക് അവരുടെ സ്വന്തം രചനയുമായി ഇതിനെ താരതമ്യം ചെയ്യാൻ അവസരം നൽകുന്നു (ആശയം, പദം, വാക്യങ്ങൾ, ശൈലികൾ, ................)

**12. എഡിറ്റിംഗ് (30 മിനുട്ട്)**

ഒരു ഗ്രൂപ്പിന്റെ രചന എഡിറ്റിംഗിനായി ഉപയോഗിക്കുന്നു.

**ആശയം :**

ഏതെങ്കിലും ആശയം കൂട്ടിച്ചേർക്കേണ്ടതുണ്ടോ ? ഒഴിവാക്കേണ്ടതുണ്ടോ? മെച്ചപ്പെടുത്തേണ്ടതുണ്ടോ?

**വാക്യഘടന :**

പദങ്ങൾ ഏതെങ്കിലും അനാവശ്യമായി ആവർത്തിച്ചോ ? പദങ്ങൾ ക്രമം തെറ്റി പ്രയോഗിച്ചോ? പദങ്ങൾ വിട്ടുപോയോ ?

**അക്ഷരം :**

അക്ഷരങ്ങൾ തെറ്റായി രേഖപ്പെടുത്തിയോ? ചിഹ്നങ്ങൾ, അക്ഷരങ്ങൾ വിട്ടുപോയോ ?

**വ്യവഹാരരൂപം :**

ആശയസമഗ്രതയുണ്ടോ ? പ്രയോഗശൈലി അനുയോജ്യമാണോ ?

ഏതെങ്കിലും കൂട്ടിച്ചേർക്കേണ്ടതുണ്ടോ ?

ഗ്രൂപ്പുകൾ രചനകൾ കൈമാറി എഡിറ്റ് ചെയ്യുന്നു, മാറ്റങ്ങൾ ഉൾപ്പെടുത്തി രചന മെച്ചപ്പെടുത്തുന്നു - വ്യക്തിഗതം, മെച്ചപ്പെടുത്തി നോട്ടുബുക്കിൽ എഴുതുന്നു, ചിത്രങ്ങൾ വരച്ചു ചേർക്കാം, പോർട്ടഫോളിയോയിലേക്ക് - എല്ലാവരുടെയും വിവരണങ്ങൾ ഉൾപ്പെടുത്തി പതിപ്പു തയ്യാറാക്കുക



## കാവൽമാലാഖ

പനിനീർചെടിയെ വളരെയധികം സ്നേഹിച്ച കുട്ടി അതിനെ വളരെ കരുതലോടെ സംരക്ഷിച്ചു. പനിനീർച്ചെടിക്കു വേണ്ട വെള്ളമൊഴിച്ചു കൊടുത്തു. കിളിർത്തു വരുന്ന മുകുളങ്ങളെ കീടങ്ങൾ നശിപ്പിക്കാതെ സംരക്ഷിച്ചു. കുരുന്നിലകൾ ഉച്ചവെയിലേറ്റ് വാടാതെ നോക്കി. ഓരോ വളർച്ചാസമയത്തും പനിനീർച്ചെടിയെ സംരക്ഷിച്ചു. ആ സംരക്ഷണം തന്നെയാണ് കാവൽ. മാലാഖമാർ നന്മയുടെ കൂടെ മാത്രമേ ഉണ്ടാകൂ എന്ന് നമുക്കറിയാം. ചെടിയെ സംരക്ഷിക്കുക എന്ന നന്മ ചെയ്തതു കൊണ്ടാണ് താനും കാവൽമാലാഖയായതെന്നു കുട്ടിക്ക് തോന്നിയത്. മാലാഖമാർ ദൈവദൂതരാണ് അതു കൊണ്ടു തന്നെ ദൈവം നിർദേശിച്ച കാര്യങ്ങൾ വിസ്മരിക്കാൻ കഴിയില്ല. ഈ കവിതയിലെ വിസ്മരിക്കാതെ നിന്നു ഞാൻ എന്ന പ്രയോഗം മനോഹര മാകുന്നത് ഈ സന്ദർഭത്തിലാണ്.





**കാലഭേദം**

കാലാവസ്ഥയെ അടിസ്ഥാനമാക്കി രണ്ടു മാസം വീതം കൂടുന്ന ആറു ഋതുക്കളായി കാലങ്ങളെ തരംതിരിച്ചിരിക്കുന്നു. വസന്തം, ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം, ശിശിരം എന്നിവയാണവ. മഴക്കാലം, മഞ്ഞുകാലം, വേനൽക്കാലം എന്നിങ്ങനെ കേരളത്തിലെ കാലങ്ങളെ മൂന്നായി തരംതിരിച്ചിരിക്കുന്നു. ജൂൺ മുതൽ നവംബർ വരെയാണ് നമ്മുടെ നാട്ടിൽ മഴക്കാലം വരുന്നത്. ജൂൺ മാസം മുതൽ തിമിർത്തു പെയ്തു തുടങ്ങുന്ന മഴ ശക്തി കുറഞ്ഞും കൂടിയും നവംബർ വരെ നീണ്ടു നിൽക്കും. മഴക്കാലം വരാൻ കാത്തു നിൽക്കുന്ന മരങ്ങളും പുല്ലുകളും ചെടികളും തളിർത്തു പുതയ്ക്കുന്നു. തോടുകളും പുഴകളും നിറഞ്ഞൊഴുകുന്ന ഈ കാലം നമുക്ക് പുതിയൊരനുഭവം നൽകുന്നു.

തണുപ്പുള്ള പ്രഭാതത്തിൽ പുറത്തിറങ്ങുമ്പോൾ ഇലകളിലും പൂവിതളുകളിലും പറ്റിച്ചേർന്നു നിൽക്കുന്ന മഞ്ഞുതുള്ളികളെ കണ്ടിട്ടില്ലേ...



മഞ്ഞുകാലത്താണ് നമുക്ക് ആ കാഴ്ച കാണാനാവുക. ഡിസംബറിൽ തുടങ്ങുന്ന മഞ്ഞുകാലം ഫെബ്രുവരി വരെ നീണ്ടു നിൽക്കും. മരം കോച്ചുന്ന മകരമാസവും കുളിർമയുള്ള ഉച്ചനേരവും മഞ്ഞുകാലത്തിന്റെ പ്രത്യേകതയാണ്. സസ്യങ്ങൾ ഇലകൾ പൊഴിച്ച് വേനൽക്കാലത്തെ വരവേൽക്കാൻ നിൽക്കുന്ന മഞ്ഞുകാലം നമുക്ക് കുളിർമയുള്ള അനുഭവം നൽകുന്നു. മാർച്ച് മുതൽ മെയ് വരെ നീണ്ടു നിൽക്കുന്ന വേനൽക്കാലം ... ചെടികളും മരങ്ങളും ഉണങ്ങാൻ തുടങ്ങി.... ശക്തിയാർന്ന വെയിലിനെ താങ്ങാനാകാതെ ക്ഷീണിച്ചു നിൽക്കുന്ന സസ്യലതാദികൾ... ചൂടുള്ള കാലാവസ്ഥയിൽ ഒരു കുളിർമഴ പെയ്തെങ്കിൽ എന്നു നാം ആശിച്ചു പോകും.

| ക്ലാസ് : 4 | യൂണിറ്റ് 2 – ഹരിതം | മൊഡ്യൂൾ 4. എന്റെ പനിനീർച്ചെടി |
|---|---|---|

# പുഞ്ചിരിക്കുന്ന പൂക്കൾ

വീട്ടുമുറ്റത്തെ പൂന്തോട്ടത്തിൽ നീലാകാശത്തെ നോക്കി പുഞ്ചിരിച്ചു നിൽക്കുന്ന പൂക്കളെ ഇഷ്ടപ്പെടാത്തവരായി ആരുമുണ്ടാകില്ല. ചെറുതും വലുതുമായ എത്രയെത്ര ചെടികളാണ്... പൂവുള്ളതും വള്ളികളായി പടർന്നു കയറുന്നതും മണമുള്ളതും വിവിധ വർണങ്ങളിലുള്ളതുമായ അനേകം ചെടികൾ പൂന്തോട്ടത്തിൽ നിറഞ്ഞു നിൽക്കുന്നു.

റോസ്, തെച്ചി, ചെമ്പകം, മുല്ല, പിച്ചി, ചെമ്പരത്തി, മന്ദാരം എന്നു തുടങ്ങി പല വർണത്തിലും വലിപ്പത്തിലുമുള്ള പൂക്കൾ ഒറ്റക്കും കൂട്ടമായും പൂന്തോട്ടത്തിൽ പുഞ്ചിരിക്കുന്ന കാഴ്ച എത്ര സുന്ദരമാണ്!

തേൻ തേടി പൂന്തോട്ടത്തിൽ എത്തുന്ന പൂമ്പാറ്റകളെ കാണുമ്പോൾ കൊതിയാകും... എന്നാൽ മൂളിക്കൊണ്ടു വരുന്ന കരിവണ്ടാശാന്മാർ നമ്മെ പേടിപ്പെടുത്തും. എന്നാൽ തേൻ മാത്രം നുകരുന്ന പൂവിനെ ദ്രോഹിക്കാതെ പോകുന്ന പാവത്താൻമാരാണവർ. ഇങ്ങനെ പൂക്കളും കിളികളും പൂമ്പാറ്റയും വണ്ടുകളുമെല്ലാം ചേരുമ്പോൾ എന്റെ പൂന്തോട്ടം കൊച്ചു സ്വർഗമാകും. നട്ടുനനച്ച് വളർത്തിയ ചെടിയിൽ പൂവുണ്ടാകുമ്പോൾ നമ്മുടെ മനസ്സിലുണ്ടാകുന്ന സന്തോഷം ഒന്നു വേറെ ത്തന്നെയാണ്. വീടിന്റെ മുറ്റത്ത് ഒരു ചെടിയെ ങ്കിലും നടുകയും അതിനെ പരിപാലി ച്ച് ജീവിക്കുകയും ചെയ്യുമ്പോഴാണ് നമ്മുടെ മനസ്സിന് കുളി ർമയുണ്ടാകുന്നത്.



| ക്ലാസ് : 4 | യൂണിറ്റ് 2 – ഹരിതം | മൊഡ്യൂൾ 4. എന്റെ പനിനീർച്ചെടി |
|---|---|---|

## കാലങ്ങൾ – മാറ്റങ്ങൾ

| കാലങ്ങൾ | കാലം വരുന്ന മാസങ്ങൾ | പ്രകൃതിയിലെ മാറ്റങ്ങൾ |
|---|---|---|
| മഴക്കാലം | | |
| മഞ്ഞുകാലം | | |
| വേനൽക്കാലം | | |

PENCIL

Process Ensuring for Natural Classroom Interaction and Learning

എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, പാഠാസൂത്രണ രേഖ (കരട്)

| ക്ലാസ് : 4 | യൂണിറ്റ് 2 - ഹരിതം | മൊഡ്യൂൾ 5. ഞാവൽക്കാട് |
|---|---|---|

| | |
|---|---|
| **ആമുഖം** | പിണ്ടാണി എൻബി പിള്ളയുടെ കാടുണരുന്നു എന്ന സമാഹരത്തിലെ കഥയാണ് ഞാവൽക്കാട്. ഞാവൽക്കാട് മനുഷ്യൻ തീയിട്ടപ്പോൾ പക്ഷികൾക്കുണ്ടാകുന്ന പരിഭ്രാന്തിക്കും ഒടുവിൽ മഴ പെയ്ത് വലിയ നാശം ഒഴിഞ്ഞ് പോകുന്നതുമാണ് ഉള്ളടക്കം. ഭൂമിയിലെ സകല ജീവജാലങ്ങളും ഭൂമിയുടെ അവകാശികളാണ് എന്ന മനോഭാവം വികസിപ്പിക്കുന്നതിനാണ് ഇവിടെ ഉദ്ദേശിക്കുന്നത്. |
| **ആശയം** | പ്രകൃതിയിൽ ഏറ്റവും പ്രധാനപ്പെട്ട ജീവമണ്ഡലവും അനന്യമായ സൗന്ദര്യാനുഭവവും പകരുന്ന ആവാസകേന്ദ്രമാണ് കാട്. ആധുനിക മനുഷ്യൻ സ്വാർത്ഥ താത്പര്യത്തിനായി കാട് നശിപ്പിക്കുന്നു. കാട് സംരക്ഷിക്കപ്പെടേണ്ടതാണ്. പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളും പാരസ്പര്യത്തോടെയാണ് ജീവിക്കുന്നത്. |
| **പഠനനേട്ടം** | ഉചിതമായ രീതിയിൽ കഥ പൂർത്തിയാക്കുന്നു. ഉച്ചാരണശുദ്ധി, ഒഴുക്ക്, ആവശ്യമായ ഭാവവ്യതിയാനം എന്നിവയോടെ വായിക്കുന്നു. പാഠത്തിലെ ആശയം വ്യത്യസ്ഥ രീതിയിൽ അവതരിപ്പിക്കുന്നു. (വിവരണം, പോസ്റ്റർ, വാർത്ത, അഭിനയം) വനങ്ങൾ പ്രകൃതിയിലെ പ്രധാന ജൈവകേന്ദ്രമാണെന്നും അവ സംരക്ഷിക്കപ്പെടേണ്ടതാണെന്നും ബോധ്യപ്പെടുന്നു. പ്രകൃതി/വന സംരക്ഷണ പ്രവർത്തനങ്ങൾക്ക് സന്നദ്ധത പ്രകടിപ്പിക്കുന്നു. |
| **വ്യവഹാര രൂപം** | വാർത്ത, പോസ്റ്റർ, കഥാപൂരണം, ആസ്വാദനക്കുറിപ്പ് |
| **വായനാസാമഗ്രികൾ** | ടീച്ചർവേർഷൻ - കഥ, ആസ്വാദനക്കുറിപ്പ്, പോസ്റ്റർ |
| **പ്രതീക്ഷിത സമയം** | 5 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1. കഥ വായനയിലേക്ക് 2. ആശയഗ്രഹണ ചോദ്യങ്ങൾ. 3. വിശകലന ചോദ്യങ്ങൾ. 4. പ്രയോഗഭംഗി. 5. ഭാവാത്മക വായന. 6. ഭാഷാകേളി 7. ഉചിതമായവ പൂരിപ്പിക്കുക. 8. പോസ്റ്റർ തയ്യാറാക്കാം. 9. പത്രവാർത്ത 10. എഡിറ്റിംഗ്. 11. എത്ര കിളിയുടെ പേരറിയാം? 12. ആസ്വാദനക്കുറിപ്പ് 13. വിലയിരുത്തൽ. 14. പച്ചോല കൊണ്ട്. 15. എഴുതാം അഭിനയിക്കാം 16. വിരുന്നുകാർ ആരൊക്കെ. 17. കഥ തുടരാം. 18. ഞാൻ എന്നെക്കുറിച്ച് |
| **വർക്ക്ഷീറ്റ്** | പ്രയോഗഭംഗി 4107. പദങ്ങൾ 4108. |
| **ഉൽപ്പന്നങ്ങൾ** | പത്രവാർത്ത, വിവരണം, നാടകം |
| **സർഗ്ഗവേള** | കഥ, നാടകം |
| **ദിനാചരണം** | |
| **സി.പി.ടി.എ.** | കഥ, നാടകം, പ്രദർശനം |

**പ്രവർത്തനങ്ങൾ-സൂക്ഷ്മ പ്രക്രിയ**

## 1. കഥ വായനയിലേക്ക്

ടീച്ചർ ഭാവാത്മകമായി സന്ദർഭം അവതരിപ്പിക്കുന്നു.

ഒരു വലിയ കാട്. ധാരാളം പക്ഷികളും മൃഗങ്ങളുമുള്ള വലിയ കാട്. കാടിനു നടുവിലായി വലിയൊരു ഞാവൽമരം. ഒരു മരമുത്തച്ഛൻ തന്നെ. കാട്ടിലെ പക്ഷികളുടെ വാസസ്ഥലമാണ് ഈ വൻമരം. മധുരമുള്ള ഞാവൽപ്പഴവും പടർന്നു പന്തലിച്ച ഞാവൽമരത്തിന്റെ പച്ചപ്പും ഇളംകാറ്റും അവിടത്തെ ജീവിതം സ്വർഗ്ഗ തുല്യമാക്കും. ആ കാഴ്ച ആദ്യം കണ്ടത് ഉണ്ടക്കണ്ണൻ മൂങ്ങയാണ്. പക്ഷികളുടെ രാജാവായ ഗരുഡമ്മാവനോട് മൂങ്ങകൾ കാര്യം പറഞ്ഞു. ഒരു കൂട്ടം മനുഷ്യർ കാട്ടിൽ കയറിയിരിക്കുന്നു. നമ്മുടെ സമാധാനവും സന്തോഷവും ഇല്ലാതാവും. പക്ഷികൾ പേടിച്ചു വിറച്ചു. എന്തായിരിക്കും അവിടെ സംഭവിച്ചിട്ടുണ്ടാവുക? നിങ്ങളുടെ അഭിപ്രായം എന്താണ്? കുട്ടികൾ അവരുടെ അഭിപ്രായം പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. ശരിക്കും എന്താണ് സംഭവിച്ചിട്ടുണ്ടാവുക?..... എങ്ങനെ അറിയാം? പാഠവായനയിലേക്ക്. വ്യക്തിഗത വായന, കണ്ടെത്തിയവർ കൈ ഉയർത്തുക *(പിന്നാക്കക്കാർക്ക് ആദ്യ അവസരം നൽകാൻ ശ്രദ്ധിക്കണം)*

മികച്ച കണ്ടെത്തലുകൾക്ക് അഭിനന്ദനം. കുട്ടികൾ ആദ്യം പറഞ്ഞ (ചർച്ചാവേളയിൽ) അഭിപ്രായവുമായി താരതമ്യം ചെയ്യുന്നു. എന്നാൽ എല്ലാവർക്കും പറയാൻ കഴിഞ്ഞോ? എല്ലാവരും വായിച്ച് കണ്ടെത്തിപ്പറയേണ്ടേ? എന്തുകൊണ്ടാണ് പറയാൻ കഴിയാത്തത്? (വായിക്കാനറിയില്ല, അർത്ഥമറിയില്ല, വായിച്ചാൽ ആശയം മനസ്സിലാവുന്നില്ല, .................) എങ്കിൽ നമുക്ക് ഒരിക്കൽ കൂടി വായിക്കാം.. അതിൽ അറിയുന്നതും അറിയാത്തതും ഇഷ്ടപ്പെട്ടതും കണ്ടെത്തണം . അവക്ക് യഥാക്രമം പെൻസിൽ കൊണ്ട് ☑, ☒, ↔ ചിഹ്നം ഇടണം. തുടർന്ന് മൂന്നംഗ ഗ്രൂപ്പിൽ ഓരോരുത്തരും ഇഷ്ടപ്പെട്ടത് വായിക്കുക. തുടർന്ന് അറിയുന്നത്, പിന്നെ അറിയാത്തത് വായിക്കുക. ഓരോരുത്തർ വായിക്കുമ്പോൾ മറ്റുള്ളവ അതിൽ കൂട്ടിച്ചേർത്ത് വ്യക്തത വരുത്തണം. ഓരോ സന്ദർഭത്തിലും ടീച്ചർ ആവശ്യമായ ഗ്രൂപ്പിൽ ഇടപെടുന്നു. അറിയുന്ന/അറിയാത്ത പദങ്ങൾ നോട്ട്ബുക്കിൽ എഴുതണം. പൊതു അവതരണം. ഇഷ്ടപ്പെട്ടത് അറിയുന്നത്, അറിയാത്തത് അവതരിപ്പിച്ച് വ്യക്തത വരുത്തണം. - ഒടുവിൽ ടീച്ചർ ക്രോഡീകരിക്കണം.

2. **ആശയഗ്രഹണ ചോദ്യങ്ങൾ**

ഞാവൽമരത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം? എന്തുകൊണ്ടാണ് മനുഷ്യർ ഞാവൽക്കാട്ടിലേക്ക് വരാത്തത് ?

കഥാപാത്രങ്ങൾ, പ്രത്യേകതകൾ. ഏതെല്ലാം പക്ഷികളാണ് ഞാവൽക്കാട്ടിലുള്ളത്? ഞാവൽക്കാട്ടിലെ പക്ഷികളുടെ നേതാവ് ആരാണ്? ആ കാഴ്ച ആദ്യം കണ്ടത് ഉണ്ടക്കണ്ണനാണ്. എന്തായിരുന്നു കാഴ്ച? ചില പക്ഷികൾ താവളം ഉപേക്ഷിക്കാൻ തീരുമാനിച്ചു. കാരണമെന്ത്? ഞാവൽക്കാട്ടിലെ തീ അണഞ്ഞതെങ്ങിനെ?

ചാർട്ടിലെ ചോദ്യങ്ങൾ കുട്ടികൾ വായിക്കുന്നു. വായിക്കാൻ കഴിയാത്തവര മറ്റു കുട്ടികൾ സഹായിക്കുന്നു. വ്യക്തിഗതമായി നോട്ടുബുക്കിൽ ചോദ്യവും ഉത്തരവും എഴുതുന്നു (ചോദ്യം അതിന്റെ ഉത്തരം എന്ന മട്ടിൽ). മൂന്നംഗ ഗ്രൂപ്പിൽ ഓരോരുത്തരും വായിച്ചവ അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നു .പൊതു അവതരണം. മറ്റു ഗ്രൂപ്പുകൾ കൂട്ടിച്ചേർക്കുന്നു. ടീച്ചർ ക്രോഡീകരിക്കുന്നു.

## 3. വിശകലന ചോദ്യം

ടീച്ചർ ചാർട്ട് പ്രദർശിപ്പിക്കുന്നു. കുട്ടികൾ വിശകലന ചോദ്യം വായിച്ച് മനസ്സിലാക്കുന്നു. ആവശ്യമെങ്കിൽ ടീച്ചർ വിശദീകരിക്കുന്നു.

ഞാവൽക്കാട് പക്ഷികൾക്ക് സ്വർഗ്ഗമായി അനുഭവപ്പെട്ടത് എന്തുകണ്ട്? ഞാവൽക്കാടിന് തീ പിടിച്ചപ്പോൾ ചെറുപ്പക്കാരായ മൂങ്ങകൾ രക്ഷപ്പെടാൻ ശ്രമിച്ചു. ഈ തീരുമാനം ശരിയായിരുന്നോ? എന്തു കൊണ്ട്? ഗരുഡമ്മാവൻ പക്ഷികളുടെ നേതാവും എല്ലാവരും ബഹുമാനിക്കുന്നയാളുമാണ്. ഈ പ്രസ്താവന ശരിയാണോ? പാഠഭാഗത്തിലെ സന്ദർഭം വിവരിച്ച് വ്യക്തമാക്കുക. കാടിനു തീവെച്ചത് നാട്ടുമനുഷ്യരാണ് എന്ന് ഉണ്ടക്കണ്ണൻ മൂങ്ങകൾ ഉറപ്പിച്ചതെന്തു കൊണ്ട്? ഞാവൽക്കാട് എന്ന കഥക്ക് ഈ പേര് ഉചിതമാണോ? എന്തുകൊണ്ട്? അല്ലെങ്കിൽ മറ്റൊരു പേര് നിർദേശിക്കാമോ? വിശകലനചോദ്യങ്ങൾ കുട്ടികൾ വായിക്കുന്നു. ചർച്ചക്കു ശേഷം ഓരോ കുട്ടിയും അവരുടെ കണ്ടെത്തലുകൾ നാലംഗ ഗ്രൂപ്പിൽ പറയുന്നു. തുടർന്ന് പൊതുവായി അവതരണം (ഗ്രൂപ്പുകൾ) ടീച്ചർ കൂട്ടിച്ചേർക്കുന്നു.

കുട്ടികൾ വ്യക്തിഗതമായി ഉത്തരം എഴുതുന്നു. ഗ്രൂപ്പിൽ വായിച്ചവതരണം. മെച്ചപ്പെടുത്തി എഴുതൽ. പൊതു അവതതരണം. ചർച്ച - കൂട്ടിച്ചേർക്കൽ. ടീച്ചർവേർഷൻ അവതരണം

1.ഞാവൽക്കാട് പഴുത്താൽ കരിവണ്ടിൻ നിറമുള്ള ഞാവൽപ്പഴങ്ങൾ തിന്ന് കഴിഞ്ഞു കൂടാം. പുറമേ ഭക്ഷണം തേടിപ്പോകേണ്ട കാര്യമില്ല. ഒരു മനുഷ്യനും ഞാവൽക്കാട്ടിലേക്ക് എത്തിപ്പെടാൻ കഴിയില്ല. ഗരുഡമ്മാവന്റെ നേതൃത്വത്തിൽ എല്ലാവരും സുരക്ഷിതരാണ്. എല്ലാ പക്ഷികളും വളരെ സ്നേഹത്തിലും സഹകരണത്തിലുമാണ് കഴിഞ്ഞു കൂടുന്നത്. ഇതുകൊണ്ടെല്ലാമാണ് ഞാവൽക്കാട് പക്ഷികൾക്ക് സ്വർഗ്ഗമായി അനുഭവപ്പെടുന്നത്.

2. യുവാക്കളായ മൂങ്ങകളുടെ തീരുമാനം ശരിയല്ല എന്തെന്നാൽ മറ്റുള്ളവരേക്കാൾ ആരോഗ്യമുള്ളവരാണ് യുവാക്കൾ. വൃദ്ധൻമാർക്കും കുട്ടികൾക്കും തനിയെ രക്ഷപ്പെടാൻ കഴിയില്ല. അവരെ കൂടി രക്ഷിക്കേണ്ട ബാധ്യത യുവാക്കൾക്കുണ്ട്.

3. ഞാവൽക്കാട്ടിലെ പക്ഷികളുടെ നേതാവാണ് ഗരുഡമ്മാവൻ. പക്ഷികൾ തമ്മിലുള്ള കലഹങ്ങൾ തീർപ്പാക്കുന്നത് ഗരുഡമ്മാവനാണ്. അദ്ദേഹത്തെ അനുസരിക്കാത്തവർക്ക് അവിടെ നൽക്കാനാവില്ല. അദ്ദേഹത്തിന്റെ കൽപ്പന അനുസരിക്കാത്തതിനാൽ ........................ക്ക് ഞാവൽക്കാട്ടിൽ നിന്നും എന്നെന്നേക്കുമായി പോകേണ്ടിവന്നു. ആപത്തു വരുമ്പോൾ സങ്കടമറിയിക്കുന്നത് ഗരുഡമ്മാവനോടാണ്. പക്ഷികളുടെ സഭ വിളിച്ച് കാര്യങ്ങൾ പറയുന്നതും അവരെ സമാധാനിപ്പിക്കുന്നതും അദ്ദേഹമാണ്. ഉറക്കെ വിളിച്ച് തന്നെ ആശ്രയിക്കുന്നവരെ രക്ഷിക്കാൻ ശ്രമിക്കുന്ന ഗരുഡമ്മാവൻ യഥാർത്ഥ നേതാവു തന്നെ.

4. തണുപ്പകറ്റാൻ കരിയില കൂട്ടി കത്തിക്കും. അതു കഴിഞ്ഞാൽ തീ കെടുത്തിയേ കാട്ടുമനുഷ്യർ പോകൂ. കാട്ടിലെ ഒരു ചെടി പോലും നശിപ്പിക്കില്ല.

5.ഞാവൽക്കാട് എന്ന പേര് ഉചിതം തന്നെ. കാരണം ഞാവൽമരവും ഞാവൽപ്പഴവും കഥയിൽ പ്രധാനമാണ്. ഞാവൽമരത്തിന്റെ പഴക്കം അതിന്റെ വലിപ്പം പക്ഷികൾ സ്വസ്തമായി വാഴുന്ന സ്ഥലം എല്ലാം ഞാവൽമരവും ഞാവൽക്കാടുമാണ്. അതു കൊണ്ട് തന്നെ ഈ പേര് അനുയോജ്യമാണ്.

ടീച്ചർവേർഷൻ ചർച്ച. കൂട്ടിച്ചേർക്കൽ, നോട്ടുബുക്കിൽ ആവശ്യമായ മാറ്റം വരുത്തൽ.

**4. പ്രയോഗഭംഗി**

ഈ പാഠം നിങ്ങൾ വായിച്ചുവല്ലോ. ഇതിലുപയോഗിച്ചിരിക്കുന്ന പ്രയോഗങ്ങൾ എന്തെല്ലാം ?

കുട്ടികൾ വീണ്ടും പാഠം പരിശോധിക്കുന്നു.

- കണ്ടെത്തിയവക്ക് അടിവരയിടുന്നു.
- അവതരണം മൂന്നംഗ ഗ്രൂപ്പിൽ.
- ക്രോഡീകരണം - പൊതു അവതരണം
- ടീച്ചർ ബോർഡിൽ എഴുതുന്നു.



- o കരിവണ്ടിൻ നിറമുള്ള ഞാവൽപ്പഴങ്ങൾ
- o അകലെനിന്ന് നാവുനീട്ടിക്കൊണ്ട് അരിച്ചരിച്ച് വരുന്ന തീ
- o പാറിപ്പറക്കുന്ന പുക
- o തുള്ളിക്കൊരു കുടം എന്ന മട്ടിൽ മഴ
- o മഴ കോരിച്ചൊരിയുക
- o
- o

- കുട്ടികൾ പുതിയതായി കണ്ടെത്തിയവ അവതരണം, കൂട്ടിച്ചേർക്കൽ, വർക് ഷീറ്റ് നൽകുന്നു. 4107

**വർക്ഷീറ്റിലെ ടീച്ചർവേർഷൻ**

1. ***കരിവണ്ടിൻ നിറമുള്ള ഞാവൽപ്പഴങ്ങൾ*** എന്ന പ്രയോഗം വളരെ ഉചിതമാണ്. ഞാവൽപ്പഴത്തിന്റെയും കരിവണ്ടിന്റെയും നിറം, ആകൃതി, എന്നിവ സമാനമാണ്. അതുകൊണ്ടു തന്നെ ഈ പ്രയോഗത്തിന് പ്രത്യേകമായ അനുഭവം ഒരുക്കാൻ കഴിയുന്നു.

2. ***അകലെ നിന്ന് നാവു നീട്ടിക്കൊണ്ട് അരിച്ചരിച്ചു വരുന്ന തീ*** എന്ന പ്രയോഗം സന്ദർഭത്തിന്റെ തീവ്രത കാട്ടിത്തരുന്നു. ദൂരെ നിന്നും കാട്ടുതീ സാവധാനം പടർന്നുപിടിക്കുന്ന കാഴ്ച. തീ നാളത്തെ നാവായും സാവധാനം അരിച്ചരിച്ചു വരുന്നു എന്നത് ഒരു കാളസർപ്പത്തിന്റെയും രൂപം മനസ്സിൽ ജനിപ്പിക്കുന്നു. കുറേയേറെ കാട് തിന്നതിനാൽ സാവധാത്തിൽ മാത്രമേ ഇഴഞ്ഞ് വരുവാൻ സാധിക്കൂ. ഇരപിടിച്ച പെരുമ്പാമ്പിന്റെ ചിത്രമാണ് ഈ പ്രയോഗത്തിലൂടെ വെളിപ്പെടുന്നത്.

3. തീയിൽ നിന്നുയരുന്ന പുക കൂട്ടം കൂട്ടമായി ആകാശത്തേക്കുയരുന്നു. കാറ്റിന്റെ ഗതിക്കനുസരിച്ച് രൂപഭാവങ്ങൾ മാറി വിവിധ രൂപങ്ങളിൽ കാറ്റിൽ പറവകളെപ്പോലെ പാറിനടക്കുന്നു.
4. ***തുള്ളിക്കൊരു കുടം പോലെ മഴ:*** മഴയുടെ ശക്തി കാണിക്കാനാണ് ഓരോ മഴത്തുള്ളിയും ഒരു കുടം വെള്ളം ഉൾക്കൊള്ളുന്നതാണ് എന്നു പറയുന്നത്.
5. ***കോരിച്ചൊരിയുന്ന മഴ*** : മഴയുടെ ശക്തി പ്രകടിപ്പിക്കുന്ന പ്രയോഗം.

## 5. ഭാവാത്മക വായന

പത്രവായന, കവിത വായന, ഇവയിൽ നിന്നും കഥ വായിക്കുന്നതിന് എന്തെങ്കിലും വ്യത്യാസമുണ്ടോ? - എങ്കിൽ കഥ വായിക്കുന്ന രീതിയുടെ സവിശേഷതകൾ എന്തെല്ലാം? - കുട്ടികളുമായി ചർച്ച, ഭാവാത്മക വായന വിലയിരുത്താനുള്ള സൂചകം വികസിപ്പിക്കുന്നു. - ബോർഡിൽ എഴുതുന്നു.

o ഭാവം ഉൾക്കൊണ്ട് വായിക്കുന്നു o ഒഴുക്കോടെയും വ്യക്തതയോടെയും വായിക്കുന്നു o ശബ്ദം വേഗത ക്രമീകരിച്ച് വായിക്കുന്നു.

- മൂന്നംഗ ഗ്രൂപ്പിൽ സൂചകങ്ങൾ പാലിച്ച് ഓരോരുത്തരും വായിക്കുന്നു. മറ്റു കുട്ടികൾ വിലയിരുത്തുന്നു.
- ഗ്രൂപ്പിലെ മികച്ച വായനക്കാർക്ക് പൊതുവായനക്ക് അവസരം. മറ്റു ഗ്രൂപ്പുകാർ വിലയിരുത്തുന്നു-ചർച്ച
- ടീച്ചറുടെ ഭാവാത്മക വായന - കുട്ടികൾ വിലയിരുത്തുന്നു. ടീച്ചറുടെ വായനയിൽ നിന്നും ലഭിച്ച അധിക ധാരണ ഉൾക്കൊണ്ട് ജോഡികളായി വായിക്കുന്നു (പിയർഗ്രൂപ്പ്). പിന്നാക്കക്കാരുടെ ഗ്രൂപ്പിൽ ടീച്ചർ ഇടപെടുന്നു.

### 6. ഭാഷാകേളി

- ഇനി ഒരു മത്സരമാണ്. കാട്ടുതീ, കാട്ടുമനുഷ്യൻ ഇതുപോലെ കാടു ചേർന്ന് വരുന്ന എത്ര പദങ്ങൾ കണ്ടെത്തി എഴുതാം - മൂന്നു മിനിറ്റു സമയം കുട്ടികൾ എഴുതുന്നു. - ഏറ്റവും കൂടുതൽ എഴുതിയതാര്? - പൊതുവായി പറയുന്നു - അഞ്ചംഗ ഗ്രൂപ്പിൽ പറയുന്നു - അഞ്ചംഗ ഗ്രൂപ്പിൽ ക്രോഡീകരണം. - ഗ്രൂപ്പിൽ ഓരോരുത്തരും അവതരണം - ഈ വേളയിൽ അർത്ഥപൂർണമായ പദങ്ങൾ തന്നെയാണ് എഴുതിയിട്ടുള്ളത് എന്ന് ഉറപ്പാക്കണം - തുടർന്ന് ഓരോ ഗ്രൂപ്പും ഒരു പദം പറയുന്നു. മറ്റുള്ളവർ പറഞ്ഞ പദങ്ങൾ പറയരുത് - കുട്ടികൾ പറയുമ്പോൾ ടീച്ചർ ബോർഡിൽ എഴുതണം - ഗ്രൂപ്പുകൾ അർത്ഥശൂന്യമായ പദങ്ങൾ പറഞ്ഞാൽ നെഗറ്റീവ് പോയിന്റ് - പദങ്ങൾ തീർന്ന് പോയാലും ഔട്ട് - അവസാനം വരെ പദങ്ങൾ പറയുന്ന ഗ്രൂപ്പ് വിജയിക്കും - ടീച്ചറുടെ കൂട്ടിച്ചേർക്കൽ. (മറ്റു സന്ദർഭങ്ങളിൽ ഈ കളി എങ്ങനെയെല്ലാം ഉപയോഗപ്പെടുത്താം?) കാട്ടുചോല, കാട്ടുപക്ഷി, കാട്ടരുവി, കാട്ടുപൂവ്, കാട്ടാറ്, കാട്ടുമൃഗം, കാട്ടുകോഴി, കാട്ടറിവ്, കാട്ടുവള്ളി, കാട്ടുതേൻ, കാട്ടുപോത്ത്, കാട്ടാന, കാട്ടാളൻ, കാട്ടുകുറിഞ്ഞി, കാട്ടുപൂച്ച.

## 7.ഉചിതമായവ പൂരിപ്പിക്കുക

- പേജ് 31 ലെ ഉചിതമായവ പൂരിപ്പിക്കാം എന്ന പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു. - അവതരണം-ചർച്ച. ഇതുപോലെ മറ്റെന്തെല്ലാം പദങ്ങൾ കണ്ടെത്താം? കുട്ടികൾ പറയുന്നു - ടീച്ചർ ബോർഡിൽ എഴുതുന്നു - തുടർന്ന് വർക്ഷീറ്റ് നൽകുന്നു. 4108 - വ്യക്തിഗതമായി പൂരിപ്പിക്കുന്നു. - ഗ്രൂപ്പിൽ അവതരണം - ചർച്ച - ഇത്തരം പ്രയോഗങ്ങൾ രചനക്ക് മിഴിവേകും എന്ന ധാരണ ക്രോഡീകരിക്കുന്നു.

### 8. പോസ്റ്റർ തയ്യാറാക്കാം.

- പേജ് 32 ലെ പ്രവർത്തനം വായിക്കുക. - എന്താണ് ചെയ്യേണ്ടത്? കുട്ടികൾ പ്രതികരിക്കുന്നു.
- പോസ്റ്റർ എങ്ങനെ തയ്യാറാക്കാം? ചർച്ച (കാടിനു നേർക്കുള്ള അതിക്രമങ്ങൾക്കെതിരെയാണ് പോസ്റ്റർ) - എങ്കിൽ എന്താണ് എഴുതുക? - പോസ്റ്റർ വാക്യങ്ങൾ എഴുതുന്നതിനു മുമ്പ് ചില പോസ്റ്റർ അവതരിപ്പിച്ച് സവിശേഷതകൾ കണ്ടെത്തുന്നു. ഉദാ- ആരോഗ്യവകുപ്പിന്റെ പോസ്റ്റർ (പകർച്ചവ്യാധി തടയാൻ) - മികച്ച പോസ്റ്ററിന്റെ സൂചകം വികസിപ്പിക്കുന്നു.

o ആകർഷകമായ ഭാഷ o വാക്യം, ചിത്രം ക്രമീകരണം (ലേ ഔട്ട്)
o സംക്ഷിപ്തംo ആശയ സമഗ്രത

- വ്യക്തിഗതമായി പോസ്റ്റർ നോട്ടുബുക്കിൽ തയ്യാറാക്കി ഗ്രൂപ്പിൽ അവതരണം - സൂചകങ്ങൾ വെച്ച് വിലയിരുത്തുന്നു. പൊതു അവതരണം - ചർച്ച, പരസ്പര വിലയിരുത്തൽ - ടീച്ചർ തയ്യാറാക്കിയ പോസ്റ്റർ പ്രദർശിപ്പിക്കുന്നു - കുട്ടികൾ വിലയിരുത്തുന്നു - മികവുകൾ ചർച്ച. സ്വന്തം ഗ്രൂപ്പിന്റെ രചനയുമായി താരതമ്യം.



**പ്രതികരണപേജിലേക്ക്**

- കുട്ടികളുടെ പങ്കാളിത്തം എത്രമാത്രം ? - സർഗ്ഗാത്മക രചനയിൽ കുട്ടികളുടെ മികവ് വികസിച്ചിട്ടുണ്ടോ? - കുട്ടികൾ നേരിടുന്ന പ്രശ്നം എന്താണ്? - തിരിച്ചറിവുകൾ എന്തെല്ലാം?

**9. പത്രവാർത്ത തയ്യാറാക്കാം**

- കുട്ടികളെ നാലംഗങ്ങളുള്ള സംഘമാക്കുന്നു. - എല്ലാ ഗ്രൂപ്പിനും മുൻദിവസങ്ങളിലെ ഓരോ പത്രം നൽകുന്നു. - എല്ലാവരും അതിൽനിന്ന് ഒരു വാർത്ത കണ്ടെത്തണം (വ്യക്തിഗതം) - എന്തുകൊണ്ടാണ് ഈ വാർത്ത തെരഞ്ഞെടുത്തത്? - കുട്ടികൾ പ്രതികരിക്കുന്നു - വാർത്തയിൽ എന്തെല്ലാമുണ്ട്? കുട്ടികൾ പൊതുവായി പറയുന്നു. (തലക്കെട്ട്, സ്ഥലം, സംഭവം, അഭിപ്രായങ്ങൾ) - ടീച്ചർ ബോർഡിൽ എഴുതുന്നു - വീണ്ടും വാർത്ത വായിക്കുന്നു. - പുതിയ വാക്യങ്ങൾ കൂട്ടിച്ചേർക്കുന്നു - ടീച്ചർ ക്രോഡീകരിക്കുന്നു.

ഒരു വാർത്തയുടെ സവിശേഷതകൾ

o ആകർഷകമായ തലക്കെട്ട് o നടന്ന സ്ഥലം o സംഭവത്തെക്കുറിച്ചുള്ള വിശദാംശം o ലേഖകന്റെ (പത്രത്തിന്റെ) അഭിപ്രായം

- എങ്കിൽ വനശബ്ദം പത്രത്തിൽ വന്ന തലക്കെട്ട് ***മഴകോരിച്ചൊരിഞ്ഞപ്പോൾ തീയണഞ്ഞു***.

- എന്തായിരിക്കും ഈ തലക്കെട്ടിനു താഴെ കൊടുത്ത വാർത്ത ? - നാം ചർച്ച ചെയ്ത വാർത്തയുടെ സവിശേഷതകൾ ഉൾക്കൊണ്ട് വാർത്ത തയ്യാറാക്കണം. പുതിയ തലക്കെട്ടും നൽകാം - വ്യക്തിഗതമായി എഴുതുന്നു. (10 മിനുട്ട്) - നാലംഗ ഗ്രൂപ്പിൽ വായിച്ചവതരണം - സൂചകങ്ങൾ വായിച്ച് വിലയിരുത്തുന്നു - പൊതു അവതരണം- പരസ്പരം വിലയിരുത്തൽ, മെച്ചപ്പെടുത്തൽ - ടീച്ചർവേർഷൻ അവതരണം (4161) - ടീച്ചർവേർഷൻ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു - കുട്ടികൾ സൂചകങ്ങൾ വെച്ച് വിലയിരുത്തുന്നു - സ്വന്തം രചനയുമായി താരതമ്യം ചെയ്യുന്നു - മികവുകൾ തിരിച്ചറിയുന്നു. സ്വന്തം രചന മെച്ചപ്പെടുത്തുന്നു.

**10. എഡിറ്റിംഗ്**

- ഒരു ഗ്രൂപ്പിന്റെ രചന ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു - വിശകലന ചോദ്യങ്ങളിലൂടെ വാർത്ത എഡിറ്റ് ചെയ്യുന്നു. ചാർട്ടിൽ തിരുത്തുന്നു.

**ആശയം :**

- വാർത്തയുമായി ബന്ധപ്പെട്ട എല്ലാ ആശയങ്ങളും വന്നിട്ടുണ്ടോ ? - ഏതെങ്കിലും ആശയങ്ങൾ കൂട്ടിച്ചേർക്കേണ്ടതുണ്ടോ ? - സംഭവവുമായി ബന്ധമില്ലാത്ത വാക്യങ്ങൾ ഒഴിവാക്കേണ്ടതുണ്ടോ?

**വാക്യഘടന**

- വാക്യങ്ങളിൽ വാക്കുകൾ ക്രമം തെറ്റാതെ ഉപയോഗിച്ചിട്ടുണ്ട്. - അനാവശ്യ പദങ്ങൾ കടന്നു ഒഴിവാക്കിയിട്ടുണ്ട്.

**പദം**

- സന്ദർഭത്തിനനുയോജ്യമായ പദങ്ങളാണ് - പദങ്ങളുടെ ആവർത്തനം ഒഴിവാക്കിയിട്ടുണ്ട് അക്ഷരം - അക്ഷരം, ചിഹ്നം എന്നിവ ശരിയായി ഉപയോഗിച്ചിരിക്കുന്നു - അക്ഷരം, പദം, വാക്യം എന്നിവ അകലം പാലിച്ച് എഴുതിയിട്ടുണ്ട്.

**വ്യവഹാരൂപം**

- വാർത്തയുടെ സവിശേഷതകൾ പാലിച്ചിട്ടുണ്ട്. (ആകർഷകമായ തലക്കെട്ട്, ലളിതമായ ഭാഷ, സ്ഥലം, സംഭവം, അഭിപ്രായം) - മറ്റു രചനകൾ പരസ്പരം കൈമാറി എഡിറ്റ് ചെയ്യുന്നു. - നിർദേശങ്ങൾ എഴുതിക്കൊടുക്കുന്നു - നിർദേശങ്ങൾക്കനുസരിച്ച് മാറ്റം വരുത്തുന്നു - നോട്ട്ബുക്കിൽ കുറിക്കുന്നു

**പ്രതികരണപേജിലേക്ക്**

o എത്ര പേർക്ക് മികച്ച നിലയിൽ എഴുതാൻ കഴിഞ്ഞു. o മറ്റു കുട്ടികൾ നേരിടുന്ന പ്രശ്നവും കാരണവും എന്താണ്. o എഡിറ്റിംഗ് പ്രക്രിയയിൽ കുട്ടികളുടെ പങ്കാളിത്തം കൂടുന്നുണ്ടോ? മറ്റു തിരിച്ചറിവുകൾ

**11. എത്ര കിളിയുടെ പാട്ടറിയാം?**

- പാഠപുസ്തകത്തിലെ പേജ് 32 ലെ കവിത എന്തിനെക്കുറിച്ചാണ്? - ഒരു മിനിറ്റു കൊണ്ട് വായിച്ചുത്തരം പറയണം.



- മത്സരം തുടങ്ങാനും അവസാനിപ്പിക്കാനും ടീച്ചർ കയ്യടിക്കുന്നു- കുട്ടികൾ വായിച്ച് ആശയം കണ്ടെത്തിയവർ പറയുന്നു - ടീച്ചർ ബോർഡിൽ എഴുതുന്നു - കിളിയെക്കുറിച്ച്, പാട്ടിനെക്കുറിച്ച്, പഴത്തെക്കുറിച്ച് - എങ്കിൽ വീണ്ടും വായിച്ച് ആശയം കണ്ടെത്തുക - വീണ്ടും വായന - ഇഷ്ടപ്പെട്ട വരി കണ്ടെത്തുന്നു. അറിയുന്നവ, അറിയാത്തവ കണ്ടെത്തുന്നു.
- മൂന്നംഗ ഗ്രൂപ്പിൽ ചർച്ച - പൊതു അവതരണം - ടീച്ചറുടെ ക്രോഡീകരണം
- കവിതക്ക് വ്യക്തിഗതമായി ഈണം നൽകുന്നു - ഗ്രൂപ്പിൽ അവതരണം - മറ്റു ഗ്രൂപ്പുകളും ടീച്ചറും വിലയിരുത്തുന്നു. ചർച്ച - ടീച്ചറുടെ ആലാപനം/ മൊബൈൽ/സിഡി - വിലയിരുത്തൽ - മെച്ചപ്പെടുത്തൽ
- സർഗ്ഗവേദി, സിപിടിഎ അവതരണം - കവിതകളുടെ പൂർണരൂപം മുൻപാഠപുസ്തകത്തിൽ നിന്നും ശേഖരിക്കൽ.

**പ്രതികരണപേജിലേക്ക്**

- എല്ലാവർക്കും നന്നായി കവിത ചൊല്ലാൻ കഴിയുന്നുണ്ടോ? - ആശയഗ്രഹണത്തിന് പ്രയാസം നേരിട്ടുവോ? - കവിതയുടെ പൂർണരൂപം ശേഖരിക്കാൻ കഴിഞ്ഞോ?

**12. ആസ്വാദനക്കുറിപ്പ്**

- കവിത വായിച്ച് ആസ്വദിച്ചില്ലേ, നിങ്ങളുടെ അനുഭവങ്ങൾ എടുത്ത് എഴുതണം - കവിതയിൽ പറയുന്നത് എന്തിനെക്കുറിച്ചാണ്? - എന്തിനാണ് ഇത് പറയുന്നത് ? - ചോദ്യങ്ങൾ കേട്ടപ്പോൾ മനസ്സിലെ ചിന്ത എന്തായിരുന്നു? - കവിത ഇഷ്ടപ്പെട്ടത് എന്തുകൊണ്ട്? - ഈ കവിത നമ്മോട് പറയുന്നതെന്ത്? - ചാർട്ട് പ്രദർശിപ്പിക്കുന്നു. കുട്ടികൾ പൊതുവായി ചോദ്യങ്ങളോട് പ്രതികരിക്കുന്നു.
- ടീച്ചർ ഇടപെടുന്നു - ക്രോഡീകരിക്കുന്നു. - തുടർന്ന് സ്വന്തമായി ആസ്വാദനക്കുറിപ്പ് എഴുതുന്നു.(10 മിനിറ്റ്) - നിങ്ങൾ എന്തെല്ലാം കാര്യങ്ങളാണ് ആസ്വാദനക്കുറിപ്പിൽ ഉൾപ്പെടുത്തിയത്?
കുട്ടികളുടെ പങ്കാളിത്തത്തോടെ സൂചകം വികസിപ്പിക്കുന്നു.
o കവിതയുടെ ആശയം ഉൾപ്പെടുത്തിയിട്ടുണ്ട് o ശബ്ദഭംഗി, ഈണം എന്നിവയെക്കുറിച്ച് എഴുതിയിട്ടുണ്ട് o സ്വന്തം അഭിപ്രായം, ഇഷ്ടം എന്നിവ എഴുതിയിട്ടുണ്ട് o പ്രയോഗഭംഗി സൂചിപ്പിച്ചിട്ടുണ്ട് - എങ്കിൽ ഈ സൂചകങ്ങൾ വെച്ച് വിലയിരുത്തണം - മൂന്നംഗ ഗ്രൂപ്പിൽ വായിച്ചവതിപ്പിക്കുന്നു - സൂചകങ്ങൾ വെച്ച് വിലയിരുത്തുന്നു - മെച്ചപ്പെടുത്തുന്നു - മികച്ചവ പൊതു അവതരണം - സൂചകം വെച്ച് വിലയിരുത്തുന്നു - ടീച്ചറുടെ രചന അവതരണം (4162) - കുട്ടികൾ ചാർട്ട് വായിക്കുന്നു - സ്വന്തം രചനയുമായി താരതമ്യം (ആശയം, ഭാഷ, വാക്യഘടന) സൂചകം വെച്ച് വിലയിരുത്തുന്നു. ചർച്ച - ടീച്ചറുടെ ക്രോഡീകരണം.

**പ്രതികരണപേജിലേക്ക്**

- എല്ലാവർക്കും എഴുതാൻ കഴിഞ്ഞോ ? - പരിമിതികൾ ചർച്ചയിലൂടെ തിരിച്ചറിഞ്ഞോ?
- ടീച്ചർവേർഷൻ എങ്ങനെ സഹായകമായി ? - മറ്റു തിരിച്ചറിവുകൾ - തുടർനടപടികൾ

## 13. വിലയിരുത്തൽ

- പാഠപുസ്തകം പേജ് 33 ലെ വിലയിരുത്തൽ കുട്ടികൾ സ്വയം ചെയ്യുന്നു. - രചന വായിച്ച് വിലയിരുത്തൽ - രേഖപ്പെടുത്തൽ ചർച്ച ചെയ്യുന്നു (ഗ്രൂപ്പിൽ). - ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നു.

**14 . പച്ചോല കൊണ്ടൊരു പച്ചത്തത്ത**

- കുട്ടികളോട് പച്ചോല കൊണ്ടുവരാൻ മുൻകൂട്ടി പറയണം - ഏതെല്ലാം കിളികളെ നമുക്ക് ഉണ്ടാക്കാനറിയാം.? കുട്ടികൾ സ്വയം ശ്രമിക്കുന്നു. - അറിയുന്ന കുട്ടികൾ മറ്റുള്ളവെരെ സഹായിക്കുന്നു.
- ടീച്ചർ, പ്രാദേശിക വിദഗ്ധർ കുട്ടികളെ സഹായിക്കുന്നു. തയ്യാറാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കുന്നു
- അഭിനന്ദിക്കുന്നു.

**പ്രതികരണ പേജിലേക്ക്**

o എല്ലാവർക്കും പങ്കാളിത്തം ലഭിച്ചിട്ടുണ്ടോ? o ആരെല്ലാം നന്നായി കിളിയെ ഉണ്ടാക്കി?
o കണ്ടെത്തലുകൾ

**15. എഴുതാം അഭിനയിക്കാം**

- പാഠപുസ്തകം പേജ് 34 ലെ ചിത്രത്തിലേക്ക് കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കുന്നു - ചിത്രത്തിൽ ആരൊക്കെയുണ്ട് ? (ചോദ്യം പിന്നോക്കക്കാരോട്) - കുട്ടികൾ പ്രതികരിക്കുന്നു.
- അവർ എന്തിനായിരിക്കും ഇത്തരത്തിൽ ഒരുമിച്ചുകൂടിയത് ?

- കാട്ടിലെ രാജാവായ മൃഗരാജനും മറ്റു മൃഗങ്ങളും എന്തെല്ലാം വിഷയങ്ങളെക്കുറിച്ചായിരിക്കും സംസാരിച്ചിട്ടുണ്ടാവുക - ഇവർ തമ്മിലുള്ള സംഭാഷണം ആലോചിക്കാൻ കുട്ടികൾക്ക് സമയം നൽകുന്നു.
- തുടർന്ന് പൊതുവായി ചർച്ച ചെയ്യുന്നു. കുട്ടികൾ പറയുന്ന കാര്യങ്ങൾ ടീച്ചർ പങ്കാളിത്ത സ്വഭാവത്തോടെ ക്രോഡീകരിച്ച് ബോർഡിൽ എഴുതുന്നു. ഠ കാടിനു തീ പിടിച്ചത് ഠ മനുഷ്യരാണ് അതിനുത്തരവാദി ഠ കാട്ടിൽ മനുഷ്യർ അതിക്രമിച്ച് കയറിയത് ഠ മനുഷ്യരെ ഇനി കാട്ടിലേക്ക് പ്രവേശിപ്പിക്കാതിരിക്കാനുള്ള മാർഗ്ഗം ഠ ഒരുമിച്ച് നിൽക്കണമെന്ന ആഹ്വാനം
ഠ ...................................................................... ഠ ......................................................................



- തുടർന്ന് വ്യക്തിഗതമായി സംഭാഷണം രചിക്കുന്നു - ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു (ഗ്രൂപ്പ് നിയമങ്ങൾ പാലിക്കുന്നു എന്നുറപ്പാക്കുന്നു) - മെച്ചപ്പട്ടവ തെരഞ്ഞെടുക്കുന്നു - പൊതുവായി അവതരിപ്പിക്കുന്നു.
- രചന മെച്ചപ്പെടുന്നതിന് സഹായകമായ ചോദ്യങ്ങൾ ടീച്ചർ ഉന്നയിക്കുന്നു. ചാർട്ട് ചെയ്യുന്നു - ഒരു പ്രത്യേക വിഷയത്തെ അടിസ്ഥാനമാക്കിയാണോ സംഭാഷണം രചിച്ചിട്ടുള്ളത്? - ഏതു വിഷയമാണ് ഉദ്ദേശിച്ചത്? - ആകർഷകമായ തുടക്കം ഉണ്ടായിട്ടുണ്ടോ? - ആദ്യ സംഭാഷണഭാഗത്തോട് ചേർന്നു നിൽക്കുന്ന വാക്യങ്ങളാണോ തുടർന്നും ഉണ്ടാക്കിയത്? - ഒരു ആശയം പൂർണമായും അവസാനിപ്പിച്ചിട്ടുണ്ടോ? - ചോദ്യങ്ങളും ഉത്തരങ്ങളും തിരിച്ചുള്ള ചോദ്യങ്ങളും ഉണ്ടാകുന്ന രീതിയിലുള്ള വാക്യമാതൃകകൾ സ്വീകരിച്ചിട്ടുണ്ടോ? - വിവിധ ഗ്രൂപ്പുകൾ തെരഞ്ഞെടുത്ത സംഭാഷണം അവതരിപ്പിക്കുന്നു - മേൽ സൂചകങ്ങൾ അടിസ്ഥാനപ്പെടുത്തി അഭിപ്രായം പറയാൻ കുട്ടികൾക്ക് അവസരം നല്കുന്നു - ഗ്രൂപ്പ് വിലയിരുത്തൽ നടത്തണം. തുടർന്ന് ടീച്ചർ സ്വന്തം രചന അവതരിപ്പിക്കുന്നു - സ്വന്തം രചന ടീച്ചർ വേർഷനുമായി താരതമ്യം ചെയ്ത് മെച്ചപ്പെടുത്തി എഴുതുന്നു.

**വിലയിരുത്തുമ്പോൾ ടീച്ചർക്ക്**

ഠ അനുയോജ്യമായ തുടക്കം, വളർച്ച, ഒടുക്കം ഠ വിനിമയങ്ങളുടെ ചേർച്ച, സ്വാഭാവികത ഠ വികാരത്തിനും സന്ദർഭത്തിനും അനുസരിച്ച് സംബോധന, ചിഹ്നം ചേർക്കൽ

## 16. വിരുന്നുകാർ ആരൊക്കെ?

കുട്ടികൾ പാഠപുസ്തകം പേജ് 34 ലെ വിരുന്നുകാർ ആരൊക്കെ? - ചോദ്യം വായിക്കുന്നു - ചർച്ച...
- നമ്മുടെ പരിസരത്ത് ഇടക്കിടെ വിരുന്ന് വരുന്ന പക്ഷികൾ ആരൊക്കെ? - വ്യക്തിഗതമായി ലിസ്റ്റ് ചെയ്യുന്നു - ബോർഡിൽ എഴുതുന്നു - ചെമ്പോത്ത്, മഞ്ഞക്കിളി, തത്ത, മരംകൊത്തി, വവ്വാൽ, കുയിൽ, കരിയില, മൈന, പരുന്ത്, കൊക്ക് ഇവയുടെ പ്രത്യേകതകളെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കാമോ? ഈ കുറിപ്പിൽ എന്തൊക്കെ ഉൾപ്പെടുത്താം. ചർച്ച ബോർഡിൽ ലിസ്റ്റ് ചെയ്യുന്നു - കാണുന്ന സ്ഥലം, - നിറം, വലിപ്പം - കണ്ണുകൾ, കാലുകൾ, ചുണ്ടുകൾ - പ്രത്യേകത - വിളിക്കുന്ന പേര് - കൂട്ടത്തോടെയാണോ ഒറ്റക്കാണോ വരുന്നത്? - ആഹാരം
- ..............................
- ..............................
- തുടർന്ന് ഇവയെല്ലാം ഉൾപ്പെടുത്തി കുട്ടികൾ വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കുന്നു - ക്ലാസിൽ അവതരണം - മെച്ചപ്പെടുത്തേണ്ടത് - ചർച്ച - ക്രോഡീകരണം - മെച്ചപ്പെടുത്തി ചിത്രങ്ങൾ ഒട്ടിച്ച് എ4 പേപ്പറിൽ എഴുതി പക്ഷിപ്പതിപ്പാക്കാവുന്നതാണ് - തുടർപ്രവർത്തനമായി വീട്ടിൽ വെച്ച് മെച്ചപ്പെടുത്തി കൊണ്ടുവന്നാൽ മതിയാകും - (പക്ഷിയുമായി ബന്ധപ്പെട്ട് ഭംഗി, പ്രത്യേകത, ചൊല്ലുകൾ, ശൈലികൾ ഇവയെല്ലാം ഉൾപ്പെടുത്താൻ ടീച്ചർ നിർദേശം നൽകണം. വർണനാപരമായ കുറിപ്പുകൾക്ക് പ്രാധാന്യം നൽകണം. പരിസരപഠന നിരീക്ഷണക്കുറിപ്പുകളാകാതിരിക്കാൻ ശ്രദ്ധിക്കണം.)

## 17. കഥ തുടരാം

മഴയാണ് ഞാവൽക്കാടിനെ തീയിൽ നിന്ന് രക്ഷിച്ചത്. മഴ പെയ്തില്ലായിരുന്നെങ്കിലോ... ബാക്കി കഥ എന്താകുമായിരിക്കു?. കുട്ടികൾ പ്രതികിക്കുന്നു. ചില കുട്ടികൾ ബാക്കി പറയുന്നു. തുടർന്ന് ചില ചോദ്യങ്ങൾ ചോദിക്കുന്നു. ഠ ആരൊക്കെയാണ് ഇതിലെ പ്രധാന കഥാപാത്രങ്ങൾ? ഠ അങ്ങനെയാണെങ്കിൽ ഇനിയും ആരെയൊക്കെ ചേർക്കാം? ഠ പ്രധാന സംഭവങ്ങൾ ഇനിയെന്തൊക്കെ ഉണ്ടാകാം? ഠ ഈ കഥയിലൂടെ എന്തെങ്കിലും സന്ദേശങ്ങൾ നൽകാൻ കഴിയുമോ

? ഠ തുടർന്ന് പാഠഭാഗത്തിലെ അർധരാത്രി സമയം...... എന്നു തുടങ്ങുന്ന ഖണ്ഡിക മുതൽ മാറ്റി എഴുതാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. (വ്യക്തിഗതം 15 മിനുട്ട്) ഠ തുടർന്ന് വിലയിരുത്തൽ സൂചിക കുട്ടികളുടെ പങ്കാളിത്തത്തോടെ തയ്യാറാക്കുന്നു.

## കഥ വിലയിരുത്തുമ്പോൾ

ഠഏതെങ്കിലും വാക്കുകൾ ആവശ്യമില്ലാതെ ഉപയോഗിച്ചിട്ടുണ്ടോ?
ഠ ആവശ്യമായ വാക്കുകൾ വിട്ടുപോയിട്ടുണ്ടോ?
പദം : ഠ അനുയോജ്യമായ പദങ്ങളാണോ ഉപയോഗിച്ചിട്ടുള്ളത്?
ഠ പദങ്ങളുടെ ആവശ്യമില്ലാത്ത ആവർത്തനം വന്നിട്ടുണ്ടോ? ഠ രചനയിൽ സവിശേഷ പ്രയോഗങ്ങളുണ്ടോ?
അക്ഷരം : ഠഅക്ഷരം ചിഹ്നം എന്നിവ കൃത്യമായി ഉപയോഗിച്ചിട്ടുണ്ടോ?
ഠ വാക്കുകൾ വാക്യങ്ങൾ എന്നിവ കൃത്യമായ അകലം പാലിച്ചാണോ എഴുതിയിരിക്കുന്നത് ?
വ്യവഹാരരൂപം: കഥ
ഠ കഥ വായനക്കാരിൽ താത്പര്യം ഉണർത്തുന്നതാണോ? ഠ അനുയോജ്യമായ കഥാപാത്രങ്ങളാണോ ? ഠ ഭാഷാപ്രയോഗങ്ങൾ മികച്ചതും അനുയോജ്യവുമാണോ? ഠ കഥയുടെ തുടക്കം ഒടുക്കം എന്നിവ ആകർഷകമാണോ? ഠ തലക്കെട്ട് ആകർഷകവും അശയവുമായി ബന്ധമുള്ളതുമാണോ?



- വിലയിരുത്തൽ സൂചികയുടെ അടിസ്ഥാനത്തിൽ കുട്ടികൾ കഥ മെച്ചപ്പെടുത്തി എഴുതുന്നു - ഏതാനും ചിലർ അവതരിപ്പിക്കുന്നു - ടീച്ചർവേർഷൻ അവതരിപ്പിക്കുന്നു. 4164

**18. ഞാൻ എന്നെക്കുറിച്ച്**

- പാഠപുസ്തകത്തിൽ നൽകിയ യൂണിറ്റ് വിലയിരുത്തൽ വ്യക്തിഗതമായി ചെയ്യുന്നു. - കുട്ടിയുടെ പ്രവർത്തനങ്ങളുമായി ടീച്ചർ വിലയിരുത്തൽ തട്ടിച്ചു നോക്കുന്നു. - വിലയിരുത്തലിലെ മികവും മെച്ചപ്പെടേണ്ട കാര്യവും കുട്ടിയേയും രക്ഷിതാവിനെയും ബോധ്യപ്പെടുത്തുന്നു.

PENCIL
Process Ensuring for Natural Classroom Interaction and Learning
എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ

DIET MALAPPURAM

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വർക്ഷീറ്റ് 4107

| ക്ലാസ് : 4 | യൂണിറ്റ് 2 - ഹരിതം | മൊഡ്യൂൾ 5. ഞാവൽക്കാട് |
|---|---|---|

പേര്: ........................................................ സ്കൂൾ ........................................................-

## പ്രയോഗഭംഗി കണ്ടെത്താം

| പ്രയോഗങ്ങൾ | ആശയം/പ്രയോഗഭംഗി |
|---|---|
| കരിവ ിൻ നിറമുള്ള ഞാവൽപ്പഴങ്ങൾ | |
| അകലെനിന്ന് നാവുനീട്ടിക്കൊ ് അരിച്ചരിച്ച് വരുന്ന തീ | |
| പാറിപ്പറക്കുന്ന പുക | |
| തുള്ളിക്കൊരു കുടം എന്ന മട്ടിൽ മഴ | |
| മഴ കോരിച്ചൊരിയുക | |

PENCIL

Process Ensuring for Natural Classroom Interaction and Learning

എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വർക്ക്ഷീറ്റ് 4108

DIET MALAPPURAM

| ക്ലാസ് : 4 | യൂണിറ്റ് 2 - ഹരിതം | മൊഡ്യൂൾ 5. ഞാവൽക്കാട് |
|---|---|---|

പേര് ........................................ സ്കൂൾ ........................................


ഒറ്റയ്ക്കു നിൽക്കുമ്പോൾ അർത്ഥബോധം ഉണ്ടാക്കാത്ത എന്നാൽ വാക്യസന്ദർഭങ്ങളിൽ അർത്ഥമുളവാക്കുന്ന ധാരാളം പദങ്ങൾ ഭാഷയിലുണ്ട്. അവയുടെ പ്രയോഗ സന്ദർഭങ്ങൾ കണ്ടെത്തി എഴുതൂ.

| പദങ്ങൾ | അർത്ഥപൂർണമായ വാക്യങ്ങൾ |
|---|---|
| കലപില | പക്ഷികൾ കലപില ശബ്ദമു ാക്കി |
| കിടുകിടെ | |
| മണിമണി | |
| കിലുകിലെ | |
| മടമടാ | |
| കുടുകുടെ | |
| കടകട | കാളവ ിയുടെ കടകട ശബ്ദം കേട്ടു |
| പരപര | നേരം പരപര വെളുത്തു |
| കറുമുറെ | |
| ചറപറ | |
| തുരുതുരെ | |

| ക്ലാസ് : 4 | യൂണിറ്റ് 2 - ഹരിതം | മൊഡ്യൂൾ 5. ഞാവൽക്കാട് |
|---|---|---|

# ഞാവൽക്കാട്ടിൽ മഴ, കിളിമനസ്സിൽ തീയണഞ്ഞു.

ഞാവൽക്കാട്: ഞാവൽക്കാട്ടിൽ ഇന്നലെ അർദ്ധരാത്രിയോടെ പെരുമഴ പെയ്തു. കഴിഞ്ഞ ദിവസം നാട്ടുമനുഷ്യർ കാടു കയ്യേറി തീയിട്ടിരുന്നു. ഞാവൽമരത്തിലെ പക്ഷികൾ ഏറെ വിഷമിച്ചിരിക്കുകയായിരുന്നു. ആ സമയത്താണ് പേമാരി പെയ്തത്. കാട്ടുതീയും കിളികളുടെ മനസ്സിലെ തീയും അണയ്ക്കാൻ കോരിച്ചൊരിയുന്ന മഴക്കു കഴിഞ്ഞു. മഴ ഇന്നും തുടരുകയാണ്. മഴ വക വെക്കാതെ പക്ഷികൾ ഞാവൽമരത്തിനു ചുറ്റും പറന്നു സന്തോഷം പ്രകടിപ്പിക്കുന്നുണ്ട്. ശക്തമായ മഴവെള്ളപ്പാച്ചിലിൽ പെട്ട കാടു കയറിയ മനുഷ്യരെ ഇനിയും കണ്ടു കിട്ടിയിട്ടില്ല. ഇനി മനുഷ്യരുടെ ശല്യം ഉണ്ടാകില്ലെന്ന് പക്ഷികളുടെ നേതാവ് ഞങ്ങളോട് പറഞ്ഞു. കാടുണർന്നാലേ നാടുണരൂ എന്ന സത്യം മനുഷ്യൻ ഇനിയെങ്കിലും മനസ്സിലാകട്ടെ അദ്ദേഹം കൂട്ടിച്ചേർത്തു.



# ഒത്തിരി അറിയാൻ

നമ്മുടെ അറിവ് വളരെ കുറവ്. ഇനിയും എത്രയോ അറിയാനുണ്ട് എന്ന് ഓർമ്മിപ്പിക്കുന്നു പി മധുസൂദനന്റെ എത്ര കിളിയുടെ പാട്ടറിയാം എന്ന കവിത. പ്രകൃതിയിലെ ജീവജാലങ്ങളെക്കുറിച്ചുള്ള ചോദ്യത്തിലൂടെ നമ്മുടെ അറിവിന്റെ ആകാശം വലുതാക്കാൻ ശ്രമിക്കുകയാണ് കവി. സുന്ദരമായ ഈ ലോകത്തുള്ള എത്ര കിളിയെ, എത്ര പഴത്തെ, എത്ര പൂവിനെക്കുറിച്ച് നമുക്കറിയാം? കവിത വായിക്കുമ്പോൾ നാം തിരിച്ചറിയും നമുക്ക് ഇനിയുമിനിയും ഏറെ അറിയാനുണ്ടെന്ന്. അറിയാൻ പ്രകൃതിയുമായി അടുക്കണം. പ്രകൃതിയെ തൊട്ടറിയണം. ശ്രദ്ധിച്ചു നോക്കണം. ചെവി കൂർപ്പിച്ചിരിക്കണം. മഴയും വെയിലും കുളിരും അനുഭവിക്കണം. ലളിതമായ ഭാഷ, അക്ഷരങ്ങളുടെ ആവർത്തനം എന്നിവ കവിതക്ക് ഭംഗി നൽകുന്നു. ആസ്വാദ്യമാക്കുന്നു. കവിതയിലെ ഓരോചോദ്യവും വന്നു തറക്കുന്നത് മനസ്സിലാണ്. ഈ ചെറിയ കവിത ആശയത്തിന്റെ വലിയ ലോകമാണ് നമുക്ക് മുന്നിൽ തുറന്നു വെക്കുന്നത്. എത്ര പുഴയുടെ കുളിരറിയാം എന്ന വരി എനിക്ക് ഏറെ ഇഷ്ടമായി. ചാലിയാറിൽ കുളിക്കുമ്പോഴുള്ള അനുഭവമല്ല മറ്റൊരു പുഴയിൽ കുളിക്കുമ്പോഴുള്ളത്. ചാലിയാർ മഴക്കാലത്തും വേനൽക്കാലത്തും രണ്ട് പുഴയായാണ് എനിക്കനുഭവപ്പെടുന്നത്. ഓരോ കാലത്തും മനുഷ്യരെപ്പോലെ പുഴയും ഭാവം മാറുന്നുണ്ട്. ഇത്തരം ചിന്തകൾ മനസ്സിൽ കൊണ്ടുവരാൻ ഈ വരികൾക്ക് കഴിയുന്നുണ്ട്. വീണ്ടും വീണ്ടും വായിക്കാൻ തോന്നുന്ന ഈ കവിത എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കും, നിങ്ങളുടേയും.



| ക്ലാസ് : 4 | യൂണിറ്റ് 2 - ഹരിതം | മൊഡ്യൂൾ 5. ഞാവൽക്കാട് |
|---|---|---|

# കാടിനു വേണ്ടി ഒന്നിക്കാം

സിംഹരാജൻ : പ്രിയ ജീവികളേ............. നിങ്ങൾ അറിഞ്ഞു കാണുമല്ലോ നമ്മുടെ കാട്ടിലുണ്ടായ തീപ്പിടുത്തം

മൂങ്ങ : തക്കസമയത്ത് മഴ പെയ്തില്ലായിരുന്നുവെങ്കിൽ നമ്മൾ എല്ലാവരും മരിക്കുമായിരുന്നു

സിംഹരാജൻ : ശരിയാണ് നമ്മുടെ ഈ കാടിനെ നശിപ്പിക്കാൻ ചിലർ ശ്രമിക്കുന്നുണ്ട്.

ആന : സിംഹരാജൻ, അത് മനുഷ്യരാണ്

കടുവ : ശരിയാണ്, മനുഷ്യരല്ലാതെ മറ്റാരും ഈ ദ്രോഹം ചെയ്യില്ല

മുയൽ : അവർ ഇനിയും വരും ഇങ്ങനെപോയാൽ നമ്മൾ ഈ കാട്ടിൽ എങ്ങനെ ജീവിക്കും?

കടുവ : അവരെയൊക്കെയൊന്ന് കണ്ടു കിട്ടിയിരുന്നെങ്കിൽ.... കടിച്ചു കൊല്ലുകയാ വേണ്ടത്

മാൻ : അവർ നാടു നശിപ്പിച്ചു. ഇനി കാടും കൂടി നശിപ്പിക്കാനാണവർ വരുന്നത്. ബുദ്ധിയുണ്ടായിട്ടെന്താ കാര്യം.... കാടിന്റെ വില അവർ അറിയുന്നില്ല.

സിംഹം : ശരിയാണ് ........... ഇത്തരക്കാരെ ഈ കാട്ടിലേക്ക് കടക്കാൻ നാം അനുവദിക്കരുത്. അതിന് നാം എന്തു ചെയ്യും ഗരുഡമ്മാവാ

ഗരുഡമ്മാവൻ : കാടിനെ രക്ഷിക്കാൻ നമുക്കൊന്നിച്ച് പോരാടാം...
ഈ കാട് നമ്മുടേതാണ്. നമ്മുടെ വീടാണ്.... നമ്മുടെ ജീവനാണ്.... വിട്ടുകൊടുക്കരുത്. നമ്മുടെ ശക്തി അവർക്ക് അറിയാത്തതു കൊണ്ടാണ്. നാം ഒരുമിച്ച് നേരിട്ടാൽ അവർ വരില്ല.

എല്ലാവരുംകൂടി: ശരിയാണ് നമുക്ക് അങ്ങനെ ചെയ്യാം.


| ക്ലാസ് : 4 | യൂണിറ്റ് 2 - ഹരിതം | മൊഡ്യൂൾ 5. ഞാവൽക്കാട് |
|---|---|---|

# ഒരുമയുടെ വിജയം

തീ ഏതു സമയവും ഇവിടെയെത്തും....... എന്തെങ്കിലും ചെയ്യണം. ഉണ്ടക്കണ്ണൻ മൂങ്ങ ഗരുഡമ്മാവനോട് പറഞ്ഞു. അപ്പോഴേക്കും കാട്ടിലെ മൃഗങ്ങളെല്ലാം തീ പേടിച്ച് ഞാവൽമരത്തിനു താഴെ എത്തിയിട്ടുണ്ട്. ഗരുഡമ്മാവൻ എന്തെങ്കിലും ഒരു വഴി കാണാതിരിക്കില്ല. കുരങ്ങച്ചൻ പറഞ്ഞു. പക്ഷികളുടെ നേതാവായ ഗരുഡമ്മാവൻ പറഞ്ഞു തുടങ്ങി..... കൂട്ടരേ, നമുക്ക് ഒരു ആപത്ത് വന്നാൽ എല്ലാവരും ഒരുമിച്ച് നിൽക്കുകയല്ലേ വേണ്ടത്. നമ്മൾ എല്ലാവരും ഒരുമിച്ച് നിന്നാൽ കാട്ടുതീയിൽ നിന്ന് നമുക്ക് രക്ഷപ്പെടാം.

ശരിയാണ് നമുക്ക് ഒരുമിച്ചു നിന്നാൽ രക്ഷപ്പെടാം. ആന ഉറക്കെ പറഞ്ഞു..... അതിന് ഞങ്ങൾ എന്താണ് ചെയ്യേണ്ടത് ഗരുഡമ്മാവാ? അങ്ങ് പറയുന്നതെന്തും ഞങ്ങൾ അനുസരിക്കാം. ഉണ്ടക്കണ്ണൻ മൂങ്ങ പറഞ്ഞത് എല്ലാവരും ഏറ്റുപിടിച്ചു.

ഗരുഡമ്മാവൻ എല്ലാവർക്കും കൃത്യമായ നിർദേശങ്ങൾ നൽകി.... ഗരുഡമ്മാവൻ പറയുന്നതനുസരിച്ച് മൃഗക്കൂട്ടം പ്രവർത്തിക്കാൻ തയ്യാറായി നിന്നു. കടുവാക്കൂട്ടങ്ങൾ മനുഷ്യരുടെ നേരെ ചീറിയടുത്തു. മനുഷ്യർ നിലവിളിച്ചു കൊണ്ട് കാടു വിട്ടോടി. ഈ സമയം കുട്ടനാനയുടെ നേതൃത്വത്തിൽ ആനക്കൂട്ടങ്ങൾ കാട്ടരുവിയിലേക്കിറങ്ങി.... തുമ്പിക്കൈ നിറയെ വെള്ളം ശേഖരിച്ചു. തീയിലേക്ക് വെള്ളം ചീറ്റിയൊഴിച്ചു. മറ്റു മൃഗങ്ങളെല്ലാം തന്നാലാകും വിധം അരുവിയിൽ നിന്നും വെള്ളം ശേഖരിച്ചു.... തീയിലൊഴിച്ചു. എല്ലാവരുടെയും കൂട്ടായ ശ്രമത്തിനൊടുവിൽ കാട്ടുതീ അണഞ്ഞു.... എല്ലാവർക്കും ആശ്വാസമായി. എല്ലാവരും ഒത്തുകൂടി. ഗരുഡമ്മാവൻ പറഞ്ഞു. കൂട്ടരേ കണ്ടില്ലേ.. ഒരുമയുടെ വിജയം.... ഇതു നമ്മുടെ കാടാണ്. നമ്മുടെ വീടാണ്. ക്രൂരൻമാരായ മനുഷ്യരെ ഇവിടേക്ക് അടുപ്പിക്കരുത്. അവർക്ക് കാടിന്റെ നൻമ അറിയില്ല......



| ക്ലാസ് : 4 | യൂണിറ്റ് 3 - മഹിതം | മൊഡ്യൂൾ 6. പത്തായം |
|---|---|---|

| | |
|---|---|
| ആമുഖം | മുരളീധരൻ തഴക്കര രചിച്ച പത്തായം എന്ന ഈ കഥ അദ്ദേഹത്തിന്റെ ഓർമ്മയിലെ കൃഷിക്കാഴ്ചകൾ എന്ന കൃതിയിൽ നിന്നെടുത്തതാണ്. നമ്മുടെ മഹത്തായ കാർഷിക പാരമ്പര്യവും ഉത്സവാഘോഷങ്ങളുമാണ് ഇതിലെ പ്രതിപാദ്യം. നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന നന്മകളെ വീണ്ടെടുക്കുവാനും നമ്മുടെ മഹത്തായ സംസ്കാരത്തെയും പാരമ്പര്യത്തെയും സ്നേഹിക്കാനും ആദരിക്കാനും പത്തായം എന്ന ഈ പാഠഭാഗം പ്രചോദനമാകണം. |
| ആശയം | ● നമുക്ക് മഹത്തായ കാർഷിക സംസ്കാരിക പാരമ്പര്യമുണ്ട്. ● കാർഷിക ജീവിതം നമ്മുടെ ശരീരത്തിനും മനസ്സിനും ഉന്മേഷം പകരുകയും ജീവിതത്തെ ഐശ്വര്യ പൂർണ്ണമാക്കുകയും ചെയ്യുന്നു. പഴയകാല കാർഷിക ജീവിതത്തിന്റെ ഓർമ്മയും സമൃദ്ധിയും വിളിച്ചറിയിക്കുന്ന എത്രയോ പ്രതീകങ്ങളുണ്ട്. ഇത്തരത്തിലൊന്നാണ് പത്തായം. ● കാർഷിക വൃത്തി നമ്മുടെ ഭാഷയെയും സംസ്കാരത്തെയും വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. |
| പഠന നേട്ടങ്ങൾ | ● ഭക്ഷണം, കൃഷി, വീട്ടുപകരണങ്ങൾ, ശീലങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടു കണ്ടെത്തിയ പഴമകൾ കുറിപ്പുകളിലൂടെയും ചർച്ചകളിലൂടെയും അവതരിപ്പിക്കുന്നു. ● ശേഖരിച്ച വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി കുറിപ്പ് തയ്യാറാക്കുന്നു. ● പഴയ കാല കാർഷിക സംസ്കൃതിയുടെ ചരിത്രവും വർത്തമാനവും തിരിച്ചറിഞ്ഞ് രചനകൾ നിർവ്വഹിക്കുന്നു. |
| വ്യവഹാരരൂപം | ലേഖനം, പഴഞ്ചൊല്ല്, സംഭാഷണം, ചർച്ച |
| സാമഗ്രികൾ | ചാർട്ട് |
| പ്രതീക്ഷിത സമയം | 5 മണിക്കൂർ |
| പ്രവർത്തനങ്ങൾ | 1. പ്രവേശകം, 2. വായനയിലേക്ക്, 3. കണ്ടെത്താം പറയാം, 4. വിശകലനാത്മക ചോദ്യങ്ങൾ, 5. ഭാവാത്മക വായന, 6. കാർഷിക ഉപകരണങ്ങളും ഉപയോഗവും, 7. ചൊല്ലുകളും ശൈലികളും, 8. കണ്ടു മുട്ടിയാൽ - സംഭാഷണം, 9. അന്വേഷിച്ചറിയാം, 10. പത്തായം കഥ പറയുമ്പോൾ ആത്മകഥ, 11. എഡിറ്റിംഗ് |
| വർക്ക് ഷീറ്റ് | വർക്ക് ഷീറ്റ് 4109 |
| വായനാസാമഗ്രി | - കൃഷിയിലെ നാട്ടറിവുകൾ - ടീച്ചർ വേർഷൻ |
| ചുമർ പത്രം | കൃഷിയുപകരണങ്ങളും ഉപയോഗവും ആത്മകഥ - പത്തായം, ലേഖനം, പഴഞ്ചൊല്ല്, സംഭാഷണം |
| സർഗ്ഗവേദി | കലപ്പയും തേക്കുകൊട്ടയും തമ്മിലുള്ള സംഭാഷണം അഭിനയിച്ചവതരിപ്പിക്കൽ |
| സി.പി.ടി.എ. | ചുമർ പത്രങ്ങൾ - പ്രദർശനം- പഴയകാല ഉപകരണങ്ങൾ - പ്രദർശനം സംഘടിപ്പിക്കൽ - ഈ പാഠഭാഗവുമായി കുട്ടികൾ നിർമ്മിച്ച പതിപ്പുകൾ, ചുമർ പത്രങ്ങൾ, പോർട്ട് ഫോളിയോ തുടങ്ങിയവ പ്രദർശിപ്പിക്കാം |

**പ്രവർത്തനങ്ങൾ - സൂക്ഷ്മപ്രക്രിയ**

**1. പ്രവേശകം 10 മിനിറ്റ്**

നിങ്ങൾ ഉറുമ്പിനെ നിരീക്ഷിച്ചിട്ടുണ്ടോ ? - ഉറമ്പു അരിവണ്ടി കൊണ്ടു പോകുന്നതു കണ്ടിട്ടില്ലേ? എന്തിനാണ് ഇത്രയും കൂടുതൽ ആഹാര സാധനങ്ങൾ അവർ കൊണ്ടു പോയി ശേഖരിക്കുന്നത്? (ഇത്രയും ചെറിയ ഉറുമ്പുകൾ കുറെ നാളത്തേക്കുള്ള ഭക്ഷണം ശേഖരിച്ചു വെയ്ക്കുന്നു എന്ന ആശയം ബോധ്യപ്പെടണം) ഉറുമ്പുകളെ പോലെ മറ്റു ജീവികൾ ആഹാരം ശേഖരിച്ചു വെയ്ക്കാറുണ്ടോ? ഏതെല്ലാം ജീവികൾ ?

തേനീച്ച ഇത്തരത്തിൽ ഭക്ഷണം ശേഖരിച്ചു വെയ്ക്കുന്ന ജീവിയാണ്.

മനുഷ്യൻ ഇങ്ങനെ ആഹാരം ശേഖരിച്ചു വെയ്ക്കാറുണ്ടോ ? കുട്ടികൾ പ്രതികരിക്കുന്നു

ആഹാരം ശേഖരിച്ചു വെക്കേണ്ടതുണ്ടോ ? എന്തിന്? ചർച്ച

**ഇപ്പോൾ നാം ആഹാരസാധനങ്ങൾ ശേഖരിച്ചു വെയ്ക്കാറില്ലെന്നും അതിനു കാരണം കൃഷി ചെയ്യുന്നത് കുറവായതാണെന്നും ഉൽപ്പാദന സംസ്കാരത്തിൽ നിന്നും ഉപഭോഗ സംസ്കാരത്തിലേക്കുള്ള ചുവടുമാറ്റം നമുക്ക് മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെ മിക്കതും വാങ്ങി ഉപയോഗിക്കലിലേക്കു മാറിയെന്നും ചർച്ചയുടെ ക്രോഡീകരണമായി മാറണം.**

എന്നാൽ പണ്ടു കാലത്തും നമ്മൾ ഇങ്ങനെയായിരുന്നോ? അന്നു കൃഷി കൂടുതലായിരുന്നു എന്ന് നിങ്ങൾ പറഞ്ഞു കേട്ടിട്ടില്ലേ? അന്നു മനുഷ്യൻ 'പത്തായം' ഉപയോഗിച്ചിരുന്നു. എന്താണു പത്തായം എന്നു നിങ്ങൾക്കറിയാമോ? അതു എന്തിനാണുപയോഗിക്കുന്നത്?

പത്തായത്തെക്കുറിച്ച് നിങ്ങൾക്കറിയാവുന്ന കാര്യങ്ങൾ എഴുതാമോ ? 5 മിനുറ്റ്.

ഉപയോഗം / ആവശ്യം, എവിടെയാണു കാണുക, എന്തുകൊണ്ടാണ് നിർമ്മിതി

കുട്ടികൾ വ്യക്തിഗതമായി എഴുതിയ കാര്യങ്ങൾ ഒന്നു രണ്ടു പേർ വായിക്കുന്നു - ബോർഡിൽ ലിസ്റ്റ് ചെയ്യുന്നു.

**2. വായനയിലേക്ക് - 90 മിനിറ്റ്**

നിങ്ങൾ എഴുതിയതും കണ്ടെത്തിയതുമായ പത്തായത്തെ കുറിച്ചുള്ള കാര്യങ്ങൾ ശരിയാണോ ? എന്നു പരിശോധിക്കാനായി കുട്ടികൾ പാഠഭാഗം വ്യക്തിഗതമായി വായിക്കുന്നു. പത്തായത്തെക്കുറിച്ച് നേരത്തെ കണ്ടെത്തിയ കാര്യങ്ങൾ പാഠഭാഗത്തിലെ പത്തായത്തിന്റെ പ്രത്യേകതകളുമായി താരതമ്യപ്പെടുത്തുന്നു. കുട്ടികൾ വായനയിൽ നിന്നു പ്രത്യേകതകൾ കണ്ടെത്തി പറയുമ്പോൾ അധ്യാപകൻ ബി. ബി. യിൽ ലിസ്റ്റ് ചെയ്യണം.

കണ്ടെത്താൻ എല്ലാവർക്കും കഴിഞ്ഞോ ? എന്തുകൊണ്ടാണ് എല്ലാവർക്കും കണ്ടെത്താൻ കഴിയാത്തത് ? എല്ലാവർക്കും കണ്ടെത്താൻ എന്തു ചെയ്യണം ?

അറിയുന്നവ (✓), അറിയാത്തവ (X), ഇഷ്ടപ്പെട്ടവ (–) എന്നീ ചിഹ്നങ്ങൾ ഇടണം.

ഗ്രൂപ്പിൽ (3 പേർ) ഓരോരുത്തരും അവർക്ക് മനസ്സിലായവ വിശദീകരിക്കണം - മനസ്സിലാകത്തവ ചർച്ച ചെയ്യണം.

ഇഷ്ടപ്പെട്ടവ എന്തു കൊണ്ടെന്നു വിശദമാക്കണം

ഗ്രൂപ്പിൽ ലീഡറെ ആദ്യം കണ്ടെത്തണം

പിന്നോക്കക്കാർക്ക് അവരവരുടെ കണ്ടെത്തൽ അവതരിപ്പിക്കാൻ അവസരം നൽകണം.

മനസ്സിലായ ആശയങ്ങൾ എല്ലാ ഗ്രൂപ്പും പൊതുവായി അവതരിപ്പിക്കുന്നു.

ചർച്ച

തുടർന്ന് ഇനിയും വ്യക്തത വരാത്ത ആശയങ്ങൾ ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു.

ചർച്ചയിലൂടെ ആശയത്തെ ഉറപ്പാക്കണം

(അർത്ഥ സൂചിക പരിശോധിച്ചും ഉറപ്പാക്കണം)

അറിയാത്ത പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ പദശേഖര പുസ്തകത്തിൽ കുറിക്കുന്നു.

**ഭിന്നശേഷിയുള്ള കുട്ടികളുടെ പങ്കാളിത്തം എല്ലാ പ്രവർത്തനങ്ങളിലും ഉറപ്പാക്കണം. ഭിന്നശേഷിയുള്ള കുട്ടികൾ ഉൾപ്പെടെ പിയർ ഗ്രൂപ്പുകൾ ക്ലാസിൽ രൂപപ്പെടുത്തണം. വായന, ലേഖനം ഉൾപ്പെടെ എല്ലാ പ്രവർത്തനത്തിലും പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കണം.**

പത്തായം എന്താണെന്നു അധ്യാപകൻ ക്രോഡീകരിക്കുന്നു.

**3. കണ്ടെത്താം പറയാം (25 മിനുറ്റ്)**

തുടർന്ന് ടീച്ചർ താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

- നമ്മുടെ പൂർവ്വികർ പത്തായം ഉപയോഗിച്ചിരുന്നത് എന്തിനെല്ലാം വേണ്ടിയായിരുന്നു ?

✸ ഇന്നത്തെ കാലത്ത് വീടുകളിലുള്ള പത്തായത്തിന്റെ അവസ്ഥ എന്താണ് ? ✸ പണ്ട് പത്തായത്തിൽ എന്തെല്ലാമാണ് സൂക്ഷിച്ചിരുന്നത് ? ✸ ഇപ്പോൾ എവിടെ നിന്നെല്ലാമാണ് നമുക്കു വേണ്ട അരി ലഭിക്കുന്നത് ?

ചോദ്യങ്ങൾ കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. എന്താണ് മനസ്സിലായത് ? കുട്ടികൾ പറയട്ടെ. ആവശ്യമെങ്കിൽ മാത്രം ടീച്ചർ ഇടപെടുന്നു. (കുട്ടികൾക്ക് ചോദ്യം വായിച്ച് സ്വയം മനസ്സിലാക്കാനുള്ള ശേഷി ഉറപ്പു വരുത്തുന്നതിനാണ് ഈ പ്രക്രിയ.) വ്യക്തിഗതമായി കുട്ടികൾ ഉത്തരമെഴുതുന്നു.

ഗ്രൂപ്പിൽ ഓരോരോ ചോദ്യങ്ങൾ എടുത്തു അവതരിപ്പിക്കുന്നു. താനെഴുതിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ പങ്കുവെയ്ക്കുന്നു. ചർച്ച ചെയ്യുന്നു. കൂട്ടിച്ചേർക്കൽ നടത്തി മെച്ചപ്പെടുത്തുന്നു. മെച്ചപ്പെടുത്തിയ ഉത്തരങ്ങൾ ഓരോന്നായി ക്ലാസിൽ അവതരിപ്പിക്കുന്നു. അവതരിപ്പിച്ച ഉത്തരങ്ങളിൽ വിട്ടുപോയവ മറ്റു ഗ്രൂപ്പുകൾക്ക് കൂട്ടിച്ചേർക്കാൻ അവസരം നൽകുന്നു. തുടർന്ന് ഓരോ ചോദ്യത്തിന്റെയും ഉത്തരങ്ങൾ ഗ്രൂപ്പവതരണത്തിൻ ശേഷം ടീച്ചർ ക്രോഡീകരിച്ചു പറയുന്നു .

**4. വിശകലനാത്മക ചോദ്യങ്ങൾ 40 മിനുറ്റ്.**

ടീച്ചർ വിശകലനാത്മകവും പ്രതിഫലനാത്മകവുമായ ചോദ്യങ്ങൾ ചോദിക്കുന്നു.

1. 'പത്തായം പെറും ചക്കി കുത്തും അമ്മ വയ്ക്കും ഉണ്ണി ഉണ്ണും' ഇതു കൊണ്ട് അർത്ഥമാക്കുന്നതെന്ത് ?
   ഇതു ഇന്നത്തെ അവസ്ഥയെ വിശദമാക്കാൻ ഈ ചൊല്ല് എത്രമാത്രം അനുയോജ്യമാണ്? നിങ്ങളുടെ അഭിപ്രായമെന്ത് ?
2. പണ്ടു കാലത്തെ കാർഷിക സംസ്കൃതിയുടെ തിരുശേഷിപ്പായി പത്തായത്തെ കാണാൻ കഴിയുമോ ? എന്തുകൊണ്ട് ?
3. പണ്ടു കാലത്തെ കൃഷിയെ കുറിച്ചു ചിന്തിക്കുമ്പോൾ എന്തെല്ലാം ചിത്രങ്ങൾ നിങ്ങളുടെ മനസ്സിലേക്ക് വരുന്നുണ്ട് ?
4. ഇന്ന് നമുക്ക് പത്തായങ്ങളെന്തിന് എന്ന് ലേഖകൻ ചോദിക്കാൻ കാരണമെന്ത് ?
   ചോദ്യങ്ങൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തി എഴുതണം.

അതിനായി വീണ്ടും വായന. ഗ്രൂപ്പിൽ കണ്ടെത്തലുകൾ പങ്കു വെക്കുന്നു. (ഗ്രൂപ്പ് നിയമങ്ങൾ പാലിക്കണം). പൊതു അവതരണം

**വിശകലനാത്മക ചോദ്യത്തിനുത്തരങ്ങൾ**

1. ഈ ചൊല്ല് ഇന്നത്തെ കാലത്തിനു യോജിച്ചതാണ്. അൽപം പോലും മെയ്യനങ്ങാതെ, അധ്വാനിക്കാതെ മൃഷ്ടാന്നം കഴിച്ചു സുഖിയന്മാരായി ജീവിക്കുന്നവരെയാണ് പൊതുവെ ഈ ചൊല്ലിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഇന്നത്തെ കാലത്തെ ജനങ്ങൾ ഇതുപോലെയാണ് ജീവിക്കുന്നത്. സ്വന്തമായി കൃഷി ചെയ്യാതെ മറ്റു സംസ്ഥാനങ്ങളിൽ നിന്നു കൊണ്ടു വരുന്ന അരിയും പച്ചക്കറിയും വാങ്ങി കഴിക്കുന്ന നമ്മൾ ശരിക്കും മെയ്യനങ്ങാതെ ജീവിക്കുന്ന സുഖിയന്മാർ തന്നെയാണ്.
2. വിളവെടുപ്പിനു ശേഷം നെല്ലും മറ്റു ധാന്യങ്ങളും അടുത്ത കൃഷിക്കാലം വരെ ഭദ്രമായി സൂക്ഷിക്കാനുള്ള സംഭരിണികളാണ് പത്തായങ്ങൾ. ഓരോ വിളവെടുപ്പിന് ശേഷവും എല്ലാ വീടുകളിലും ഉണ്ടായിരുന്ന പത്തായങ്ങൾ നിറയും. അതിനർത്ഥം എല്ലാവരും കൃഷി ചെയ്തിരുന്നു. എല്ലാവരും അധ്വാനിച്ചിരുന്നു. അങ്ങനെ അന്നു കൃഷി സജീവമായിരുന്നു. അതിന്റെ പ്രതീകങ്ങളായിരുന്നു നിറഞ്ഞു നിന്നിരുന്ന പത്തായങ്ങൾ. എന്നാൽ ഇന്ന് പത്തായങ്ങൾ തന്നെ കാണാതായിരിക്കുന്നു. ഉള്ള പത്തായങ്ങൾ തന്നെ ഉപയോഗശ്യൂന്യമായി, പാറ്റയുടെയും എലിയുടെയും സങ്കേതങ്ങളായി മാറിക്കഴിഞ്ഞു. അതുകൊണ്ടു തന്നെ പത്തായങ്ങൾ മുൻപു സജീവമായിരുന്ന കാർഷിക സംസ്കൃതിയുടെ ഒരു തിരുശേഷിപ്പു തന്നെയാണ്.
3. ഉഴുതു മറിക്കുന്നത്, നെല്ല് വിതയ്ക്കുന്നത്, പച്ച പുതച്ച നെൽപ്പാടങ്ങൾ, വിളഞ്ഞു നിൽക്കുന്ന പാടങ്ങളിൽ നെൽമണികൊത്തി പറക്കുന്ന തത്തകൾ തുടങ്ങിയവ.
4. ഇന്നു ഉപഭോഗ സംസ്കാരമാണ് നമ്മൾ കഴിക്കുന്ന അരിയും മറ്റും നാം സ്വന്തമായി കൃഷി ചെയ്തുണ്ടാക്കുന്നില്ല. മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഉണ്ടാക്കി കൊണ്ടു വരുന്നവ നാം ആവശ്യത്തിൻ മാത്രം വാങ്ങി ഉപയോഗിക്കുന്നതുകൊണ്ട് പത്തായത്തിന്റെ ആവശ്യമില്ല.

**പ്രതികരണ പേജിലേക്ക്**

വായനയിൽ പ്രയാസം നേരിട്ടവരുണ്ടോ? എല്ലാവർക്കും വായിക്കാൻ ഞാൻ അവസരം നൽകിയോ? ഇനി നൽകേണ്ടതുണ്ടോ? എങ്ങനെ നൽകും? വായനയിൽ ഞാൻ തിരിച്ചറിഞ്ഞ പ്രശ്നങ്ങൾ

എന്തെല്ലാം ? വായനയിൽ പാഠഭാഗത്തിന്റെ ആശയ വ്യക്തത ഉറപ്പു വരുത്താൻ കഴിഞ്ഞോ? സ്വന്തം അഭിപ്രായം കുട്ടികൾക്ക് പറയാൻ കഴിഞ്ഞോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

**5. ഭാവാത്മക വായന 30 മിനിറ്റ്**

ടീച്ചർ പത്തായം എന്ന വിവരണം രണ്ടു രീതിയിൽ വായിച്ചു കേൾപ്പിക്കുന്നു. (പാഠത്തിന്റെ കുറച്ച് ഭാഗം വായിച്ചാലും മതി)


ഒന്നാം വായന ഭാവം ഉൾക്കൊള്ളാതെ, വേഗത ശബ്ദ ക്രമീകരണം തുടങ്ങിയവ ഇല്ലാതെ ടീച്ചർ വായിക്കുകയാണ് വേണ്ടത്.

രണ്ടാമതു ടീച്ചർ വായിക്കുമ്പോൾ ഭാവാത്മകമായി ശബ്ദ ക്രമീകരണം/വ്യതിയാനം വരുത്തി അനുയോജ്യമായ രീതിയിലാണു വായിക്കേണ്ടത്. തുടർന്ന് കുട്ടികൾ വിലയിരുത്തട്ടെ.

ഏതു വായനയാണ് മികച്ചത്? എന്തുകൊണ്ട് ? ഒന്നാമത് വായിച്ചതിൽ നിന്നും എന്തെല്ലാം മാറ്റങ്ങളാണ് രണ്ടാമത് വായിച്ചതിനുള്ളത് ? കുട്ടികൾ പ്രതികരിക്കുന്നു.

വായിക്കുമ്പോൾ ഭാവം ഉൾക്കൊണ്ട് ശബ്ദ വ്യതിയാനത്തോടെ ആശയ വ്യക്തതയോടെ ഒഴുക്കോടെയും താളത്തോടെയും വായിക്കേണ്ടതാണെന്നും ക്രോഡീകരിക്കുന്നു.

അത്തരത്തിൽ വായിച്ചു നോക്കാൻ കുട്ടികൾക്ക് കുറച്ചു സമയം നൽകുന്നു. രണ്ടോ മൂന്നോ പേർ ക്ലാസിൽ വായിക്കാൻ അവസരം നൽകുന്നു. ചില ഗ്രൂപ്പുകൾക്ക് പൊതുവായി വായിക്കാനവസരം. മറ്റു ഗ്രൂപ്പുകൾ വിലയിരുത്തും, തുടർന്ന് ടീച്ചറുടെ ഭാവാത്മക വായന കുട്ടികൾ വിലയിരുത്തുന്നു. ചർച്ച – തുടർന്ന് രണ്ടംഗ ഗ്രൂപ്പിൽ പരസ്പരം വായന.



**6. അന്വേഷിച്ചറിയാം 30 മിനിറ്റ്**

വർക്ക് ഷീറ്റ് വ്യക്തിഗതമായി നൽകുന്നു. (4109) പഴയകാലത്തെ കാർഷിക ഉപകരണങ്ങളുടെ ചിത്രങ്ങൾ അടങ്ങിയ ഒരു വർക്ക്ഷീറ്റ് കുട്ടികൾക്കു നൽകുന്നു. നിങ്ങൾക്ക് വർക്ക്ഷീറ്റിലെ എന്തൊക്കെ ചിത്രങ്ങളുടെ പേരറിയാം ? അവയുടെ ഉപയോഗം അറിയാമോ ?

കുട്ടികൾ വ്യക്തിഗതമായി അവർക്കറിയാവുന്ന ചിത്രങ്ങളുടെ അടിയിൽ പേരെഴുതുന്നു. അവയുടെ ഉപയോഗവും കുറിക്കുന്നു.

തുടർന്ന് ഗ്രൂപ്പിൽ പങ്കു വെക്കുന്നു. ഗ്രൂപ്പു നിയമങ്ങൾ പാലിക്കുന്നു. ഗ്രൂപ്പു ലീഡർ ഉണ്ടായിരിക്കണം.

പിന്നോക്കക്കാർ തങ്ങൾ തിരിച്ചറിഞ്ഞ കാർഷികോപകരണം ഏതാണെന്നു പറയാൻ ആദ്യം അവസരം നൽകുന്നു. മറ്റുള്ളവർ പിന്നീടും. ഗ്രൂപ്പിൽ ഉപകരണങ്ങളും ഉപയോഗവും കൂടുതൽ തിരിച്ചറിഞ്ഞ് കുട്ടികൾ വർക്ക്ഷീറ്റ് മെച്ചപ്പെടുത്തുന്നു. ഓരോ ഗ്രൂപ്പും കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു. തുടർന്ന് ഗ്രൂപ്പുകൾക്കു ഉപകരണങ്ങളെ കുറിച്ചു കിട്ടാത്ത ആശയങ്ങൾ ടീച്ചറുടെ ഇടപെടലുകളിലൂടെ ലഭ്യമാകുന്നു.

ഇവിടെ പറഞ്ഞ കാർഷിക ഉപകരണങ്ങളല്ലാതെ നിങ്ങൾക്കു മറ്റെന്തൊക്കെ കാർഷിക ഉപകരണങ്ങളുടെ പേരെഴുതാൻ കഴിയും ?

– കുട്ടികൾ വ്യക്തിഗതമായി ലിസ്റ്റ് ചെയ്യുന്നു. ലിസ്റ്റ് ചെയ്തതിൽ പിന്നോക്കക്കാർക്ക് ആദ്യം അവസരം നൽകുന്നു. – കൂടുതൽ കാർഷിക ഉപകരണങ്ങൾ വായിക്കുമ്പോൾ എല്ലാ കുട്ടികളും കൂട്ടിച്ചേർക്കൽ നോട്ടു പുസ്തകത്തിൽ കുറിക്കുന്നു.

– നിങ്ങൾ ലിസ്റ്റു ചെയ്ത എല്ലാ ഉപകരണങ്ങളുടെയും ചിത്രങ്ങൾ കണ്ടിട്ടുണ്ടോ ? ചിത്രങ്ങൾ ശേഖരിക്കാൻ കഴിയില്ലേ ? എങ്കിൽ പഴയകാല ഉപകരണങ്ങളുടെ ചിത്രങ്ങളും അവയുടെ ഉപയോഗവും ഉൾപ്പെടുത്തി ഒരു ചുമർ പത്രം കുട്ടികൾ നിർമ്മിക്കട്ടെ.


**7. ചൊല്ലുകളും ശൈലികളും 30 മിനിറ്റ്**

കൃഷിയുമായി ബന്ധപ്പെട്ട ഏതെല്ലാം പഴഞ്ചൊല്ലുകൾ പത്തായം എന്ന പാഠഭാഗത്തിൽ ഉണ്ട് ? കുട്ടികൾ കണ്ടെത്തുന്നു. (പുനർ വായന നടത്തുന്നു) ഇതു കൂടാതെ മറ്റെന്തൊക്കെ കൃഷി ചൊല്ലുകൾ നിങ്ങൾക്കറിയാവുന്നതുണ്ട്.

കുട്ടികൾ എഴുതുന്നു. വായിക്കുന്നു. വായിക്കുമ്പോൾ ബിബിയിൽ ലിസ്റ്റു ചെയ്യുന്നു. – ടീച്ചർ കൂട്ടിച്ചേർക്കൽ നടത്തുന്നു. – വിത്തു ഗുണം പത്തുഗുണം

വിത്താഴം ചെന്നാൽ പത്തായം നിറയും
സമ്പത്തു കാലത്തു തൈപത്തു വെച്ചാൽ

ആപത്തു കാലത്തു കാപത്തു തിന്നാം
തൊഴുതുണ്ണുന്നതിനെക്കാൾ മെച്ചം ഉഴുതുണ്ണുന്നതാണ്.
- ഈ ചൊല്ലുകൾ വായിക്കുമ്പോൾ എന്തെങ്കിലും പ്രത്യേകത തോന്നുന്നുണ്ടോ ?



- ചില കുട്ടികൾ ഉറക്കെ വായിച്ച വതരിപ്പിക്കുന്നു. ഈണത്തിലും താളത്തിലും ആശയം ഉൾക്കൊണ്ട് അവതരിപ്പിക്കുന്നു. ചോദ്യങ്ങൾ ഉന്നയിക്കുന്നു.
- ചൊല്ലുകളും കേൾക്കാൻ വളരെ ഇമ്പമാർന്നതാണ്. എന്തുകൊണ്ട് ?
ചർച്ച - ശബ്ദ ഭംഗി ഉണ്ട്. - അക്ഷരങ്ങൾ ക്രമമായി ആവർത്തിച്ചു വരുന്നു.
- താളത്തിൽ ചൊല്ലി രസിക്കാൻ താളഭംഗിയുണ്ട്. - ആശയഭംഗി ഉണ്ട്. ജീവിതാനുഭവങ്ങളെ കുറുക്കിയെടുത്തതാണ് ചൊല്ലുകൾ. അതുകൊണ്ട് ആശയ സമ്പുഷ്ടമാണ്. ടീച്ചർ കൂടുതൽ ചൊല്ലുകളും ശൈലികളും പരിചയപ്പെടുത്തുന്നു (ടീച്ചർ ടെക്സ്റ്റ് പേജ് 112) ചർച്ചയ്ക്കു ശേഷം ചൊല്ലുകൾ വർക്ക്ഷീറ്റുകളായി കുട്ടികൾക്ക് നൽകുന്നു. (4110)
വ്യക്തിഗതമായി പൂരിപ്പിക്കുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. പൊതു അവതരണം ക്രോഡീകരിക്കുന്നു.

**പ്രതികരണ പേജിലേക്ക്**


ചൊല്ലുകൾ കേട്ട് കുട്ടികൾക്ക് പരിചയമുണ്ടോ ? ഇനിയും ചൊല്ലുകൾ പരിചയപ്പെടുത്തേണ്ടതുണ്ടോ? ചൊല്ലുകളുടെ ആശയതലം മനസ്സിലാക്കുമ്പോൾ കുട്ടികൾക്ക് എന്തു പ്രയാസമാണ് നേരിടുന്നത്? അതു എളുപ്പമാക്കാൻ എന്തെങ്കിലും വഴി കണ്ടെത്തിയോ ? എല്ലാ കുട്ടികളും ഒരു ചൊല്ലെങ്കിലും എഴുതിയോ ? ചൊല്ലുകൾ ശേഖരിക്കാനുള്ള താല്പര്യം കുട്ടികൾക്കുണ്ടാവാൻ സാധിച്ചോ ?
എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചോ ?

**8. കണ്ടു മുട്ടിയാൽ - സംഭാഷണം - 40 മിനിറ്റ്**

ടീച്ചർ പാഠപുസ്തകത്തിലെ പേജ് 42 ലെ തേവു കൊട്ടയും കലപ്പയുമുള്ള ചിത്രത്തിലേക്ക് ശ്രദ്ധക്ഷണിക്കുന്നു.

- ചിത്രത്തിൽ ആരൊക്കെയാണുള്ളത് ?
  കലപ്പയും തേക്കുകൊട്ടയും
- കണ്ടു മുട്ടിയാൽ (പേജ് 42) എന്ന ഭാഗം ടീച്ചർ അവതരിപ്പിക്കുന്നു. കലപ്പയും വെള്ളം കോരുന്ന തേവുകൊട്ടയും കണ്ടുമുട്ടിയാൽ എന്തൊക്കെയാവും അവർ പറഞ്ഞിട്ടുണ്ടാകുക ? ഇവർ തമ്മിലുള്ള സംഭാഷണത്തിൽ എന്തായിരിക്കും വിഷയം ? ആലോചിക്കാൻ കുട്ടികൾക്കവസരം നൽകുന്നു.

തുടർന്ന് പൊതുവായി ചർച്ച ചെയ്യുന്നു. കുട്ടികൾ പറയുന്ന കാര്യങ്ങൾ ടീച്ചർ പങ്കാളിത്ത സ്വഭാവത്തോടെ ക്രോഡീകരിച്ച് ബോർഡിൽ എഴുതുന്നു.
● ആവശ്യങ്ങൾ/കൃഷിയിൽ ● പണ്ടു ലഭിച്ച പരിഗണന ● കൃഷിയിൽ ഓരോരുത്തരുടെയും പ്രാധാന്യം ● ഇപ്പോൾ പുതു യന്ത്രങ്ങൾ വന്നപ്പോൾ പിന്തള്ളപ്പെട്ടത്. ● ഭാവിയെക്കുറിച്ചുള്ള ആശങ്ക ● നിലവിലെ കൃഷിയിലെ അവസ്ഥ ● കൃഷിയിലെ ശോചനീയാവസ്ഥ. ഈ വിഷയത്തെ അടിസ്ഥാനമാക്കി വ്യക്തിഗതമായി സംഭാഷണം രചിക്കാൻ ആവശ്യപ്പെടുന്നു.



ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ഗ്രൂപ്പു നിയമങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു പൊതുവായി അവതരിപ്പിക്കുന്നു. നിങ്ങളുടെ ഗ്രൂപ്പിലെ ഏറ്റവും മെച്ചപ്പെട്ടവ തിരഞ്ഞെടുക്കാം. എങ്ങനെ തിരഞ്ഞെടുക്കും ? സംഭാഷണം രചിക്കുമ്പോൾ മെച്ചപ്പെടുത്താൻ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?
ചർച്ച - പങ്കാളിത്ത സ്വഭാവത്തോടെ സൂചകങ്ങൾ വികസിപ്പിക്കുന്നു.
ആകർഷകമായ തുടക്കമുണ്ടോ നിങ്ങൾ എഴുതിയതിന് ? ആദ്യ സംഭാഷണത്തോട് ചേർന്നു നിൽക്കുന്ന വാക്യങ്ങളാണോ പിന്നീടും? സംഭാഷണത്തിൽ ചോദ്യങ്ങളും ഉത്തരങ്ങളും തിരിച്ചുള്ള ചോദ്യോത്തരവുമുള്ള മാതൃക ഉണ്ടോ? തുടങ്ങിയ ടീച്ചറുടെ ചോദ്യങ്ങളിലൂടെ കുട്ടികൾ വിട്ടുപോയവ മെച്ചപ്പെടുത്തി എഴുതുന്നു. തുടർന്ന് മേൽ പറഞ്ഞ കുട്ടികളുടെ പങ്കാളിത്തത്തോടെ വികസിപ്പിച്ച സംഭാഷണത്തിന്റെ വിലയിരുത്തൽ സൂചകങ്ങൾ ബിബിയിൽ എഴുതുന്നു.

സംഭാഷണം വിലയിരുത്തുമ്പോൾ
- അനുയോജ്യമായ തുടക്കം, ഒടുക്കം, വളർച്ച ഇവയുണ്ട്.
- വിനിമയങ്ങളുടെ ചേർച്ച, സ്വാഭാവികത
- സന്ദർഭത്തിനനുസരിച്ച് സംബോധന സംഭാഷണം തുടർന്ന് ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ തെരഞ്ഞെടുത്ത സംഭാഷണം അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകൾ സൂചകങ്ങളെ അടിസ്ഥാമാക്കി അഭിപ്രായം പറയുന്നു.

**പ്രതികരണ പേജിലേക്ക്**

- പിന്നോക്കക്കാർക്ക് സംഭാഷണ വിഷയത്തിനുള്ള ആശയങ്ങൾ ലഭ്യമായിട്ടുണ്ടോ ? പിന്നീടെഴുതിയപ്പോൾ മെച്ചപ്പെട്ടിട്ടുണ്ടോ? എല്ലാ കുട്ടികൾക്കും സംഭാഷണം രചിക്കാൻ സാധിച്ചോ? എവിടെയാണ് പ്രയാസം. സ്വയം വിലയിരുത്താൻ ചോദ്യങ്ങൾ ചോദിച്ചതിനുശേഷം കുട്ടികളുടെ രചനകളിൽ മെച്ചപ്പെടൽ ഉണ്ടായിട്ടുണ്ടോ ?

**9. അന്വേഷിച്ചറിയാം - 20 മിനിറ്റ്**

നമ്മൾ സാധാരണ ഉപയോഗിക്കുന്ന ആഹാരസാധനങ്ങൾ എന്തെല്ലാം ?
കുട്ടികൾ ലിസ്റ്റ് ചെയ്യുന്നു. വായിക്കുന്നു. അധ്യാപകൻ ബോർഡിൽ എഴുതുന്നു.
അരി, വെളിച്ചെണ്ണ, പച്ചക്കറി, പാൽ, പഴങ്ങൾ തുടങ്ങിയവ
ഇവയിൽ കേരളത്തിൽ കൃഷി ചെയ്യുന്നവ ഏതെല്ലാം ഉണ്ട് ?
കുട്ടികൾ അവയെ തരംതിരിച്ച് ലിസ്റ്റാക്കുന്നു.
കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നത് വളരെ കുറവാണെന്നും കേരളത്തിൽ ഉണ്ടാക്കുന്ന ആഹാരവസ്തുക്കൾ തന്നെ നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾക്കു മതിയാവുന്നില്ല എന്ന ക്രോഡീകരണത്തിലെത്തുന്നു.
കേരളത്തിലല്ലാതെ ഈ സാധനങ്ങൾ മറ്റു ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നു വരുന്നു എന്നു അറിയാമോ ? അധ്യാപകന്റെ ഇടപെടലിലൂടെ കുട്ടികൾ തിരിച്ചറിയുന്നു.
(ടീച്ചർ ടെക്സ്റ്റിൽ പേജ് 112 ൽ വിശദമായി നൽകുന്നുണ്ട്)
എന്തുകൊണ്ടാണ് കേരളത്തിൽ നാം ആവശ്യത്തിന് ആഹാര സാധനങ്ങൾ കൃഷി ചെയ്യാത്തത്.ചർച്ച

കേരളം ഇന്ന് ഉപഭോഗ സംസ്കാരത്തിന്റെ പിടിയിലാണ്. നമ്മുടെ മുഖ്യ ആഹാരമായ അരി ഉൾപ്പെടെ മിക്ക ഭക്ഷ്യ വസ്തുക്കളും അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് എത്തുന്നത് എന്നും ഇങ്ങനെ ആകാതെ നമ്മൾ കൃഷിയുടെ പ്രാധന്യം തിരിച്ചറിയാമെന്നും കൃഷിക്കും പ്രാധാന്യം നൽകണമെന്നുമുള്ള ക്രോഡീകരണം നടക്കുന്നു. തുടർന്ന്

**10. പത്തായം കഥ പറയുമ്പോൾ - ആത്മകഥ 40 മിനിറ്റ്**

പാഠപുസ്തകത്തിലെ പേജ് 42 ലെ ആത്മകഥ എന്ന പ്രവർത്തനം വ്യക്തിഗതമായി വായിക്കുന്നു.
ചോദ്യത്തിൽ നിന്നു മനസ്സിലായതെന്തെന്ന് വിശദീകരിക്കാൻ അവസരം നൽകുന്നു.
പിന്നാക്കക്കാർക്കും മനസിലായ കാര്യങ്ങൾ പറയട്ടെ.
പത്തായത്തിന്റെ ആത്മകഥ എഴുതാനാണ് ചോദ്യത്തിൽ നിന്നും മനസ്സിലായതെന്നും കുട്ടികളെല്ലാവരും ബോധ്യപ്പെടണം. എന്താണ് ആത്മകഥ ? അത് എഴുതുന്നതാര് ? നിങ്ങൾ ആത്മകഥ എന്തെങ്കിലും വായിച്ചിട്ടുണ്ടോ ? അതിന്റെ പ്രത്യേകതകൾ എന്താണ്? അതിന്റെ അവതരണശൈലിയിൽ വ്യത്യാസമില്ലേ ? അതിന്റെ തുടക്കം എവിടെ നിന്നാണ് ? എങ്ങനെയാകും? തുടങ്ങിയവ ചർച്ച ചെയ്യുന്നു.
ആത്മകഥ സ്വന്തം കഥ പറയുന്ന രീതിയിലാണെന്നു തിരിച്ചറിഞ്ഞ കുട്ടികൾ, പത്തായം അതിന്റെ കഥ പറയുന്ന രീതിയിൽ വ്യക്തിഗതമായി ആത്മകഥ രചിക്കുന്നു.
ഗ്രൂപ്പിൽ പങ്കുവെക്കുന്നു. (ഗ്രൂപ്പ് നിയമങ്ങൾ പാലിക്കണം). ഗ്രൂപ്പിൽ നിന്നും മെച്ചപ്പെടുത്തലുകൾ നടക്കുന്നു. തുടർന്ന് ഗ്രൂപ്പിലെ മികച്ച ആത്മകഥ തിരഞ്ഞെടുക്കുന്നു. ഗ്രൂപ്പുകാർ മികച്ചവ അവതരിപ്പിക്കട്ടെ. ഗ്രൂപ്പിൽ നിന്നും നിങ്ങൾ തിരഞ്ഞെടുത്ത ആത്മകഥ എന്തുകൊണ്ടാണ് മികച്ചതായി തോന്നുന്നത്? എന്താണ് മികച്ച ഒരു ആത്മകഥയുടെ പ്രത്യേകതകൾ ?
നേരത്തെ അവതരിപ്പിച്ച ആത്മകഥയുടെ മികവ് പറഞ്ഞുകൊണ്ട് കുട്ടികളുടെ പങ്കാളിത്തത്തോടെ സൂചകങ്ങൾ വികസിപ്പിക്കുന്നു.
• ഉള്ളടക്കവും ശീർഷകവും തമ്മിലുള്ള ബന്ധം • ആത്മകഥ തുടങ്ങിയ രീതി (അനുഭവത്തിൽ നിന്ന് ക്രമമായി) • ഭാഷാശൈലിപ്രയോഗങ്ങൾ • ജീവിതാനുഭവം തന്മയത്വത്തോടെ അവതരിപ്പിച്ചിട്ടുണ്ട്.
• വാക്യഘടന, ആശയം വ്യക്തമാക്കുന്ന തരത്തിലാണ് • അക്ഷരം, ചിഹ്നം എന്നിവ തെറ്റാതെ ഉപയോഗിച്ചിട്ടുണ്ട്.



നേരത്തെ അവതരിപ്പിച്ച ആത്മകഥ ഈ സൂചകം വെച്ച് കുട്ടികൾ വിലയിരുത്തുന്നു.
ഇനിയും മെച്ചപ്പെടുത്തി എഴുതണമെന്ന് തോന്നുന്നില്ലേ ?
ചില പ്രയോഗങ്ങളും, ശൈലികളും കൂട്ടിച്ചേർക്കേണ്ടതില്ലേ ?
തുടർന്ന് എല്ലാ ഗ്രൂപ്പിനും മെച്ചപ്പെടുത്താൻ അവസരം. മെച്ചപ്പെടുത്തിയത് അവതരണം ഗ്രൂപ്പുകൾ പരസ്പരം വിലയിരുത്തുന്നു. ടീച്ചർ വേർഷൻ അവതരണം (4166)
കുട്ടികൾ സൂചകം വെച്ച് വിലയിരുത്തുന്നു. സ്വന്തം രചനയുമായി താരതമ്യം ചെയ്യുന്നു. മെച്ചപ്പെടുത്തുന്നു.

**11. എഡിറ്റിംഗ് (40 മിനുറ്റ്)**

ഒരു ഗ്രൂപ്പിലെ രചന പൊതുവായി എഡിറ്റ് ചെയ്യുന്നു. ആശയം, വാക്യഘടന, പദം, അക്ഷരം, വ്യവഹാരരൂപം എഡിറ്റിംഗ് നടത്തുന്നു.

**ആശയം :-**

● ഏതെങ്കിലും ആശയങ്ങൾ കൂട്ടിച്ചേർക്കാനുണ്ടോ ? ● ഏതെങ്കിലും ഒഴിവാക്കേണ്ടതോ മെച്ചപ്പെടുത്തേണ്ടതോ ഉണ്ടോ ?

**വാക്യഘടന**

● ഏതെങ്കിലും പദങ്ങൾ അനാവശ്യമായി ആവർത്തിച്ചിട്ടുണ്ടോ ? ● ഏതെങ്കിലും പദങ്ങൾ ക്രമം തെറ്റി പ്രയോഗിച്ചിട്ടുണ്ടോ ? ● ഏതെങ്കിലും പദങ്ങൾ വിട്ടുപോയിട്ടുണ്ടോ ?

**പദം**

● അനുയോജ്യമായ പദങ്ങൾ തന്നെയാണോ ഉപയോഗിച്ചിട്ടുള്ളത്.

**അക്ഷരം**

● അക്ഷരങ്ങൾ തെറ്റായി രേഖപ്പെടുത്തിയോ ? ● ചിഹ്നങ്ങൾ വല്ലതും തെറ്റായി എഴുതിയോ വിട്ടുപോയോ ?

**വ്യവഹാരരൂപം**



● സ്വന്തം അനുഭവം പറയുന്ന രീതിയലാണോ എഴുതിയത് ? ● സ്വാഭാവികത നിലനിർത്തിയിട്ടുണ്ടോ?
● ജീവിതാനുഭവം വരച്ചു കാണിക്കാൻ കഴിഞ്ഞോ ? ● ആദ്യകാലത്തെ അനുഭവങ്ങൾ പങ്കുവെച്ച് ക്രമാനുഗതമായ തുടർച്ചയുണ്ടോ ? ● വാക്യങ്ങളുടെ പരസ്പരബന്ധം പാലിച്ചോ?
മറ്റു ഗ്രൂപ്പുകളുടേത് പരസ്പരം കൈമാറി എഡിറ്റ് ചെയ്യുന്നു.
കുട്ടികൾ സ്വന്തം രചന മെച്ചപ്പെടുത്തി എഴുതുന്നു. തുടർന്ന് പോർട്ട് ഫോളിയോയിലേക്ക്.

**പ്രതികരണപേജിലേക്ക്**

● എഡിറ്റിംഗ് കുട്ടികളിൽ എന്തു മാറ്റമാണ് ഉണ്ടാക്കുന്നത് ? ● തുടർ രചനകളിൽ തിരിച്ചറിവുകൾ പ്രയോജനപ്പെടുത്തുന്നുണ്ടോ ? ● ഓരോ വ്യവഹാരരൂപത്തിലും എഡിറ്റിംഗിന്റെ ചോദ്യരൂപങ്ങൾ മാറ്റാൻ കഴിയുന്നുണ്ടോ ? ● എഡിറ്റിംഗിൽ കുട്ടികളുടെ പങ്കാളിത്തം എത്രമാത്രം ● ടീച്ചറെന്ന നിലിലുള്ള തിരിച്ചറിവ്
പ്രതികരണപേജ് തയ്യാറാക്കുന്നതിൽ നേരിടുന്ന പ്രയാസം പരിഹരിക്കാൻ പ്രതികരണ പേജിലേക്ക് എന്ന ചർച്ച ഗുണകരമാകുന്നുണ്ടോ ?

| ക്ലാസ് : 4 | യൂണിറ്റ് 3 – മഹിതം | മൊഡ്യൂൾ 6. പത്തായം |
|---|---|---|

## കാർഷിക ഉപകരണങ്ങളും ഉപയോഗവും


| കാർഷിക ഉപകരണങ്ങൾ | ഉപയോഗം |
|---|---|
|  പത്തായം | ധാന്യങ്ങളും വിത്തുകളും സംഭരിച്ചു സൂക്ഷിക്കുന്നതിനാണ് പ്രധാനമായും പത്തായം ഉപയോഗിച്ചിരുന്നത്. പണ്ടുകാലത്ത് എല്ലാ കർഷകകുടുംബങ്ങളിലും പത്തായം ഉണ്ടായിരുന്നു. വിലപിടിപ്പുള്ള മറ്റു വസ്തുക്കളും പത്തായത്തിൽ സൂക്ഷിക്കുന്ന പതിവുണ്ട്. പത്തായം കട്ടിലായും ഉപയോഗിച്ചിരുന്നു. |
|  | |
|  | |

| ക്ലാസ് : 4 | യൂണിറ്റ് 3 - മഹിതം | മൊഡ്യൂൾ 6. പത്തായം |
|---|---|---|


# ചേരും പടി ചേർക്കാം

| ചൊല്ലുകൾ | ആശയം |
|---|---|
| വിത്തു ഗുണം പത്തു ഗുണം | മികച്ച അടിത്തറ ഉണ്ടെങ്കിൽ മാത്രമേ മികച്ച ഫലം ലഭിക്കുകയുള്ളൂ. അല്ലെങ്കിൽ ഫലം വിപരീതമാകും. |
| ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴയ്ക്കും | വളർച്ച എത്തിയതിനുശേഷം വളം ചെയ്തതു കൊണ്ടു യാതൊരു പ്രയോജനവുമില്ല. വളർച്ച തുടങ്ങുമ്പോൾ മുതൽ അതിനുള്ള പരിചരണം ഒരുക്കണം. |
| കതിരിൽ വളം വെയ്ക്കരുത് | പുറമെ കാണുന്ന ഭംഗിയിൽ കാര്യമില്ല. അതിൽ നിന്നു കിട്ടുന്ന ഗുണത്തിനനുസരിച്ചായിരിക്കണം വസ്തുക്കൾ തെരഞ്ഞെടുക്കേണ്ടത്. |
| അഴകുള്ള ചക്കയിൽ ചുളയില്ല | നാളത്തേക്കു വേണ്ടി നാം ഇന്നേ മുന്നൊരുക്കം നടത്തേണ്ടതുണ്ട്. |
| സമ്പത്തു കാലത്തു തൈ പത്തു വെച്ചാൽ ആപത്തു കാലത്തു കാ പത്തു തിന്നാം | നല്ല വിത്തിനാണ് നല്ല വിളവ് ലഭിക്കുന്നത്. വിത്തു തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടതുണ്ട്. |

ചേരുംപടി ചേർത്ത് ശരിയായ പട്ടിക നോട്ടുബുക്കിൽ എഴുതുക



## സംഭാഷണം



കലപ്പ : ചങ്ങാതീ, എന്താ വെറുതെ ഇരിക്കുന്നത് ?

തേക്കുകൊട്ട : ഓ. . . ഇപ്പം അങ്ങനെയല്ലെ സുഹൃത്തെ! നമ്മളെ ഇപ്പം ആർക്കും വേണ്ടല്ലോ!

കലപ്പ : ശരിയാ ! കൃഷിയുണ്ടായിരുന്ന ആ നല്ല കാലം എന്തു രസമായിരുന്നു. നമ്മളെ എപ്പോഴും വേണമായിരുന്നു. . . വയലിൽ മണ്ണിലൂടെ ഉഴുതു മറിക്കാൻ എനിക്കെന്തിഷ്ടമായിരുന്നെന്നോ ! ഇപ്പം നിലമുഴുതു മറിച്ച കാലം മറന്നു. . . ചങ്ങാതി.

തേക്കുകൊട്ട : എന്റെയും അവസ്ഥ ഇതു തന്നെ. . . എത്ര പാടത്തേക്ക് വെള്ളമൊഴിച്ചു കൊടുത്തതാ ഞാൻ. പമ്പു സെറ്റു വന്നപ്പോൾ എന്നെ ആർക്കും വേണ്ടാതായി.

കലപ്പ : ഇനി അതൊന്നും പറഞ്ഞിട്ട് കാര്യമില്ല. ട്രാക്ടർ എന്ന യന്ത്രം വന്നപ്പോൾ എന്നെ ആർക്കും വേണ്ടാതായി.

തേക്കുകൊട്ട : ഇനി നമ്മൾ എന്തു ചെയ്യും. . . ഇനി എന്നെങ്കിലും നമ്മളെയൊക്കെ കൃഷിപ്പണിക്ക് വേണ്ടി വരുമോ ?

കലപ്പ : സാധ്യത കുറവാണ് ചങ്ങാതി! നമ്മൾക്കെല്ലാം പകരമായി യന്ത്രങ്ങൾ വന്നിരിക്കുന്നു. അതുകൊണ്ട് നമ്മൾ ചെയ്യുന്ന ജോലി വളരെ വേഗത്തിൽ ഈ യന്ത്രങ്ങൾ ചെയ്യും.. അത് മതിയിപ്പോ മനുഷ്യർക്ക്.

തേക്കുകൊട്ട : യന്ത്രങ്ങൾ അവർ ഉപയോഗിച്ചോട്ടെ. . പക്ഷേ വയലുകളും കൃഷിയും ഇല്ലാതാവുകയല്ലേ. . . ആരും കൃഷി ചെയ്യാതായി കഴിഞ്ഞു. . . കൃഷി തന്നെ നമ്മുടെ നാട്ടിൽ നിന്ന് പോയി മറയുകയല്ലേ. . .

കലപ്പ : ശരിയാണ്. . അങ്ങനെ ഒരിക്കലും വരാതിരിക്കട്ടെ. കൊയ്ത്തുൽസവങ്ങളും നിറഞ്ഞു നിൽക്കുന്ന വയലുകളും ഇനിയും തിരിച്ചു വരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

## ആത്മകഥ - പത്തായത്തിന് പറയാനുള്ളത്


ഉണ്ണീ നീ ഉറങ്ങിയോ ? നിനക്കെന്റെ കഥ കേൾക്കണോ ? നീ ഇപ്പോൾ എന്റെ മുകളിലല്ലേ കിടക്കുന്നത്... നല്ല ഉറപ്പു തോന്നുന്നില്ലേ... പണ്ടത്തെ ഗോപാലൻ ആശാരി ഉണ്ടാക്കിയതാ എന്നെ... അന്ന് നല്ല കാതലുള്ള പ്ലാവിൻ തടികൊണ്ടാണ് ഇവരെന്നെ ഉണ്ടാക്കിയത്. അന്നത്തെ കാലത്ത് എല്ലാ തറവാട്ടിലും എനിക്ക് വലിയ സ്ഥാനമാണുണ്ടായിരുന്നത്. ആഹാരത്തിനുള്ള നെല്ലും കൃഷിക്കുള്ള വിത്തുകളും എന്തിനേറെ പറയുന്നു വിലപിടിപ്പുള്ള സമ്പാദ്യങ്ങളും വസ്തുക്കളുമെല്ലാം സൂക്ഷിക്കാൻ എന്നെയായിരുന്നു ഉപയോഗിച്ചിരുന്നത്.

അന്നത്തെക്കാലം എന്ത് രസമായിരുന്നോ ? കൃഷിക്കായിരുന്നു പ്രാധാന്യം. എല്ലാ വീട്ടിലും നെൽക്കൃഷി ചെയ്ത് വിളവെടുക്കുന്ന സമയമാകുമ്പോൾ നാട്ടിലും വീട്ടിലും ഉൽസവമായിരുന്നു. കൊയ്ത്തും മെതിയുമെല്ലാം കഴിയുമ്പോൾ ചാക്കു കണക്കിന് നെല്ലുകൊണ്ട് എന്റെ വയറു നിറയുമായിരുന്നു. ഒരു എലിയോ പാറ്റയോ കയറാതെ അത്രമാത്രം അടച്ചുറപ്പുണ്ടായിരുന്നു എനിക്കന്ന്.

എന്നാൽ ഇന്ന് . . . അതെല്ലാം മാറി. . . എന്റെ സ്ഥിതി കണ്ടില്ലേ ? വളരെ ദയനീയമാണ്... ഒരു പിടി വിത്ത് കണ്ടിട്ട് കാലമേറെയായി. . . അന്ന് നല്ല മരം കൊണ്ട് നിർമ്മിച്ചതു കൊണ്ടാ ഞാൻ കേടാകാതെ ഇപ്പോഴും ഇരിക്കുന്നത്... നൂറുകണക്കിന് എലികളുടെയും പാറ്റകളുടെയും സങ്കേതമായി ഞാനിന്ന് മാറി.... എന്റെ ഒഴിഞ്ഞ് കിടക്കുന്ന ഈ വയർ ഇനി എന്നാണ് നിറയുക.

നമ്മുടെ നാടിന് എന്താ പറ്റിയത് ? കൃഷി ഭൂമികളെല്ലാം മണ്ണിട്ട് തൂർത്തില്ലേ. . . കൃഷി ചെയ്യാത്ത മനുഷ്യർ പത്തായം നിറയ്ക്കുമോ ?

എന്റെ കാലം കഴിഞ്ഞു. നിന്റെ അച്ഛൻ പറയുന്നത് കേട്ടു. . . പത്തായം പൊളിച്ച് അലമാര നിർമ്മിക്കണമെന്നും ഞാനൊരു സ്ഥലം മുടക്കിയാണെന്നും.



ചങ്ങാതി നീ എങ്കിലും എന്നെ മറക്കല്ലേ... നമ്മുടെ കാർഷിക സംസ്കാരത്തിന്റെ തിരുശേഷിപ്പായി നിലനിർത്താൻ നീ ശ്രമിക്കില്ലേ..... !

| | | |
|---|---|---|
| ക്ലാസ് : 4 | യൂണിറ്റ് 3 – മഹിതം | മൊഡ്യൂൾ 7. ഓമനയുടെ ഓണം |

| | |
|---|---|
| ആമുഖം | മഹിതം എന്നാൽ മഹത്തായത്. നമ്മുടെ മഹത്തായ കാർഷിക പാരമ്പര്യവും ഉത്സവാഘോഷങ്ങളും പ്രതിപാദിക്കുന്ന യൂണിറ്റാണ് ഇത്. ഓണം, പത്തായം തുടങ്ങിയ കാർഷിക സംസ്കൃതിയുടെ വിശദാംശങ്ങളിലേക്ക് കുട്ടികളെ നയിക്കാൻ ഈ ഭാഗം ലക്ഷ്യമിടുന്നു. |
| പഠനനേട്ടം | ഓണവുമായി ബന്ധപ്പെട്ട കവിതകൾ, നാടൻ പാട്ടുകൾ ആസ്വദിച്ച് അവതരിപ്പിക്കുന്നു. കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു. ഓണവുമായി ബന്ധപ്പെട്ട കൂടുതൽ പാട്ടുകൾ കണ്ടെത്തി സന്ദർഭോചിതമായി പ്രയോഗിക്കുന്നു. ഓണവുമായി ബന്ധപ്പെട്ട കഥകൾ, കവിതകൾ, ചിത്രങ്ങൾ തുടങ്ങിയവ ശേഖരിച്ച് ഓണപ്പതിപ്പ് തയ്യാറാക്കുന്നു. ഓണവുമായി ബന്ധപ്പെട്ട ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും മഹത്വം തിരിച്ചറിഞ്ഞ് അഭിമാനിക്കുന്നു. അവ സംരക്ഷിക്കാനുള്ള മനോഭാവം വളർത്തുന്നു. |
| ആശയം | നമുക്ക് മഹത്തായ കാർഷിക - സാംസ്കാരിക പാരമ്പര്യമുണ്ട്. കേരളീയ സംസ്കാരവുമായി ഏറെ ബന്ധപ്പെട്ട് കിടക്കുന്ന ഒരു ആഘോഷമാണ് ഓണം ആഘോഷങ്ങളുടെ ഓർമ്മകൾ സാഹിത്യരൂപങ്ങളിൽ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. |
| വ്യവഹാരരൂപം | പാചകക്കുറിപ്പ്, കഥ, കുറിപ്പ്, വിവരണം |
| സാമഗ്രികൾ | ചാർട്ട്, വർക്ക്ഷീറ്റുകൾ |
| സമയം | 6 മണിക്കൂർ |
| പ്രവർത്തനങ്ങൾ | 1. പ്രവേശകം, 2. കവിതാ വായനയിലേക്ക്, 3. കണ്ടെത്താം 4. ഭാവാത്മക വായന 5. പറയാം, എഴുതാം 6. പദങ്ങൾ പദങ്ങൾ 7. പാടി രസിക്കാം 8. കളി കണ്ടെത്താം. 9. കഥയരങ്ങ് 10. ചൊല്ലി രസിക്കാം, 11. ഓണപ്പതിപ്പ്, 12. ഞാൻ എന്നെക്കുറിച്ച് |
| വർക്ക്ഷീറ്റ് | കളിവിവരണം |
| വായനാ സാമഗ്രി | ടീച്ചർ വേർഷൻ |
| ചുമർ പത്രം | കളിവിവരണം, കുറിപ്പ്, വിവരണം, ഓണപ്പാട്ടുകൾ, ചിത്രങ്ങൾ |
| സർഗ്ഗവേള | ഓണപ്പാട്ടുകൾ |
| ദിനാചരണം | |
| സി.പി.ടി.എ. | പ്രദർശനം, കുട്ടികളുടെ പ്രകടനം |

## പഠനപ്രവർത്തനങ്ങൾ - സൂക്ഷ്മ പ്രക്രിയ

### 1. പ്രവേശകം (15 മിനിറ്റ്)

നിങ്ങൾ ഓണം ആഘോഷിച്ചല്ലോ? എങ്ങനെയാണ് ഓണം ആഘോഷിച്ചത് ? പൂക്കളം ഒരുക്കിയിരുന്നോ ? എവിടെ നിന്നാണ് പൂക്കൾ ലഭിച്ചത് ? (വാങ്ങിയ പൂക്കൾ ഉപയോഗിച്ച് പൂക്കളം ഒരുക്കിയതിനെക്കുറിച്ച് ചർച്ച. മറ്റെന്തെല്ലാം സാധനങ്ങൾ ഓണം ആഘോഷിക്കാൻ വാങ്ങിച്ചിട്ടുണ്ട് ? അരി, പച്ചക്കറികൾ, തുണി) എന്തുകൊണ്ടാണ് ഇവയെല്ലാം നമുക്ക് വാങ്ങേണ്ടി വന്നത് ?

കുട്ടികൾ പ്രതികരിക്കുന്നു. ടീച്ചർ ബോർഡിലെഴുതുന്നു. നിങ്ങൾ പറഞ്ഞ കാരണം കൊണ്ടുതന്നെയാണോ നമുക്ക് ഈ സാധനങ്ങൾ വാങ്ങേണ്ടി വന്നത് ?

ഇത് അറിയാനായി പേജ് നമ്പർ 37 ലെ എൻ. വി. കൃഷ്ണവാര്യരുടെ കവിത വായിക്കുന്നു. ഓണം വന്നപ്പോൾ എന്തുകൊണ്ടായിരിക്കും കവി പ്രയാസപ്പെടുന്നത് ? ചർച്ച ചെയ്യുന്നു.

> നമ്മുടെ നാട്ടിൽ ഇപ്പോൾ പൂച്ചെടികൾ സമൃദ്ധമായി വളരുന്നില്ല - വയലുകളിൽ കൃഷിയില്ല - തൊടികളിൽ വാഴകളും പച്ചക്കറികളും ഇല്ല - നാം നൂൽ നൂൽക്കുന്നില്ല - നാം സ്വന്തമായി ഒന്നും ഉണ്ടാക്കുന്നില്ല - എന്നീ ആശയങ്ങൾ ചർച്ച ചെയ്യുന്നു.

**2. കവിതാ വായനയിലേക്ക് (40 മിനിറ്റ്)**

ടീച്ചർ സ്വന്തം ഓണാനുഭവം കുട്ടികളുമായി പങ്കുവെക്കുന്നു. അതിന് ശേഷം ഓരോ കുട്ടിയും അവരുടെ ഓണ വിശേഷങ്ങൾ പറയുന്നു. പ്രസക്തമായ ബി ബിയിൽ രേഖപ്പെടുത്തുന്നു.

ഇതേ രീതിയിലാണോ 'ഓമനയുടെ ഓണം' എന്ന കവിതയിലെ പെൺകുട്ടി ഓണത്തെ വരവേറ്റത്. കുട്ടികൾ പ്രതികരിക്കുന്നു. ടീച്ചർ എഴുതുന്നു. എങ്ങനെ കണ്ടെത്താം ? കവിത കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു.

ആദ്യ പ്രതികരണവുമായി താരതമ്യം ചെയ്യുന്നു. എല്ലാവർക്കും കണ്ടെത്താൻ കഴിഞ്ഞോ ? എല്ലാവർക്കും കഴിയേണ്ടതല്ലേ ? എന്തുകൊണ്ടാണ് വായിച്ച് ആശയം ഗ്രഹിക്കാൻ എല്ലാവർക്കും കഴിയാത്തത് ? എല്ലാവർക്കും ആശയം ലഭിക്കാൻ ഇനി എന്ത് ചെയ്യണം. കുട്ടികൾ കവിത വീണ്ടും വായിക്കുന്നു. വായിക്കുമ്പോൾ അറിയുന്നവ(✓)അറിയാത്തവ(X)ഇഷ്ടപ്പെട്ടവ(-) അടയാളപ്പെടുത്തണം. കുട്ടികളെ മൂന്ന് പേരടങ്ങുന്ന ഗ്രൂപ്പാക്കുന്നു. ലീഡറെ കണ്ടെത്തുന്നു. ഗ്രൂപ്പിൽ അറിയുന്നവ വിശദീകരിക്കണം. അറിയാത്തവ ചർച്ച ചെയ്യണം, ഇഷ്ടപ്പെട്ടവ എന്തുകൊണ്ടാണെന്ന് വിശദീകരിക്കണം. ഒരു ഇനം കഴിഞ്ഞ ശേഷമാണ് അടുത്ത ഇനം അവതരിപ്പിക്കേണ്ടത്. പിന്നോക്കക്കാർക്ക് അവരുടെ കണ്ടെത്തൽ ആദ്യം അവതരിപ്പിക്കാനുള്ള അവസരം നൽകണം ഗ്രൂപ്പുകളുടെ കണ്ടെത്തൽ പൊതുവായി അവതരിപ്പിക്കണം. മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തണം. ചർച്ചയിലൂടെ ആശയ വ്യക്തത ഉറപ്പാക്കണം. (അർത്ഥ സൂചിക പരിശോധിച്ച് ഉറപ്പാക്കാം) അറിയാത്ത പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ ശേഖര പുസ്തകത്തിൽ ചേർക്കുന്നു. ആവശ്യമായ സന്ദർഭങ്ങളിൽ ടീച്ചർ ഇടപെട്ട് വ്യക്തത വരുത്തുന്നു.

**3. കണ്ടെത്താം (30 മിനിറ്റ്)**

ടീച്ചർ ആശയഗ്രഹണ ചോദ്യങ്ങളുടെ ചാർട്ട് പ്രദർശിപ്പിക്കുന്നു.

1. ഓണം വന്നാൽ എന്തൊക്കെ ചെയ്യുവാനാണ് ഓമന ഉദ്ദേശിക്കുന്നത് ?
2. ഓണക്കോടി ഉടുത്താൽ താനെത്രത്തോളം ഭംഗിയുള്ളവളാകുമെന്നാണ് ഓമന കരുതുന്നത് ?
3. അച്ഛനും മാമനും ഓമനയോടുള്ള സ്നേഹം എങ്ങനെയെല്ലാമാണ് പ്രകടിപ്പിക്കുന്നു ?
4. ഓമന എവിടെ നിന്നാണ് മുത്തശ്ശിക്കഥകൾ കേൾക്കണമെന്ന് ആഗ്രഹിക്കുന്നത് ?

ഓരോ ചോദ്യങ്ങളിലെയും ആശയം ഒന്നോ രണ്ടോ കുട്ടികളെക്കൊണ്ട് പറയിപ്പിക്കുന്നു. ആശയം മനസ്സിലാകാത്തവ ഉണ്ടെങ്കിൽ ചർച്ച ചെയ്യുന്നു. (കുട്ടികൾ സ്വന്തമായി ചോദ്യങ്ങൾ വായിച്ച് ആശയം കണ്ടെത്തുന്നതിനുള്ള ശേഷി വികസിപ്പിക്കേണ്ടതുണ്ട്)

കുട്ടികൾ ആശയ ഗ്രഹണ ചോദ്യങ്ങൾക്കുള്ള ഉത്തരം വ്യക്തിഗതമായും പിന്നീട് ഗ്രൂപ്പിലും കണ്ടെത്തുന്നു. ഗ്രൂപ്പിലെ അവതരണവും ചർച്ചയും നടക്കുന്നു. ഇനിയും വ്യക്തത വരേണ്ട ആശയങ്ങൾ ടീച്ചർ ഇടപെട്ട് ആശയ വ്യക്തത വരുത്തുന്നു.

**പ്രതികരണ പേജിലേക്ക്**

1. ആശയ ഗ്രഹണ ചോദ്യങ്ങൾ കുട്ടി സ്വയം വായിച്ച്/ഉത്തരം കണ്ടെത്താൻ കഴിഞ്ഞോ ?
2. എല്ലാവരുടെയും പങ്കാളിത്തം ഉണ്ടായിരുന്നോ ?
3. ആശയഗ്രഹണത്തിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളെന്തെല്ലാം?

**4. ഭാവാത്മക വായന (30 മിനിറ്റ്)**

ടീച്ചർ ഓമനയുടെ ഓണം കവിത നാലുവരി ഗദ്യരൂപത്തിലും അനുയോജ്യമായ ഈണത്തിലും ഭാവാത്മകമായി അവതരിപ്പിക്കുന്നു. ഏതാണ് ഇഷ്ടപ്പെട്ടതെന്ന് കുട്ടികളോട് ചോദിക്കുന്നു. രണ്ടിന്റെയും സാമ്യ വ്യത്യാസങ്ങൾ ചർച്ച ചെയ്യുന്നു. ഭാവാത്മക വായനയുടെ സൂചകങ്ങൾ വികസിപ്പിക്കുന്നും. വ്യക്തിഗതമായി ഈണം കണ്ടെത്തുന്നു. സൂചകം വെച്ച് സ്വയം വിലയിരുത്തുന്നു. മൂന്നു പേരടങ്ങുന്ന ഗ്രൂപ്പിൽ ഈണം അവതരിപ്പിക്കുന്നു. ഒരാൾ ചൊല്ലുന്നു. മറ്റ് രണ്ട് പേർ വിലയിരുത്തുന്നു. ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു.

സൂചകങ്ങൾ: ആശയത്തിന് യോജിച്ചത്, താളാത്മകം, ഭാവം ഉൾക്കൊള്ളുന്നത്.

മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ടീച്ചർ ഭാവാത്മകമായി കവിത അവതരിപ്പിക്കുന്നു.

കുട്ടികൾ വിലയിരുത്തുന്നു. തുടർന്ന് രണ്ടംഗഗ്രൂപ്പിൽ കുട്ടികൾ കവിത ചൊല്ലുന്നു.



**5. പറയാം എഴുതാം (40 മിനിറ്റ്)**

ഓണസദ്യ വിഭവസമൃദ്ധമാണ്. ഓർക്കുമ്പോൾ തന്നെ നാവിൽ കൊതിയൂറുന്നതുമാണ്. ഓണത്തിനൊരുക്കുന്ന വിഭവങ്ങൾ കുട്ടികൾ ചർച്ച ചെയ്യുന്നു. എഴുതുന്നു. തുടർന്ന് ഗ്രൂപ്പിൽ കുട്ടികൾ ഒരു വിഭവം തയ്യാറാക്കുന്നതിന്റെ സാധനങ്ങളും തയ്യാറാക്കുന്ന വിധവും ചർച്ച ചെയ്യുന്നു. ഓരോ ഗ്രൂപ്പും ഒരു വിഭവത്തിന്റെ പദസൂര്യൻ നിർമ്മിക്കുന്നു. ഗ്രൂപ്പിലെ ഓരോരുത്തരും ആ വിഭവം തയ്യാറാക്കുന്ന വിധം എഴുതുന്നു. ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തുന്നു. തുടർന്ന് ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. ഒരു ഗ്രൂപ്പിന്റെ അവതരണത്തെ മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ടീച്ചർ വേർഷൻ അവതരണം (4167). ചർച്ച, സ്വന്തം രചന മെച്ചപ്പെടുത്തുന്നു. എല്ലാവരുടെയും പാചകക്കുറിപ്പ് ചേർത്ത് പാചകപ്പതിപ്പ് നിർമ്മിക്കുന്നു.

**പ്രതികരണ പേജിലേക്ക്**

1. ഓണസദ്യയെക്കുറിച്ച് എല്ലാവർക്കും പറയാൻ കഴിഞ്ഞോ ? 2. ഇല്ലെങ്കിൽ എന്തുകൊണ്ട് ? 3. ഗ്രൂപ്പിലിരുന്നപ്പോൾ അവർക്ക് എഴുതാൻ സാധിച്ചോ ? 4. പിന്നാക്കക്കാർക്ക് ഈ പ്രവർത്തനം എങ്ങനെ അനുഭവപ്പെട്ടു?

**6. പദങ്ങൾ പദങ്ങൾ (20 മിനിറ്റ്)**

കുട്ടികൾ കവിതയിലെ ഓണം ചേർന്ന് വരുന്ന പദങ്ങൾ വ്യക്തിഗതമായി കണ്ടെത്തുന്നു.
തുടർന്ന് മൂന്നംഗഗ്രൂപ്പിൽ ഇത്തരത്തിലുള്ള കൂടുതൽ പദങ്ങൾ കണ്ടെത്തുന്നു.
ഗ്രൂപ്പുകൾ തമ്മിലുള്ള മത്സരമാക്കി ഇതിനെ മാറ്റാം. കൂടുതൽ പദങ്ങൾ കണ്ടെത്തിയ ഗ്രൂപ്പിന് സമ്മാനം നൽകാം.

**7. പാടി രസിക്കാം (30 മിനിറ്റ്)**

ഓണം പശ്ചാത്തലമായുള്ള ധാരാളം കവിതകളും ഗാനങ്ങളും രചിക്കപ്പെട്ടിട്ടുണ്ട്. അവ ഈണത്തിൽ ചൊല്ലി ആസ്വദിക്കുന്നതിനായി കുട്ടികളെ 5 പേരുള്ള ഗ്രൂപ്പാക്കുന്നു. വ്യക്തിഗതമായി അവതരിപ്പിക്കാനുള്ള അവസരം ആദ്യം നൽകുന്നു. ഗ്രൂപ്പിൽ നിന്ന് ഓരാൾക്ക് വീതം. പിന്നീട് ഗ്രൂപ്പിലുള്ളവർ ഒന്നിച്ച് ഈണം കണ്ടെത്തി അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. അടുത്ത വെള്ളിയാഴ്ചയിലെ സർഗ്ഗവേളയിൽ ഈ കവിതകൾ ഗ്രൂപ്പായി അവതരിപ്പിക്കുന്നു.



**8. കളി കണ്ടെത്താം (60 മിനിറ്റ്)**

തൊട്ടാവാടിയിൽ കിളിയാന്തട്ടു കളിച്ചു തകർക്കേണം. കിളിത്തട്ട് പഴയൊരു കളിയാണ്. ഇതുപോലുള്ള മറ്റേതെല്ലാം നാടൻ കളികൾ നിങ്ങൾക്കറിയാം ? വർക്ക്ഷീറ്റ് 4111 വ്യക്തിഗതമായി നൽകുന്നു.



തുടർന്ന് സ്വയം പൂരിപ്പിക്കുന്നു. ഗ്രൂപ്പിലവതരണം. പൊതു അവതരണം. ടീച്ചറുടെ ക്രോഡീകരണം. കുട്ടികൾ അവർക്കറിയാവുന്ന നാടൻ കളികൾ വ്യക്തിഗതമായി പറയുന്നു. അതിന് ശേഷം അവതരിപ്പിക്കുന്നു. ടീച്ചർ ഇടപെട്ട് ചർച്ചകൾ നടത്തുന്നു. നാടൻ കളികൾ അല്ലാത്തവ ഒഴിവാക്കുന്നു. കുട്ടികൾ അവർക്കറിയാവുന്ന ഒരു നാടൻ കളിയുടെ വിവരണം എഴുതുന്നു. ഗ്രൂപ്പിൽ പങ്കുവെക്കുന്നു. സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി മെച്ചപ്പെടുത്തുന്നു. പൊതു അവതരണം ടീച്ചറും ഒരു കളിവിവരണം എഴുതി തയ്യാറാക്കുന്നു. കുട്ടികളുടെ രചനക്ക് ശേഷം ടീച്ചർ വേർഷൻ പ്രദർശിപ്പിക്കുന്നു. (4168)
കുട്ടികൾ വിലയിരുത്തുന്നു.

**എഡിറ്റിംഗ്**

ഒരു ഗ്രൂപ്പിന്റെ കളിവിവരണത്തെ പൊതുവായ എഡിറ്റിംഗിന് വിധേയമാക്കുന്നു.

**ആശയം :** ഏതെങ്കിലും ആശയം കൂട്ടിച്ചേർക്കാനുണ്ടോ? ഏതെങ്കിലും ഒഴിവാക്കേണ്ടതോ മെച്ചപ്പെടുത്തേണ്ടതോ ഉണ്ടോ ?

**വാക്യഘടന :** ഏതെങ്കിലും പദങ്ങൾ അനാവശ്യമായി ആവർത്തിച്ചിട്ടുണ്ടോ ? ഏതെങ്കിലും പദങ്ങൾ

ക്രമം തെറ്റി എഴുതിയിട്ടുണ്ടോ ? ഏതെങ്കിലും പദങ്ങൾ വിട്ടുപോയിട്ടുണ്ടോ ?
**പദം :** അനുയോജ്യമായ പദങ്ങൾ തന്നെയാണോ ഉപയോഗിച്ചത്.
**അക്ഷരം :** അക്ഷരങ്ങൾ, ചിഹ്നങ്ങൾ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടോ ? അക്ഷരം, പദം, വാക്യം അകലം പാലിച്ച് എഴുതിയിട്ടുണ്ടോ ?
**വ്യവഹാര രൂപം :** കളിയുടെ എല്ലാ വിവരങ്ങളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ ? കളി നിയമങ്ങൾ മനസ്സിലാക്കാൻ പറ്റിയോ ? ലളിതമായ ഭാഷയാണോ ?

എഡിറ്റിംഗിന് ശേഷം മറ്റ് കുട്ടികളുടെ രചന പരസ്പരം കൈമാറി എഡിറ്റ് ചെയ്യുന്നു. നിർദ്ദേശങ്ങൾ നൽകുന്നു. മെച്ചപ്പെടുത്തി എഴുതുന്നു.
മെച്ചപ്പെടുത്തിയ രചനകൾ പോർട്ട് പോളിയോയിലേക്ക്.

### 9. കഥ പറയാം (60 മിനിറ്റ്)

അടുത്ത വെള്ളിയാഴ്ച സർഗ്ഗവേദിയിൽ കഥയരങ്ങ് നടക്കുന്നു. എല്ലാവരും ഒരു കഥ അവിടെ അവതരിപ്പിക്കണം.
ഓരോരുത്തരും വീട്ടിൽ നിന്നും ശേഖരിച്ചു കൊണ്ടുവരുന്ന കഥ വ്യക്തിഗതമായി എഴുതുന്നു.
മൂന്നംഗഗ്രൂപ്പിൽ അവതരണം മറ്റുള്ളവർ വിലയിരുത്തുന്നു.

**സൂചകം :**

| ഞാൻ കഥ പറഞ്ഞപ്പോൾ | പൂർണ്ണമായും | കുറച്ച് മാത്രം |
|---|---|---|
| കഥയുടെ ആശയം കേൾക്കുന്നവർക്ക് മനസ്സിലാകുന്ന രീതിയിൽ വ്യക്തിഗതമായി പറഞ്ഞു. | | |
| കഥാപാത്രങ്ങളുടെ പ്രത്യേകതകൾ വ്യക്തമാക്കുന്ന രീതിയിൽ പറഞ്ഞു. | | |
| ശബ്ദ ക്രമീകരണം പാലിച്ചിട്ടുണ്ട്. | | |
| ഉച്ചാരണ ശുദ്ധിയോടെയും ഒഴുക്കോടെയും പറഞ്ഞു. | | |

ഗ്രൂപ്പിൽ മികച്ചവ പൊതു അവതരണം മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു – ചർച്ച ക്രോഡീകരണം ടീച്ചർ ഒരു കഥ അവതരിപ്പിക്കുന്നു കുട്ടികൾ വിലയിരുത്തുന്നു. കുട്ടികൾ മൂന്നംഗ ഗ്രൂപ്പിൽ വീണ്ടും മെച്ചപ്പെടുത്തി പറയുന്നു. സ്വയം വിലയിരുത്തുന്നു. പരസ്പരം വിലയിരുത്തുന്നു. മികച്ചവ കഥയരങ്ങിൽ അവതരണം കഥാ പതിപ്പ് തയ്യാറാക്കാം (ഗൃഹപാഠം) എഴുതിയ കഥകൾ ഓണപ്പതിപ്പിലേക്ക്.

### 10. ഈണത്തിൽ ചൊല്ലി രസിക്കാം (30 മിനിറ്റ്)

പാഠപുസ്തകം പേജ് 46 ലെ കവിതാ ഭാഗങ്ങൾക്ക് കുട്ടികൾ വ്യക്തിഗതമായി ഈണം കണ്ടെത്തുന്നു. നാലാംഗ ഗ്രൂപ്പിൽ അവതരണം മെച്ചപ്പെടുത്തുന്നു. ഗ്രൂപ്പുകൾ തമ്മിൽ ആലാപന മത്സരം. മൂന്ന് കുട്ടികൾ ജഡ്ജ്മാർ. സൂചകം വെച്ച് വിലയിരുത്തണം. മികച്ച പ്രകടനം കാഴ്ചവെച്ചവരെ കണ്ടെത്തൽ. അനുമോദിക്കൽ, ടീച്ചറുടെ കവിതാലാപനം, കുട്ടികൾ വിലയിരുത്തുന്നു.

### 11. ഓണപ്പതിപ്പ്

ഈ പാഠത്തിന്റെ ഭാഗമായി തയ്യാറാക്കിയ വ്യവഹാര രൂപങ്ങൾ (കഥ, കവിത, പാട്ട്, വിവരണം, ചിത്രം, പാചകക്കുറിപ്പ് എന്നിവ ശേഖരിച്ച് ക്ലാസിൽ ഒരു പതിപ്പ് നിർമ്മിക്കുന്നു-ഗൃഹപാഠം)

കുട്ടികളിൽ നിന്നും എഡിറ്റോറിയൽ ഗ്രൂപ്പിനെ കണ്ടെത്തുന്നു. ചുമതല നൽകുന്നു.

സി.പി.ടി.എയിൽ ഓണപതിപ്പ് പ്രകാശനം. എല്ലാ കുട്ടികളുടേയും രചന ഉണ്ടെന്ന് ഉറപ്പാക്കണം.

## 12. ഞാൻ എന്നെക്കുറിച്ച് (20 മിനിറ്റ്)

പേജ് 49 ലെ പ്രവർത്തനം ചെയ്യുന്നു. മറ്റു കുട്ടികൾ വിലയിരുത്തിയതിനെ വിലയിരുത്തുന്നു. അഭിപ്രായങ്ങൾ പറയുന്നു. ന്യായീകരിക്കുന്നു.

# പാചകക്കുറിപ്പ് - കാളൻ

**ആവശ്യമുള്ള സാധനങ്ങൾ**

- പച്ചക്കായ - ചെറുതായി അരിഞ്ഞ് ഒരു കപ്പ്
- ചേന ചെറുതായി കഷണങ്ങളാക്കിയത് - 3 കപ്പ്
- മഞ്ഞൾപ്പൊടി - ഒരു ടീസ്പൂൺ
- കുരുമുളക് പൊടി ഒരു ടീസ്പൂൺ
- തേങ്ങ ചിരവിയത് - 1 തേങ്ങ
- ഉലുവപ്പൊടി ഒരു നുള്ള്
- ജീരകം ഒരു ടീസ്പൂൺ
- തൈര്/മോര് ആവശ്യത്തിന്
- ഉപ്പ് ആവശ്യത്തിന്



**തയ്യാറാക്കുന്ന വിധം**

ചേന, കായ എന്നിവ മഞ്ഞൾപ്പൊടിയും കുരുമുളക് പൊടിയും ആവശ്യത്തിന് ഉപ്പും ചേർത്ത് വേവിക്കുക. നല്ല പുളിയുള്ള തൈര് / മോര് ചേർത്ത് വേവിച്ച് നല്ല പോലെ ഉടയ്ക്കുക. പിന്നീട് തേങ്ങയും ജീരകവും നന്നായി അരച്ചത് ചേർത്ത് തിളപ്പിക്കുക. വാങ്ങി വെച്ചതിനുശേഷം ഉലുവ പൊടിച്ചത് കറിവേപ്പില എന്നിവ ചേർക്കുക. കടുക്, ചുകന്ന മുളക് വറുത്തിടുക, കാളൻ റെഡി.

# കളി വിവരണം : മാണിക്കച്ചെമ്പഴുക്ക

പത്തോ അതിലധികമോ പേർ കളിക്കുന്ന കളിയാണിത്.




ഒരു കുട്ടി വൃത്തത്തിന് നടുവിൽ നിൽക്കുന്നു. മറ്റ് കുട്ടികൾ വട്ടത്തിൽ നിൽക്കുന്നു. നടുവിൽ നിൽക്കുന്ന കുട്ടി കാണാതെ ഒരു പഴുത്ത അടക്ക കൈമാറുന്നു. ഇതാണ് മാണിക്ക ചെമ്പഴുക്ക.



'ഓടുന്നുണ്ടോടുന്നുണ്ടേ മാണിക്ക ചെമ്പഴുക്ക.' എന്ന പാട്ട് എല്ലാവരും ചേർന്ന് പാടണം. ഈ സമയത്ത് ആരുടെ കയ്യിലാണ് മാണിക്കച്ചെമ്പഴുക്ക എന്ന് നടുവിൽ നിൽക്കുന്ന കുട്ടി കണ്ടെത്താൻ ശ്രമിക്കുന്നു. വട്ടത്തിൽ നിൽക്കുന്ന കുട്ടികൾ ഈ സമയത്ത് അടയ്ക്ക കൈമാറുകയാണ്. പാട്ട് നിൽക്കുന്ന സമയത്ത് ആരുടെ കയ്യിലാണ് ചെമ്പഴുക്കയെന്ന് നടുവിൽ നിൽക്കുന്ന കുട്ടി പറയണം. കൃത്യമായി പറഞ്ഞാൽ ആരുടെ പേരാണ് പറയുന്നതെങ്കിൽ അയാൾ നടുവിൽ നിൽക്കണം. ഇങ്ങനെ കളി തുടരാം.

| ക്ലാസ് : 4 | യൂണിറ്റ് 3 - മഹിതം മൊഡ്യൂൾ 7. | ഓമനയുടെ ഓണം |
|---|---|---|

**കളിവിവരണം: കളിയുടെ പേരും വിവരണവും വ്യക്തിഗതമായി എഴുതുക**

| കളി | വിവരണം |
|---|---|
|  | |
|  | |
|  | |

| ക്ലാസ് : 4 | യൂണിറ്റ് 4 - രസിതം | മൊഡ്യൂൾ 8. | നെഹ്റു ട്രോഫി വള്ളംകളി |
|---|---|---|---|

| | |
|---|---|
| **ആമുഖം** | ജോൺ കുന്നപ്പള്ളി എഴുതിയ തെയ്തെയ്ത എന്ന ബാല സാഹിത്യ കൃതിയിൽ നിന്നെടുത്ത നെഹ്റുട്രോഫി വള്ളംകളി എന്ന പാഠം. വിനോദങ്ങൾ മാനസികവും ശാരീരികവുമായ ഉല്ലാസത്തിന് ഉതകുന്നതാണെന്നും കളിയാണെന്ന് നാം കരുതുന്നവ ഉന്നതമായ ജീവിത മൂല്യങ്ങളും പാഠങ്ങളും ഉൾക്കൊള്ളുന്നവ കൂടിയാണെന്നും ഈ യൂണിറ്റിലൂടെ കടന്നുപോകുമ്പോൾ നമുക്ക് തിരിച്ചറിവുണ്ടാകുന്നു. |
| **ആശയം** | വിനോദങ്ങൾ മാനസികവും ശാരീരികവുമായ ഉല്ലാസത്തിന് ഉതകുന്നതോടൊപ്പം വളർച്ചയെ സഹായിക്കുകയും ചെയ്യുന്നു. ബുദ്ധിപരവും ശാരീരികവുമായ വിനോദങ്ങളുണ്ട്. ഓരോ പ്രദേശത്തിനും സ്വന്തമായ കളികളും വിനോദങ്ങളുമുണ്ട്. സംഘബോധം, സഹകരണം, നേതൃപാടവം, ആത്മവിശ്വാസവും തുടങ്ങിയവ വളർത്തുന്നതിന് കളികളും വിനോദങ്ങളും സഹായിക്കുന്നു. ഉദാഹരണം : വള്ളംകളി |
| **പഠനനേട്ടങ്ങൾ** | കഥ, വിവരണം എന്നിവ ഉച്ചാരണശുദ്ധി, ഒഴുക്ക്, ഭാവം എന്നിവയോടെ അവതരിപ്പിക്കുന്നു. തത്സമയ വിവരണം സ്വന്തം ഭാഷയിൽ ഉചിതമായ രീതിയിൽ തയ്യാറാക്കി അവതരിപ്പിക്കുന്നു. വ്യത്യസ്തമായ വായ്ത്താരികൾ ശേഖരിക്കുന്നു. ഈണത്തിൽ അവതരിപ്പിക്കുന്നു. |
| **വ്യവഹാര രൂപം** | തത്സമയ വിവരണം, കുറിപ്പ്, വഞ്ചിപ്പാട്ട് |
| **സാമഗ്രികൾ** | വിശകലനച്ചാർട്ട്, വഞ്ചിപ്പാട്ട് വീഡിയോ - പദങ്ങൾ കണ്ടെത്താം - ചാർട്ട് - ടീച്ചേഴ്സ് വേർഷൻ - വള്ളംകളി - വീഡിയോ - വായ്ത്താരികൾ |
| **സമയം** | 6 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1. പ്രവേശകം - കടങ്കഥപ്പയറ്റ്, 2. വായനയിലേക്ക്, 3. പറയാം എഴുതാം, 4. വിശകലന ചോദ്യങ്ങൾ, 5. ചേർത്തെഴുതാം. 6. തത്സയം വിവരണം, 7. എഡിറ്റിംഗ്, 8. ചേർത്തെഴുതാം, 9. പദങ്ങൾ കണ്ടെത്താം. 10. പാടി രസിക്കാം. 11. പാടി അഭിനയിക്കാം. 12. സംഘം ചേർന്നുള്ള കളികൾ, 13. വാക്യം നിർമ്മിക്കാം, 14. ഞാൻ എന്നെക്കുറിച്ച് |
| **വർക്ക്ഷീറ്റ്** | 1. വായ്ത്താരികൾ 2. കളികൾ - ഒറ്റക്കും സംഘമായും കളിക്കുന്നവ. |
| **വായനാസാമഗ്രി** | (ടീച്ചർ , കുട്ടി)കടങ്കഥകൾ -കുഞ്ഞുണ്ണി- കളിരീതിയും നിയമങ്ങളും |
| **പോസ്റ്റർ** | |
| **സർഗ്ഗവേള** | വഞ്ചിപ്പാട്ട് അവതരണം - വായ്ത്താരികൾ അവതരണം |
| **ദിനാചരണം** | |
| **ചുമർ പത്രം** | പ്രശസ്തരെക്കുറിച്ചുള്ള കുറിപ്പുകൾ |
| **സി.പി.ടി.എ.** | വഞ്ചിപ്പാട്ട്, വായ്ത്താരികൾ, അവതരണം - തത്സമയ വിവരണം - ചർച്ച |

**പ്രവർത്തനങ്ങൾ – സൂക്ഷ്മ പ്രക്രിയ**

**1. പ്രവേശകം (15 മിനിറ്റ്)**

ടീച്ചർ ഒരു കടങ്കഥ പറയുന്നു.

തടി കണ്ടത്തിൽ, തല കല്യാണപ്പന്തലിൽ (വാഴ). ആദ്യം ഉത്തരം പറയുന്നവർ വിജയി. ഓരോ കുട്ടിയും അവർക്കറിയാവുന്ന കടങ്കഥകൾ എഴുതന്നു. (വ്യക്തിഗതം). കുട്ടികളെ 2 ഗ്രൂപ്പാക്കുന്നു. ഓരോ ഗ്രൂപ്പും തങ്ങളുടെ കൈയിലെ കടങ്കഥകൾ പരിശോധിച്ച് മികച്ചവ കണ്ടെത്തുന്നു.

**ഗ്രൂപ്പുകൾ തമ്മിൽ പയറ്റ് നടത്തുന്നു**

മാർക്ക് ബി.ബിയിൽ രേഖപ്പെടുത്തി വാശിയേറിയ മത്സരമാക്കുന്നു. സ്കോറിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പിനെ പ്രോത്സാഹിപ്പിക്കുന്നു. വിജയിയെ അനുമോദിക്കുന്നു. (പയറ്റിനിടയിൽ ടി.ബിയിലെ കടങ്കഥ ആരെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ ടീച്ചര് മറ്റൊരു കടങ്കഥ പറയുന്നു. ടി.ടി. 120)

**2. വായനയിലേക്ക് – 40 മിനിറ്റ്**

ടീച്ചർ നെപ്പോളിയൻ, നടുഭാഗം ചമ്പക്കുളം, കാവാലം, പാർത്ഥസാരഥി, നേതാജി എന്നീ ചുണ്ടൻ വള്ളങ്ങളുടെ പേരുകൾ ബോർഡിൽ എഴുതുന്നു. ഇവയെല്ലാം എന്തിന്റെ പേരുകളാണ്? നിങ്ങൾക്കറിയാമോ? വള്ളംകളി മത്സരത്തിൽ ഇതിൽ ഏത് ചുണ്ടൻ വള്ളമായിരിക്കും വിജയിച്ചിരിക്കുക. ഊഹം. ഓരോ ചുണ്ടൻ വള്ളത്തിനും നേർക്ക് എത്ര പേർ ? ബോർഡിൽ ലിസ്റ്റിംഗ്. മത്സരത്തിൽ ആരാവും വിജയിച്ചിരിക്കുക? എങ്ങനെ അറിയാം? പാഠവായനയിലേക്ക് (വ്യക്തിഗതവായന) വിജയിയെ കണ്ടെത്തിയോ? കുട്ടികൾ പ്രതികരിക്കുന്നു. എല്ലാവർക്കും കണ്ടെത്താൻ കഴിഞ്ഞോ? എന്തുകൊണ്ട് കണ്ടെത്താനായില്ല? (വായിക്കാനറിയില്ല, ആശയം ഗ്രഹിക്കാനറിയില്ല.), എങ്ങനെ ആശയമുറപ്പിക്കാം. ഒരിക്കൽ കൂടി വായന. വായിക്കുമ്പോൾ അറിയുന്നത് (✓) അറിയാത്തത് (×) ഇഷ്ടപ്പെട്ടവ (-) ആശയം പെൻസിൽ കൊണ്ട് അടയാളപ്പെടുത്താൻ നിർദ്ദേശം നൽകുന്നു. നാലംഗ ഗ്രൂപ്പിൽ അയാളപ്പെടുത്തിയവ പങ്കുവെക്കുന്നു. ക്രോഡീകരിക്കുന്നു. ടീച്ചർമാരുടെ ഇടപെടലുകൾ. അറിയാത്ത പദങ്ങൾ പദശേഖരണ പുസ്തകത്തിൽ എഴുതുന്നു. പിന്നോക്കക്കാർക്ക് അവരുടെ കണ്ടെത്തലുകൾ അവതരിപ്പിക്കാൻ അവസരം നൽകണം. ടീച്ചർ ക്രോഡീകരണം.

**പ്രതികരണ പേജിലേക്ക്**

എല്ലാവർക്കും വായനക്ക് അവസരം നൽകിയോ? വായനയിൽ പ്രയാസം നേരിട്ടവരുണ്ടോ? ആശയവ്യക്തത ഉറപ്പുവരുത്താൻ കഴിഞ്ഞോ?

**3. പറയാം എഴുതാം (30)**

ടീച്ചർ ചോദ്യ ചാർട്ട് പ്രദർശിപ്പിക്കുന്നു. കുട്ടികൾ ആശയഗ്രഹണ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നു. ആവശ്യമെങ്കിൽ ടീച്ചർ വിശദീകരിക്കുന്നു. ഏതൊക്കെ ചുണ്ടൻ വള്ളങ്ങളാണ് ഈ വള്ളംകളിയിൽ പങ്കെടുത്തത്? വള്ളംകളി കണ്ടപ്പോഴുണ്ടായ സന്തോഷം നെഹ്റു എങ്ങനെയാണ് പ്രകടിപ്പിച്ചത്? പണ്ഡിറ്റ്ജി എത്തുമ്പോൾ 63 കതിനാ വെടികൾ പൊട്ടിച്ചത് എന്തിനെ സൂചിപ്പിക്കാനാണ്? പുന്നമടക്കായലിലെ കൊച്ചോളങ്ങൾ പോലും പുളകച്ചാർത്തണിഞ്ഞു എപ്പോൾ? ആശയ ഗ്രഹണ ചോദ്യങ്ങൾ കുട്ടികൾ വായിക്കുന്നു.

ചർച്ചക്കു ശേഷം ഓരോ കുട്ടിയും അവരുടെ കണ്ടെത്തലുകൾ വ്യക്തിഗതമായി കുറിക്കുന്നു.

നാലംഗ ഗ്രൂപ്പിൽ പറയുന്നു. തുടർന്ന് പൊതു അവതരണം (ഗ്രൂപ്പുകൾ) ചർച്ച – കൂട്ടിച്ചേർക്കൽ മെച്ചടുത്തി എഴുതൽ

**പ്രതികരണ പേജിലേക്ക്**

ചോദ്യങ്ങൾ കുട്ടികൾ സ്വയം വായിച്ചോ? ഉത്തരം കണ്ടുപിടിക്കാൻ കഴിഞ്ഞോ? സ്വാഭിപ്രായം പറഞ്ഞോ? ഇല്ലെങ്കിൽ എന്തുകൊണ്ട് ? എല്ലാവരുടേയും പങ്കാളിത്തം ഉണ്ടായോ?

**4. വിശകലന ചോദ്യങ്ങൾ (40)**

1. പാഠഭാഗങ്ങളിലെ നേരിൽ കാണുന്ന പ്രതീതി ജനിപ്പിക്കുന്ന സന്ദർഭങ്ങൾ ഏതെല്ലാം?
2. ആ കാത്തിരിപ്പ് ആരംഭിച്ചിട്ടു മണിക്കൂറുകൾ കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ആരും അക്ഷമരായിട്ടില്ല. എന്തുകൊണ്ട്?
3. കുട്ടനാട്ടുകാർ നെഹ്റുവിന് നൽകിയ ആ വരവേൽപ്പ് ഒരു ജലമേളയ്ക്ക് നാന്ദി കുറിച്ചു. എങ്ങനെ? മുകളിൽ കൊടുത്ത ചോദ്യങ്ങൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

കുട്ടികൾ ചോദ്യങ്ങൾ വായിക്കുന്നു. മനസ്സിലായവ ചർച്ച. ടീച്ചർ വ്യക്തത വരുത്തണം.

ഓരോ ചോദ്യത്തിനും ഉത്തരമെഴുതുന്നു. (വ്യക്തിഗതം) ഗ്രൂപ്പിൽ ഓരോരുത്തരും വായിച്ചവതരിപ്പി

ക്കുന്നു. മെച്ചപ്പെടുത്തുന്നു. ഗ്രൂപ്പുകളുടെ അവതരണം - മറ്റുഗ്രൂപ്പുകളും ടീച്ചറും ഇടപെടുന്നു.

ടീച്ചർ വേർഷൻ അവതരണം

1. അതാ... അതാ.. വരുന്നുണ്ട്. .. ഓ ... എത്തിപ്പോയി... അകലെകണ്ണും നട്ട് കൊണ്ട്... ബോട്ട് മണ്ഡപത്തോടടുക്കാറായി. അനേകായിരങ്ങളുടെ.... സ്വീകരിച്ചു. വിശിഷ്ടാതിഥി... അദ്ദേഹത്തിന്റെ വേഷം അധികം താമസിച്ചില്ല... ചീറിപ്പാഞ്ഞു.
2. കാത്തിരിപ്പ് വിരസവും ക്ഷമ കെടുത്തുന്നതുമാണ്. എന്നാൽ ഇവിടെ ജനങ്ങൾ അക്ഷമരായില്ല. കാരണം അവർ കാത്തിരിക്കുന്നത് ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയെ ഒരു നോക്ക് കാണാനാണ്. ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിത്തരുന്നതിൽ നിർണ്ണായക പങ്കുവഹിച്ച ജവഹർലാൽ നെഹ്റുവിനെ കാത്ത് ഇരിക്കുന്നതിൽ അവർക്ക് പരിഭവമില്ല. കൂടാതെ കുട്ടനാടിന്റെ ഹൃദയത്തുടിപ്പായ വള്ളംകളി ആ വിശിഷ്ട വ്യക്തിയുടെ കൂടെ കാണുന്നതിലുള്ള സന്തോഷവും അവരിലുണ്ടാകും.
3. ജവഹർലാൽ നെഹ്റുവിനോടുള്ള ആദര സൂചകമായി നെഹ്റുട്രോഫി വള്ളംകളി ആരംഭിച്ചു.

### 5. ചേർത്തെഴുതാം (20 മിനുട്ട്)

ടീച്ചർ ചോദ്യം ഉന്നയിക്കുന്നു. പ്രവർത്തന മാഹാത്മ്യം കൊണ്ട് പ്രശസ്തരായവർ ആരെല്ലാം? മഹാത്മജി എന്ന് ആരെയാണ് നമ്മൾ വിളിക്കുന്നത്? നവഭാരത ശില്പിയെന്ന് വിശേഷിപ്പിക്കുന്നതാരെ? ചാച്ചാജിയെന്ന് വിളിക്കുന്നതാരെ? കേരള ഗാന്ധിയെന്ന് വിശേഷിപ്പിക്കുന്നതാരെ?



കുട്ടികളുടെ പ്രതികരണം

ഇങ്ങനെ പല പ്രശസ്തരെയും അവരുടെ പ്രവർത്തനമാഹാത്മ്യം കൊണ്ട് മറ്റുചില പേരുകളിലാണ് വിശേഷിപ്പിച്ചിരിക്കുന്നത്?

കുട്ടികൾ ആദ്യം ടി.ബിയിലെ പ്രവർത്തനം സ്വന്തമായി ചേരുംപടി ചേർക്കുന്നു. അവതരണം. മറ്റു കുട്ടികൾ വിലയിരുത്തുന്നു. ഇവ ശരിയാണെന്ന് എങ്ങനെ അറിയും? ടി.ബി.പട്ടികയിലെ പ്രശസ്തരുടെ ചെറുകുറിപ്പുകൾ അടങ്ങിയ 4169 വായനാസാമഗ്രി ടീച്ചർ ഗ്രൂപ്പിൽ നൽകുന്നു. കുട്ടികൾ വായിച്ച് ഓരോരുത്തർക്കും പറ്റിയ വിശേഷണങ്ങൾ കണ്ടെത്തുന്നു. ഓരോ ഗ്രൂപ്പും പട്ടിക നോട്ട് ബുക്കിൽ എഴുതി യോജിപ്പിക്കുന്നു. ഗ്രൂപ്പിൽ അവതരണം. മറ്റു ഗ്രൂപ്പുകളും ടീച്ചറും വിലയിരുത്തുന്നു. മെച്ചപ്പെടുത്തൽ

**ടീച്ചർ തയ്യാറാക്കിയത്**

| | | |
|---|---|---|
| ഇന്ത്യയുടെ വാനമ്പാടി | - | സരോജിനി നായിഡു |
| ഇന്ത്യയുടെ പൂങ്കുയിൽ | - | ലതാമങ്കേഷ്കർ |
| ഏഷ്യയുടെ പ്രകാശം | - | ശ്രീ ബുദ്ധൻ |
| വിളക്കേന്തിയ വനിത | - | ഫ്ളോറൻസ് നൈറ്റിംഗേൽ |
| കേരള സിഹം | - | പഴശ്ശിരാജ |

### 6. തത്സമയ വിവരണം (45 മിനിട്ട്)

കുട്ടികളെ 6 പേരടങ്ങുന്ന ഗ്രൂപ്പാക്കുക., ഓരോ ഗ്രൂപ്പിനും ഓരോ ചുണ്ടൻ വള്ളങ്ങളുടെ പേരുകൾ. ടി.ടി. 124 ലെ വള്ളംകളി ദൃക്സാക്ഷി വിവരണം ടീച്ചർ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. ഗ്രൂപ്പിൽ കുട്ടികൾ ദൃക്സാക്ഷി വിവരണം വായിക്കുന്നു. വള്ളംകളി വീഡിയോ കാണിക്കുന്നു. നിങ്ങൾ കളികളുടെ തത്സമയ വിവരണങ്ങൾ കേട്ടിട്ടുണ്ടോ? ഏതെല്ലാം കളികളുടെ? അവയുടെ പ്രത്യേകതകൾ എന്തെല്ലാം? (ഒരു സംഭവത്തിന് സാക്ഷിയാവാത്ത ആൾക്കുവേണ്ടി അത് കണ്ടുകൊണ്ടിരിക്കുന്ന മറ്റൊരു വ്യക്തി നൽകുന്ന സജീവമായ വിവരണമാണ് ദൃക്സാക്ഷി വിവരണം.) നിങ്ങൾ സംഘമായി കളിക്കുന്ന കളികൾ ഏതെല്ലാം? കുട്ടികൾ ലിസ്റ്റ് ചെയ്യുന്നു. അതിൽ നിന്നും ഏതെങ്കിലും ഒരു കളിയുടെ തത്സമയ വിവരണം ഗ്രൂപ്പിൽ എഴുതി തയ്യാറാക്കുക. തത്സമയ വിവരണത്തിൽ എന്തെല്ലാം ഉൾപ്പെടണം? ചർച്ച കളിയുടെ പേര്, കളിസ്ഥലം, കളിക്കാരുടെ എണ്ണം, ഉപകരണങ്ങൾ, കളിക്കാരുടെ ചലനങ്ങൾ എന്നിവയെല്ലാം വിവരണത്തിൽ വരണമെന്ന് ടീച്ചർ ചർച്ചയിൽ ഉൾപ്പെടുത്തണം.

### ദൃക്സാക്ഷി വിവരണം - സൂചകങ്ങൾ

സംഭവിക്കുന്ന കാര്യങ്ങൾ അതേ സമയത്ത് വിവരിക്കുന്നു. കേൾക്കുന്ന ആൾക്ക് നേരിൽ കാണുന്ന പ്രതീതി, ചടുലമായ ഭാഷാ പ്രയോഗം, സൂക്ഷ്മാംശങ്ങൾ വിട്ടുപോകുന്നില്ല.

കുട്ടികൾ ഗ്രൂപ്പിൽ എഴുതുന്ന തത്സമയ വിവരണത്തിൽ മേൽ സൂചിപ്പിച്ച സൂചകങ്ങൾക്കനുസൃതമാണെന്ന് ഉറപ്പ് വരുത്താൻ ടീച്ചർ ആവശ്യപ്പെടുന്നു. കുട്ടികൾ സ്വന്തം രചനയിൽ ഈ ഘടകങ്ങൾ

വന്നിട്ടുണ്ടെന്ന് ഉറപ്പിക്കുന്നു. ഗ്രൂപ്പിന്റെ വിവരണം ചാർട്ടിലെഴുതി പൊതുവായി അവതരിപ്പിക്കുന്നു. മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തി നിർദ്ദശങ്ങൾ നൽകുന്നു. ടീച്ചർ കൂട്ടിച്ചേർക്കുന്നു. ടീച്ചർ വേർഷൻ അവതരണം (ചാർട്ടിൽ) കുട്ടികൾ സ്വന്തം രചനയുമായി താരതമ്യം ചെയ്യുന്നു. മെച്ചപ്പെടുന്നു.

**7. എഡിറ്റിംഗ് (30 മിനിറ്റ്)**

ഒരു ഗ്രൂപ്പിന്റെ രചന പൊതുവായി എഡിറ്റിംഗിനായി തെരഞ്ഞെടുക്കുന്നു. ടീച്ചർ എഡിറ്റിംഗിനായി ചോദ്യങ്ങൾ ചോദിക്കുന്നു.

**ആശയം**

ഏതെങ്കിലും ആശയം കൂട്ടിച്ചേർക്കാനുണ്ടോ? ഏതെങ്കിലും ബന്ധമില്ലാത്തവ ഒഴിവാക്കേണ്ടതോ മെച്ചപ്പെടുത്തേണ്ടതോ ഉണ്ടോ?

**വാക്യഘടന**

ഏതെങ്കിലും പദങ്ങൾ അനാവശ്യമായി ആവർത്തിച്ചിട്ടുണ്ടോ? ഏതെങ്കിലും പദങ്ങൾ ക്രമം തെറ്റി പ്രയോഗിച്ചിട്ടുണ്ടോ? ഏതെങ്കിലും പദങ്ങൾ വിട്ടുപോയിട്ടുണ്ടോ?

**പദം**

അനുയോജ്യമായ പദങ്ങൾ തന്നെയാണോ ഉപയോഗിച്ചിട്ടുള്ളത്?

പദങ്ങളുടെ ആവർത്തനം ഒഴിവാക്കിയിട്ടുണ്ടോ?

**അക്ഷരം**

അക്ഷരങ്ങൾ, ചിഹ്നങ്ങൾ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടോ? അക്ഷരം, പദം, വാക്യം, അകലം, പാലിച്ച് എഴുതിയിട്ടുണ്ടോ? ചിഹ്നങ്ങൾ, അക്ഷരങ്ങൾ വല്ലതും വിട്ടുപോയിട്ടുണ്ടോ?

**വ്യവഹാരരൂപം**

നേരിൽ കാണുന്ന പ്രതീതിയുണ്ടാക്കിയോ? ചടുലമായ ഭാഷാ പ്രയോഗങ്ങൾ ഉണ്ടോ? ലളിതമായ ഭാഷയാണോ? എന്തെങ്കിലും കൂട്ടിച്ചേർക്കാനുണ്ടോ?

മറ്റ് ഗ്രൂപ്പുകളുടെ രചനകൾ കൈമാറി എഡിറ്റ് ചെയ്യുന്നു. എഡിറ്റിംഗിന്റെ ഭാഗമായുണ്ടായ മാറ്റങ്ങൾ ഉൾപ്പെടുത്തി രചന മെച്ചപ്പെടുത്തുന്നു. (വ്യക്തിഗതം), എഡിറ്റിംഗിന്റെ വെളിച്ചത്തിൽ കുട്ടികൾ നോട്ട് ബുക്കിൽ രചന മെച്ചപ്പടുത്തി എഴുതുന്നു. പോർട്ട്ഫോളിയോയിലേക്ക്

**പ്രതികരണ പേജിലേക്ക്**

എത്രപേർക്ക് മികച്ച നിലയിൽ എഴുതാൻ കഴിഞ്ഞു? മറ്റു കുട്ടികളുടെ പ്രശ്നമെന്ത്? കാരണമെന്ത്? കുട്ടികളുടെ പങ്കാളിത്തം കൂട്ടുന്നുണ്ടോ?

**8. ചേർത്തെഴുതാം (10 മിനിട്ട്)**

രണ്ടു പദങ്ങൾ തമ്മിൽ കൂടിച്ചേരുമ്പോൾ വാക്കിന് എന്തെങ്കിലും മാറ്റം ഉണ്ടാകാറുണ്ടോ?

കുട്ടി പ്രതികരണം

എത്തി+പോയി = എന്തായിരിക്കും ഉത്തരം? കുട്ടി പ്രതികരണം

കുട്ടികളെ 5 പേരടങ്ങുന്ന ഗ്രൂപ്പ്. ഗ്രൂപ്പുകൾ തമ്മിൽ മത്സരം, ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും ശരിയായി നോട്ടുപുസ്തകത്തിൽ പ്രവർത്തനം ചെയ്താൽ പോയിന്റ്, ഏറ്റവുമാദ്യം ശരിയുത്തരം എഴുതി തീരുന്ന ഗ്രൂപ്പ് വിജയി. ടി.ബി. 55ലെ മാതൃകപോലെ ചേർത്തെഴുതുക. ചേർത്തെഴുതേണ്ട പദങ്ങൾ ബോർഡിൽ എഴുതണം. ഓരോ ഗ്രൂപ്പിലും എല്ലാവരും ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ടത് ഗ്രൂപ്പ് ലീഡർ - അവതരണം - മെച്ചപ്പെടുത്തൽ

ചാടി + കയറി - ചാടിക്കയറി, തുള്ളി + ചാടി - തുള്ളിച്ചാടി, നോക്കി+കണ്ടു - നോക്കിക്കണ്ടു

ചീറി +പാഞ്ഞു - ചീറിപ്പാഞ്ഞു. നീല+താമര- നീലത്താമര

**9. പദങ്ങൾ കണ്ടെത്താം. (20 മിനുട്ട്)**

ഒരു സന്ദർഭത്തിന് എപ്പോഴും നമ്മൾ ഒരു പദം തന്നെയാണോ ഉപയോഗിക്കാറ്? അതായത് ചീറിപ്പായുക എന്നതിന് പകരം ഏത് പദം നമുക്ക് ഉപയോഗിക്കാം? എപ്പോഴും ഈ പദം തന്നെയാണോ ഉപയോഗിക്കുക? പാഠഭാഗത്തിൽ ഓരോ സന്ദർഭങ്ങൾക്ക് യോജിച്ച രീതിയിൽ എന്തെല്ലാം പദങ്ങൾ പ്രയോഗിച്ചിരിക്കുന്നു? വേഗത്തിൽ പോവുക, സന്തോഷ പ്രകടനം, ശബ്ദം, വാത്സല്യ പ്രകടനം തുടങ്ങിയവയെ സൂചിപ്പിക്കുന്ന പദങ്ങളും കുട്ടികളോട് ഗ്രൂപ്പിൽ കണ്ടെത്തനാവശ്യപ്പെടുന്നു.

ഗ്രൂപ്പിൽ നടക്കേണ്ട പ്രവർത്തനങ്ങൾ

വ്യക്തിഗതമായി ഉത്തരങ്ങൾ കണ്ടെത്തണം. എഴുതുന്ന ഉത്തരങ്ങൾ ഗ്രൂപ്പിൽ പങ്കുവെക്കണം

തെറ്റുകൾ കണ്ടെത്തി തിരുത്തണം. ഓരോ ഗ്രൂപ്പിന്റെയും കണ്ടെത്തലുകൾ അവതരിപ്പിക്കണം. ഗ്രൂപ്പ്

രചനകൾ പരസ്പരം വിലയിരുത്തണം. മികച്ചവ പങ്കുവെക്കുകയും അവതരിപ്പിക്കുകയം വേണം ഒരു ഗ്രൂപ്പ് അവതരിപ്പിക്കുമ്പോൾ മറ്റ് ഗ്രൂപ്പുകൾ ആവശ്യമെങ്കിൽ എഴുതിയെടുക്കണം. വ്യക്തിഗത മായി എഴുതുന്നു. ഗ്രൂപ്പിൽ വായിച്ചവതരണം. മികച്ചത് പൊതു അവതരണം. പരസ്പര വിലയിരു ത്തൽ – മെച്ചപ്പെടുത്തൽ. ടീച്ചർ വേർഷൻ

വേഗത്തിൽ പോവുക : ചീറിപ്പായുക, ഇരമ്പി കുതിച്ച്, പടക്കുതിരയെപോലെ, മിന്നൽ വേഗത്തിൽ.

സന്തോഷ പ്രകടനം : ആഹ്ലാദാരവം, ജയഘോഷം, ആർപ്പുവിളികൾ, ഹർഷാരവം

ശബ്ദം : അലറി വിളിക്കുക, നിലവിളിക്കുക, കൂവി വിളിക്കുക, ആരവം

വാത്സല്യപ്രകടനം : ലാളിക്കുക, കൊഞ്ചിക്കുക, താലോലിക്കുക

**10. പാടി രസിക്കാം. (20 മിനുട്ട്)**

ടി.ബി. 55ലെ രാമപുരത്തുവാര്യരുടെ വരികൾക്ക് കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. ഈ വരി കളിലെ ആശയം എന്ത്? കുട്ടികൾ കണ്ടെത്തിപറയുന്നു. ടീച്ചർ വ്യക്തത വരുത്തുന്നു. സന്ദർഭം വിശ ദീകരിക്കുന്നു. വ്യക്തിഗതമായി ഈണം കണ്ടെത്തി ഗ്രൂപ്പിൽ അവതരണം. നല്ല ഈണം തെരഞ്ഞെ ടുത്ത് ഗ്രൂപ്പുകളുടെ അവതരണം. മറ്റ് ഗ്രൂപ്പുകളുടെ ടീച്ചറും വിലയിരുത്തുന്നു. ടീച്ചർ ആലാപനം / മൊബൈൽ/ സി.ഡി. (വള്ളംകളി തുഴച്ചിൽ കാരുടെ അധ്വാനം ലഘൂകരിക്കാനായി കൂട്ടമായി താള ത്തിൽ പാടുന്ന പാട്ട്) വഞ്ചിപ്പാട്ട്. ടി.ബിയുടെ തുടർന്നുള്ള വരികൾ ടി.ടി. 127ൽ. അവ ചാർട്ടിൽ എഴുതി പ്രദർശനം – കുട്ടികൾ എഴുതിയെടുക്കുന്നു. ടീച്ചറും കുട്ടികളും കൂടി പാടി രസിക്കുന്നു.



കുട്ടികൾ ഒഴിവു സമയങ്ങളിലും സർഗ്ഗവേള സി.പി.ടി.എ. എന്നീ അവസരങ്ങ ളിലും ആലപിക്കുന്നു.

**പ്രതികരണ പേജിലേക്ക്**

എല്ലാവരും ഈണം കണ്ടെത്തി അവതരിപ്പിച്ചോ? നന്നായി ഈണം കണ്ടെത്തി അവതരിപ്പിച്ചതാര് ? പ്രയാസം നേരിട്ടവരുണ്ടോ ?

**11. പാടി അഭിനയിക്കാം (20 മിനിറ്റ്)**

ഓരോ ബെഞ്ചും ഓരോ ഗ്രൂപ്പ് കുട്ടികൾ അവരിരിക്കുന്ന ബെഞ്ചിനെ തോണി യായി സങ്കല്പിച്ച് ബെഞ്ചിൽ ഇരിക്കുന്നു. ടി.ബി. 56ലെ കുട്ടനാടൻ പുഞ്ച യിലെ ... എന്ന ഗാനം തോണി തുഴയുന്നപോലെ അംഗചലനങ്ങളോടെ അഭി നയിച്ച് പാടുന്നു. ഓരോ ബെഞ്ചും അവതരിപ്പിക്കുന്നു. ഏത് ഗ്രൂപ്പാണ് മികച്ചതായി അവതരിപ്പിച്ചത്? അവരെ പ്രോത്സാഹിപ്പിക്കുന്നു. ഇതുപോലെ കുചേലവൃത്തം വഞ്ചിപ്പാട്ടിലെ വരികളും പാടി അഭിന യിക്കുന്നു. ശേഷം ടീച്ചർ ചൊല്ലി കുട്ടികൾ അഭിനയിക്കൽ.

**ചൊല്ലി രസിക്കാം**

ടീച്ചർ ഒരു വഞ്ചിപ്പാട്ട് ചാർട്ടിൽ എഴുതിയത് പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഈണം കണ്ടെത്തി അവ തരണം (4168). ടീച്ചർ വഞ്ചിപ്പാട്ട് അവതരിപ്പിക്കുന്നു. ടീച്ചറും കുട്ടികളും കൂടി ചൊല്ലി രസിക്കുന്നു.

സർഗ്ഗവേള സി.പി.ടി.എ. എന്നിവയിൽ ആലപിക്കാനവസരം ഒരുക്കുന്നു. ടീച്ചർ ഒരു വായ്ത്താരി ബോർഡിൽ എഴുതുന്നു. കുട്ടികൾ വായിച്ച് അവർക്ക് പരിചിതമായ മറ്റു വായ്ത്താരികൾ എഴുതുന്നു. (വ്യക്തിഗതം). അഞ്ചംഗഗ്രൂപ്പിൽ അവതരണം. ഗ്രൂപ്പിലെ ഓരോരുത്തരും അവതരിപ്പിക്കുമ്പോൾ കൂട്ടുകാരിൽ നിന്നും കിട്ടിയതും എഴുതുന്നു. ഗ്രൂപ്പുകൾ അവതരണം – കൂട്ടിച്ചേർക്കൽ, ടീച്ചറുടെ അവതരണം.

**വായ്ത്താരികൾ**

| | |
|---|---|
| തന്നാനെ താരാ തക തന്നാനം താരാ<br>തന്താനെ താരാ തക തന്നാനം താരാ | തെയ്യകം തിന്തിമി തെയ്യകം താരാ<br>തെയ്യകം തിന്തിമി തെയ്യകം താരാ |
| തെയ്യത്തിനിന്താ തിനന്തിനിത്താരാ<br>താരാ തിനന്ത തിനന്തിനത്താരാ | തിന്തകം താരാ തിന്തകം താരാ<br>തിന്തകം തെയ്താരാ |
| തെയ്യത്തിനിന്താ തിനന്തിനിത്താരാ<br>താരാ തിനന്ത തിനന്തിനത്താരാ | തന്തിനന്തോ താനിനാനോ<br>തിന്തിനിന്തോ താനിനാനോ |

**12. സംഘം ചേർന്നുള്ള കളികൾ (45 മിനിറ്റ്)**



നിങ്ങൾക്ക് കളികൾ ഇഷ്ടമാണോ? നിങ്ങൾ ഏതെല്ലാം കളികൾ കളിക്കാറുണ്ട്? കുട്ടികൾ പ്രതികരിക്കുന്നു. നിങ്ങൾ ഒറ്റക്കാണോ കൂട്ടമായാണോ കളിക്കാറുള്ളത്? ഏതുതരം കളിയാണ് നിങ്ങൾക്ക് കൂടുതലിഷ്ടം? എന്തുകൊണ്ട്? കരയിൽ മാത്രമാണോ നിങ്ങൾ കളിക്കാറുള്ളത്? വെള്ളത്തിൽ കളിക്കാറുണ്ടോ? വെള്ളത്തിൽ കളിക്കുന്ന കളികൾ ഏതെല്ലാം? വള്ളംകളി എങ്ങനെയുള്ള കളിയാണ്? ഒറ്റക്ക് കളിക്കുന്നതോ സംഘമായി കളിക്കുന്നതോ? എന്നാൽ ഇതുപോലെ സംഘമായി കളിക്കുന്ന ഏതെല്ലാം കളികൾ നിങ്ങൾക്കറിയാം? വ്യക്തിഗതമായും സംഘമായും കളിക്കുന്ന കളികളുടെ സവിശേഷതകൾ എഴുതുക.

ടീച്ചർ വർക്ക്ഷീറ്റ് 4112 നൽകുന്നു.

കുട്ടികൾ വായിച്ച് വ്യക്തിഗതമായി എഴുതുന്നു. മൂന്ന് അംഗ ഗ്രൂപ്പിൽ അവതരണം. പൊതുഅവതരണം ടീച്ചറുടെ ക്രോഡീകരണം.


**രണ്ടുപേർ മാത്രം ആവശ്യമായ കളി - സവിശേഷത (ചെസ്സ്)**

മത്സരം മുഖാമുഖം, ജയവും തോൽവിയും സ്വന്തം, വ്യക്തിഗത കഴിവ് പ്രധാനം, ഒരാളുടെ ശക്തിദൗർബല്യങ്ങൾ ഫലത്തെ സ്വാധീനിക്കും

**രണ്ടിൽ കൂടുതൽ പേർ ആവശ്യമായ കളി - സവിശേഷത (കാൽപ്പന്തുകളി)**

സംഘബോധം, കൂട്ടായ്മ വളർത്തും വിജയവും പരാജയവും പങ്കുവെക്കും മൂല്യങ്ങളുടേയും ശേഷിയുടെയും വികാസം ഉണ്ടാകും. (പരസ്പരധാരണ, ആശയവിനിമയശേഷി, പരസ്പര ബഹുമാനം, സ്നേഹം, സഹകരണബോധം, സന്തോഷത്തിലും പ്രയാസത്തിലും പങ്കുചേരൽ.)

പ്രാദേശികമായി പ്രചാരത്തിലുള്ള കളികളെക്കുറിച്ച് കുട്ടികൾ പറയുന്നു. കളികളുടെ പേരുകൾ ടീച്ചർ ബോർഡിൽ ലിസ്റ്റ് ചെയ്യുന്നു.



ഇതിൽ നിങ്ങൾക്ക് ഏറ്റവും പരിചിതമായ കളിയേത്? ഏറ്റവും ഇഷ്ടപ്പെട്ടതേത്? അതിൽ നിന്നും നല്ലപോലെ പരിചിതമായ ഒരു കളി ടീച്ചറും കുട്ടികളും കൂടി പുറത്തുപോയി കളിക്കുന്നു. ശേഷം കളിച്ച കളിയെക്കുറിച്ച് ഒരു കുറിപ്പ് വ്യക്തിഗതമായി എഴുതുവാനാവശ്യപ്പെടുന്നു. മൂന്നംഗ ഗ്രൂപ്പിൽ ഓരോരുത്തരായി വായിച്ച് അവതരിപ്പിക്കുന്നു. പരസ്പരം വിലിയിരുത്തുന്നു. (ആശയ വ്യക്തത, വസ്തുനിഷ്ഠത, ഒഴുക്കുള്ള ഭാഷ) ചർച്ചയുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തി എഴുതുന്നു. ഗ്രൂപ്പിൽ മികച്ചവ പൊതു അവതരണം. പരസ്പര വിലയിരുത്തൽ - ചർച്ച

ടീച്ചർ വേർഷൻ (4169) അവതരണം, ഒരു കളിയുടെ കുറിപ്പ് ചാർട്ടിൽ പ്രദർശനം, കുട്ടികൾക്ക് അത് വായിച്ച് സ്വന്തം രചന മെച്ചപ്പെടുത്തുന്നു.

ആവശ്യമുള്ള കൂട്ടിച്ചേർക്കലുകൾ നടത്തുന്നു. പോർട്ട് ഫോളിയോയിലേക്ക്

**പ്രതികരണ പേജിലേക്ക്**

കളിയിൽ എല്ലാവർക്കും പങ്കാളിത്തം ലഭിച്ചോ? എത്ര പേർക്ക് മികച്ച രീതിയിൽ എഴുതാൻ കഴിഞ്ഞു? മറ്റുള്ളവർ നേരിടുന്ന പ്രശ്നം, കാരണം എന്ത്?

**13. വാക്യം നിർമ്മിക്കാം (20 മിനുട്ട്)**



നാന്ദി കുറിക്കുക എന്ന വാക്ക് നിങ്ങൾ കേട്ടിട്ടുണ്ടോ? അതിന്റെ അർത്ഥം എന്താണ്?

നാന്ദി കുറിക്കുക എന്ന പദം ചേർത്ത് വരുന്ന വാചകം കുട്ടികൾ പാഠഭാഗത്തിൽ നിന്നും കണ്ടെത്തി എഴുതുക. ടി.ബിയിലെ വാക്യങ്ങൾ പരിശോധിക്കുക.

ഇതുപോലെ അക്ഷമരാവുക, ലക്ഷ്യസ്ഥാനം എന്നീ വാക്കുകൾ വരുന്ന വാക്യങ്ങൾ പാഠഭാഗത്തുനിന്നും കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തുന്നു. അഞ്ചംഗഗ്രൂപ്പിൽ ഓരോരുത്തരും പറഞ്ഞവതരിപ്പിക്കുന്നു. ക്രോഡീകരിക്കുന്നു.

തുടർന്ന് വ്യക്തിഗതമായി കുട്ടികൾ പുതിയ വാക്യങ്ങൾ തയ്യാറാക്കുക.

ഗ്രൂപ്പിൽ അവതരണം. മികച്ചത് തെരഞ്ഞെടുക്കുന്നു. തുടർന്ന് ഒരു മത്സരമാണ് ഒന്നാം ഗ്രൂപ്പ് രണ്ടാം ഗ്രൂപ്പിനോട് ഒരു പദം പറയും. അവർ ഒരു വാക്യമുണ്ടാക്കണം. ഗ്രൂപ്പുകൾ തമ്മിൽ ഈ കളി തുടരുന്നു. ടീച്ചർ പോയിന്റ് നൽകുന്നു. കൂടുതൽ പോയിന്റ് കിട്ടിയവർ ജയിക്കും. വാക്യം വിലയിരുത്തുന്നതിൽ ടീച്ചർക്കും ഇടപെടാം.

തുടർന്ന് പ്രയോഗ ഭംഗി കണ്ടെത്താം വർക്ക് ഷീറ്റ് (4111) നൽകുന്ന വ്യക്തിഗതമായി തയ്യാറാക്കുന്ന ഗ്രൂപ്പ് അവതരണം ചർച്ച മെച്ചപ്പെടുത്തൽ.

**പ്രതികരണ പേജിലേക്ക്**

എല്ലാവർക്കും എഴുതാൻ കഴിഞ്ഞോ? പരിമിതികൾ തിരിച്ചറിഞ്ഞോ?

വർക്ക്ഷീറ്റ് എങ്ങനെ സ്വീകരിച്ചു? മെച്ചപ്പെടുത്തി എഴുതാൻ കഴിഞ്ഞോ?

**14. ഞാൻ എന്നെക്കുറിച്ച്**

പാഠപുസ്തകത്തിൽ നൽകിയ യൂണിറ്റ് വിലയിരുത്തൽ വ്യക്തിഗതമായി ചെയ്യുന്നു.

കുട്ടിയുടെ പ്രവർത്തനങ്ങളുമായി ടീച്ചർ വിലയിരുത്തൽ തട്ടിച്ചു നോക്കുന്നു.

വിലയിരുത്തലിലെ മികവും മെച്ചപ്പെടേണ്ട കാര്യവും കുട്ടിയേയും രക്ഷിതാവിനേയും ബോധ്യപ്പെടുത്തുന്നു.

PENCIL

Process Ensuring for Natural Classroom Interaction and Learning

എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വർക്ക് ഷീറ്റ് - 4111

| ക്ലാസ് : 4 | യൂണിറ്റ് 4 - രസിതം | മൊഡ്യൂൾ 8. | നെഹ്റു ട്രോഫി വള്ളംകളി |
|---|---|---|---|

## പ്രയോഗഭംഗി കണ്ടെത്താം

നെഹ്റുട്രോഫി വള്ളംകളി എന്ന പാഠത്തിലെ
ഭാഷാ പ്രയോഗങ്ങളുടെ ആശയം കണ്ടെത്തി എഴുതുക.

| പ്രയോഗങ്ങൾ | ആശയം |
|---|---|
| അകലെ കണ്ണും നട്ട് | |
| തരംഗപരമ്പരകളിളക്കി വരുന്നു. | |
| മിന്നൽ വേഗത്തിൽ | |
| പടക്കുതിരയെപ്പോലെ | |

| ക്ലാസ് : 4 | യൂണിറ്റ് 4 - രസിതം | മൊഡ്യൂൾ 8. | നെഹ്റു ട്രോഫി വള്ളംകളി |
|---|---|---|---|

## കളികൾ

രണ്ടുപേർ ആവശ്യമായ കളികളും രണ്ടിൽ കൂടുതൽ അംഗങ്ങൾ ആവശ്യമായ കളികളും ഉണ്ടല്ലോ? അവ പട്ടികപെടുത്തുക. അവയുടെ പൊതു സവിശേഷതകൾ എഴുതുക.

| രണ്ടുപേർ മാത്രം ആവശ്യമായ കളികൾ | പൊതു സവിശേഷതകൾ |
|---|---|
| • ചെസ്സ് | • മത്സരം മുഖാമുഖം |
| • | • |
| • | • |
| • | • |
| • | • |
| • | • |

| രണ്ടിൽ കൂടുതൽ പേർ ആവശ്യമായ കളികൾ | പൊതു സവിശേഷത |
|---|---|
| • കാൽപന്തുകളി | • സംഘബോധം വളർത്തും |
| • | • |
| • | • |
| • | • |
| • | • |
| • | • |

## കണ്ണുകെട്ടിക്കളി



വളരെ പ്രചാരമുള്ള ഒരു നാടൻ കളിയാണിത്. ഒരു കൂട്ടം പേർ ഒരുമിച്ചാണ് ഈ കളി കളിക്കുന്നത്. തലവനായി ഒരാൾ വേണം. മറ്റുള്ളവരുടെയെല്ലാം കണ്ണ് തുണി കൊണ്ട് മുറുകെ കെട്ടുക. തലവൻ ഒരു മണിയും കിലുക്കി (വിസിൽ മുഴക്കി) മറ്റുള്ളവരുടെ ചുറ്റിലും ഇടയിൽ കൂടിയും ഓടി നടക്കുക. മണിയും കിലുക്കി ഓടുന്ന തലവനെ കുട്ടികൾ പിടിക്കണം. പിടിക്കുന്ന കുട്ടിക്ക് കെട്ടഴിച്ച് വെളിയിൽ പോകാം.

മണികിലുക്കം കേട്ട് ദിക്കറിഞ്ഞ് കുട്ടികൾ ഓടി വരുമ്പോൾ തലവൻ മണി കിലുക്കം നിറുത്തി മാറ്റൊരു ഭാഗത്തേക്ക് നീങ്ങും. അവിടുന്ന് വീണ്ടും മണികിലുക്കം. കുട്ടികൾ അങ്ങോട്ടു വരുമ്പോൾ അവിടെ നിന്നും മാറുന്നു. പിടികൊടുക്കാതെ നോക്കണമെന്നർത്ഥം. കുട്ടികൾ കൂട്ടിമുട്ടുന്നതും വഴിതെറ്റി വട്ടം കറങ്ങുന്നതും ടീച്ചർ ശ്രദ്ധിക്കണം. തലവനെ ആദ്യം പിടിക്കുന്ന മിടുക്കനായിരിക്കും അടുത്ത തലവൻ.

# വഞ്ചിപ്പാട്ട്

പത്തു ദിക്കും തങ്കലാക്കി തെയ്തെയ് തക തെയ് തെയ് തോം
പത്തു ദിക്കും തങ്കലാക്കി തിത്തിത്താ തിത്തെയ്തോം
പത്തു ദിക്കും തങ്കലാക്കി നിൽപ്പവനെ കൈതൊഴുന്നേൻ (2)
തെയ് തെയ് തകതെയ് തെയ് തക തോംതക
ധീര തിത്തോം തിത്തോം തികിതോം

പാലാഴിയിൽ പള്ളികൊള്ളും തെയ് തെയ് തക തെയ് തെയ്ത
പാലാഴിയിൽ പള്ളികൊള്ളും തിത്തിത്താ തിത്തെയ് തോം
പാലാഴിയിൽ പള്ളികൊള്ളും പത്മനാഭാ കൈതൊഴുന്നേൻ
തെയ് തെയ് തക തെയ് തെയ് തക തോം തക
ധീര തിത്തോം തിത്തോം തികിതോം.

പിച്ചകപ്പൂ മാലതാലി തെയ്തെയ് തക തെയ് തെയ് തോം
പിച്ചകപ്പൂ മാലതാലി തിത്തിത്താ തിത്തെയ് തോം
പിച്ചകപ്പൂ മാലതാലി പൂണ്ട പോറ്റി കൈതൊഴുന്നേൻ
തെയ് തെയ് തകതെയ് തെയ് തക തോം തക
ധീര തിത്തോം തിത്തോം തികിതോം

പീതാംബര പട്ടുടുത്ത തെയ് തെയ് തക തെയ് തെയ് തോം
പീതാംബര പട്ടുടുത്ത തിത്തിത്താ തിത്തെയ് തോം
പീതാംബര പട്ടുടുത്ത വാസുദേവ കൈതൊഴുന്നേൻ
തെയ് തെയ് തകതെയ് തെയ് തക തോം തക
ധീര തിത്തോം തിത്തോം തികിതോം.



| ക്ലാസ് : 4 | യൂണിറ്റ് 4 - രസിതം | മൊഡ്യൂൾ 8. | നെഹ്റു ട്രോഫി വള്ളംകളി |
|---|---|---|---|

## ചരിത്രം കുറിച്ചവർ



**1. സരോജിനി നായിഡു** : 1879 ഫെബ്രുവരി 13ന് ഹൈദരാബാദിൽ ജനിച്ച സരോജിനി നായിഡു ഒരു സ്വാതന്ത്ര്യസമര സേനാനിയും കവയിത്രിയും ആയിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അധ്യക്ഷ ആവുന്ന ആദ്യ വനിതയായ സരോജിനിനായിഡു ദണ്ഡിയാത്രയിൽ ഗാന്ധിജിയെ അനുഗമിച്ചിട്ടുണ്ട്. സരോജിനി നായിഡുവിന്റെ പിറന്നാൾ ദിവസം ഇന്ത്യയിൽ വനിതാദിനമായി ആചരിക്കുന്നു. കവിതയുടെ ഉപാസകയായ ഇവർ ഇന്ത്യയുടെ വാനമ്പാടി എന്നാണ് അറിയപ്പെടുന്നത്. 1949 മാർച്ച് 2ന് അലഹബാദിൽ മരണം.



**2. ലതാമങ്കേഷ്കർ :** ഇന്ത്യയിലെ പ്രശസ്ത ചലച്ചിത്ര പിന്നണി ഗായികയായ ലതാമങ്കേഷ്കർ 1929 സപ്തംബർ 28ന് ഇൻഡോറിൽ ജനനം. മലയാളം, ഹിന്ദി, തെലുങ്ക്, ബംഗാളി, തുടങ്ങി നിരവധി ഭാഷകളിൽ പാടിയിട്ടുണ്ട്. സംഗീതത്തിനുള്ള പത്മഭൂഷൺ, ദാദാ സാഹിബ് ഫാൽക്കെ അവാർഡ്, ഭാരതരത്നം, തുടങ്ങി അവാർഡുകൾ ലഭിച്ചു. ഇന്ത്യയുടെ പൂങ്കുയിൽ എന്നാണവരെ വിശേഷിപ്പിച്ചരിക്കുന്നത്.



**3. പഴശ്ശി രാജ :** 1753 ൽ കോട്ടയം രാജവംശത്തിൽ ജനനം. കേരളത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ ആദ്യം യുദ്ധം പ്രഖ്യാപിച്ച നാട്ടുരാജാക്കന്മാരിലൊരാളായിരുന്നു പഴശ്ശിരാജ. കേരള സിംഹം, ശക്തൻരാജ, വീരപഴശ്ശി എന്നീ പേരുകളിലെല്ലാം അദ്ദേഹം അറിയപ്പെടുന്നു. 1805 നവംബർ 30ന് ബ്രിട്ടീഷ് സൈന്യവുമായുള്ള പോരാട്ടത്തിൽ വീരമൃത്യുവരിച്ചു.



**4. ശ്രീബുദ്ധൻ :** വജ്ജിസംഘത്തിലാണ് ഗൗതമബുദ്ധൻ ജനിച്ചത്. മനുഷ്യജീവിതം ദുഃഖവും ബുദ്ധിമുട്ടും കൊണ്ട് നിറഞ്ഞതാണെന്നും മനുഷ്യന്റെ ആശകളും ഒടുങ്ങാത്ത ആഗ്രഹങ്ങളുമാണ് ദുഃഖങ്ങൾക്ക് കാരണമെന്നും ബുദ്ധൻ പഠിപ്പിച്ചു. എല്ലാ കാര്യങ്ങളിലും മിതത്വം പുലർത്താനും സഹജീവികളോട് ദയ കാണിക്കാനും, ജീവനെ ബഹുമാനിക്കാനും അദ്ദേഹം പഠിപ്പിച്ചു. 25 വർഷത്തോളം സുഖത്തോടെ വാണ അദ്ദേഹം കുടുംബം ഉപേക്ഷിച്ച് വനത്തിൽ പോയി ധ്യാനത്തിൽ മുഴുകി. പരമമായ ബോധോദയമുണ്ടായി. ധാരാളം പ്രഭാഷണങ്ങൾ നടത്തി ഏഷ്യയുടെ പ്രകാശമായി അദ്ദേഹം അറിയപ്പെട്ടു.



**5. ഫ്ളോറൻസ് നൈറ്റിംഗേൽ:** 1820 മെയ് 12ന് ഇറ്റലിയിൽ ജനിച്ച് ആധുനിക നേഴ്സിംഗിന് അടിത്തറ പാകിയ ഫ്ളോറൻസ് നൈറ്റിംഗേൽ വിളക്കേന്തിയ വനിത എന്നാണ് വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ക്രിമിയൻ യുദ്ധകാലത്ത് പരിക്കേറ്റ പട്ടാളക്കാർക്ക് നൽകിയ പരിചരണമാണ് അവരെ പ്രശസ്തയാക്കിയത്. ഇന്ത്യയിലെ ഗ്രാമങ്ങളിലെ ശുചീകരണത്തെക്കുറിച്ച് സമഗ്രപഠനം നടത്തിയ അവർ ഇന്ത്യയിലെ വൈദ്യപരിചരണവും പൊതുജനാരോഗ്യവും മെച്ചപ്പെടുത്താൻ ശ്രമം നടത്തി. ധാരാളം ബഹുമതികൾ കരസ്ഥമാക്കിയ അവർ 90-ാമത്തെ വയസ്സിലാണ് അന്തരിച്ചത്.

| ക്ലാസ് : 4 | യൂണിറ്റ് 4 - രസിതം | മൊഡ്യൂൾ 9. | ആരു പഠിപ്പിക്കും? |
|---|---|---|---|

| | |
|---|---|
| **ആമുഖം** | എല്ലാമറിയുന്നവനും ഒന്നുമറിയാത്തവനുമായി ഭൂമിയിൽ ആരുമില്ലെന്നും പ്രകൃതിയിലെ സർവ്വ ചരാചരങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മെ പലതും പഠിപ്പിക്കുന്നുണ്ടെന്നും ബീർബൽ കഥ നമുക്ക് കാണിച്ചുതരുന്നു. |
| **ആശയം** | പ്രകൃതിയിലെ സർവ്വ ചരാചരങ്ങളും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മെ പലതും പഠിപ്പിക്കുന്നു. |
| **പഠനനേട്ടങ്ങൾ** | കഥയെ നാടകമാക്കി അവതരിപ്പിക്കുന്നു. ബീർബൽ കഥ വായിച്ച് താരതമ്യക്കുറിപ്പ് തയ്യാറാക്കുന്നു.<br>ഉത്തമ - മധ്യമ - പ്രഥമ പുരുഷ സർവനാമങ്ങൾ തിരിച്ചറിഞ്ഞ് പ്രയോഗിക്കുന്നു. പ്രകൃതിയിലെ സർവ്വ ചരാചരങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മെ പലതും പഠിപ്പിക്കുന്നുണ്ട് എന്ന് തിരിച്ചറിഞ്ഞ് സഹജീവി സ്നേഹം വളർത്തുന്നു. |
| **വ്യവഹാര രൂപം** | കഥയെ നാടകമാക്കൽ, വിളംബരം തയ്യാറാക്കൽ, താരതമ്യക്കുറിപ്പ്, വായനക്കുറിപ്പ്/ ആസ്വാദനം |
| **പ്രവർത്തനങ്ങൾ** | 1. വായനയിലേക്ക്, 2. ആശയഗ്രഹണ ചോദ്യങ്ങൾ, 3. വിശകലന ചോദ്യങ്ങൾ, 4. ഭാവാത്മക വായന, 5. എന്തൊക്കെ പഠിപ്പിക്കും, 6. വായിക്കാം എഴുതാം, 7. നാടകമാക്കാം അഭിനയിക്കാം, 8. വാക്യങ്ങൾ കണ്ടെത്താം, 9. വിളംബരം തയ്യാറാക്കം, 10. എഡിറ്റിംഗ്, 11. വായിക്കാം കണ്ടെത്താം, 12. താരതമ്യം ചെയ്യാം, 13. എഡിറ്റിംഗ് |
| **സാമഗ്രികൾ** | വിശകലന ചോദ്യച്ചാർട്ട്, ബീർബൽ കഥകൾ - അനിമേഷൻ സി.ഡി., പദങ്ങൾ കണ്ടെത്താം - ചാർട്ട്, ടീച്ചർ വേർഷൻ, വായനാസാമഗ്രികൾ, ബീർബൽ കഥ, താരതമ്യക്കുറിപ്പ്, വർക്ക്ഷീറ്റ്. |
| **സമയം** | 6 മണിക്കൂർ |
| **വർക്ക് ഷീറ്റ്** | നാടകാവതരണം, വിലയിരുത്തൽ ഫോർമാറ്റ് |
| **വായനാ സാമഗ്രി** | സ്വപ്നത്തിലെ കടം, താരതമ്യക്കുറിപ്പ്, വായനാക്കുറിപ്പ് |
| **ഉല്പന്നങ്ങൾ** | വിളംബരം, ആസ്വാദന/ താരതമ്യക്കുറിപ്പ്, നാടകം |
| **സർഗവേള** | കഥപറയൽ, പ്രദർശനം, നാടകാവതരണം |
| **സി.പി.ടി.എ.** | വ്യവഹാര രൂപങ്ങൾ (ഉല്പന്നങ്ങൾ) സി.പി.ടി.എയിൽ ചർച്ച ചെയ്യാം. നാടക അവതരണം. കഥപറയൽ. |

**പ്രവർത്തനങ്ങൾ - സൂക്ഷ്മ പ്രക്രിയ**

**1. കഥ വായനയിലേക്ക് (60 മിനിട്ട്)**

- അക്ബർ ചക്രവർത്തിയുടെ കൊട്ടാരം. മന്ത്രി ബീർബൽ സമീപത്തുണ്ട്. രാജാവ് അസ്വസ്ത

നാണ്. അദ്ദേഹം പറഞ്ഞു. "എനിക്ക് വേണ്ടത്ര പാണ്ഡിത്യമില്ല. അറിഞ്ഞുകൂടാത്ത ഒരുപാട് കാര്യങ്ങളുണ്ട്. വിവിധ മേഖലകളിൽ പാണ്ഡിത്യമുള്ളവരെ കൊട്ടാരത്തിൽ വിളിച്ചുവരുത്തണം. നാളെ മുതൽ പഠിക്കാൻ തുടങ്ങണം." രാജകല്പനയാണ്. തിരുവായ്ക്ക് എതിർവായില്ല.

- ബീർബൽ അടുത്ത ദിവസം മുതൽ തന്നെ രാജാവിന് പഠിക്കാനുള്ള ഏർപ്പാടു ചെയ്തു. എന്ത് ഏർപ്പാടായിരിക്കും ബീർബൽ ചെയ്തിട്ടുണ്ടാവുക? ● കുട്ടികൾ വ്യക്തിഗതമായി അഭിപ്രായം പറയുന്നു. ● ടീച്ചർ ബോർഡിൽ എഴുതുന്നു. ● യഥാർത്ഥത്തിൽ എന്തൊക്കെ സംഭവിച്ചിട്ടുണ്ടാകും? എങ്ങനെ അറിയാം? പാഠപുസ്തകവായനയിലേക്ക്. ● വ്യക്തിഗതമായി വായിക്കുന്നു. (10 മിനിട്ട്) ● ബീർബൽ എങ്ങനെയാണ് പഠിക്കാനുള്ള ഏർപ്പാട് ചെയ്തത്? കണ്ടെത്തൽ കുട്ടികൾ പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. നേരത്തെ പറഞ്ഞ അഭിപ്രായവുമായി തട്ടിച്ചുനോക്കുന്നു. ● ശരി, എല്ലാവർക്കും വായിച്ച് ആശയം മനസ്സിലാക്കാൻ കഴിഞ്ഞോ?
- എന്തുകൊണ്ടാണ് കഴിയാതെ വരുന്നത്? (അർത്ഥമറിയില്ല, വായിച്ച് ആശയം ഗ്രഹിക്കാൻ കഴിയുന്നില്ല..) ● എല്ലാവർക്കും മനസ്സിലാക്കേണ്ടേ? എങ്ങനെ മനസ്സിലാക്കാം? ● വീണ്ടും വായന
- അറിയുന്നത് (✓) അറിയാത്തത് (✗) ഇഷ്ടപ്പെട്ടത് (-) അടയാളപ്പെടുത്തുന്നു. ● മൂന്നംഗ ഗ്രൂപ്പിൽ ഇഷ്ടപ്പെട്ടത്, അറിയുന്നത്, അറിയാത്തത് ഓരോരുത്തരും അവതരിപ്പിക്കുന്നു. തുടർന്ന് ഗ്രൂപ്പുകളുടെ അവതരണം. ● മറ്റു ഗ്രൂപ്പുകൾ പ്രതികരിക്കുന്നു. ടീച്ചർ ഇടപെട്ട് മെച്ചപ്പെടുത്തുന്നു. പദങ്ങളുടെ അർത്ഥം നോട്ടുബുക്കിലേക്ക് എല്ലാവരും എഴുതി എന്നുറപ്പാക്കുന്നു.

**പ്രതികരണ പേജിലേക്ക്**

- വ്യക്തിഗതമായും ഗ്രൂപ്പിലും അച്ചടക്കത്തോടെ സമയബന്ധിതമായി പ്രവർത്തിക്കുന്നുണ്ടോ? തിരിച്ചറിവുകൾ എന്തെല്ലാം?

**2. ആശയഗ്രഹണ ചോദ്യങ്ങൾ (30)**

- കഥ കുട്ടികൾ മനസ്സിലാക്കിയോ എന്നറിയാനായി ടീച്ചർ ചോദ്യ ചാർട്ട് പ്രദർശിപ്പിക്കുന്നു. കുട്ടികൾ ചോദ്യങ്ങൾക്ക് ഉത്തരമെഴുതണം. ● എന്തായിരുന്നു ചക്രവർത്തിയുടെ ആവശ്യം? ● ഇതിനായി ബീർബൽ ചെയ്തതെന്ത്? ● വൃദ്ധ അക്ബർ ചക്രവർത്തിയോട് പറഞ്ഞതെന്ത്? ● വ്യക്തിഗതമായി എഴുതുന്നു (നോട്ട് ബുക്ക്) ഗ്രൂപ്പിൽ വായിച്ചവതരണം പൊതുഅവതരണം - ടീച്ചറുടെ ക്രോഡീകരണം. തുടർന്ന് ആവശ്യമെങ്കിൽ കുട്ടികൾ ചോദ്യങ്ങളുണ്ടാക്കി ചോദ്യോത്തര പയറ്റ് ഗ്രൂപ്പുതല മത്സരമായി നടത്താം.

**പ്രതികരണ പേജിലേക്ക്**

വായിച്ച് ആശയം മനസ്സിലാക്കുന്നതിൽ പുരോഗതിയുണ്ടോ? ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതാൻ കഴിഞ്ഞോ? ഞാനിനിയും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ?

**3. വിശകലന ചോദ്യങ്ങൾ**

- കഥയുടെ ആശയം എല്ലാ കുട്ടികൾക്കും മനസ്സിലായി. ഇനി ആഴത്തിലുള്ള വായന ലക്ഷ്യമിടുന്ന പ്രവർത്തനമാണ്. ടീച്ചർ വിശകലന ചോദ്യങ്ങളുടെ ചാർട്ട് പ്രദർശിപ്പിക്കുന്നു.

1. ചക്രവർത്തിയെ ബീർബൽ ബോധ്യപ്പെടുത്തിയ പാഠം എന്ത്? 2. ബീർബലിന്റെ പ്രവൃത്തിയെ നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? എന്തുകൊണ്ട്.? 3. എല്ലാവരും അധ്യാപകരും അതേ സമയം വിദ്യാർത്ഥിയുമാണ് എന്ന ബീർബൽ പറയുന്നു. ഇതു ശരിയാണോ? എന്തുകൊണ്ട്?
4. ബീർബൽ ഭാഗ്യവാനാണെന്ന് ചക്രവർത്തി പറഞ്ഞതിന്റെ പൊരുളെന്ത്? കുട്ടികൾ വ്യക്തിഗതമായി ഉത്തരമെഴുതുന്നു.

- മൂന്നംഗ ഗ്രൂപ്പിൽ ഓരോരുത്തരും വായിച്ചവതരിപ്പിക്കുന്നു. ● ഒരു ചോദ്യത്തിന്റെ ഉത്തരവും എല്ലാവരും വായിച്ച് ചർച്ച ചെയ്ത ശേഷം വേണം അടുത്ത ചോദ്യം എടുക്കാൻ. ● ഗ്രൂപ്പുകൾ എത്തിച്ചേർന്ന ധാരണകൾ എല്ലാവരും സ്വന്തം നോട്ട്ബുക്കിൽ എഴുതുന്നു. ● പൊതു അവതരണം - ചർച്ച - ഓരോ ചോദ്യങ്ങൾക്കും ഉള്ള ഉത്തരം കുട്ടികൾ അവതരിപ്പിച്ചു കഴിഞ്ഞാൽ അതിന്റെ ടീച്ചർ വേർഷനും അവതരിപ്പിച്ച് വ്യക്തത വരുത്തണം. ● പൊതു അവതരണത്തിനു ശേഷം പുതിയ ആശയങ്ങൾ കൂട്ടിച്ചേർക്കുന്നു.

**ടീച്ചറുടെ രചന**

1. പണ്ഡിതർ എന്നറിയപ്പെടുന്നവരിൽ നിന്നു മാത്രമല്ല നമുക്ക് പഠിക്കാനുള്ളത്. എല്ലാവർക്കും അവരുടെ പ്രവർത്തന മേഖലയിൽ കഴിവുകളുണ്ട്. അതുകൊണ്ട് എല്ലാവർക്കും അധ്യാപകരാകാൻ കഴിയും. 2. അംഗീകരിക്കുന്നുണ്ട്. അനേകം വാചകങ്ങളിലൂടെ പറഞ്ഞാലും ബോധ്യപ്പെടാൻ പ്രയാസമുള്ള ഒരു ആശയം അനുയോജ്യമായ ഒരു സന്ദർഭമൊരുക്കി ചക്രവർത്തിയെ ബോധ്യപ്പെടുത്താൻ ബീർബലിനു കഴിഞ്ഞു. 3. ആരെല്ലെൻ ഗുരുനാഥൻ, ആരെല്ലെൻ ഗുരുനാഥൻ പാരിതിലെല്ലാമെന്നെ പഠിപ്പിക്കുന്നുണ്ടെന്തോ? എന്ന കവി വാക്യം ഇവിടെ പ്രസക്തമാണ്. പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളും നമ്മെ പഠിപ്പിക്കുന്നുണ്ട്. അതുപോലെ നാമങ്ങോട്ടും ഈ സത്യം

നാം തിരിച്ചറിയുമ്പോൾ നമ്മുടെ അഹങ്കാരം ഇല്ലാതാകും. സമഭാവന വളരും. വിദ്വേഷത്തിന് സ്ഥാനമില്ലാതാകും. ഈ വലിയ സത്യമാണ് ബീർബൽ ചക്രവർത്തിയെ ബോധ്യപ്പെടുത്തിയത്.

4. ബീർബലിന്റെ വൃദ്ധയായ അധ്യാപികയുടെ വാക്കുകൾ അക്ബർ ചക്രവർത്തിയിൽ തിരിച്ചറിവുണ്ടാക്കി. ചക്രവർത്തിക്കുപോലും അറിവിന്റെ വെളിച്ചം പകരാൻ കെല്പുള്ള അധ്യാപികയെ കുഞ്ഞുനാളിൽ ഗുരുനാഥയായി ലഭിച്ച ബിർബൽ ഭാഗ്യാവാൻതന്നെ. ബീർബലിന് തന്റെ ജീവിതത്തിൽ ഉന്നതസ്ഥാനങ്ങളിലെത്താൻ ഈ ശിക്ഷണം സഹായിച്ചു എന്നും സൂചനയുണ്ട്.
   - ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു. വായനാസാമഗ്രിയായും നൽകാം.

**പ്രതികരണ പേജിലേക്ക്**

- ആഴത്തിലുള്ള വായനക്ക് സഹായകമായ ചർച്ചകളിലെ പങ്കാളിത്തം എങ്ങനെ നോട്ട്ബുക്കിൽ എല്ലാവരും എഴുതും.

**4. ഭാവാത്മകവായന**

- വായന ശ്രദ്ധിക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു ടീച്ചർ പാഠത്തിന്റെ ആദ്യപേജ് വളരെ മികച്ച നിലയിൽ ഭാവാത്മകമായി വായിക്കുന്നു. പിന്നീട് ചിഹ്നവും ഭാവവും പരിഗണിക്കാതെ വായിക്കുന്നു. ● ഇതിൽ ഏതു വായനയാണ് നിങ്ങൾക്കിഷ്ടമായത്. എന്തുകൊണ്ട്? ● കുട്ടികൾ പ്രതികരിക്കുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു.

**ഒന്നാം വായന**

- ശ്രദ്ധിക്കാൻ തോന്നി ● നല്ല ഭാവം ഉണ്ടായിരുന്നു. ● കഥ കുറേക്കൂടി മനസ്സിലായി ● കേൾക്കുവാൻ ഇമ്പമുണ്ടായിരുന്നു. ● രാജാവിന്റെ ദേഷ്യം, ബീർബലിന്റെ ശാന്തമായ പ്രതികരണം എന്നിവ ബോധ്യമായി.

**രണ്ടാംവായന**


- ഒന്നാംവായനയാണ് മികച്ചത്. ഈ ഗുണങ്ങൾ നമ്മുടെ വായനയിൽ വേണം. ● എങ്കിൽ മൂന്നംഗ ഗ്രൂപ്പിൽ ഓരോരുത്തരും ഇങ്ങനെ ഭാവം ഉൾക്കൊണ്ട് വായിക്കുക. മറ്റു രണ്ടുപേർ സൂചകം വെച്ച് വിലയിരുത്തുക. മികച്ച ഗ്രൂപ്പുകളുടെ വായന ടീച്ചറുടെ ഭാവാത്മകവായന - തുടർന്ന ജോഡി വായന.
- കേൾക്കുവാൻ രസമില്ല ● ഭാവമില്ല ● ഉയർച്ചതാഴ്ചയില്ല ● എല്ലാവരും ഒരു പോലെ തോന്നി

**പ്രതികരണ പേജിലേക്ക്**

വായന ഭാവാത്മകമായിരുന്നോ? എല്ലാവരും പങ്കെടുത്തോ?

**5. എന്തൊക്കെ പഠിപ്പിക്കും?**

- അക്ബർ ചക്രവർത്തിയുടെ ആവശ്യപ്രകാരം ആരൊക്കെയായിരിക്കും അവിടെ എത്തിയത്?
- പ്രതികരണം ബോർഡിൽ രേഖപ്പെടുത്തുന്നു. ● ഇതിൽ കൃഷിക്കാരനായ ഒരാൾക്ക് എന്തൊക്കെ കാര്യങ്ങളായിരിക്കും ചക്രവർത്തിയെ പഠിപ്പിക്കാനാവുക? വ്യക്തിഗതമായി രേഖപ്പെടുത്തുന്നു. അവതരണം മെച്ചപ്പെടുത്തൽ. തുടർന്ന് കുട്ടികളെ ഗ്രൂപ്പാക്കുന്നു. അവതരണം മെച്ചപ്പെടുത്തൽ വർക്ക്ഷീറ്റ് 4113 നൽകുന്നു. വ്യക്തിഗതമായി പൂരിപ്പിക്കുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്ത് രേഖപ്പെടുത്തുന്നു. ഗ്രൂപ്പിന്റെ അവതരണം - ചർച്ച. മെച്ചപ്പെടുത്തൽ. വർക്ക്ഷീറ്റ് വിലയിരുത്തൽ.



**പ്രതികരണപേജിലേക്ക്**

- വർക്ക്ഷീറ്റ് കൃത്യമായി ചെയ്യാൻ സാധിച്ചുവോ? ● എല്ലാ കുട്ടികളും മെച്ചപ്പെടുത്തി എഴുതിയോ?
- വർക്ക്ഷീറ്റ് ടീച്ചർ വിലയിരുത്തിയപ്പോൾ ഉണ്ടായ തിരിച്ചറിവ്.

**6. വായിക്കാം എഴുതാം.**

- അക്ബർ ചക്രവർത്തിയും ബീർബലും തമ്മിലുള്ള രസകരമായ സംഭവങ്ങളുടെ കുറെ കഥകൾ വായിച്ചുവല്ലോ. ഇനി മറ്റൊരു കഥ 'സ്വപ്നത്തിലെ കടം' എന്ന കഥ വായിക്കാൻ നൽകുന്നു (4172). കുട്ടികൾ വായിക്കുന്നു. കഥ - ചർച്ച ● ഇനി ഒരു വായനാക്കുറിപ്പ് തയ്യാറാക്കിയാലോ.
- ഒരു വായനാക്കുറിപ്പിൽ എന്തൊക്കെ ഉൾപ്പെടുത്താം. ചർച്ച
- കഥയുടെ പേര് - എഴുത്തുകാരന്റെ പേര് - ആശയം - ഇഷ്ടപ്പെട്ട ഭാഗം - കഥാപാത്രങ്ങളെക്കുറിച്ച് - സ്വന്തം നിരീക്ഷണങ്ങൾ.
- തുടർന്ന് വ്യക്തിഗതമായി രചന നിർവ്വഹിക്കുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു. ഗ്രൂപ്പിന്റെ അവതരണം - ചർച്ച



- ടീച്ചർ വേർഷൻ അവതരണം - (വായനയുടെ വഴിയിലൂടെ) 4174
- ടീച്ചർ വേർഷനുമായി താരതമ്യം - ചർച്ച - എഡിറ്റിംഗ് പോർട്ട് ഫോളിയോയിലേക്ക്.



**പ്രതികരണ പേജിലേക്ക്**

- മികച്ച നിലവാരം പുലർത്തിയ രചനകൾ എത്ര ശതമാനം? മികവുകൾ എന്തെല്ലാം? ● ശരാശരി പിന്നാക്കം നിൽക്കുന്ന കുട്ടികളിൽ പുരോഗതി യുള്ള പിന്നാക്കക്കാരുടെ പ്രശ്നങ്ങൾ എന്തെല്ലാം?

**7. നാടകമാക്കാം അഭിനയിക്കാം.**

● ആരും പഠിപ്പിക്കും എന്ന പാഠഭാഗം ഏതു വിഭാഗത്തിലാണ് ഉൾപ്പെ ടുക? ● കഥ എന്ന് കുട്ടികൾ പ്രതികരിക്കുന്നു. ● കഥയെ നമുക്ക് വേറെ ഏതെങ്കിലും ഭാഷാ രൂപത്തിലേക്ക് മാറ്റി എഴുതാമോ? ● കവിത, നാടകം, കഥാപ്രസംഗം എന്നിങ്ങനെ പ്രതികരണം ബോർഡിൽ രേഖപ്പെടുത്തുന്നു. ● കഥാപാത്രങ്ങളും ധാരാളം സംഭാഷണ സാധ്യതയുമുള്ള ഈ കഥ ഏതു രൂപത്തിലാകുന്നതായിരിക്കും ഏറ്റവും ഉചിതം. ● എങ്കിൽ നാടകത്തിലേക്ക് ഈ കഥ മാറ്റുമ്പോൾ നാം എന്തൊക്കെ ശ്രദ്ധിക്കണം? ● ചർച്ച ചെയ്ത് സൂചകങ്ങൾ നിർമ്മിക്കുന്നു. ● നാടകത്തിന്റെ പശ്ചാത്തലം / രംഗങ്ങൾ ● കഥാപാത്രങ്ങൾ ● സംഭാഷണങ്ങൾ / അനുയോജ്യമായ ഭാഷ ● തുടർന്ന് വ്യക്തിഗത രചന, ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ, ഗ്രൂപ്പിന്റെ അവത രണം, ചർച്ച - മെച്ചപ്പെടുത്തുന്നു. ടീച്ചറുടെ അവതരണം മെച്ചപ്പെടുത്തി എഴുതിയത് അവതരണത്തിന് തയ്യാറാക്കുന്നു. റിഹേഴ്സൽ ആവശ്യമായ സാധനങ്ങൾ കുട്ടികൾ തന്നെ (കഴിവതും) ഉണ്ടാക്കാൻ ശ്രമിക്കട്ടെ (ഗൃഹ പാഠം) അധ്യാപകരുടെ സഹായം ആവശ്യമെങ്കിൽ നൽകണം. ● സർഗവേ ളയിൽ, സി.പി.ടി.എയിൽ നാടക അവതരണം നടക്കുന്നു. ● ഒരു ഗ്രൂപ്പ്, അവതരിപ്പിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. (സി.പി.ടി.എ. എയിൽ അവതരണം മികച്ച ഒന്ന് പക്ഷെ എല്ലാവരുടേയും പങ്കാളിത്തം ഉറപ്പാക്ക ണം)



## വിലയിരുത്തൽ ഫോർമാറ്റ്

| സൂചകം ▼ സ്കോർ ► | 5 | 4 | 3 | 2 | 1 |
|---|---|---|---|---|---|
| അനുയോജ്യമായ സംഭാഷണം | | | | | |
| അഭിനയം | | | | | |
| അനുയോജ്യമായ വേഷം | | | | | |
| രംഗസജ്ജീകരണങ്ങൾ | | | | | |
| പശ്ചാത്തലം | | | | | |
| രംഗചലനം | | | | | |
| തുടക്കം, വളർച്ച, ഒടുക്കം | | | | | |

**പ്രതികരണ പേജിലേക്ക്**

- നാടകം എന്ന വ്യവഹാര രൂപം കുട്ടികൾ എഴുതി അവതരിപ്പിച്ചപ്പോൾ തനിക്കുണ്ടായ തിരിച്ചറിവ് എന്ത്?

**8. വാക്യങ്ങൾ കണ്ടെത്താം**

- ആരു പഠിപ്പിക്കും എന്ന പാഠഭാഗത്തെ ആദ്യഖണ്ഡിക എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. (എ ല്ലാചിഹനങ്ങളും മാറ്റിയ ശേഷമാണ് എഴുതുന്നത്)
- കുട്ടികളോട് ചാർട്ട് വായിക്കാനാവശ്യപ്പെടുന്നു. വ്യക്തിഗതമായി വായന നടക്കുന്നു. എന്തെങ്കിലും പ്രത്യേകതകൾ കാണുന്നുണ്ടോ? ചിഹനങ്ങളുടെ അഭാവം കുട്ടികൾ കണ്ടെത്തുന്നു. തുടർന്ന്, അവർക്ക് പഠിക്കാനില്ലാത്ത ഒരു ഭാഗം ചാർട്ടിലെഴുതുന്നു. വായിക്കാൻ ആവശ്യപ്പെടുന്നു.

വ്യക്തിഗത വായനയ്ക്കുശേഷം ആശയം ചോദിക്കുന്നു.

- എന്താണ് ഇവിടെ ഉദ്ദേശിക്കുന്നത്? ● ചിഹ്നനത്തിന്റെ അഭാവം കുട്ടികൾ ചൂണ്ടിക്കാട്ടുന്നു
- ചിഹ്നനങ്ങളില്ലാത്തതിനാൽ വേണ്ടപോലെ മനസ്സിലാക്കാൻ കഴിയില്ല - പ്രതികരണം.
- വാക്യത്തിന് അർത്ഥപൂർണത വരുത്താനാണ് ചിഹ്നനങ്ങൾ ഉപയോഗിക്കുന്നത്.
- തുടർന്ന് തന്നിട്ടുള്ള ചിഹ്നനം (!?) ചേർന്നുവരുന്ന വാക്യങ്ങൾ പാഠത്തിൽ നിന്നും കുട്ടികൾ കണ്ടെത്തിഎഴുതട്ടെ. ● ചിഹ്നനങ്ങൾ എന്തിനെ സൂചിപ്പിക്കുന്നുവെന്ന് ഊഹിച്ചു പറയാൻ ആവശ്യപ്പെടുന്നു. ● പരിചയമുള്ള ചിഹ്നനങ്ങൾ പറയുന്നു. അടയാളം കാണിക്കുന്നു. ● സാധാരണ ഉപയോഗത്തിലുള്ള ചിഹ്നനങ്ങളെ അധ്യാപിക പരിചയപ്പെടുത്തുന്നു. ● ഉപയോഗ സന്ദർഭം ഉദാഹരണ സഹിതം വിശദീകരിക്കുന്നു.

**പ്രതികരണ പേജിലേക്ക്**

- കുട്ടികളുടെ പങ്കാളിത്തം - പുതിയ രചനയിൽ ചിഹ്നനം കൃത്യമായോ?

**9. വിളംബരം തയ്യാറാക്കാം.**

- സ്കൂളിലെ പി.ടി.എ. മീറ്റിംഗ് രക്ഷിതാക്കളെ അറിയിക്കുന്നത് ഏത് വിധത്തിലാണ്? ● പ്രതികരണം ബോർഡിൽ എഴുതുന്നു. (നോട്ടീസ്) ● ഇതുപോലെ ജനങ്ങളെ വിവരമറിയിക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് ഇന്ന് നിലവിലുള്ളത്? ● പോസ്റ്റർ, മൈക്ക് കെട്ടിയുള്ള പ്രചാരണം, പത്രം, ടി.വി. റേഡിയോ എന്നിങ്ങനെ പ്രതികരണം ബോർഡിൽ എഴുതുന്നു.
- ഇത്തരം അച്ചടി മാധ്യമങ്ങളോ ദൃശ്യമാധ്യമങ്ങളോ ഇല്ലാതിരുന്ന കാലത്ത് രാജഭരണകാലത്ത് - രാജാവിന്റെ കൽപ്പനകൾ പ്രജകളെ അറിയിക്കുന്നതിന് ഏതു മാർഗമായിരുന്നു സ്വീകരിച്ചിരുന്നത്? (വിളംബരം അവർ ഇംഗ്ലീഷിലെ ആദ്യത്തെ യൂണിറ്റിൽ മനസ്സിലാക്കിയിട്ടുണ്ട്. വേണമെങ്കിൽ അധ്യാപികയ്ക്ക് ആ പദം പറഞ്ഞു കൊടുക്കാം.) ● ഓരോ വ്യവഹാര രൂപത്തിനും ഓരോ ഘടനയുണ്ട്. കത്ത് പോലെയല്ല നോട്ടീസ്, അതുപോലെയല്ല പോസ്റ്റർ. എങ്കിൽ വിളംബരം തയ്യാറാക്കുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം? ചർച്ച ● പ്രതികരണം ബോർഡിൽ എഴുതുന്നു. ക്രോഡീകരണം
- കൽപ്പനയുടെ ഭാഷ, ഉച്ചത്തിൽ വിളിച്ചുപറയൽ, ശ്രദ്ധ ആകർഷിക്കാൻ ഉണ്ടാക്കുന്ന ശബ്ദങ്ങൾ മുതലായവ. ഇതിനു ശേഷം പാഠത്തിൽ നൽകിയിട്ടുള്ള പ്രവർത്തനത്തെ വിളംബരമാക്കി മാറ്റാൻ നിർദ്ദേശിക്കുന്നു. ● രണ്ടുപേർ ചേർന്ന ഗ്രൂപ്പിൽ വിളംബരം തയ്യാറാക്കുന്നു. ● തയ്യാറാക്കിയ വിളംബരം രണ്ടുപേർ ചേർന്നുതന്നെ അവതരിപ്പിക്കുന്നു.

**ടീച്ചർ വേർഷൻ**

**ഡും... ഡും.. ഡും...**
**മാന്യമഹാജനങ്ങളേ... ഡും.. ഡും... ഡും.**
**രാജാധിരാജൻ അക്ബർ ചക്രവർത്തി തിരുമനസ്സ് അറിയിക്കുന്നത്. എന്തെന്നാൽ വിവിധ മേഖലകളിൽ പാണ്ഡിത്യമുള്ളവർ നാളെ രാവിലെ കൃത്യം 10 മണിക്ക് മുമ്പായി കൊട്ടാര അങ്കണത്തിൽ എത്തിച്ചേരണമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു... ഡും... ഡും... ഡും..**

**10. എഡിറ്റിംഗ്**

എഡിറ്റിംഗിനായി ഒരു ഗ്രൂപ്പിന്റെ പ്രവർത്തനം തെരഞ്ഞെടുക്കുന്നു.
ആശയംപരം, വാക്യഘടനാപരം, പദം, അക്ഷരം, വ്യവഹാര രൂപം, മെച്ചപ്പെടുത്തി എഴുതുന്നു. പോർട്ടുഫോളിയോയിലേക്ക്

**പ്രതികരണ പേജിലേക്ക്**

പുതിയ വ്യവഹാര രൂപം കുട്ടികൾ എങ്ങനെ പ്രതികരിച്ചു? ഞാൻ നേരിട്ട പ്രയാസങ്ങൾ എന്തെല്ലാം? എങ്ങനെ പരിഹരിച്ചു?

**11. വായിക്കാം കണ്ടെത്താം.**


പാഠപുസ്തകത്തിലെ പ്രവർത്തനം കുട്ടികൾ വായിക്കുന്നു. വ്യക്തിഗതമായി പ്രവർത്തനം ഏറ്റെടുക്കുന്നു. ആവശ്യമെങ്കിൽ പാഠഭാഗം വീണ്ടും വായിക്കുന്നു. അടിവരയിട്ട വാക്കുകൾ സൂചിപ്പിക്കുന്നത് ആരെയൊക്കെയാണെന്ന് പാഠപുസ്തകത്തിൽ കണ്ടെത്തി എഴുതുന്നു. വ്യക്തിഗത അവതരണം. തുടർന്ന് ഓരോ വാക്യവും ആര്, ആരോട്, ആരെക്കുറിച്ച് പറയുന്നു എന്ന് കണ്ടെത്തി എഴുതുന്നു. വ്യക്തിഗതമായി രേഖപ്പെടുത്തൽ - അവതരണം - ചർച്ച

**പ്രതികരണ പേജിലേക്ക്**

എല്ലാവർക്കും ചെയ്യാൻ സാധിച്ചുവോ? നേരിട്ട പ്രയാസങ്ങൾ എന്തെല്ലാം?

**12. താരതമ്യം ചെയ്യാം**

**എന്റെ വിദ്യാലയം**



തിങ്കളും താരങ്ങളും തൂവെള്ളിക്കതിർ ചിന്നും
തുംഗമാം വാനിൻ ചോട്ടിലാണെന്റെ വിദ്യാലയം
ഇന്നലെ കണ്ണീർ വാർത്തു കരഞ്ഞീടിന വാന-
മിന്നിതാ ചിരിക്കുന്നു, പാലൊളി ചിതറുന്നു.
മുൾച്ചെടിത്തലപ്പിലും പുഞ്ചിരി വിരിയാറു-
ണ്ടച്ചെറു പൂന്തോപ്പിലെ പനിനീരുരയ്ക്കുന്നു.
മധുവിൻ മത്താൽ പാറി മൂളുന്നു മധുപങ്ങൾ
മധുരമിജ്ജീവിതം ചെറുതാണെന്നാകിലും
ആരെല്ലെൻ ഗുരുനാഥരാരെല്ലെൻ ഗുരുനാഥർ
പാരിതിലിലെല്ലാമെന്നെ പഠിപ്പിക്കുന്നുണ്ടെന്തോ?

-ഒളപ്പമണ്ണ

ഒളപ്പമണ്ണയുടെ കവിത ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. വായന വ്യക്തിഗതമായി നടത്തുന്നു. ആശയം ചർച്ച ചെയ്യുന്നു. ആരുപഠിപ്പിക്കും എന്ന കഥയുമായി ഈ കവിതയ്ക്ക് ആശയപരമായി എന്തെങ്കിലും ബന്ധമുണ്ടോ? വ്യക്തിഗത അഭിപ്രായ പ്രകടനം. ചർച്ച



ഈ ഭൂമിയിൽ എന്നെ പഠിപ്പിക്കാത്തവരായി ആരെങ്കിലുമുണ്ടോ എന്ന കവിതയുടെ ചോദ്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നു. വർക്ക്ഷീറ്റ് 4114 നൽകുന്നു. തുടർന്ന് ആരു പഠിപ്പിക്കും എന്ന കഥയുമായി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നു. വ്യക്തിഗതരചന, ഗ്രൂപ്പിൽ അവതരണം മെച്ചപ്പെടുത്തൽ, ഗ്രൂപ്പിന്റെ അവതരണം

**ടീച്ചർ വേർഷൻ അവതരണം**

ആശയപരമായി ഇങ്ങനെ ഒരേ പോലുള്ള കഥയും കവിതകളും അപൂർവ്വമാണ്. ഇവിടെയാവട്ടെ ഈ കവിത ആശയംകൊണ്ട് കഥയ്ക്കു തുല്യമായിത്തന്നെ നിൽക്കുന്നു.

**പ്രതികരണ പേജിലേക്ക്**

താരതമ്യപഠനം എത്ര പേർ ചെയ്തു? ആശയങ്ങളുടെ സമാനത തിരിച്ചറിഞ്ഞോ? കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം?

**13. എഡിറ്റിംഗ്**

വിശകലനാത്മക ചോദ്യത്തിലൂടെ എഡിറ്റിംഗ് നടത്തുന്നു.

***ആശയം***

- രണ്ട് വ്യവഹാര രൂപങ്ങളിലെയും ആശയം ഉൾപ്പെട്ടിട്ടുണ്ടോ?
- ആശയങ്ങളുമായി ബന്ധമില്ലാത്ത വാക്യങ്ങളുണ്ടോ? ● ഇനിയും കൂട്ടിച്ചേർക്കാവുന്ന കാര്യങ്ങൾ, ഒഴിവാക്കേണ്ടവ എന്നിവ ഏതൊക്കെ?

**വാക്യഘടന**

- വാക്കുകൾ ക്രമം തെറ്റി എഴുതിയിട്ടുണ്ടോ? ● വാക്കുകൾ വിട്ടുപോയിട്ടുണ്ടോ? ● ആവശ്യമില്ലാത്ത വാക്കുകൾ ചേർന്നിട്ടുണ്ടോ?

**പദം**

- അനുയോജ്യമായ പദങ്ങളാണോ? അർത്ഥവ്യത്യാസം വരുന്ന പദങ്ങളുണ്ടോ?

**അക്ഷരം**

- അക്ഷരം, പദം, വാക്യം എന്നിവ നിശ്ചിത അകലം പാലിച്ച് എഴുതിയിട്ടുണ്ടോ? ● അക്ഷരം, ചിഹ്നം എന്നിവ ശരിയായ രൂപത്തിൽ എഴുതിയിട്ടുണ്ടോ?

**വ്യവഹാര രൂപം**

- കഥയും കവിതയുമായി ബന്ധപ്പെട്ട ആശയം എഴുതിയിട്ടുണ്ടോ? ●കഥയും കവിതയും താരതമ്യം ചെയ്തിട്ടുണ്ടോ? ● സ്വന്തം നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ?

**പ്രതികരണ പേജിലേക്ക്**

- എഡിറ്റിംഗിൽ പങ്കാളിത്തം എത്രമാത്രം ● എഡിറ്റിംഗിൽ ഉള്ള പുരോഗതി
- എഡിറ്റ് ചെയ്യുന്നതിന് എന്തെങ്കിലും പ്രയാസമുണ്ടോ?

| ക്ലാസ് : 4 | യൂണിറ്റ് 4 - രസിതം | മൊഡ്യൂൾ 9. | ആരു പഠിപ്പിക്കും? |
|---|---|---|---|

ചക്രവർത്തിയെ പഠിപ്പിക്കാനായി ആരെല്ലാം എത്തിയിട്ടുണ്ട്?
അവർക്ക് എന്തെല്ലാം കാര്യങ്ങളാണ് പഠിപ്പിക്കാനാവുക?

| | |
|---|---|
| കർഷകൻ | കഠിനാധ്വാനത്തെക്കുറിച്ച്, ദാരിദ്ര്യത്തെക്കുറിച്ച്, വിത്തിനെക്കുറിച്ച്, കൃഷിരീതി, വിളവിറക്കുന്ന സമയം, വളത്തെക്കുറിച്ച്, കീടങ്ങളെക്കുറിച്ച്, ചെലവ്, വിളവെടുപ്പ്, സൂക്ഷിപ്പ്, വില്പന. |
| വീട്ടമ്മ | |
| അലക്കുകാർ | |
| കച്ചവടക്കാർ | |
| ഗുമസ്തൻമാർ | |
| ആക്രിക്കച്ചവടക്കാർ | |

| ക്ലാസ് : 4 | യൂണിറ്റ് 4 - രസിതം | മൊഡ്യൂൾ 9. | ആരു പഠിപ്പിക്കും? |
|---|---|---|---|

ആരു പഠിപ്പിക്കും എന്ന കഥയും എന്റെ വിദ്യാലയം എന്ന കവിതയും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**ആശയം**

| ആരു പഠിപ്പിക്കും? | എന്റെ വിദ്യാലയം |
|---|---|
| | |

| താരതമ്യക്കുറിപ്പ്. |
|---|
| |

| ക്ലാസ് : 4 | യൂണിറ്റ് 4 - രസിതം | മൊഡ്യൂൾ 9. | ആരു പഠിപ്പിക്കും? |
|---|---|---|---|

# സ്വപ്നത്തിലെ കടം - ബീർബൽ കഥ

ധനികനായ കനകറാമും ദരിദ്രനായ ചമൻലാലും അയൽക്കാരാണ്. ഒരുനാൾ ചമൻലാൽ ഒരു സ്വപ്നം കണ്ടു. കനകറാമിൽ നിന്നും നൂറു സ്വർണ്ണനാണയങ്ങൾ കടം വാങ്ങുന്നതും അതുകൊണ്ട് നല്ല വസ്ത്രങ്ങൾ വാങ്ങുന്നതും നല്ല ഭക്ഷണം കഴിച്ച് സുഖമായിരിക്കുന്നതുമായിരുന്നു സ്വപ്നം. ശുദ്ധഗതിക്കാരനായ ചമൻലാൽ ഈ വിവരം പിറ്റേന്ന് കനകറാമിനെ കണ്ടപ്പോൾ പറഞ്ഞു.

"എങ്കിൽ ആ സ്വർണ്ണനാണയങ്ങൾ തിരിച്ചു തന്നേയ്ക്കൂ." എല്ലാം കേട്ട് കഴിഞ്ഞപ്പോൾ കനകറാം ഗൗരവത്തിൽ അറിയിച്ചു.

ചമൻലാൽ മിഴിച്ചു നിന്നുപോയി.

"ഞാൻ സ്വപ്നത്തിലല്ലേ കടം വാങ്ങിയത്?"

"സ്വപ്നത്തിലായാലും കടം കടം തന്നെയാണ്. അത് തിരിച്ചു തന്നേ മതിയാവൂ." കനകറാം തറപ്പിച്ചു പറഞ്ഞു.

പ്രശ്നം അക്ബർ ചക്രവർത്തിയുടെ മുന്നിലെത്തി. ഇതിനൊരു തീർപ്പുകല്പിക്കാൻ ചക്രവർത്തി ബീർബലിനെയാണ് ചുമതലപ്പെടുത്തിയത്.

ബീർബൽ ഒരു കണ്ണാടിയും നൂറു സ്വർണ്ണനാണയവും കൊണ്ടുവരാൻ ആവശ്യപ്പെട്ടു.

'അതെങ്ങനെപറ്റും' കനകറാം ചോദിച്ചു.

"സ്വപ്നത്തിലെ കടം വീട്ടാൻ കണ്ണാടിയിലെ പണം മതിയാകും" ബീർബൽ പറഞ്ഞു.



കനകറാം തന്റെ അപരാധത്തിന് മാപ്പിരന്നു.

"നിങ്ങൾ നൂറു സ്വർണ്ണനാണയം ഈ പാവത്തിനു നൽകണം. അതാണ് നിങ്ങൾക്കുള്ള ശിക്ഷ" ബീർബൽ തീർപ്പു കല്പിച്ചു.

ചക്രവർത്തി ഉൾപ്പെടെ സദസ്സിലുള്ളവർ ബീർബലിനെ വാനോളം പുകഴ്ത്തി.

| | | | |
|---|---|---|---|
| ക്ലാസ് : 4 | യൂണിറ്റ് 4 - രസിതം | മൊഡ്യൂൾ 9. | ആരു പഠിപ്പിക്കും? |

# ആരു പഠിപ്പിക്കും? (നാടകം)

### രംഗം 1 (കർട്ടൻ ഉയരുന്നു.)

(അക്ബർ ചക്രവർത്തിയുടെ കൊട്ടാരം. ബീർബൽ അടക്കമുള്ള മന്ത്രിമാർ സമീപത്തുണ്ട്. ഒരു വശത്ത് ഏതാനും പണ്ഡിതർ എന്തോ ചർച്ച ചെയ്യുന്നുണ്ട്.)

അക്ബർ ചക്രവർത്തി : (ബീർബലിനെ അരികിലേക്ക് വിളിക്കുന്നു.)

ബീർബൽ എനിക്ക് പല കാര്യങ്ങളിലും ശരിയായ അറിവില്ല. അതിനാൽ വിവിധ കാര്യങ്ങളിൽ പാണ്ഡിത്യമുള്ളവരെ കൊട്ടാരത്തിൽ കൊണ്ടുവന്ന് എനിക്ക് പഠിക്കാൻ ആവശ്യമായ സൗകര്യമൊരുക്കണം- നാളെമുതൽ തന്നെ.”

(അടുത്ത ദിവസം കൊട്ടാരത്തിലെ ദർബാർ ഹാൾ. നാട്ടുകാരെക്കൊണ്ട് നിറഞ്ഞിരിക്കുന്നു ചക്രവർത്തി എഴുന്നള്ളുകയായി.) അണിയറയിൽ അക്ബർ ചക്രവർത്തി നീണാൾവാഴട്ടെ.... മുഗൾ വംശത്തിലെ രാജാധിരാജൻ അക്ബർ ചക്രവർത്തി എഴുന്നള്ളുകയായി. വാദ്യഘോഷങ്ങളുടെ ശബ്ദം. മന്ത്രിമാരുടേയും പ്രഭുക്കളുടേയും അകമ്പടിയോടെ ചക്രവർത്തി എഴുന്നള്ളുന്നു.)

ചക്രവർത്തി : (ക്ഷുഭിതനായി) ബീർബൽ, നാമെന്താണ് കാണുന്നത്? എന്താണിതിന്റെ അർത്ഥം? നമ്മെ പഠിപ്പക്കാനുള്ള പണ്ഡിതരെ ഏർപ്പാടു ചെയ്യാനാണല്ലോ നാം പറഞ്ഞത്? ഇവിടെ കുട്ടികളും വൃദ്ധരും, അലക്കുകാരും, കർഷകരും, കച്ചവടക്കാരും, അക്ഷരജ്ഞാനം പോലുമില്ലാത്തവരുമാണല്ലോ വന്നിരിക്കുന്നത്? ഇവരാണോ എന്നെ പഠിപ്പിക്കുന്നത്? (ചക്രവർത്തി ഗർജ്ജിച്ചു.)



ബീർബൽ : (ശാന്തനായി) ചക്രവർത്തി, ക്ഷമിച്ചാലും, ഞാൻ അങ്ങയുടെ ഉത്തരവ് നടപ്പാക്കുക മാത്രമാണ് ചെയ്തത്.

അക്ബർ : (ക്ഷോഭം അടക്കാനാവാതെ) എന്ത്? എന്റെ ഉത്തരവ് താങ്കൾ ധിക്കരിക്കുകയാണ് ചെയ്തത്.

ബീർബൽ : (ശാന്തനായി) ഒരപേക്ഷയുണ്ട്. അങ്ങ് ക്ഷമയോടെ ഞാൻ പറയുന്നത് കേട്ടാലും. (ബീർബൽ തുടർന്നു.) മണിക്കൂറുകളോളം മണ്ണിൽ കളിച്ചുരസിക്കാൻ അങ്ങേയ്ക്കറിയുമോ?

അക്ബർ : (ഉറച്ച സ്വരത്തിൽ) ഇല്ല. അതും ഇതുമായി എന്തു ബന്ധം?

ബീർബൽ : തുച്ഛമായ വരുമാനത്തിൽ ഒരു കുടുംബം നടത്തിക്കൊണ്ടുപോകുവാൻ അങ്ങേയ്ക്ക് അറിയുമോ? അതുമല്ലെങ്കിൽ വസ്ത്രങ്ങളിലെ കറകളയാൻ?

അക്ബർ : (കോപം അല്പം കുറച്ച്) ഇല്ല. തീർച്ചയായും ഇല്ല.

ബീർബൽ : ഓരോ വിളയും എപ്പോഴാണ് നടേണ്ടതെന്നും നനയ്ക്കേണ്ടതെന്നും അങ്ങേക്കറിയാമോ? പാഴ്വസ്തുക്കളിൽ നിന്ന് പ്രയോജനമുള്ളവ തെരഞ്ഞെടക്കാൻ അങ്ങേയ്ക്കറിയുമോ? പച്ചപ്പുൽ മേടുകൾ എവിടെയാണെന്ന് അറിയാമോ? നമ്മുടെ ഉല്പന്നങ്ങൾ നല്ല വിലക്ക് എവിടെയാണ് വില്കാനാവുക എന്ന് അറിയാമോ? കയ്യെഴുത്ത് ഈ ചിത്രരചന പോലെ മനോഹരമാകുന്നത് എപ്പോഴാണ്?

അക്ബർ : (കോപത്തോടെ ആക്രോശിച്ചു) ഇല്ല, ഇല്ല, ഇല്ല....

ബീർബൽ : (ശാന്തനായി) തിരുമനസ്സേ... ഈ ഹാളിലുള്ള ഓരോരുത്തർക്കും അങ്ങയെ എന്തെങ്കിലും പഠിപ്പിക്കാനുണ്ട്. ഓരോരുത്തർക്കും മറ്റുള്ളവർക്ക് അറിയാത്ത ചില കാര്യങ്ങളറിയാം.

അക്ബർ : (കോപം കുറച്ചുകൊണ്ട്) അപ്പോൾ താങ്കൾ പറഞ്ഞുവരുന്നത്?

ബീർബൽ : എല്ലാവർക്കും ചില കഴിവുകളുണ്ട്, അറിവുണ്ട്, ചില പ്രത്യേക വാസനകളുണ്ട്. അതുകൊണ്ട് എല്ലാവർക്കും അധ്യാപകനാകാൻ കഴിയും. അതേപോലെ വിദ്യാർത്ഥിയും.

(ബീർബൽ ഉദ്ദേശിച്ചത് എന്താണെന്ന് തിരിച്ചറിഞ്ഞതിനുശേഷം ചക്രവർത്തി ഇങ്ങനെ പ്രതികരിച്ചു.)

അക്ബർ : (താടിതടവി ചിരിച്ചുകൊണ്ട്) അപ്പോൾ താങ്കളും ഒരു വിദ്യാർത്ഥിയാണ് അല്ലേ ബീർബൽ. നാം വിചാരിച്ചു താങ്കളെ ആർക്കും ഒന്നും പഠിപ്പിക്കാനില്ലയെന്ന്.

ബീർബൽ : (ബഹുമാനപൂർവ്വം, മന്ദഹസിച്ചുകൊണ്ട്) മറിച്ചാണ് തിരുമനസ്സേ... ഞാൻ എപ്പോഴും പഠിച്ചുകൊണ്ടിരിക്കുകയാണ്.

(ആൾക്കൂട്ടത്തിലേക്ക് നടന്നുകൊണ്ട് ഒരു വൃദ്ധയെ നമിക്കുന്നു. കൈപിടിച്ച് ചക്രവർത്തിയുടെ അടുത്തേക്ക് ആനയിക്കുന്നു.)

അക്ബർ : ആരാണ്, ഈ വൃദ്ധയായ സ്ത്രീ.

ബീർബൽ : (അഭിമാനത്തോടെ) മഹാനായ ചക്രവർത്തി, ഇവർ എന്റെ ആദ്യകാല അധ്യാപികമാരിൽ ഏറ്റവും നല്ല അധ്യാപികയാണ്. സ്നേഹത്തിന്റെയും ലാളിത്യത്തിന്റെയും വിനയത്തിന്റെയും വലിയപാഠങ്ങൾ എന്നെ പഠിപ്പിച്ചത് ഇവരാണ്.

വൃദ്ധ : (ചക്രവർത്തിയെ വന്ദിക്കുന്നു) മഹാനായ അക്ബർ ചക്രവർത്തി നീണാൾ വാഴട്ടെ. എന്റെ വിനീതമായ പ്രണാമം, എന്റെ വാക്കുകളിൽ പിഴയുണ്ടെങ്കിൽ പൊറുക്കണം. ബുദ്ധിമാനറിയാം എല്ലാം പഠിക്കുക അസാധ്യമാണെന്ന്. എന്നാൽ ഒരു നല്ല മനുഷ്യനാകാൻ എല്ലാവർക്കും കഴിയും. അതെങ്ങനെയെന്ന് എല്ലാവരും പഠിക്കുകയും വേണം."

അക്ബർ : (വൃദ്ധയെ തലകുമ്പിട്ടു വന്ദിക്കുന്നു. ബീർബലിനോട്) ബീർബെൽ, ഇത്ര ബുദ്ധിമതിയായ ഒരു അധ്യാപികയെ ലഭിച്ച നിങ്ങൾ ഭാഗ്യവാനാണ്. ഇവർ ആരാണെന്ന് നമ്മോട് പറയൂ.

ബീർബൽ : (ചാരിതാർത്ഥ്യത്തോടെ അധ്യാപികയെയും ചക്രവർത്തിയേയും തൊഴുന്നു.)

ഇവർ എന്റെ......

**(കർട്ടൺ താഴുന്നു)**

| | | |
|---|---|---|
| PENCIL | PENCIL<br>Process Ensuring for Natural Classroom Interaction and Learning<br>എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ<br>ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വായനയുടെ വഴിയിലൂടെ-4174 | DIET MALAPPURAM |

| ക്ലാസ് : 4 | യൂണിറ്റ് 4 - രസിതം | മൊഡ്യൂൾ 9. | ആരു പഠിപ്പിക്കും? |
|---|---|---|---|

# സ്വപ്നത്തിലെ കടം - വായനാക്കുറിപ്പ്

തലമുറകളായി കൈമാറി വരുന്ന ഒരു ബീർബൽ കഥയാണ് സ്വപ്നത്തിലെ കടം. ദരിദ്രനും ശുദ്ധഗതിക്കാരനുമായ ചമൻലാൽ, ധനികനും അയൽക്കാരനുമായ കനക റാമിന്റെ കയ്യിൽ നിന്ന് നൂറു സ്വർണനാണയങ്ങൾ കടം വാങ്ങുന്നതായി സ്വപ്ന ത്തിൽ കണ്ടെന്ന് കനകറാമിനോട് പറയുന്നു. സൂത്രക്കാരനായ കനകറാം ഈ സന്ദർഭം മുതലാക്കുന്നു. കടം വാങ്ങിയത് സ്വപ്നത്തിലാണെങ്കിലും അത് കടം തന്നെയാണെന്നും തനിക്ക് തുക തിരിച്ചുതരണമെന്നും പറയുന്നു. പ്രശ്നം ബീർബലിന്റെ അടുത്തെത്തുന്നു. അദ്ദേഹം നൂറു സ്വർണ നാണയങ്ങൾ ഒരു കണ്ണാടിയുടെ മുമ്പിൽ വെച്ച് അതെടുത്തു കൊള്ളാൻ കനകറാമിനോട് പറഞ്ഞു. ഇളിഭ്യനായ കനകറാമിനോട് നൂറു സ്വർണനാണയം പിഴയായി ചമൻലാലിനു നൽകണമെന്നും വിധിക്കുന്നു.



ന്യായത്തിന്റെ പക്ഷത്ത് നിന്ന് പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനും തെറ്റു ചെയ്യുന്നവരെ ശരിയായ വിധത്തിൽ അയാളുടെ തെറ്റുകൾ മനസ്സിലാക്കി കൊടുക്കുവാനുമുള്ള ബീർബലിന്റെ അസാധാരണ ബുദ്ധിവൈഭവത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ഈ കഥ - തലമുറകളിൽനിന്നും തലമുറകളിലേക്ക് ഈ കഥകൾ ഗുണപാഠമായി എത്തിച്ചേരുന്നത് അതിന്റെ പ്രസക്തി എക്കാലവും നിലനിൽക്കുന്നതുകൊണ്ടു തന്നെയാണ്.

## ആരു പഠിപ്പിക്കും - എല്ലാവരും

തന്നെ വിവിധ വിഷയങ്ങൾ പഠിപ്പിക്കാനായി പാണ്ഡിത്യമുള്ള ആളുകളെ കൊട്ടാരത്തിലെത്തിക്കണമെന്ന് മഹാനായ അക്ബർ ചക്രവർത്തി പ്രധാനമന്ത്രിയായ ബീർബലിനോട് ആവശ്യപ്പെടുന്നു. ബുദ്ധിമാനായ ബീർബൽ പിറ്റേദിവസം തന്നെ ഒരു കൂട്ടം ആളുകളെ കൊട്ടാരത്തിലെത്തിച്ചു. ഇതു കണ്ട് ക്ഷുഭിതനായ അക്ബർ ചക്രവർത്തിയോട് ബീർബൽ പറഞ്ഞു:" മഹാരാജൻ ഈ നിൽക്കുന്ന ഓരോരുത്തരും അങ്ങയെ എന്തെങ്കിലുമൊക്കെ പഠിപ്പിക്കുവാൻ കഴിവുള്ളവരാണ്.



ഒരു ചെറിയ പ്രവർത്തനത്തിലൂടെ ഒരു വലിയ സന്ദേശം നൽകുകയാണ് ബീർബൽ ചെയ്തത്. ഈ ഭൂമിയിൽ എല്ലാം പഠിച്ചവരായോ ഒന്നും പഠിക്കാത്തവരായോ ആരും തന്നെയല്ല. നമ്മളോരോരുത്തരും ഒരേ സമയം അധ്യാപകരും വിദ്യാർത്ഥികളുമാണ്.

ഇതേ ആശയം തന്നെയാണ് ഒളപ്പമണ്ണയുടെ കവിതയിലും. ആരെല്ലെൻ ഗുരുനാഥർ എന്ന് ചോദിക്കുമ്പോൾ എല്ലാവരും എന്റെ ഗുരുനാഥരാണ് എന്നുതന്നെയാണ് കവി പറയുന്നത്. ബീർബൽ കഥയിലെ ഓരോ മനുഷ്യനും ഓരോ വിഷയത്തിൽ പണ്ഡിതരായിരുന്നു. എന്നാൽ മനുഷ്യർ മാത്രമല്ല എല്ലാ ജീവജാലങ്ങളും നമ്മെ എന്തൊക്കെയോ പഠിപ്പിക്കുന്നുണ്ട് എന്ന് 'എന്റെ വിദ്യാലയത്തിലൂടെ' ഒളപ്പമണ്ണ പറയുന്നു. ഈ ഭൂമിയിൽ ഉള്ളവരെല്ലാം ഒരേ സമയം അധ്യാപകരും വിദ്യാർത്ഥികളുമാണ് എന്ന് ഈ രണ്ടു കൃതികളും നമ്മെ ഓർമ്മിപ്പിക്കുന്നു.

| ക്ലാസ് : 4 | യൂണിറ്റ് 5 – മധുരം | മൊഡ്യൂൾ 10 | ഊണിന്റെ മേളം |
|---|---|---|---|

| | |
|---|---|
| **ആമുഖം** | പ്രാചീന കവിത്രയത്തിലെ അംഗമായ കുഞ്ചൻ നമ്പ്യാരുടെ രുഗ്മിണീസ്വയം വരം തുള്ളലിലെ ഭാഗമാണ് 'ഊണിന്റെ മേളം.' എന്ന പാഠഭാഗം. തുള്ളൽ കവിതകളുടെ പ്രത്യേകതകളായ പരിഹാസം, നർമ്മം, പദങ്ങളുടെയും അക്ഷരങ്ങളുടേയും ആവർത്തനം കൊണ്ടുള്ള താളാത്മകത, ചടുലത തുടങ്ങിയ സവിശേഷത ഈ ഭാഗത്ത് കാണാം. |
| **ആശയം** | ആഹാര കാര്യത്തിൽ നമുക്ക് മഹത്തായ പാരമ്പര്യമുണ്ട്. ആരോഗ്യസംരക്ഷണത്തിനു സഹായകമായതും പ്രകൃതിക്കിണങ്ങുന്നതുമായ ജീവിതശൈലിയും ഭക്ഷണ രീതികളും നമ്മുടെ നാട്ടിലുണ്ട്. നമ്മുടെ ഭക്ഷണ ശീലങ്ങളിൽ ആരോഗ്യകരമല്ലാത്ത പല പ്രവണതകളും വർദ്ധിച്ചുവരുന്നുണ്ട്. ഭക്ഷണവുമായി ബന്ധപ്പെട്ട ചൊല്ലുകൾ, ശൈലികൾ, കവിതകൾ എന്നിവയുണ്ട്. അക്ഷരങ്ങളുടെ ആവർത്തനം, പദങ്ങളുടെ താളാത്മകമായ ക്രമീകരണം, സൂക്ഷ്മഭാവമുള്ള വർണ്ണനകൾ, നർമ്മ മധുരമായ ആഖ്യാനം, പരിഹാസം എന്നിവ തുള്ളൽ കവിതകളുടെ പ്രത്യേകതകളാണ്. |
| **പഠനനേട്ടം** | സവിശേഷതകൾ ഉൾക്കൊണ്ട് കവിതചൊല്ലി ആസ്വദിക്കുന്നു. ചൊല്ലുകൾ, കടംകഥകൾ, ശൈലികൾ, വ്യാഖ്യാനിക്കുന്നു. ഭക്ഷണ ശീലങ്ങളുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കടുക്കുന്നു. നമ്മുടെ പഴയ ഭക്ഷണ സംസ്കാരം ആരോഗ്യ സംരക്ഷണത്തിന് ഏറെ ഉത്തമമായിരുന്നു എന്ന് അറിയുന്നു. |
| **വ്യവഹാര രൂപം** | തുള്ളൽകവിത, കടങ്കഥ, ആസ്വാദനക്കുറിപ്പ് |
| **സാമഗ്രികൾ** | പഴഞ്ചൊൽ ചാർട്ട്, വീഡിയോ ക്ലിപ്പ്, കടംകഥ ചാർട്ട്, ആഹാര പട്ടിക, കവിത |
| **സമയം** | 4 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1) പ്രവേശകം, 2) കവിതാ വായനയിലേക്ക്, 3) പറയാം എഴുതാം, 4) കണ്ടെത്താം എഴുതാം, 5) ചർച്ച ചെയ്യാം 6) കണ്ടെത്താം വിശദമാക്കാം. 7) പട്ടികപ്പെടുത്താം 8) രുചി കുറിക്കാം 9) ഈണത്തിൽ ചൊല്ലാം 10) ചൊല്ലി രസിക്കാം. 11) ഭക്ഷണം ചേരുവ, 12) ആസ്വാദനക്കുറിപ്പ് 13) എഡിറ്റിംഗ് |
| **വർക്ക്ഷീറ്റ് – വായനാസാമഗ്രി** | 1) പൊരുളറിയാൻ, 2) ആഹാരം ചേരുവ<br>ടീച്ചറുടെ രചനകൾ, ഐതിഹ്യമാല (തെരഞ്ഞെടുത്ത കഥകൾ) കൊട്ടാരത്തിൽ ശങ്കുണ്ണി, പറയിപെറ്റ പന്തിരുകുലം – പി. നരേന്ദ്രനാഥ് |
| **ചുമർ ചിത്രം** | കടംകഥ, പാചകക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, ചിത്രങ്ങൾ |
| **സർഗ്ഗവേദി** | ഓട്ടൻതുള്ളൽ അവതരണം |
| സി.പി.ടി.എ. | കുട്ടികളുടെ പ്രകടനം, പ്രദർശനം |
| **ദിനാചരണം** | |

**പ്രവർത്തനത്തിന്റെ** സൂക്ഷ്മ പ്രക്രിയ

**1. പ്രവേശകം**

പാഠപുസ്തകത്തിൽ നൽകിയിരിക്കുന്ന വരരുചിയുടെ കഥ ഭാവാത്മകമായി അവതരിപ്പിക്കുന്നു. താഴെ കൊടുത്ത ചോദ്യങ്ങളിലൂടെ ആശയഗ്രഹണം ഉറപ്പാക്കുന്നു. വരരുചിയുടെ ചിട്ടകൾ എന്തെല്ലാമായിരുന്നു? ബ്രാഹ്മണൻ അമ്പരന്നത് എന്തുകൊണ്ട്? പഞ്ചമി എങ്ങനെയാണ് ഞൊടിയിടയിൽ വരരുചിയെ ചിട്ടപ്രകാരം സൽക്കരിച്ചത്? ചർച്ചയിലൂടെ ആശയം എല്ലാവർക്കും ബോധ്യപ്പെടുന്നു. പഞ്ചമിയുടെ ഔചിത്യബോധത്തേയും കുടുംബത്തിന്റെ അതിഥി സൽക്കാര താല്പര്യത്തേയും ഓർമ്മിപ്പിക്കുന്നു.

**2. കവിത വായനയിലേക്ക്**

- വരരുചി 101 കറി വേണമെന്ന് പറഞ്ഞത് ഇഞ്ചിത്തൈര് ഉദ്ദേശിച്ചാണെന്ന് നമുക്ക് മനസ്സിലായി. എന്നാൽ നമ്മുടെ ഭക്ഷണ രീതിയിൽ എത്ര കറികൾ/ വിഭവങ്ങൾ ഉണ്ട്? • കുട്ടികൾ പ്രതികരിക്കുന്നു.
- ഏറ്റവും കൂടുതൽ കറികൾ/ വിഭവങ്ങളുടെ പേര് • ആർക്കാണെഴുതാൻ കഴിയുക?

• കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു. (5 മിനിട്ട്) • ചിലർ അവതരിപ്പിക്കുന്നു. ടീച്ചർ ബോർഡിൽ ലിസ്റ്റ് ചെയ്യുന്നു. • മറ്റു കുട്ടികൾ കൂട്ടിച്ചേർക്കുന്നു. • ഇതിൽ പെടാത്ത ഏതെല്ലാം കറികളാണ് കവിതയിൽ പറയുന്ന്? കുട്ടികൾ പറയുന്നവ കൂട്ടിച്ചേർക്കുന്നു. ഇവ തന്നെയാണോ? • എങ്ങനെ കണ്ടെത്താം • കവിത വായനയിലേക്ക് നയിക്കുന്നു.

വ്യക്തിഗതവായന (10 മിനിട്ട്), കണ്ടെത്തിയ വിഭവങ്ങൾ ലിസ്റ്റ് ചെയ്യുന്നു. ആദ്യം പറഞ്ഞവയിൽ കൂടുതലുണ്ടോ എന്ന് കണ്ടെത്തുന്നു. എല്ലാവർക്കും കണ്ടെത്താൻ കഴിഞ്ഞോ? എന്തുകൊണ്ടാണ് കണ്ടെത്താൻ കഴിയാത്തത്? എല്ലാവരും കണ്ടെത്തണ്ടേ? എങ്ങനെ കണ്ടെത്താം?

**വീണ്ടും വ്യക്തിഗത വായന**

- അറിയുന്നത്, അറിയാത്തത്, ഇഷ്ടപ്പെട്ടത്, യഥാക്രമം ✓, X, _, ചിഹ്നം ചേർക്കുന്നു.
- തീരെ വായിക്കാനറിയാത്തവരെ അടുത്തിരിക്കുന്നവർ സഹായിക്കട്ടെ. • മൂന്നംഗ ഗ്രൂപ്പിൽ ഇഷ്ടപ്പെട്ടത്, അറിയുന്നത്, അറിയാത്തത്, ഓരോരുത്തരും വായിച്ചവതരിപ്പിക്കുന്നു. അറിയാത്ത പദങ്ങളും അവയുടെ അർത്ഥവും പദശേഖരത്തിൽ എഴുതിച്ചേർക്കണം. തുടർന്ന് ഓരോ ഗ്രൂപ്പും ഇഷ്ടപ്പെട്ടത് അറിയുന്നത്, അറിയാത്തത് അവതരിപ്പിക്കുന്നു. ഓരോരുത്തരും വായിക്കുമ്പോൾ മറ്റുള്ളവർ അതിൽ കൂട്ടിച്ചേർത്ത് വ്യക്തതവരുത്തണം. • ഓരോ സന്ദർഭത്തിലും ടീച്ചർ ആവശ്യമായ ഇടപെടൽ നടത്തുന്നു. • ഒടുവിൽ ടീച്ചർ കവിതയുടെ ആശയം പൊതുവായി ക്രോഡീകരിക്കുന്നു.

**3. പറയാം എഴുതാം**

പേജ് 67 ലെ പറയാം എഴുതാം എന്ന പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. എന്താണ് ചെയ്യേണ്ടതെന്ന് കുട്ടികൾ പറയട്ടെ. ആവശ്യമെങ്കിൽ ടീച്ചർ ഇടപെട്ട് വ്യക്തവരുത്തുന്നു. കവിതയിൽ സദ്യ നടക്കുന്ന സമയത്തുള്ള കോലാഹലങ്ങൾ എന്തെല്ലാമെന്ന് കുട്ടികൾ കണ്ടെത്തുന്നു. നാലംഗ ഗ്രൂപ്പിൽ പങ്കുവെക്കുന്നു (എല്ലാവരും പറഞ്ഞുവെന്ന് ഉറപ്പാക്കണം) തുടർന്ന് വ്യക്തിഗതമായി എഴുതുന്നു. പൊതു അവതരണം - ടീച്ചർ ക്രോഡീകരിക്കുന്നു.

**പ്രതികരണ പേജിലേക്ക്**

എല്ലാ കുട്ടികൾക്കും ആശയങ്ങൾ കണ്ടെത്താൻ കഴിഞ്ഞോ? കണ്ടെത്തിയ ആശയങ്ങൾ പറഞ്ഞ് അവതരിപ്പിക്കാൻ കഴിയാത്തവരുണ്ടോ? എഴുതി അവതരിപ്പിക്കുമ്പോൾ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം? പ്രക്രിയയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ?

**4. കണ്ടെത്താം എഴുതാം**

പേജ് 67 ലെ കണ്ടെത്താം എഴുതാം എന്ന പ്രവർത്തനം വ്യക്തിഗതമായി വായിക്കുന്നു. എന്തു മനസ്സിലായി എന്നു കുട്ടികൾ പറയട്ടെ. കവിതയിൽ സൂചിപ്പിക്കുന്ന വിഭവങ്ങൾ എന്തെല്ലാം? വ്യക്തിഗതമായി എഴുതുന്നു. നാലംഗ ഗ്രൂപ്പിൽ ഓരോ കുട്ടിയും അവതരിപ്പിച്ച് ക്രോഡീകരിക്കുന്നു.

ഗ്രൂപ്പുകൾ തമ്മിൽ മത്സരം നടക്കുന്നു. ഒന്നാമത്തെ ഗ്രൂപ്പ് രണ്ടാമത്തെ ഗ്രൂപ്പിനോടാണ് ചോദിക്കേണ്ടത് കവിതയിലുള്ള ഒരു വിഭവത്തിന്റെ പേര് അവരെഴുതിയതിൽ ഒന്നാണ് പറയേണ്ടത്. ഒരു പ്രാവശ്യം പറഞ്ഞ വിഭവം വീണ്ടും ആരും പറയാൻ പാടില്ല. നിശ്ചിത വിഭവം ഒന്നാമത്തെ ഗ്രൂപ്പ് എഴുതിയിട്ടില്ലെങ്കിൽ രണ്ടാമത്തെ ഗ്രൂപ്പിന് ഇരട്ടി പോയന്റ് ലഭിക്കും. ഒരു ഗ്രൂപ്പ് ചോദ്യം ചോദിക്കുന്ന് അടുത്ത ഗ്രൂപ്പിലെ ഒരു നിശ്ചിത അംഗത്തിനോടായിരിക്കണം. ചോദിച്ച ഒരാളോട് വീണ്ടും ചോദിക്കാൻ പാടില്ല. കൂടുതൽ പോയന്റ് ലഭിച്ച ഗ്രൂപ്പിനെ വിജയികളായി പ്രഖ്യാപിക്കുന്നു.

**പ്രതികരണ പേജിലേക്ക്**

കുട്ടികൾ ഈ പ്രവർത്തനത്തെ സ്വീകരിച്ചുവോ?

പ്രവർത്തനത്തിൽ നിന്ന് ആരെങ്കിലും വിട്ടുനിന്നുവോ? മുൻ പ്രവർത്തനത്തിൽ നിന്ന് ഈ പ്രവർത്തനത്തിന് എന്തെങ്കിലും പ്രത്യേകതകളുണ്ടായിരുന്നോ? തിരിച്ചറിവുകൾ രേഖപ്പെടുത്തുക.

**5. ചർച്ച ചെയ്യാം**

പേജ് 67 ലെ ചർച്ച ചെയ്യാം എന്ന പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. എന്ത് മനസിലായി എന്ന് പറയുന്നു. ഭക്ഷണ ശീലങ്ങളിൽ നിന്ന് മാറ്റത്തെക്കുറിച്ച് ലഘു ചർച്ച നമുക്ക് ഇതെത്രമാത്രം ഗുണകരമാണ്. ചിലർ പ്രതികരിക്കുന്നു. തുടർന്ന് കുട്ടികൾ പട്ടിക തയ്യാറാക്കുന്നു.

| കവിതയിൽ പറഞ്ഞ വിഭവങ്ങൾ | ഇന്ന് നാം കഴിക്കുന്ന വിഭവങ്ങൾ |
|---|---|
| | |

തയ്യാറാക്കിയ പട്ടിക അവതരിപ്പിക്കുന്നു. ടീച്ചർ ബോർഡിൽ ക്രോഡീകരിക്കുന്നു. നമ്മുടെ ഭക്ഷണ ശീലങ്ങളിൽ എത്രമാത്രം മാറ്റം വന്നിട്ടുണ്ട്? ഈ മാറ്റം ഗുണകരമാണോ? കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു. ഗ്രൂപ്പിൽ വായിച്ച് ക്രോഡീകരിക്കുന്നു. എല്ലാവരും നോട്ട് ബുക്കിൽ എഴുതി എന്ന് ഉറപ്പാക്കണം. ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. മറ്റു ഗ്രൂപ്പുകൾ പ്രതികരിക്കുന്നു. ടീച്ചർ വായനയുടെ വഴിയിലൂടെ (മായം സർവ്വത്ര) ഗ്രൂപ്പുകൾക്ക് നൽകുന്നു. ഗ്രൂപ്പിൽ വായിച്ച് ചർച്ച ചെയ്യുന്നു. തുടർന്ന് പൊതു ചർച്ച. ടീച്ചർ മോഡറേറ്ററാകുന്നു. ക്രോഡീകരിക്കുന്നു. എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കണം.



**6. കണ്ടെത്താം വിശദമാക്കാം (40 മിനിട്ട്)**

• പാഠപുസ്തകത്തിലെ പ്രവർത്തനം വായിച്ച് ആശയം മനസ്സിലാക്കുന്നു. എന്താണ് ചെയ്യേണ്ടത്? ഒന്നു രണ്ടുപേർ പറയുന്നു. • തുടർന്ന് ഭക്ഷണവുമായി ബന്ധപ്പെട്ട കടംകഥകൾ, ശൈലികൾ, പ്രയോഗങ്ങൾ എന്നിവ കണ്ടെത്തുന്നു. വ്യക്തിഗതം – മൂന്നംഗഗ്രൂപ്പിൽ വായിച്ചവതരണം – ചർച്ച – ക്രോഡീകരണം – പൊതുഅവതരണം – ടീച്ചർ ബോർഡിൽ എഴുതുന്നു. പുതിയ നോട്ട് ബുക്കിൽ എഴുതുന്നു. • 4116 വർക്ക്ഷീറ്റ് വ്യക്തിഗതമായി നൽകുന്നു. • ഓരോ കുട്ടിയും ചൊല്ലുകളുടേയും കടംകഥയുടേയും ആശയം വിശദമാക്കി എഴുതുന്നു. നേരത്തെ കണ്ടെത്തിയ ചൊല്ലുകൾ കടംകഥകൾ കൂട്ടിച്ചേർക്കുന്നു. മൂന്നംഗഗ്രൂപ്പിൽ അവതരിപ്പിക്കുന്നു മെച്ചപ്പെടുത്തുന്നു. പൊതു അവതരണം മറ്റു ഗ്രൂപ്പുകൾ പ്രതികരിക്കുന്നു. ടീച്ചർ വിശദീകരിക്കുന്നു • ടീച്ചറുടെ രചന അവതരണം. കുട്ടികൾ വിലയിരുത്തുന്നു. – ചർച്ച – ക്രോഡീകരണം



**പ്രതികരണ പേജിലേക്ക്**

• വർക്ക്ഷീറ്റ് എല്ലാവരും താല്പര്യത്തോടെ ചെയ്തുവോ? • ആശയങ്ങൾ കണ്ടെത്തിയതിന്റെ നിലവാരം എന്ത്? • ഗ്രൂപ്പിലെ പങ്കാളിത്തം, അച്ചടക്കം, ചർച്ച എങ്ങനെ? • തിരിച്ചറിവുകൾ എന്തെല്ലാം?

**7. പട്ടികപ്പെടുത്താം (30 മിനിട്ട്)**

- മുൻ പ്രവർത്തനങ്ങളിൽ ധാരാളം ഭക്ഷ്യവിഭവങ്ങൾ പട്ടികപ്പെടുത്തിയിട്ടുണ്ട്. അവയെ എങ്ങനെയെല്ലാം തരംതിരിക്കാം? • വിഭവങ്ങളുടെ പേര് ബോർഡിൽ എഴുതുന്നു. എങ്ങനെയെല്ലാം തരംതിരിക്കാമെന്ന് കുട്ടികൾ കണ്ടെത്തട്ടെ. (ഖരം, ദ്രാവകം, പുളി, മധുരം, എരിവ്, വേവിച്ചത്, വേവിക്കാത്തത്, നിറം) കുട്ടികൾ തരംതിരിക്കുന്നു. മൂന്നംഗഗ്രൂപ്പിൽ അവതരണം – ചർച്ച പൊതു അവതരണം – ടീച്ചറുടെ കൂട്ടിച്ചേർക്കൽ



**പ്രതികരണ പേജിലേക്ക്**

വിഭവത്തിന്റെ സ്വഭാവം തിരിച്ചറിഞ്ഞ് തരംതിരിച്ചിട്ടുവോ? പങ്കാളിത്തം തിരിച്ചറിവുകൾ.

**8. രുചി കുറിക്കാം (40 മിനിട്ട്)**

- മുൻപ്രവർത്തനത്തിൽ ചർച്ച ചെയ്ത വിഭവങ്ങളിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടമായ വിഭവം ഏത്? വ്യക്തിഗതമായി എഴുതുന്നു. • നിശ്ചിത വിഭവത്തിന്റെ രുചി എന്തായിരുന്നു. എന്തുകൊണ്ടാണ് നിങ്ങൾക്ക് ഈ വിഭവം ഏറെ ഇഷ്ടമായത്? കുറിപ്പെഴുതൂ. വ്യക്തിഗത രചന- നാലംഗഗ്രൂപ്പിൽ വിലയിരുത്തുന്നു. പൊതു അവതരണം – മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ടീച്ചറുടെ രചന അവതരണം.

**പ്രതികരണപേജ്**

- എല്ലാവരും കുറിപ്പ് എഴുതിയോ? നിലവാരമെന്ത്? •കുട്ടികളുടെ രചനയിലുണ്ടായ പുരോഗതി?

**9. ഈണത്തിൽ ചൊല്ലാം (30 മിനിറ്റ്)**

- കവിതക്ക് കുട്ടികൾ വ്യക്തിഗതമായി ഈണം കണ്ടെത്തുന്നു. ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. സൂച

കങ്ങൾ വെച്ച് വിലയിരുത്തുന്നു. മികച്ച ഈണം നിശ്ചയിക്കുന്നു. പൊതു അവതരണം മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. മെച്ചപ്പെടുത്തുന്നു. ടീച്ചറുടെ അവതരണം. കുട്ടികൾ വിലയിരുത്തുന്നു.



**10. ചൊല്ലി രസിക്കാം (30 മിനിറ്റ്)**

- ആഹാരവുമായി ബന്ധപ്പെട്ട മറ്റു കവിതകൾ ശേഖരിക്കുന്നു. ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ചർച്ച ചെയ്യുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു.എല്ലാവർക്കും വായിക്കാനും ചൊല്ലി രസിക്കാനും അവസരം നൽകണം (പാത്രചരിതം തുള്ളൽ)

**11. ഭക്ഷണം - ചേരുവ**

മുൻ പ്രവർത്തനത്തിലെ കവിതയിലുള്ള വിഭവങ്ങൾ ലിസ്റ്റ് ചെയ്യുന്നു. തുടർന്ന് വർക്ക്ഷീറ്റ് 4118 നൽകുന്നു. വർക്ക്ഷീറ്റിൽ നിങ്ങൾ വിഭവങ്ങൾ എഴുതുക. അടുത്ത കള്ളിയിൽ ചേരുവകളും എഴുതുന്നു. ഗ്രൂപ്പിൽ അവതരണം, പൊതുഅവതരണം. ഒരു ഗ്രൂപ്പിൽ നിന്നും ഒരേ ഇനത്തിന് ഒരവതരണം മാത്രം. മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു.



**12. ആസ്വാദനക്കുറിപ്പ് (60 മിനിട്ട്)**

'ഊണിന്റെ മേളം' എന്ന കവിതയുമായി ബന്ധപ്പെട്ട് ഇതുവരെ നടന്ന പ്രവർത്തനങ്ങൾ കുട്ടികൾ ഓർമ്മിച്ച് പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു.

കവിതയിലെ ആസ്വാദനാംശങ്ങൾ പൊതു ചർച്ച വ്യക്തിഗതമായി ആസ്വാദനക്കുറിപ്പ് എഴുതുന്നു. (10 മിനിട്ട്) നാലംഗ ഗ്രൂപ്പിൽ ഓരോരുത്തരും വായിച്ചവതരണം പരസ്പരം വിലയിരുത്തണം. സൂചകങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ അവതരിപ്പിക്കുന്നു.



- കവിതയിലെ ആശയവുമായുള്ള ബന്ധം • സ്വന്തം നിരീക്ഷണങ്ങൾ • ആസ്വാദനാംശങ്ങൾ സൂചന പ്രയോഗം, ശബ്ദഭംഗി, പദങ്ങളുടെ വിന്യാസം • ആശയവ്യക്തത, സമഗ്രത ഗ്രൂപ്പുകൾ പരസ്പരം വിലയിരുത്തുന്നു. മെച്ചപ്പെടുത്തുന്നു. പൊതുഅവതരണം. മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ചർച്ച - ടീച്ചറുടെ ആസ്വാദനക്കുറിപ്പ് അവതരണം. കുട്ടികൾ വിലയിരുത്തുന്നു. ചർച്ച

**പ്രതികരണ പേജിലേക്ക്**

കുട്ടികളുടെ രചനകളുടെ നിലവാരം. പങ്കാളിത്തം തിരിച്ചറിവ്.

**13. എഡിറ്റിംഗ്**

ഒരു ഗ്രൂപ്പിന്റെ രചന എഡിറ്റിംഗിനായി തെരഞ്ഞെടുക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു. ടീച്ചർ വിശകലന ചോദ്യങ്ങൾ ചോദിച്ച് എഡിറ്റ് ചെയ്യുന്നു.

**ആശയം**

ആശയം പൂർണ്ണമായി വന്നിട്ടുണ്ടോ? ഏതെങ്കിലും ആശയം ഉൾപ്പെടുത്താനുണ്ടോ? നിശ്ചിത ആശയവുമായി ബന്ധമില്ലാത്ത വാക്യങ്ങൾ ഉണ്ടോ?

**വാക്യഘടന**

വാക്കുകൾ ക്രമം മാറ്റി എഴുതിയിട്ടുണ്ടോ? വാക്കുകൾ വിട്ടുപോയിട്ടുണ്ടോ? വാക്കുകൾ അധികമായി ഉപയോഗിച്ചിട്ടുണ്ടോ?

**പദം**

തെരഞ്ഞെടുത്ത പദങ്ങളുടെ അനുയോജ്യത? അനുയോജ്യമല്ലാത്ത പദങ്ങൾ ഉപയോഗിച്ചിട്ടുണ്ടോ? അർത്ഥവ്യത്യാസം ജനിപ്പിക്കുന്ന പദങ്ങൾ ഉണ്ടോ?

**അക്ഷരം**

അക്ഷരം, ചിഹ്നം, ചിഹ്നനം ശരിയായി ഉപയോഗിച്ചിട്ടുണ്ടോ? അക്ഷരം, വാക്യം, പദം എന്നിവ നിശ്ചിത അകലം പാലിച്ച് എഴുതിയിട്ടുണ്ടോ?

**വ്യവഹാരരൂപം**

കവിതയിലെ ആശയം വ്യക്തമാക്കിയിട്ടുണ്ടോ? ആശയവ്യക്തത, സമഗ്രത, സ്വന്തം നിരീക്ഷണങ്ങൾ എഴുതിയിട്ടുണ്ടോ? ആസ്വാദനാംശങ്ങൾ (പ്രയോഗം, ശബ്ദഭംഗി, പദവിന്യാസം) സൂചിപ്പിച്ചിട്ടുണ്ടോ?

# മായം സർവ്വത്ര

ഭക്ഷണ ശീലങ്ങളിൽ വന്ന മാറ്റങ്ങൾ ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങളിലേക്ക് മനുഷ്യനെ എത്തിക്കുന്നു. പ്രഭാത ഭക്ഷണത്തിൽ ധാന്യവും പയറും ചേരുന്ന ചേരുവകളായ പുട്ട്-കടല, പത്തിരി-പയർകറി എന്നിവയും ഇഡ്ലി-സാമ്പാർ, ദോശ-ചട്നി എന്നിവയും ഉത്തമമാണ്. ഇതിന് പകരം നൂഡിൽസ്, ബെർഗർ, സാൻഡ്‌വിച്ച് എന്നിവ രോഗങ്ങൾ ക്ഷണിച്ചു വരുത്തുന്ന വിഭവങ്ങൾ ആളുകൾ ഇഷ്ടപ്പെടുന്നു. ഇത്തരം കൃത്രിമവും തികച്ചും വൈദേശികവുമായ ഭക്ഷ്യവസ്തുക്കൾ നമ്മുടെ ശരീര ഘടനക്ക് യോജിക്കാത്തതാണ്. പോഷക സമൃദ്ധമായ കഞ്ഞി നമ്മുടെ തീൻമേശയിൽനിന്ന് അപ്രത്യക്ഷമായിരിക്കുന്നു. ആരോഗ്യത്തിനും ബുദ്ധിവളർച്ചക്കുമുതകുന്ന ഭക്ഷ്യക്രമമായിരുന്നു നമ്മുടേത്. രാവിലെ രാജാവിനെ പോലെയും രാത്രി യാചകനെപ്പോലെയും ഭക്ഷണം കഴിക്കണമെന്ന ചൊല്ലിലധിഷ്ഠിതമായ നമ്മുടെ ഭക്ഷണക്രമങ്ങൾ ഇന്ന് ഇല്ലാതായിരിക്കുന്നു.



ഒരു കാലത്ത് ഭൂരിഭാഗം ആഹാരവും നാം വീട്ടിൽ പാചകം ചെയ്ത് കഴിക്കുമായിരുന്നു. ഇന്ന് സ്ഥിതിമാറി പൊരിച്ചതും അനാരോഗ്യകരവുമായ നിറങ്ങളും അജ്നോമോട്ടോ പോലുള്ള അപകടകാരികളായ വസ്തുക്കളും ചേർത്ത് രുചിയുണ്ടാക്കുന്ന ഹോട്ടൽ ഭക്ഷണമാണ് നമുക്ക് ഏറെ പ്രിയം.

നിത്യോപയോഗത്തിനുള്ള അരി മുതൽ പച്ചക്കറികൾ വരെ വിഷമയമാണ്. ഫോർമാലിൻ, അമോണിയ എന്നിവ ചേർത്ത് സൂക്ഷിക്കുന്ന മത്സ്യമാംസാദികളും ഇതിൽ പെടുന്നു.

പോഷക സമൃദ്ധവും ആരോഗ്യദായകവുമായ നമ്മുടെ ഭക്ഷണരീതികൾ മാറി. നമ്മുടെ താല്പര്യങ്ങൾ വൈദേശികവും അപകടകരവുമായ രസക്കൂട്ടുകളിലേക്ക് മാറിയിരിക്കുന്നു. മായമില്ലാത്ത പരമ്പരാഗത ഭക്ഷ്യവസ്തുക്കളുടേയും ശരിയായ ഭക്ഷണ രീതിയുടേയും തെരഞ്ഞെടുപ്പ് മാത്രമേ ആരോഗ്യം നിലനിർത്തുന്നതിന് സഹായകമാകൂ.

| ക്ലാസ് : 4 | യൂണിറ്റ് 5 - മധുരം | മൊഡ്യൂൾ 10 | ഊണിന്റെ മേളം |
|---|---|---|---|

## പൊരുളറിയാൻ

| കടംകഥ/ ചൊല്ലുകൾ | ആശയം |
|---|---|
| ഇല്ലത്തമ്മ കുളിച്ചുവരുമ്പോൾ വെള്ളിക്കിണ്ണം തുള്ളിതുള്ളി | |
| പന്തിയ്ക്കു മുമ്പിൽ പടയ്ക്കു പിന്നിൽ | |
| അന്ന വിചാരം മുന്ന വിചാരം | |
| അത്താഴം അത്തിപ്പഴത്തോളം | |
| അത്താഴം കഴിച്ചാൽ അരക്കാതം നടക്കണം<br>മുത്താഴം കഴിച്ചാൽ മുള്ളേലും കിടക്കണം. | |

| | | | |
|---|---|---|---|
| PENCIL | | | |
| Process Ensuring for Natural Classroom Interaction and Learning | | | |
| എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ | | | |
| ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വർക്ക്ഷീറ്റ് 4115 | | | |
| ക്ലാസ് : 4 | യൂണിറ്റ് 5 - മധുരം | മൊഡ്യൂൾ 10 | ഊണിന്റെ മേളം |

# പൊരുളറിയാൻ

| കടംകഥ/ ചൊല്ലുകൾ | ആശയം |
|---|---|
| ഇല്ലത്തമ്മ കുളിച്ചുവരുമ്പോൾ വെള്ളിക്കിണ്ണം തുള്ളിതുള്ളി | വെള്ളം തിളച്ചുകൊണ്ടിരിക്കുന്ന കലത്തിലേക്ക് അരികഴുകിയിടുന്നതും തിളയ്ക്കുന്നതുമാണ് ഈ കടംകഥ യുടെ സാരം. തിളച്ച വെള്ളത്തിലേക്ക് ഇടുന്ന അരി തിളച്ച് ഉയരുന്നതിന് കുളികഴിഞ്ഞുള്ള മടക്കമായും വെള്ളം തിളച്ചു പതയുന്നതിനെ വെള്ളിക്കിണ്ണം തുള്ളുന്നതായും സൂചിപ്പിക്കുന്നു. |
| പന്തിക്കു മുമ്പിൽ പടക്കു പിന്നിൽ | ആഹാര കാര്യത്തിൽ മുന്നിൽ നിൽക്കുന്നവരെ കളിയാക്കുന്ന ചൊല്ല്. ഇത്തരക്കാരുടെ ആവേശം ഭക്ഷണം കഴിക്കുന്നതിലാണ്. പടക്കു പിന്നിലാവും. |
| അന്ന വിചാരം മുന്ന വിചാരം | എത്ര പ്രധാന ജോലിയാണെങ്കിലും ചിലർക്ക് ഭക്ഷണത്തോടായിരിക്കും വലിയ കമ്പം, ചെയ്യേണ്ട ജോലി കുറച്ചുകാണുന്നവരെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഭാഷ |
| അത്താഴം അത്തിപ്പഴത്തോളം | |
| അത്താഴം കഴിച്ചാൽ അരക്കാതം നടക്കണം<br>മുത്താഴം കഴിച്ചാൽ മുള്ളേലും കിടക്കണം. | |

# അവിയൽ

വിവിധ പച്ചക്കറികൾ ഒരേ നീളത്തിൽ മുറിച്ച് പച്ചമുളകും നാളികേരവും അരച്ച് തൈരും/കട്ടിമോരും ചേർത്ത് വേവിച്ചാണ് അവിയൽ ഉണ്ടാക്കുന്നത്. എല്ലാ പച്ചക്കറികളുടേയും കൂടെ തൈരും മുളകും നാളികേരവും ചേരുമ്പോഴുണ്ടാകുന്ന സ്വാദ് ആസ്വാദ്യകരമാണ്. രുചിയിലപ്പുറം എല്ലാ പച്ചക്കറികളിലേയും ആരോഗ്യം പകർന്നു നൽകുന്ന ഘടകങ്ങളും ഒരുമിച്ച് ലഭിക്കുന്നു എന്നതും അവിയലിന്റെ പ്രത്യേകതയാണ്. ഓറഞ്ച് നിറമുള്ള കാരറ്റ് കഷണങ്ങളും ഇളം ചുവപ്പുനിറമുള്ള ചേനയും പയർ, കൈപ്പ എന്നിവയുടെ പച്ചനിറങ്ങളും പച്ചക്കായയുടെ മഞ്ഞ നിറവും ചേർന്ന് അവിയലിന്റെ കാഴ്ച തന്നെ മനോഹരമാണ്. വേവിച്ച പച്ചക്കറികളിൽ നാളികേരവും തൈരും ചേർത്ത് കറിവേപ്പിലയിട്ട് വെളിച്ചെണ്ണ ഒഴിച്ച് തയ്യാറാക്കുന്ന അവിയലിന്റെ മണവും വളരെ ഹൃദ്യമാണ്. സദ്യക്കുള്ള വിവിധ വിഭവങ്ങൾ ഉണ്ടാക്കിയ ശേഷം ബാക്കി വന്ന പച്ചക്കറികൾ ഒരുമിച്ച് ചേർത്ത് പാണ്ഡവരിലൊരാളായ ഭീമസേനൻ ആദ്യമായി അവിയൽ ഉണ്ടാക്കി എന്ന് പറയപ്പെടുന്നു.



പണ്ടുകാലത്ത് സദ്യക്കുള്ള വിഭവങ്ങൾ ഒരുക്കിയശേഷം ബാക്കി വരുന്ന പച്ചക്കറികൾകൊണ്ടാണ് അവിയലുണ്ടാക്കിയിരുന്നതെങ്കിൽ ഇന്ന് അവിയൽ നമ്മുടെ സദ്യകളിലെ പ്രധാന വിഭവമാണ്.

# രുചിയുടെ മേളം

'കൊണ്ടാപപ്പട'മെന്നൊരു വിപ്രൻ
'കൊണ്ടാപഴ'മെന്നങ്ങൊരു വിപ്രൻ
കോരികകൊണ്ടുടനടമധുരക്കറി
കോരി വിളമ്പണമെന്നൊരു വിപ്രൻ
'ഇഞ്ചിത്തൈരും മാങ്ങാക്കറിയും
കിഞ്ചിൽ പോടണ' മെന്നൊരു വിപ്രൻ
പഞ്ചപ്രഥമം പഞ്ചാരപ്പൊടി
പാൽപായസമതിലിട്ടുകലർന്നുട-
നഞ്ചാതിലയിൽ വിളമ്പുകിലെന്നുടെ
നെഞ്ചുകുളിർക്കുമതെന്നൊരു വിപ്രൻ

*(പാത്രചരിതം തുള്ളൽ)*



# 'ഊണിന്റെ മേളം' – ആസ്വാദനക്കുറിപ്പ്

പ്രാചീന കവിത്രയത്തിൽ ഉൾപ്പെടുന്ന കുഞ്ചൻ നമ്പ്യാരുടെ രുഗ്മിണീ സ്വയംവരം എന്ന ഓട്ടൻതുള്ളലിൽ നിന്നെടുത്തതാണ് ഊണിന്റെ മേളം എന്ന ഭാഗം. വിഭവ സമൃദ്ധമായ ഒരു സദ്യയുടെ ആസ്വാദ്യതയിലേക്ക് ഈ കവിത നമ്മെ കൊണ്ടുപോകുന്നു. ചോറിന്റെയും വിഭവങ്ങളുടേയും വിവരണങ്ങളിലൂടെ ഊണിന്റെ മേളത്തിലേക്ക് കവി നമ്മെ എത്തിക്കുന്നു. വിഭവങ്ങളുടെ ആധിക്യം, മത്സരിച്ച് വിളമ്പുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്നതിന്റെ ചടുലത എന്നിവ കവിതയിൽ പ്രകടമാണ്. കുഞ്ചൻനമ്പ്യാരുടെ നർമ്മശൈലിയും പരിഹാസവും 'ഊണിന്റെ മേളം' എന്ന കവിതയിലും ദൃശ്യമാണ്. ഒരേ അക്ഷരങ്ങൾ ആവർത്തിച്ച് വരുന്ന വാക്കുകളും വരികളും കവിതയുടെ ശബ്ദഭംഗി വർദ്ധിപ്പിക്കുന്നു. ഇത്രയധികം വിഭവങ്ങൾ നമ്മുടെ സദ്യവട്ടങ്ങളിലുണ്ടെന്ന യാഥാർത്ഥ്യവും കവിത ബോധ്യപ്പെടുത്തുന്നു.

രുചികരമായ ആഹാരം ജനത്തെ എത്രമാത്രം സന്തോഷിപ്പിക്കുന്നു എന്നും ആഹാരത്തിന്റെ വൈവിധ്യം നമ്മുടെ ഭക്ഷണ ശീലത്തെ എത്രമാത്രം സമ്പന്നമാക്കുന്നുവെന്നും നമ്പ്യാരുടെ ഈ കവിതയിലൂടെ മനസ്സിലാക്കാം.



| ക്ലാസ് : 4 | യൂണിറ്റ് 5 - മധുരം | മൊഡ്യൂൾ 10 | ഊണിന്റെ മേളം |
|---|---|---|---|

## വിഭവങ്ങളും ചേരുവകളും

| വിഭവം | ചേരുവ |
|---|---|
| കാളൻ | ചേന, കായ, മഞ്ഞൾപൊടി, മോര്, ഉപ്പ്, കുരുമുളകുപൊടി |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |

P E N C I L

Process Ensuring for Natural Classroom Interaction and Learning

എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ


ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, പാഠാസൂത്രണരേഖ (കരട്)

| ക്ലാസ് : 4 | യൂണിറ്റ് 5 - മധുരം | മൊഡ്യൂൾ 11 | താളും തകരയും |
|---|---|---|---|

| | |
|---|---|
| **ആമുഖം** | പ്രശസ്ത കവിയും എഴുത്തുകാരനുമായ കുഞ്ഞുണ്ണി മാഷുടെ 'കയ്യെഴുത്തും തലയിലെഴുത്തും' എന്ന പുസ്തകത്തിൽ നിന്ന് എടുത്തിരിക്കുന്നതാണ് താളവും തകരയും എന്ന പാഠഭാഗം. ആഹാര കാര്യത്തിൽ മഹത്തായ നമ്മുടെ പാരമ്പര്യവും ആരോഗ്യ സംരക്ഷണത്തിനും പ്രകൃതിക്കണങ്ങുന്നതുമായ ജീവിത ശൈലികകളും ഭക്ഷണ രീതിയും ഈ പാഠഭാഗത്തിൽ പരിചയപ്പെടുത്തുന്നു. |
| **ആശയം** | ആഹാര കാര്യത്തിൽ നമുക്ക് മഹത്തായ പാരമ്പര്യമുണ്ട്. ആരോഗ്യസംരക്ഷണത്തിനു സഹായകമായതും പ്രകൃതിക്കിണങ്ങുന്നതുമായ ജീവിതശൈലിയും ഭക്ഷണ രീതികളും നമ്മുടെ നാട്ടിലുണ്ട്. നമ്മുടെ ഭക്ഷണ ശീലങ്ങളിൽ ആരോഗ്യകരമല്ലാത്ത പല പ്രവണതകളും വർദ്ധിച്ചുവരുന്നുണ്ട്. ഭക്ഷണവുമായി ബന്ധപ്പെട്ട ചൊല്ലുകൾ, ശൈലികൾ, കവിതകൾ എന്നിവയുണ്ട്. |
| **പഠനനേട്ടങ്ങൾ** | പുതിയ ഭക്ഷണ ശീലവുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുക്കുന്നു. നമ്മുടെ പഴയ ഭക്ഷണ സംസ്കാരം ആരോഗ്യ സംരക്ഷണത്തിന് ഏറെ ഉത്തമമായിരുന്നു എന്നറിയുന്നു. പുതിയ ശീലങ്ങളുമായി താരതമ്യം ചെയ്യുന്നു. പോസ്റ്റർ തയ്യാറാക്കൽ. പ്രകൃതി ദൃശ്യം ചിത്രീകരിക്കുന്നു. നമുക്ക് സമ്പന്നമായ ഒരു ഭക്ഷണ പാരമ്പര്യം ഉണ്ടെന്നും തിരിച്ചറിയുന്നു. അവയുടെ സവിശേഷതകൾ, കുറിപ്പുകൾ, ചർച്ച എന്നിവയിൽ ആവിഷ്കരിക്കുന്നു. |
| **വ്യവഹാര രൂപം** | വിവരണം, പാചകക്കുറിപ്പ്, പഴഞ്ചൊല്ലുകൾ, കവിതാ ശേഖരണം |
| **സാമഗ്രികൾ** | വിഭവ സമൃദ്ധമായ സദ്യ വീഡിയോ ക്ലിപ്പിംഗ്, ഭക്ഷണ ശീലങ്ങളുടെ വീഡിയോ ക്ലിപ്പിംഗ്, ഭക്ഷണ കവിതാശേഖരം, പ്രകൃതി ദൃശ്യങ്ങൾ, ടീച്ചർ വേർഷൻ |
| **ചുമർ പത്രിക** | പ്രകൃതി ദൃശ്യ ചിത്രീകരണം, പാചകക്കുറിപ്പുകൾ, കുഞ്ഞുണ്ണി മാഷുടെ ജീവചരിത്രം ഡോക്യുമെന്ററി |
| **സമയം** | 6 മണിക്കൂർ |
| **പ്രവർത്തനം** | 1. പ്രവേശകം ഒരു മരം നടാം പൊന്നുവിന്റെ കഥ (30 മിനുട്ട്) 2. താളും തകരയും വായനയിലേക്ക് 3. ചോദിച്ചറിയാം 4. ശീലങ്ങൾ അന്വേഷിച്ചറിയാം 5. വിശകലനചോദ്യം 6. പിരിച്ചെഴുതാം 7. പാചകക്കുറിപ്പ് 8. ക്ലാസ്സിൽ ഒരു സദ്യ 9. ചൊല്ലി രസിക്കാം 10. സദ്യയൊരുക്കാൻ എന്തൊക്കെ 11. കവിതാശകലങ്ങൾ ശേഖരിക്കാം 12. ക്രമപ്പെടുത്താം 13. ക്ലാസ്സിൽ ഒരു പ്രസംഗ മത്സരം |
| **വായനാ സാമഗ്രികൾ** | നാട്ടു ഭക്ഷണം - സി.ആർ. രാജഗോപാൽ<br>കുഞ്ഞുണ്ണി കവിതകൾ - കുഞ്ഞുണ്ണി |
| **സർഗ്ഗവേദി** | കവിത, കഥ, വിവരണം, പാചകക്കുറിപ്പ് |
| **ദിനാചരണം** | ലോകാരോഗ്യദിനം ഒക്ടോബർ 16ന് |
| **സി.പി.ടി.എ.** | നാടൻ പലഹാരങ്ങൾ തയ്യാറാക്കി കൊണ്ടുവരാൻ എങ്ങനെ തയ്യാറാക്കാം എന്ന് വിവരിക്കാം. കുട്ടികളുടെ പ്രകടനം, പ്രദർശനം |

**പ്രവർത്തനങ്ങളുടെ സൂക്ഷ്മ പ്രക്രിയ**

**1. പ്രവേശകം** (30 മിനുട്ട്)


PENCIL

Process Ensuring for Natural Classroom Interaction and Learning

ഒരു മരം നടാം

ഒരു മരം നടാം 4177 വായനാസാമഗ്രി നൽകുന്നു. വ്യക്തിഗത വായന, ചർച്ച. പ്രവേശകത്തിലൂടെ മരത്തിന്റെ പ്രാധാന്യം കുട്ടി മനസ്സിലാക്കുന്നു. പൊന്നുവിന്റെ പ്രവൃത്തി നിങ്ങൾക്ക് ഇഷ്ടമായോ? കുട്ടികൾ പ്രതികരിക്കുന്നു. ചർച്ച ക്രോഡീകരിക്കുന്നു. കുഞ്ഞുണ്ണി മാഷുടെ ജീവചരിത്രം വ്യക്തമാക്കുന്ന ഡോക്യുമെന്ററി അവതരിപ്പിക്കുന്നു. കുഞ്ഞുണ്ണിമാഷെക്കുറിച്ച് മികച്ച ധാരണ കുട്ടിക്കു ലഭിക്കുന്നു.

**2. വായനയിലേക്ക് താളും തകരയും –** (45 മിനിട്ട്)

'ചക്ക' നാം കഴിക്കാൻ തുടങ്ങിയത് എപ്പോഴാണ്? നിങ്ങൾക്കറിയാമോ? കുട്ടികൾ പ്രതികരിക്കുന്നു. ടീച്ചർ ബോർഡിൽ കുറിക്കുന്നു. നമ്മൾ ചക്ക ഉപയോഗിക്കാൻ തുടങ്ങിയ കഥ ടീച്ചർ പറയുന്നു.

കുട്ടികളോട് ചക്കയെക്കുറിച്ച് നിങ്ങൾക്കെന്ത് പറയാനുണ്ട്? സ്വതന്ത്രമായി പ്രതികരിക്കട്ടെ. ചക്കയെക്കുറിച്ച് ഒരു പൊതുചർച്ച. കുട്ടികളുടെ അഭിപ്രായങ്ങൾ ബോർഡിൽ എഴുതുന്നു. ടീച്ചർ ക്രോഡീകരിക്കുന്നു. നമ്മുടെ മഹാന്മാരായ പല കവികളും ചക്കയുടേയും മാങ്ങയുടേയും മഹത്വത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. കുട്ടികളുടെ കവിയായ കുഞ്ഞുണ്ണിമാഷ് ചക്കയെക്കുറിച്ച് എന്തെല്ലാമായിരിക്കും പറഞ്ഞിട്ടുണ്ടാവുക? കുട്ടികൾ ഊഹിച്ചു പറയട്ടെ. ടീച്ചർ ബി.ബിയിൽ രേഖപ്പെടുത്തുന്നു.


PENCIL

Process Ensuring for Natural Classroom Interaction and Learning

യഥാർത്ഥത്തിൽ കുഞ്ഞുണ്ണിമാഷ് പറഞ്ഞ ആശയങ്ങൾ നമുക്കെങ്ങിനെ കണ്ടെത്താൻ കഴിയും. പാഠവായനയിലേക്ക് നയിക്കുന്നു. കണ്ടെത്തൽ അവതരണം. ബോർഡിൽ എഴുതുന്നു. ആദ്യം എഴുതിയതുമായി താരതമ്യം ചെയ്യുന്നു. എല്ലാവർക്കും ആശയം കണ്ടെത്താൻ കഴിയുന്നുണ്ടോ? എല്ലാവർക്കും കഴിയേണ്ടതല്ലേ? എന്തുകൊണ്ടാണ് കഴിയാത്തത്? (വായിക്കാൻ അറിയാത്തവർ... ആശയം ഗ്രഹിക്കാൻ കഴിയാത്തവർ... അപരിചിത വാക്കുകൾ... ) ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതെങ്ങനെ?

വീണ്ടും വായന (വ്യക്തിഗതം) അറിയുന്നത് (✓) അറിയാത്തത് (✗) ഇഷ്ടപ്പെട്ടത് (-) ചിഹ്നങ്ങൾ ചേർക്കുന്നു. ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ഗ്രൂപ്പുതല കണ്ടെത്തൽ അവതരിപ്പിക്കുന്നു. അധ്യാപകന്റെ ക്രോഡീകരണം നടത്തുന്നു.

പുതിയ പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ, കുട്ടികൾ നോട്ട് ബുക്കിൽ എഴുതുന്നു. അർത്ഥം കണ്ടെത്തി എഴുതുന്നു.


PENCIL

Process Ensuring for Natural Classroom Interaction and Learning

വർക്ക്ഷീറ്റ് 4117 നൽകുന്ന വ്യക്തിഗതം, ഗ്രൂപ്പ് ചർച്ച മെച്ചപ്പെടുത്തൽ, പൊതു അവതരണം, ക്രോഡീകരണം.

**3. ചോദിച്ചറിയാം : 25 മിനിട്ട്**

പാഠഭാഗത്തു പ്രതിപാദിച്ച പഴയകാല അടുക്കള ഉപകരണങ്ങളായ കയിൽ, മരിക എന്നിവയെക്കുറിച്ച് ഒരു ലഘുചർച്ച.

ഇതുപോലെ ഏതെല്ലാം വീട്ടുപകരണങ്ങളുടെ പേരുകൾ നിങ്ങൾക്കറിയാം? അവ എന്തിനെല്ലാമാണ് ഉപയോഗിച്ചിരുന്നത്? വ്യക്തിഗതമായി എഴുതുന്നു. ചെറിയ ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ഗ്രൂപ്പിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പ് വരുത്തുന്നു.

വർക്ക്ഷീറ്റ് 4118 നൽകുന്നു. വ്യക്തിഗതമായി പൂരിപ്പിക്കുന്നു, ഗ്രൂപ്പ് ചർച്ച, ക്രോഡീകരണം.
പണ്ടുകാലത്തുപയോഗിച്ചിരുന്ന വീട്ടുപകരണങ്ങൾ എന്തൊക്കെയാണ് മുതിർന്നവരോട് ചോദിച്ച് എഴുതുന്നു.
പഴയകാല വീട്ടുപകരണങ്ങളുടെ ചിത്രങ്ങളും ഉപയോഗവും ബിഗ് പിക്ചർ ബോർഡിലേക്ക്

**ശീലങ്ങൾ അന്വേഷിച്ചറിയൂ.. (30 മിനിട്ട്)**

നിത്യജീവിതത്തിൽ പ്രസക്തമായ ചൊല്ലുകൾ ശേഖരിക്കുന്നതിനാണ് ഈ പ്രവർത്തനം ലക്ഷ്യമിടുന്നത്.
അത്താഴം കഴിഞ്ഞാൽ അരക്കാതം നടക്കണം. ഉണ്ടിട്ടു കുളിക്കുന്നവനെ കണ്ടാൽ കുളിക്കണം, പഴുത്ത മാവിന്നില കൊണ്ടു തേച്ചാൽ പുഴുത്തപല്ലും കളഭം മണക്കും.
കൂടുതൽ ചൊല്ലുകളും ശൈലികളും ശേഖരിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കാം. അടുത്ത ദിവസം അവതരണം, ചർച്ച.

| ചക്കയെക്കുറിച്ചുള്ള പഴഞ്ചൊല്ലുകൾ | കടങ്കഥ |
|---|---|
| ചക്കക്കുരുകൊണ്ടു നേരം വെളുപ്പിക്കുക.<br>ചക്കപ്പഴം മുറിക്കുന്നിടത്ത് ഈച്ചക്കൂട്ടം<br>ചക്ക തുരന്നു നോക്കാം ഉള്ളുതുരന്നു നോക്കാമോ<br>ചക്കയ്ക്കു ചുക്ക് മാങ്ങയ്ക്കു തേങ്ങ<br>ചക്കയ്ക്കു തേങ്ങ കടം കൊണ്ടിട്ടെങ്കിലും കൂട്ടണം<br>വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും. | പെട്ടി പെട്ടി ശിങ്കാരപ്പൊടി<br>പെട്ടി തുറക്കുമ്പം കായം മണക്കും.<br><br>[illegible] |

**5. വിശകലന ചോദ്യം – 30 മിനുട്ട്**

1. 'ചക്കേം മാങ്ങേം ആറു മാസം, അങ്ങനേം ഇങ്ങനേം ആറു മാസം' ഈ പ്രയോഗത്തിന്റെ അർത്ഥം എന്ത്? 2. ചക്കക്കുരു ഉപയോഗിച്ച് തയ്യാറാക്കുന്ന വിഭവങ്ങളിൽ ഏതെല്ലാം വിഭവങ്ങളുടെ രുചി നിങ്ങൾ അറിഞ്ഞിട്ടുണ്ട്? 3. താളും തകരയും എന്ന പാഠത്തിലെ പ്രയോഗഭംഗി വിശദമാക്കുക.

**6. പരിചയപ്പെട്ട പദങ്ങളെ പിരിച്ചെഴുതാം. – 15 മിനിട്ട്**

ചക്കക്കുരു - ചക്ക + കുരു
ചക്കച്ചുള - _______________, അമരപ്പന്തൽ - _______________, തുവരച്ചെടികൾ - _______________,
ചേർത്തെഴുതിയ പദങ്ങളെ പിരിച്ചെഴുതിയതുപോലെ പിരിച്ചെഴുതിയ പദങ്ങളെ ചേർത്തെഴുതിയാലോ – കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്താം.

**7. പാചകക്കുറിപ്പ് തയ്യാറാക്കൽ (30 മിനിട്ട്)**

ചക്കയും മാങ്ങയും കൊണ്ട് ഉണ്ടാക്കാവുന്ന കുട്ടികൾക്കിഷ്ടപ്പെട്ട വിഭവങ്ങളുടെ പേരുകൾ പറയിക്കുന്നു. ഇവകൊണ്ടുണ്ടാക്കാവുന്ന വിഭവങ്ങളുടെ പാചകരീതി കുറിപ്പാക്കട്ടെ. ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ. മെച്ചപ്പെടത്താം – എഡിറ്റിംഗ് – ടീച്ചറുടെ ഇടപെടൽ – മികച്ചതാക്കി പതിപ്പിലേക്ക് – 'ചക്കേം മാങ്ങേം വൈവിധ്യമാർന്ന വിഭവങ്ങൾ' പതിപ്പ്

**8. ക്ലാസ്സിൽ ഒരു സദ്യ : 30 മിനുട്ട്**

ഒരു നിശ്ചിത ദിവസം നിശ്ചയിക്കാം. സി. പി. ടി. എ. കൂടി കാര്യം ബോധ്യപ്പെടുത്തുന്നത് നന്ന്. സദ്യയുടെ വിവിധ വിഭവങ്ങൾ കൊണ്ടു വരാൻ പ്രാപ്തരായ കുട്ടികളെ കണ്ടെത്തി ചുമതല കൊടുക്കാവുന്നതാണ്. സ്കൂളിലെ ചോറെടുക്കാവുന്നതാണ്. നാട്ടു വിഭവങ്ങളും ഉൾപ്പെക്കോത്താൻ പ്രത്യേകം ശ്രദ്ധിക്കണേ –
വിഭവങ്ങളുടെ പേരുകൾ ചാർട്ടിലെഴുതാം കുട്ടികൾ കൊണ്ടുവന്ന വിഭവത്തിന്റെ പാചകക്കുറിപ്പുകൾ ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകുക. സദ്യയുടെ ചിത്രവും പാചകക്കുറിപ്പും ചുമർ പത്രി

കയിലേക്ക്. വിഭവ സമൃദ്ധമായ സദ്യയുടെ ചിത്രവും പാചകക്കുറിപ്പും ചുമർ പത്രികയിലേക്ക്. വിഭവ സമൃദ്ധമായ സദ്യയുടെ വീഡിയോ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം.

**9. ചൊല്ലി രസിക്കാം : 30 മിനുട്ട്**

ഭക്ഷണവുമായി ബന്ധപ്പെട്ട കുഞ്ഞുണ്ണി കവിതകൾ  ഊണത്തിൽ ചൊല്ലി രസിക്കാം. (പാ.പു, പേജ് 75) 'കുഞ്ഞുണ്ണിക്കവിതകൾ' ഓഡിയോ സിഡി കേൾപ്പിച്ചുകൊടുക്കാം ഇതുപോലുള്ള കൂടുതൽ കവിതകൾ ശേഖരിക്കാം. ശേഖരിച്ച കവിതകൾ കുട്ടികളുടെ 'എന്റെ കവിതാ ശേഖരണ പുസ്തകത്തിലേക്ക്' മാറ്റാം.

**10. സദ്യയൊരുക്കാൻ എന്തൊക്കെ : 30 മിനുട്ട്**

ഒരു സദ്യയുടെ വിഭവങ്ങൾ ചാർട്ടുചെയ്യാം. അവ ഓരോന്നും ഉണ്ടാക്കുന്ന രീതിയും പരിചയപ്പെടാം. ഇവക്കു വേണ്ട ഏതൊക്കെ പച്ചക്കറികൾ വീട്ടിലുണ്ടാക്കാം ചർച്ച. സദ്യയുടെ വിഭവങ്ങളുടെ നിർമ്മാണ രീതിയിലും വിഭവ സമൃദ്ധമായ സദ്യയുടെ ചിത്രവും ചുമർ ചിത്രത്തിലേക്ക്. സദ്യയുടെ വിഭവങ്ങൾ പതിപ്പു നിർമ്മാണം.

**11. കവിതാ ശകലങ്ങൾ ശേഖരിക്കാം.**

നാട്ടുരുചികളേയും വിഭവങ്ങളേയും ഓർക്കാൻ അവ പ്രതിപാദിക്കുന്ന പാട്ടുകളും കവിതകളും ചൊല്ലുകളും ശേഖരിക്കാം. അവ എന്റെ കവിതാ പുസ്തകത്തിലേക്ക്  മാറ്റാം. പാടി രസിക്കുകയുമാകാം.

താളും തകരേം മൂമ്മാസം
ചക്കേം മാങ്ങേം മൂമ്മാസം
ചേനേം കൂർക്കേം മൂമ്മാസം
അങ്ങനേം ഇങ്ങനേം മൂമ്മാസം

**12. ക്രമപ്പെടുത്താം : 15 മിനുട്ട്**

പാഠഭാഗത്തു നിന്നും പരിചയപ്പെട്ട പദങ്ങളെ അക്ഷര മാലാ ക്രമത്തിൽ എഴുതുന്ന പ്രവർത്തനമാണിത്. പാഠഭാഗത്തു നിന്നും പരമാവധി വാക്കുകൾ കുട്ടികൾ കണ്ടെത്തട്ടെ. അവ അക്ഷരമാലാ ക്രമത്തിൽ ക്രമീകരിക്കുന്നതിൽ ഗ്രൂപ്പു തല മത്സരങ്ങൾ സംഘടിപ്പിക്കാം. നിശ്ചിത സമയം നൽകണേ, അക്ഷര മാലാ ക്രമത്തിലാക്കാം.

പത്തായം, ധനികൻ, ഓളം, ജനം, ശബ്ദം, ഐക്യം, ഗാനം, എളിമ, വയൽ, ഘടികാരം

**13. ക്ലാസ്സിൽ ഒരു പ്രസംഗ മത്സരം 30 മിനുട്ട്**

നാട്ടു ഭക്ഷണത്തിന്റെ മേന്മ, നിങ്ങളെ ആകർഷിച്ച പ്രകൃതി ദൃശ്യം മുതലായ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ പ്രസംഗ മത്സരം സംഘടിപ്പിക്കാം. വിഷയം മുൻകൂട്ടി നൽകുന്നതായിരിക്കും ഉചിതം. സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കണേ - സമ്മാനർഹരെ സി. പി. ടി. എ. യിലും സംസാരിക്കാൻ അവസരം കൊടുക്കുക.

അനുബന്ധ പ്രവർത്തനമായി ഒരു പ്രകൃതി ദൃശ്യ ചിത്രീകരണമാവാം. ചിത്രങ്ങൾ ചുമർ പത്രികയിലേക്ക്.

# ഒരു മരം നടാം

തൊടിയിൽ ഓടിക്കളിക്കുമ്പോഴാണ് പൊന്നു ആ കാഴ്ച കണ്ടത്. കൊടും വെയിലിൽ ചുട്ടുപഴുത്തു കിടക്കുന്ന പാറയിലൊരു കൊച്ചു മാങ്ങായണ്ടി കുടുങ്ങിയിരിക്കുന്നു. പൊന്നുവിന് സങ്കടം തോന്നി. പാവം ആ മാങ്ങയണ്ടിയിലുറങ്ങുന്ന മാവിൻ കുഞ്ഞിന് ദാഹിക്കുന്നുണ്ടാകാം. പൊന്നു ആ മാങ്ങായണ്ടി എടുത്തു വീട്ടിനടുത്ത് മണ്ണിൽ കുഴിച്ചിട്ടു. കുറച്ചു വെള്ളവും ഒഴിച്ചു കൊടുത്തു.

മാങ്കുഞ്ഞേ ഉണരൂ, തലനീട്ടൂ പുറത്തൊരു വലിയ ലോകമുണ്ട്. അതു കാണാൻ വരൂ...

വെള്ളം മാങ്ങയണ്ടിയിലൂടെ ഉള്ളിലെത്തി മാവിൻ കുഞ്ഞിനെ ഉണർത്തി. അത് ലോകം കാണാൻ തല നീട്ടി. അങ്ങനെ മുളച്ചു. ആ മാവു വളർന്ന് വലിയ മാവായി. പൊന്നുവിനും മക്കൾക്കും മക്കളുടെ മക്കൾക്കുമെല്ലാം മാമ്പഴം കൊടുത്തു. അണ്ണാനും കിളികൾക്കുമെല്ലാം മാമ്പഴം കൊടുത്തു. ആ നാട്ടിലെ നാട്ടുമാവായി. നാട്ടുകാരുടെ മാവായി. എല്ലാ മാവുകളുടെ പിന്നിലും ഓരോ പൊന്നുവുണ്ട്. സ്നേഹത്തിന്റെ ഒരു വലിയ കഥയുണ്ട്. നിങ്ങൾക്കും അങ്ങനെയൊരു പൊന്നുവാകാം. ഒരു മരത്തിന്റെ സ്രഷ്ടാവാകാം. ഒരു തൈവയ്ക്കൂ. പല തൈകളായി അതുവളരും...




| | | |
|---|---|---|
| PENCIL | PENCIL<br>Process Ensuring for Natural Classroom Interaction and Learning<br>എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ<br>ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വായനയുടെ വഴിയിലൂടെ 4181 | DIET MALAPPURAM |

| ക്ലാസ് : 4 | യൂണിറ്റ് 5 - മധുരം | മൊഡ്യൂൾ 11 | താളും തകരയും |
|---|---|---|---|

# ചക്കമാഹാത്മ്യം

പണ്ട് വളരെ പണ്ട് പ്ലാവിൽ ഉണ്ടാകുന്ന ചക്കകൾ കഴിക്കുവാൻ കൊള്ളാം എന്ന് മനുഷ്യർക്കറിയില്ലായിരുന്നു. ദേവന്മാരുടെ രാജാവിന് ഈ വിവരം മനുഷ്യരെ അറിയിക്കണമെന്നു തോന്നി. ഒരു വഴിപോക്കനായി വേഷം മാറിയ അദ്ദേഹം ഒരു വീട്ടിൽ പോയി ആഹാരം ചോദിച്ചു. അപ്പോൾ രാത്രിയായിരുന്നു. വീട്ടിൽ ആഹാരമൊന്നുമില്ലായിരുന്നു. ഈ വിവരം വീട്ടിലെ സ്ത്രീ വഴിപോക്കനോടു വിഷമത്തോടെ പറഞ്ഞു. അപ്പോൾ മുറ്റത്തു നിൽക്കുന്ന ഒരു പ്ലാവിനെ ചൂണ്ടിക്കാട്ടി അതിലെ ഫലത്തിന്റ കുരു വേവിച്ചു തരുവാൻ അദ്ദേഹം അഭ്യർത്ഥിച്ചു. അദ്ദേഹം പറഞ്ഞതനുസരിച്ച് അടുക്കളയിൽ തീയ്ക്കു മുകളിൽ വെച്ച് വീട്ടമ്മ ചക്കക്കുരു വേവിച്ചു. ആവി പറക്കുന്ന വിഭവത്തിന്റെ മണം ഹൃദ്യമായിരുന്നു. അതുകൊണ്ടുതന്നെ അതിൽ നിന്ന് അല്പം മാറ്റിവെച്ചശേഷമാണ് വീട്ടമ്മ വഴിപോക്കന് കൊടുത്തത് മാറ്റി വെച്ച ഭാഗം പിന്നീട് വീട്ടമ്മ കഴിച്ചു. ഹോ! എന്തൊരു രുചിയായിരുന്നു അതിന്! ഇതിന്റെ കുരുവിന് ഇത്ര രുചിയാണെങ്കിൽ ചൂളയ്ക്ക് എത്ര മാത്രം സ്വാദുണ്ടാവും? ഈ സംഭവത്തിനു ശേഷമാണത്രേ മനുഷ്യർ ചക്ക ഉപയോഗിക്കാൻ തുടങ്ങിയത്.



| ക്ലാസ് : 4 | യൂണിറ്റ് 5 - മധുരം | മൊഡ്യൂൾ 11 | താളും തകരയും |
|---|---|---|---|

# യോജിച്ച പദം പാഠപുസ്തകത്തിൽനിന്ന് കണ്ടെത്താം

| പദങ്ങൾ | ആശയം |
|---|---|
| | മാമ്പഴം പിഴിഞ്ഞ് പായയിൽ മുണ്ടു വിരിച്ച് വെയിലത്ത് ഉണക്കി എടുക്കുന്ന ഒരു ഭക്ഷ്യ വസ്തു. |
| | അരിയൂറ്റാൻ ഉപയോഗിക്കുന്ന ഒരു വസ്തു |
| | കാർഷിക ഉല്പന്നങ്ങൾ ചിക്കാൻ ഉപയോഗിക്കുന്ന വസ്തു |
| | കൃഷിപ്പണി ചെയ്യുന്നയാൾ |
| | വാഴയുടെ ഉള്ളിലെ വെള്ള നിറത്തിലുള്ള വസ്തു |
| | |
| | |
| | |
| | |

| ക്ലാസ് : 4 | യൂണിറ്റ് 5 - മധുരം | മൊഡ്യൂൾ 11 | താളും തകരയും |
|---|---|---|---|

# ഉപകരണം - കണ്ടെത്താം

പണ്ടുകാലങ്ങളിൽ ഉപയോഗിച്ചിരുന്ന ചില ഉപകരണങ്ങളുടെ (റാന്തൽ, തുണി, ഇടങ്ങഴി, ആട്ടുകല്ല്) സൂചന നൽകുന്നു. ഉപകരണങ്ങൾ ഏതെന്നു എഴുതുക.

| ഉപകരണം | സൂചന |
|---|---|
| | തടികൊണ്ടുണ്ടാക്കിയ ഒരു അളവു പാത്രമാണിത്. നാല് നാഴിയാണ് ഇതിൽ കൊള്ളുക |
| | കരിങ്കല്ലിൽ ഉണ്ടാക്കിയാതാണിത്. ഇന്ന് ഗ്രൈന്ററും മിക്സിയും ഇതിനു പകരമായി കടന്നുവന്നു. |
| | രാത്രിയിലുള്ള യാത്രയിൽ വെളിച്ചം കാണുന്നതിനായി കാളവണ്ടികളുടെ മുമ്പിൽ ഇത് തൂക്കി ഇടുന്നു. |
| | തടി കൊണ്ടുള്ള ഒരു അളവുപാത്രമാണിത്. ഒന്നര ഇടങ്ങഴിയാണ് ഇതിൽ ഉൾക്കൊള്ളുക. ധാന്യങ്ങൾ കൂമ്പാരമാക്കിയാണ് ഇതിൽ അളക്കാറുള്ളത്. |

# അവറാൻ ചേട്ടനും ഭക്ഷണവും

ഒരു പാവം നാട്ടിൻപുറത്തുകാരനായിരുന്നു അവറാൻ ചേട്ടൻ. കപ്പ പുഴുങ്ങിയതും മീൻകറിയുമാണ് ചേട്ടന്റെ ഇഷ്ടഭക്ഷണം. തറയിലിരുന്ന് ഇലയിലാണ് ചേട്ടൻ ഭക്ഷണം കഴിക്കുന്നത്.

കാലം മാറി മീൻ പൊരിച്ചതും ചോറും മസാലക്കറിയും അവറാൻ ചേട്ടന് പ്രിയപ്പെട്ടതായി. ഇല മാറ്റി മേശപ്പുറത്ത് പ്ലെയിറ്റിലാക്കി ഭക്ഷണം. കാലം കുറേക്കൂടി മുന്നോട്ട് പോയി. പണക്കാരനായതോടെ അവറാൻ ചേട്ടന് ഇഷ്ടം ഹോട്ടൽ ഭക്ഷണത്തോടു മാത്രമായി. ചിക്കൻ ഫ്രൈയും നൂഡിൽസും ബീഫ് ഫ്രൈയും ഐസ്ക്രീമും കഴിച്ച അവറാൻ ചേട്ടൻ തടിച്ചു വീർത്തു.

നാട്ടു ഭക്ഷണം ഉപേക്ഷിച്ചതോടെ അവറാൻ ചേട്ടനെ രോഗങ്ങൾ ഓരോന്നായി പിടികൂടി.

താൻ തിരഞ്ഞെടുത്ത ഭക്ഷണ ശീലങ്ങളാണ് തന്നെ രോഗിയാക്കി മാറ്റിയതെന്ന് അവറാൻ ചേട്ടൻ ആശുപത്രിയിലെത്തിയതോടെ തിരിച്ചറിഞ്ഞു.

നമ്മുടെ ആരോഗ്യം സംരക്ഷിക്കുന്നതും നശിപ്പിക്കുന്നതും ഭക്ഷണ ശീലങ്ങളാണ്. പോഷകസമൃദ്ധവും ആരോഗ്യദായകവുമായ ആഹാര സാധനങ്ങൾ നമ്മുടെ നാട്ടിൽ തന്നെയുണ്ട്. നമ്മുടെ നാടൻ ഭക്ഷണ സംസ്കാരം എത്ര സമ്പന്നമായിരുന്നു എന്ന് നാം തിരിച്ചറിയുക.

| ക്ലാസ് : 4 | യൂണിറ്റ് 5 - മധുരം | മൊഡ്യൂൾ 11 | താളും തകരയും |
|---|---|---|---|

# താളും തകരയും

## ചേമ്പിൻ താള്

ചേമ്പിൻ തണ്ടാണ് താള്. ചേമ്പിന്റെ ഇലയും തണ്ടും വിത്തുമെല്ലാം പണ്ട് കറി വെയ്ക്കുമായിരുന്നു. ചേമ്പിന്റെ കൂമ്പില തുടച്ചു വൃത്തിയാക്കി ചുരുട്ടി കെട്ടി കുടമ്പുളി യിട്ട് തേങ്ങയരച്ചുണ്ടാക്കുന്ന പുളിങ്കറി പണ്ടുള്ളവർക്ക് ഏറെ പ്രിയമായിരുന്നു. കൂടാതെ ചേമ്പിൻ തണ്ട് ചെറുതാക്കി കൊത്തിയരിഞ്ഞ് പിഴിഞ്ഞ് നീരുകളഞ്ഞ് മുളക്, ഉള്ളി, തേങ്ങ ചിരകിയത്, പാകത്തിന് ഉപ്പ് ഇവ ചേർത്ത് തോരനുണ്ടാക്കിയാൽ എത്ര രുചിക രമാണെന്നോ

## തകരയിലത്തോരൻ

തകരയുടെ കൂമ്പില വെള്ളത്തിലിട്ട് അരമണിക്കൂർ തിളപ്പിക്കുക. അതിനുശേഷം വാങ്ങി വെള്ളം ഊറ്റിക്കളയുക. തകരയില അരിഞ്ഞ് പാകത്തിന് തോരനു വേണ്ട സാധ നങ്ങൾ ചേർത്ത് വയ്ക്കുക.

## ചക്കപ്പുഴുക്ക്

മടൽ ചെത്തി ചകിണിയും പോണിയും കുരുവും കളഞ്ഞ് ചുള ചെറുതാക്കി അരിഞ്ഞ് മഞ്ഞൾ, മുളക്, ഉപ്പ്, ജീരകം, തേങ്ങ, കറിവേപ്പില ഇവ അരച്ചു ചേർത്ത് പുഴുങ്ങി എടു ക്കു.

## ചക്ക എരിശ്ശേരി

ചക്ക ചെറുതാക്കി നുറുക്കി കുറച്ചു വെള്ളത്തിൽ മഞ്ഞൾ പൊടി, ഉപ്പ്, മുളകുപൊടി അല്ലെങ്കിൽ കുരുമുളകു പൊടി ചേർത്ത് വേവിക്കുക. ചക്ക വേവുമ്പോൾ നാളികേരം, ജീരകം, ഇവ അരച്ച് ചേർക്കുക. വാങ്ങിയിട്ട് നാളികേരം ചിരകിയത് വെളിച്ചെണ്ണയിൽ ചുവക്കെ മൂപ്പിച്ച് ചേർക്കുക.

## ചക്ക വറുത്തത്

ചക്കച്ചുള ഒരു വിരൽ നീളത്തിൽ മൂന്നോ നാലോ ആയി മുറിച്ച് വെളിച്ചെണ്ണയിൽ വറുത്തെടുക്കുക. വെളിച്ചെണ്ണയിൽ ഇടുന്നതിന് മുമ്പ് മഞ്ഞളും ഉപ്പും ചേർത്ത് ഇളക്ക ണേ.

# ഭക്ഷണ ശീലങ്ങൾ - പോസ്റ്ററുകൾ

## സന്ദേശവാക്യങ്ങൾ

ആരോഗ്യപൂർണമായ ജീവിതം ഉറപ്പാക്കാൻ,
വിഷമില്ലാത്ത ഭക്ഷ്യ വസ്തുക്കൾ ശീലമാക്കൂ.

കീടനാശിനികൾ ജീവനാശിനികൾ

ആരോഗ്യമുള്ള ജനങ്ങളാണ് നാടിന്റെ സമ്പത്ത്

ആരോഗ്യം നിലനിർത്താൻ വിഷാംശമില്ലാത്ത ഭക്ഷ്യവസ്തുക്കൾ ഉപയോഗിക്കൂ.

ആഹാരത്തിനു മുമ്പും പിമ്പും കൈയും വായും കഴുകേണം.

രാസവസ്തുക്കളും രാസകീടനാശിനികളും ഉപേക്ഷിക്കൂ. ജൈവ കൃഷിയിലേക്ക് തിരിച്ചു പോകൂ..

## പോസ്റ്റർ വാക്യങ്ങൾ

ആരോഗ്യപൂർണ്ണമായ ജീവിതത്തിന് വിഷമുക്തമായ ഭക്ഷ്യ വസ്തുക്കൾ

ജൈവവളങ്ങളും ജൈവകീടനാശിനികളും മണ്ണിനെ ജൈവമാക്കുന്നു.

നാടൻ ഭക്ഷണങ്ങൾ ആരോഗ്യരക്ഷക്ക്

| ക്ലാസ് : 4 | യൂണിറ്റ് 5 - മധുരം | മൊഡ്യൂൾ 11 | താളും തകരയും |
|---|---|---|---|

# മാ നിഷാദാ

ആരോഗ്യമാണ് മനുഷ്യന്റെ ഏറ്റവും വലിയ സമ്പത്ത്. ആരോഗ്യം നിലനിർത്താൻ നല്ല ആഹാരം അത്യന്താപേക്ഷിതമാണ്. എന്നാൽ വേണ്ടത്ര കരുതലോടെ ഭക്ഷ്യ വസ്തുക്കൾ ഉപയോഗിച്ചില്ലെങ്കിൽ ഗുണത്തേക്കാളേറെ ദോഷം ചെയ്യാനും സാധ്യതയുണ്ട്.

ഇന്ന് ഭക്ഷണ സാധനങ്ങൾ വീട്ടിൽ ഉണ്ടാക്കുന്നതിനു പകരം വിപണിയിൽ നിന്ന് വാങ്ങികഴിക്കുന്നവരാണ് കൂടുതലും. ഈ ആഹാരസാധനങ്ങൾ വില്ക്കുന്നവർ അതു കഴിക്കുന്നവരുടെ ആരോഗ്യത്തെക്കുറിച്ച് ചിന്തിക്കാറില്ല. ഏതു വിധേനയും കൂടുതൽ ലാഭമുണ്ടാക്കുക എന്നതാണ് പലരുടേയും ലക്ഷ്യം.

മനോഹരമായ പാക്കറ്റിൽ ബേക്കറിയിൽ നിന്നും ലഭിക്കുന്ന പല ഭക്ഷ്യവസ്തുക്കളും വളരെ താല്പര്യത്തോടെയാണ് കുട്ടികൾ കഴിക്കുന്നത്. അതിൽ പലതും യാതൊരു കാരണവശാലും കഴിക്കരുതാത്തതാണ്. മാത്രമല്ല നാം നിത്യേന ഉപയോഗിക്കുന്ന പാൽ, മുട്ട, അരി, ഗോതമ്പ്, മീൻ, പച്ചക്കറികൽ തുടങ്ങിയവയെല്ലാം വളരെനാൾ കേടാകാതിരിക്കാൻ അവയിൽ രാസവസ്തുക്കൾ ചേർക്കുന്നു. ഇത് ആരോഗ്യത്തിന് ഹാനികരമാണ്.

അതുപോലെ കോഴിമുട്ട തുടർച്ചയായി ലഭിക്കുന്നതിനായി കോഴികൾക്ക് ഹോർമോൺ കുത്തിവെക്കുന്നതുവഴിയും കോഴിത്തീറ്റകളിലൂടെയും കോഴിമുട്ടയിൽ ആരോഗ്യത്തിന് ഹാനികരമായ ഘടകങ്ങളുണ്ടാക്കുന്നു. ഓറഞ്ച്, ആപ്പിൾ, മുന്തിരി മുതലായ പഴങ്ങളും പച്ചക്കറികളും വില്പനക്കുവേണ്ടി അടുക്കി വെച്ചിരിക്കുന്നതു കാണാൻ നല്ല ഭംഗിയാണ്. എന്നാൽ അധികനാൾ സൂക്ഷിച്ചാലും കേടുവരാതിരിക്കാനുള്ള കീടനാശിനികൾ അതിൽ ഉപയോഗിച്ചിട്ടുണ്ടെന്ന് വാങ്ങുന്നവർ അറിയുന്നില്ല. എന്നാൽ ഈച്ചകൾക്കും പ്രാണികൾക്കും അതറിയാം. പണ്ടൊക്കെ പഴക്കടയിൽ ധാരാളം ഈച്ച വരുമായിരുന്നു. ഇപ്പോൾ ഈച്ചകളും പ്രാണികളും എത്തിനോക്കുക പോലും ചെയ്യാറില്ല. മുന്തിരിയും മറ്റും വാങ്ങിയാൽ മഞ്ഞൾ കലക്കിയ വെള്ളത്തിൽ കുറേ നേരം ഇട്ടുവെച്ച ശേഷമേ കഴിക്കാവൂ എന്ന് പറയാറുണ്ട്. പച്ചക്കറിയും മറ്റും വീട്ടിൽ കൃഷി ചെയ്തുണ്ടാക്കാനും ബേക്കറികളിൽ നിന്നോ ഹോട്ടലുകളിൽ നിന്നോ കഴിക്കുന്നതിനു പകരം വീട്ടിലുണ്ടാക്കി കഴിക്കാനുമുള്ള മനോഭാവം ആളുകൾക്ക് ഉണ്ടാവണം.

വൃത്തിയില്ലാത്ത പരിസരത്തിൽ തയ്യാറാക്കുന്നതും കീടനാശിനി ചേർത്തതുമായ വസ്തുക്കൾ ഭക്ഷിക്കുന്നത് ആരോഗ്യം നശിക്കുന്നതിന് കാരണമാകുന്നു. അതിനാൽ നാട്ടുരുചികളിലേക്കും വീട്ടുഭക്ഷണത്തിലേക്കും നമുക്ക് തിരിച്ചുപോകാം.

| ക്ലാസ് : 4 | യൂണിറ്റ് 6 – മേളിതം | മൊഡ്യൂൾ 12. | മലയാളം |
|---|---|---|---|

| | |
|---|---|
| **ആമുഖം** | മഹാകവി വള്ളത്തോൾ നാരായണമേനോന്റെ വള്ളത്തോൾ കവിതകളിൽ നിന്നെടുത്ത 'മലയാളം' എന്ന കവിത. മലയാള നാടിന്റെ പ്രകൃതി സൗന്ദര്യം കവിതയിലുടനീളം നിറഞ്ഞുനില്ക്കുന്നു. |
| **ആശയം** | മലയാളനാടിന്റെ പ്രകൃതി ഭംഗി ആരേയും ഏറെ ആകർഷിക്കുന്നു. കേരളീയ പ്രകൃതിയുടെ സവിശേഷതകളും സൗന്ദര്യവും ആസ്വദിക്കുന്നതിലൂടെ സ്വന്തം നാടിനെക്കുറിച്ച് അഭിമാനിക്കാൻ നമുക്ക് കഴിയും. വാക്കുകൾകൊണ്ട് വരയ്ക്കുന്ന മനോഹര ചിത്രങ്ങൾ കവിതയെ ഏറെ ആസ്വാദ്യമാക്കും. |
| **പഠനനേട്ടങ്ങൾ** | കേരളത്തിന്റെ പ്രകൃതി സൗന്ദര്യം അനുഭവിക്കുന്നതിലൂടെയും ആസ്വദിക്കുന്നതിലൂടെയും നാടിനെക്കുറിച്ചറിയുന്നു. അഭിമാനിക്കുന്നു. ആശയം, പുതിയ പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ ഉൾക്കൊണ്ട് കവിത ആസ്വദിച്ച് ഈണത്തിൽ ചൊല്ലുന്നു. പ്രകൃതി വർണ്ണന തയ്യാറാക്കി അവതരിപ്പിക്കുന്നു. കേരളത്തെക്കുറിച്ചുള്ള കവിതകളും ഗാനങ്ങളും ശേഖരിച്ച് ചൊല്ലുന്നു. വരികൾ കൂട്ടിച്ചേർത്ത് കവിത പൂർത്തിയാക്കുന്നു. കവിതയിൽ വർണ്ണിച്ചിരിക്കുന്ന ദൃശ്യത്തെ സ്വന്തം വാക്യത്തിൽ വിവരിക്കുന്നു. |
| **വ്യവഹാര രൂപം** | വർണ്ണന, കവിതാപൂരണം |
| **സാമഗ്രികൾ** | വീഡിയോ ക്ലിപ്പിംഗ്സ് – പ്രകൃതി സൗന്ദര്യം, ചിത്രങ്ങൾ, സമാനകവിതകൾ |
| **സമയം** | 6 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1. പ്രവേശകം 2. കവിതാവായന 3. കണ്ടെത്താം 4. വിശകലന ചോദ്യങ്ങൾ 5. കവിതാലാപനം 6. സമാനപദങ്ങൾ 7. വരികൾ കണ്ടെത്താം. 8. പ്രയോഗ ഭംഗി 9. വർണ്ണിച്ചെഴുതാം. 10. എഡിറ്റിംഗ് 11. കവിതാ പൂരണം 12. കവിതാ ശേഖരണം 13. ചുമർപത്രിക |
| **വായനാസാമഗ്രി** | കേരള ഗാനം – എസ്. കെ. പൊറ്റക്കാട് കേരളമേ – കാവാലം |
| **സർഗ്ഗവേദി** | കേരള ഗാനങ്ങൾ |
| **ദിനാചരണം** | ജനുവരി 26 – റിപ്പബ്ലിക് ദിനം |
| **സി.പി.ടി.എ** | ചുമർപത്രിക – പ്രദർശനം. കേരള ഗാനങ്ങൾ – അവതരണം |

**പ്രവർത്തനങ്ങളുടെ സൂക്ഷ്മപ്രക്രിയ**

**1. പ്രവേശകം ( 20 മിനിട്ട്)**

യൂണിറ്റിന്റെ പ്രവേശകമായി കൊടുത്ത കവിതാപേജിലെ ചിത്രങ്ങളിലേക്ക് കുട്ടികളുടെ ശ്രദ്ധ കൊണ്ടുവരുന്നു. ചിത്രത്തിൽ എന്തൊക്കെ കാണുന്നുണ്ട്? കുട്ടികൾ പ്രതികരിക്കുന്നു. തെയ്യം, തുള്ളൽ, എഴുത്താണി, തെങ്ങോല....... തുടർന്ന് കുട്ടികൾ ഓരോന്നിനെക്കുറിച്ചും അവർക്കറിയാവുന്ന കാര്യങ്ങൾ പറയുന്നു. ടീച്ചർ കൂട്ടിച്ചേർക്കുന്നു. അതിന് ശേഷം ടി. ഉബൈദിന്റെ കവിത വായിക്കുന്നു. വ്യക്തിഗ

തവായനക്ക് ശേഷം ചെറിയ സംഘങ്ങളായി ചൊല്ലുന്നു. തുടർന്ന് ടീച്ചർ ചില ചോദ്യങ്ങളിലൂടെ ആശയഗ്രഹണം ഉറപ്പാക്കുന്നു.
ഏത് നാടിനെക്കുറിച്ചാണ് കവിതയിൽ പറയുന്നത്? (കേരളം) കേരളത്തെക്കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് കവിതയിൽ പറഞ്ഞിരിക്കുന്നത്? കുട്ടികൾ പ്രതികരിക്കുന്നു.-ടീച്ചർ ബോർഡിൽ ക്രോഡീകരിക്കുന്നു. കവിതയിൽ പറയാത്ത മറ്റെന്തെല്ലാം ദൃശ്യങ്ങളാണ് കേരളത്തിലുള്ളത്? കുട്ടികൾ പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. ഇതുമായി എന്തു സാമ്യ വ്യത്യാസമാണ് വള്ളത്തോളിന്റെ കവിതയിൽ ഉള്ളത്. എങ്ങനെ കണ്ടെത്താം കവിതാ വായനയിലേക്ക്.

**2- കവിതാ വായന (40 മിനിറ്റ്)**

കുട്ടികൾ കവിത വ്യക്തിഗതമായി വായിക്കുന്നു കവിതയിൽ കണ്ടെത്തിയ മനോഹരദൃശ്യങ്ങൾ - പറയുന്നു ടീച്ചർ ബോർഡിൽ ക്രോഡീകരിക്കുന്നു. എല്ലാവർക്കും കണ്ടെത്താൻ കഴിഞ്ഞോ? എന്തുകൊണ്ടാണ് കണ്ടെത്താൻ കഴിയാത്തത്? എല്ലാവരും കണ്ടെത്തേണ്ടേ? എങ്ങനെ കണ്ടെത്താം?
കുട്ടികൾ മൂന്നംഗ ഗ്രൂപ്പിൽ കവിത വീണ്ടും വായിക്കുന്നു. വായിക്കുമ്പോൾ ഇഷ്ടപ്പെട്ടവ, അറിയുന്നവ, അറിയാത്തവ (-, ✓ x ) യഥാക്രമം അടയാളപ്പെടുത്തുന്നു. മൂന്നംഗ ഗ്രൂപ്പിൽ ഓരോന്നായി പങ്കുവെയ്ക്കുന്നു. ആദ്യം ഇഷ്ടപ്പെട്ടവ എല്ലാവരും പറയുന്നു. പിന്നീട് അറിയുന്നവ, അതിന് ശേഷം അറിയാത്തവ. പിന്നാക്കക്കാർക്ക് ആദ്യം അവതരിപ്പിക്കാനുള്ള അവസരം നല്കണം. ഒരാൾ അവതരിപ്പിക്കുമ്പോൾ മറ്റുള്ളവർ കൂട്ടിച്ചേർക്കലുകൾ നടത്തണം.
ഗ്രൂപ്പുകളുടെ കണ്ടെത്തൽ പൊതുവായി അവതരിപ്പിക്കണം. ഓരോ സന്ദർഭത്തിലും ടീച്ചർ ആവശ്യമായ ഇടപെടലുകൾ നടത്തണം. ആശയ വ്യക്തത ഉറപ്പാക്കണം. അറിയാത്ത പദങ്ങൾ പദശേഖരണ പുസ്തകത്തിലേക്ക്

**3. കണ്ടെത്താം (20 മിനിറ്റ് )**

ടീച്ചർ ആശയഗ്രഹണ ചോദ്യങ്ങളുടെ ചാർട്ട് പ്രദർശിപ്പിക്കുന്നു.
• മേഘങ്ങളാൽ ഉടുപ്പിട്ടിരിക്കുന്നത് ആരെല്ലാമാണ്? • ആറുകൾ പോകുന്നത് എങ്ങനെയെന്നാണ് കവി പറഞ്ഞിരിക്കുന്നത്? • തോപ്പിലെ ഏതെല്ലാം വൃക്ഷങ്ങളെക്കുറിച്ചാണ് കവിതയിൽ പറഞ്ഞിരിക്കുന്നത്? • പൂന്തോട്ടത്തിൽ ഏതെല്ലാം തരം പൂക്കളാണുള്ളത്? • കാടുകളിൽ ഏതെല്ലാം മൃഗങ്ങളുണ്ട്?
ചോദ്യങ്ങൾ കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. മനസ്സിലായ കാര്യങ്ങൾ പങ്കുവെയ്ക്കുന്നു. ആവശ്യമെങ്കിൽ ഇടപെടുന്നു. കുട്ടികൾ വ്യക്തിഗതമായി ഉത്തരം എഴുതുന്നു ഗ്രൂപ്പിൽ ഓരോന്നായി അവതരിപ്പിക്കുന്നു ചർച്ച ചെയ്യുന്നു., കൂട്ടിച്ചേർക്കൽ നടത്തുന്നു. മെച്ചപ്പെടുത്തുന്നു അതിന്ശേഷം പൊതുവായി അവതരിപ്പിക്കുന്നു. ടീച്ചർ ക്രോഡീകരിക്കുന്നു.

**പ്രതികരണ പേജിലേക്ക് :**

ആശയഗ്രഹണ ചോദ്യങ്ങൾക്ക് എല്ലാവരും ഉത്തരം കണ്ടെത്തിയോ? കണ്ടെത്തിയ ആശങ്ങൾ അവതരിപ്പിക്കാൻ എല്ലാവർക്കും കഴിഞ്ഞോ? എഴുതി അവതരിപ്പിക്കുമ്പോൾ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെ? പ്രക്രിയയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ?

**4. വിശകലന ചോദ്യങ്ങൾ (40 മിനിറ്റ്)**

ടീച്ചർ വിശകലന ചോദ്യങ്ങൾ എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു.
1. നാനാ പ്രകൃതി സൗന്ദര്യ പ്രദർശന മണിക്കളം - എന്നാണ് കവി കേരളത്തെ വിശേഷിപ്പിച്ചിട്ടുള്ളത്. കാരണങ്ങൾ വിശദീകരിക്കുക. 2. ഈ കവിതയിൽ കവി വർണ്ണിച്ചിരിക്കുന്ന കേരളം മനോഹരമാണ്. എന്നാൽ ഇന്നത്തെ കേരളത്തിന്റെ അവസ്ഥ ഇതാണോ? താരതമ്യം ചെയ്യുക.
ചോദ്യങ്ങൾ കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. ആശയം മനസ്സിലായവർ പങ്കുവെക്കുന്നു. ടീച്ചർ ഇടപെട്ട് കൂടുതൽ ആശയ വ്യക്തത വരുത്തുന്നു. വ്യക്തിഗതമായി ഉത്തരം എഴുതുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു. പൊതുവായി അവതരിപ്പിക്കുന്നു. ടീച്ചറുടെ ക്രോഡീകരണം അതിന് ശേഷം ടീച്ചർ വേർഷൻ പ്രദർശിപ്പിക്കുന്നു.


**ടീച്ചർ വേർഷൻ**

1. മലയാള നാടിന്റെ പ്രകൃതിഭംഗി ആരേയും ആകർഷിക്കുന്നതാണ്. ആ കാഴ്ച നമ്മുടെ മനസ്സിനെ സന്തോഷിപ്പിക്കുന്നു. മേഘങ്ങളാകുന്ന ഉടുപ്പിട്ട മലയും, കുന്നും, മേടുകളും, ആന, മാൻ, പന്നി, പുലി, പോത്ത് തുടങ്ങിയ മൃഗങ്ങൾ വിഹരിക്കുന്ന കാടുകളും നമ്മുടെ നാടിന്റെ മനോഹാരിതയ്ക്ക് മാറ്റ് കൂട്ടുന്നു. ആമ്പലുകൾ നിറഞ്ഞ പൊയ്കകളും തെളിഞ്ഞ് ഓളങ്ങളുള്ള ആറുകളും, നാനാ വർണത്തിലുള്ള പക്ഷികൾ ചേക്കേറുന്ന വൃക്ഷങ്ങളും, വൃക്ഷങ്ങൾ തിങ്ങിനിറഞ്ഞ തോപ്പുകളും പൂച്ചെടികൾ നിറഞ്ഞ പൂന്തോട്ടവും, പാടവും പറമ്പും എല്ലാം ചേർന്ന് കേരളം പ്രകൃതി സൗന്ദര്യത്തിന്റെ പ്രദർശന മണിക്കളമായി മാറിയിരിക്കുന്നു.

2. മഹാകവി വള്ളത്തോൾ വിശേഷിപ്പിച്ച കേരളനാട് പരിചയപ്പെട്ടല്ലോ. എന്നാൽ ഇന്ന് കേരളത്തിന്റെ അവസ്ഥ ഇതല്ല. കുന്നും, മലകളും കാടും കാണാനേയില്ല. കുന്നുകൾ ഇടിച്ച് നിരത്തിയും കാടുകൾ വെട്ടിത്തെളിച്ചും മനുഷ്യൻ എല്ലാം നശിപ്പിച്ചിരിക്കുന്നു. വന്യമൃഗങ്ങളെ കാണണമെങ്കിൽ മൃഗശാല സന്ദർശിക്കണം. കളകളാരവത്തോടെ ഒഴുകുന്ന ആറുകളില്ല. ആമ്പൽ പൊയ്കകൾ ഇല്ല. വൃക്ഷങ്ങൾ നിറഞ്ഞ തോട്ടങ്ങളും അവയിൽ ചേക്കേറുന്ന പക്ഷികളേയും കാണാനേയില്ല. പാടങ്ങളെല്ലാം മണ്ണിട്ട് നികത്തിയിരുന്നു. ഒഴിഞ്ഞ പറമ്പുകൾ ഇല്ല. എല്ലായിടത്തും കോൺക്രീറ്റ് സൗധങ്ങൾ നിറഞ്ഞിരിക്കുന്നു. പച്ചവിരിച്ച പരവതാനിപോലെ സുന്ദരമായ കേരളം ഇന്ന് പ്ലാസ്റ്റിക് മാലിന്യങ്ങളുടെ കൂമ്പരമായി മാറിയിരിക്കുന്നു. കുട്ടികൾ അവരുടെ രചനയുമായി താരതമ്യം ചെയ്യുന്നു.

**5. കവിതാലാപനം**

കുട്ടികൾ വ്യക്തിഗതമായി കവിതക്ക് ഈണം കണ്ടെത്തുന്നു. രണ്ടു മൂന്ന് പേർ അവതരണം മികച്ചത് കണ്ടെത്തുന്നു. സൂചകം വികസിപ്പിക്കുന്നു. ഗ്രൂപ്പിൽ ഓരോരുത്തരും അവതരണം മികച്ചവ പൊതു അവതരണം. സൂചകം വെച്ച് മികച്ചവ കണ്ടെത്തുന്നു. ടീച്ചർവേർഷൻ - വിലയിരുത്തുന്നു. തുടർന്ന് രണ്ടംഗഗ്രൂപ്പിൽ കവിതാലാപനം




**6. സമാനപദങ്ങൾ (20 മിനിറ്റ്)**

എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. സമാനപദങ്ങൾ വ്യക്തിഗതമായി പൂരിപ്പിക്കുന്നു. മുൻപ് പഠിച്ച വാക്കുകൾ ഓർത്തെടുത്ത് എഴുതുന്നു. അറിയാത്തവ ഗ്രൂപ്പിൽ ചർച്ചചെയ്ത് കൂട്ടിച്ചേർക്കലുകൾ നടത്തുന്നു. ടീച്ചർ വിലയിരുത്തുന്നു.

**7. വരികൾ കണ്ടെത്താം (30 മിനിറ്റ്)**

ക്ലാസിലെ കുട്ടികളെ രണ്ട് ഗ്രൂപ്പാക്കുന്നു. എ, ബി, എ ഗ്രൂപ്പ് പാ.പു. പേജ് 90 ലെ ഒന്നാമത്തെ ആശയം വായിക്കുന്നു. ബി ഗ്രൂപ്പ് ആശയം ഉൾപ്പെടുന്ന വരികൾ കവിതയിൽ നിന്ന് കണ്ടെത്തി പറയുന്നു. തുടർന്ന് ബിഗ്രൂപ്പ് ആശയം പറയുന്നു. എ ഗ്രൂപ്പ് വരികൾ കണ്ടെത്തുന്നു. കൂടുതൽ ആശയങ്ങൾ ഉൾപ്പെടുത്തി മത്സരം തുടരാം. സ്കോർ നല്കാം. കവിതയുടെ ആശയം കുട്ടികൾക്ക് എത്രത്തോളം ലഭിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കാൻ ഈ പ്രവർത്തനത്തിലൂടെ സാധിക്കുന്നു.

**8. പ്രയോഗ ഭംഗി (40 മിനിറ്റ്)**




തയ്യാറാക്കിയ വർക്ക് ഷീറ്റ് 4119 നല്കുന്നു. കുട്ടികൾ വ്യക്തിഗതമായി പൂരിപ്പിക്കുന്നു. ഗ്രൂപ്പിൽ വായിച്ചവതരണം. പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്തുന്നു. പൊതു അവതരണം. - ചർച്ച. ടീച്ചർ ക്രോഡീകരണം.

**9. വർണിച്ചെഴുതാം (40 മിനിറ്റ് )**

മലയാളം എന്ന കവിത പല തവണ വായിക്കുകയും ആശയം ഉൾക്കൊള്ളുകയും ചെയ്തു. ഇതിന്റെ കൂടി അടിസ്ഥാനത്തിൽ കേരളത്തിന്റെ ഒരു വർണ്ണന തയ്യാറാക്കണം. വ്യക്തിഗതം (10 മിനിറ്റ്) രണ്ടു മൂന്ന് രചനകൾ വായിക്കുന്നു. ഏതാണ് മികച്ചത്? എന്തുകൊണ്ട്.? കുട്ടികൾ കാരണങ്ങൾ പറയുന്നു. സൂചകം വികസിപ്പിക്കുന്നു. (ആലങ്കാരിക ഭാഷ, ആശയത്തിന്റെ സൂക്ഷ്മത, സ്വന്തം നിരീക്ഷണം, പ്രയോഗ ഭംഗി) ഗ്രൂപ്പിൽ അവതരണം ചർച്ച - പൊതു അവതരണം ചർച്ച -ടീച്ചർ വേർഷൻ അവതരണം - ചർച്ച മെച്ചപ്പെടുത്തൽ

**10. എഡിറ്റിംഗ് (30 മിനിറ്റ് )**

ഒരു ഗ്രൂപ്പ് തയ്യാറാക്കിയ വർണ്ണന പൊതുവായ എഡിറ്റിംഗിനായി തെരഞ്ഞെടുക്കുന്നു.

**ആശയം**

ഏതെങ്കിലും ആശയം കൂട്ടിച്ചേർക്കാനുണ്ടോ? ഏതെങ്കിലും ഒഴിവാക്കേണ്ടതോ മെച്ചപ്പെടുത്തേണ്ടതോ ഉണ്ടോ?

**വാക്യഘടന :**

ഏതെങ്കിലും പദങ്ങൾ അനാവശ്യമായി ആവർത്തിച്ചിട്ടുണ്ടോ? ഏതെങ്കിലും പദങ്ങൾ ക്രമം തെറ്റി എഴുതിയിട്ടുണ്ടോ? ഏതെങ്കിലും പദങ്ങൾ വിട്ടുപോയിട്ടുണ്ടോ?

**പദം**

അനുയോജ്യമായ പദം തന്നെയാണോ ഉപയോഗിച്ചത്?

**അക്ഷരം**

അക്ഷരങ്ങൾ, ചിഹ്നങ്ങൾ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടോ? അക്ഷരം, പദം, വാക്യം അകലം പാലിച്ച് എഴുതിയിട്ടുണ്ടോ:?


**വ്യവഹാര രൂപം**

ആലങ്കാരികപ്രയോഗങ്ങൾ ഉണ്ടോ? കണ്ടതിന്റേയോ അനുഭവിച്ചതിന്റേയോ ആശ്ചര്യം പ്രകടമാണോ? പ്രയോഗങ്ങൾ, അതിശയോക്തികൾ വന്നുവോ? എഡിറ്റിംഗിന് ശേഷം മറ്റ് കുട്ടികളുടെ രചനകൾ പരസ്പരം കൈമാറി എഡിറ്റ് ചെയ്യുന്നു. നിർദ്ദേശങ്ങൾ നല്കുന്നു. മെച്ചപ്പെടുത്തി എഴുതുന്നു. മെച്ചപ്പെടുത്തിയ രചനകൾ പോർട്ട് ഫോളിയോയിലേക്ക്.

**11. കവിതാ പൂരണം (40 മിനിറ്റ്**

പാ.പു പേജ് 91 ലെ കേരളത്തെക്കുറിച്ചുള്ള ലഘുകവിതകൾ കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. ഈണം, താളം, ഉള്ളടക്കം എന്നിവ ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. വ്യക്തിഗതമായി വരികൾ കൂട്ടിച്ചേർക്കുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തലുകൾ നടത്തുന്നു. ഗ്രൂപ്പുകളുടെ അവതരണം (5 പേർ) മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ടീച്ചർവേർഷൻ അവതരണം,

കുട്ടികൾ സ്വന്തം രചനകൾ മെച്ചപ്പെടുത്തി എഴുതുന്നു.




**പ്രതികരണ പേജിലേക്ക്**

ഈണം, താളം, ആശയം (ഉള്ളടക്കം) എന്നിവ പാലിച്ച് എത്ര പേർ എഴുതി? പ്രയാസം നേരിട്ടത് എത്ര പേർക്ക്? പറഞ്ഞ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിയാത്തവർ എത്രപേർ? പരിഹാര പ്രവർത്തനം എന്ത്?

**12. കവിതാശേഖരണം (ഗൃഹപാഠം)**

പാ.പു പേജ് 91, എച്ച്. ബി. പേജ് 153, 154,155 - കേരളത്തെക്കുറിച്ചുള്ള കവിതകൾ കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. ഗ്രൂപ്പിൽ ഈണം കണ്ടെത്തുന്നു. അവതരിപ്പിക്കുന്നു. മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ടീച്ചറുടെ അവതരണം കേരള ഗാനങ്ങളുടെ ഓഡിയോ സിഡി കേൾപ്പിക്കൽ കൂടുതൽ കവിതകൾ ശേഖരിച്ച് എന്റെ കവിതാ പുസ്തകത്തിൽ എഴുതുന്നു. സർഗ്ഗവേദിയിൽ കുട്ടികൾ കവിതകൾ അവതരിപ്പിക്കുന്നു.

**13. ചുമർപത്രിക (20 + ഒഴിവുസമയം)**

ഈ പാഠത്തിന്റെ ഭാഗമായി തയ്യാറാക്കിയ വ്യവഹാര രൂപങ്ങൾ (വർണ്ണന, കവിതാപൂരണം,) പ്രകൃതി ചിത്രങ്ങൾ, കേരള ഗാനങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസിൽ ഒരു ചുമർപത്രിക തയ്യാറാക്കുന്നു. സി.പി.ടി.എയിൽ ചുമർപത്രികയുടെ പ്രകാശനം നിർവ്വഹിക്കുന്നു.

P E N C I L

Process Ensuring for Natural Classroom Interaction and Learning


എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വർക്ക്ഷീറ്റ് - 4119

| ക്ലാസ് : 4 | യൂണിറ്റ് 6 - കളിയും കാര്യവും | മൊഡ്യൂൾ 12. | മലയാളം |
|---|---|---|---|

# പ്രയോഗഭംഗി കണ്ടെത്താം


| വരികൾ | പ്രയോഗഭംഗി |
|---|---|
| മഹാഭാരതഭൂവിന്റെ<br>മണിത്തങ്കച്ചിലങ്കയായ് | |
| വിചിത്രപക്ഷിച്ചിറകിൽ<br>മഴവില്ലാർന്ന ശാഖികൾ | |
| തെളിഞ്ഞോളങ്ങൾ തൻ മൂളി-<br>പ്പാട്ടുമായ് പോകുമാറുകൾ | |
| നാനാ പ്രകൃതി സൗന്ദര്യ<br>പ്രദർശന മണിക്കളം | |



| ക്ലാസ് : 4 | യൂണിറ്റ് 6 – കളിയും കാര്യവും | മൊഡ്യൂൾ 12. | മലയാളം |
|---|---|---|---|

# വർണന

ഭാരതാംബയുടെ കാൽതളിരിലെ സ്വർണക്കൊലുസുപോലെ വിളങ്ങുന്ന കേരളം മനോരഞ്ജകമായ അനുഭൂതി സമ്മാനിക്കുന്നു. നീലമേഘങ്ങളാലുടുപ്പിട്ട മലകളും കുന്നുകളും കൊണ്ട് അനുഗ്രഹീതമായ നാടാണ് നമ്മുടേത്. വന്യമൃഗങ്ങൾ വിഹരിക്കുന്ന കൊടും കാടുകളും കുപ്പിവളച്ചിരിയുമായി തെളിഞ്ഞൊഴുകുന്ന കാട്ടാറുകളും ആമ്പലുകൾ നിറഞ്ഞ പൊയ്കകളും നയനാന്ദകരം തന്നെ. വർണച്ചെപ്പുകളിൽ നിന്നും വാരിവിതറിയ സിന്ദൂരച്ചിറകുള്ള പക്ഷികൾ തീർക്കുന്ന മഴവില്ലഴകുള്ള മരക്കൊമ്പുകളും 'ചിലുചിലു' കിലുക്കവുമായി അണ്ണാറക്കണ്ണൻ ഓടിക്കളിക്കുന്ന മൂവാണ്ടൻ മാവും, പുളി, വാഴ തുടങ്ങിയവ നിറഞ്ഞ തോപ്പുകളും എത്ര കണ്ടാലും മതി വരില്ല. അശോകം, ചെമ്പകം, പിച്ചി, മുല്ല തുടങ്ങിയവ പൂച്ചൂടി നില്ക്കുന്ന പൂന്തോട്ടങ്ങളും, നനവുള്ള പാടങ്ങളും പശു മേയുന്ന പറമ്പുകളും നിറഞ്ഞ നാട്, പ്രകൃതി സൗന്ദര്യത്തിന്റെ പ്രദർശനസ്ഥലമാണ്, കല ഉല്ലസിക്കുന്ന തളവുമായ കേരളനാട് അതി മനോഹരിതന്നെയാണ്.



# വരികൾ കണ്ടെത്താം

കേര വൃക്ഷങ്ങൾ നിറഞ്ഞനാട്
കളരിപ്പയറ്റ് പിറന്ന നാട്
മാവും പിലാവും നിറഞ്ഞ നാട്
മയിലുകൾ നൃത്തമാടുന്ന നാട്
കാടും മലകളും തിങ്ങിയ നാട്
കാട്ടാറിൻ ഈണം കേൾക്കുന്ന നാട്
കുഞ്ചനും തുഞ്ചനും വാണനാട്
കഥകളി തന്നുടെ ജന്മനാട്
മഹാബലി തമ്പുരാൻ വാണനാട്
മലയാള ഭാഷതൻ പുണ്യനാട്



| | | |
|---|---|---|
| | **P E N C I L**<br>**Process Ensuring for Natural Classroom Interaction and Learning**<br>**എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ**<br>**ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, പാഠാസൂത്രണരേഖ (കരട്)** | DIET MALAPPURAM |

| | | | |
|---|---|---|---|
| **ക്ലാസ് : 4** | **യൂണിറ്റ് 6 - മേളിതം** | **മൊഡ്യൂൾ 13.** | **മുരളി കണ്ട കഥകളി** |

| | |
|---|---|
| **ആമുഖം** | കേരളത്തിലെ വിഖ്യാത കലാരൂപമായ കഥകളിയെക്കുറിച്ചുള്ള ഒരാഖ്യാനമാണ് മുരളി കണ്ട കഥകളി. ഒരു കുട്ടിയുടെ കണ്ണിലൂടെ കഥകളി എന്ന മഹത്തായ കലാരൂപത്തെ പരിചയപ്പെടുത്തുകയാണ് ഈ പാഠഭാഗത്തിലൂടെ |
| **ആശയം** | കേരളത്തിന് മഹത്തായ ഒരു കലാപാരമ്പര്യമുണ്ട്. കേരളം നിരവധി കലകളാൽ സമ്പന്നമാണ്. ഓരോ പ്രദേശത്തിനും തനതായ കലാരൂപങ്ങളുണ്ട്. ഓരോ കലാരൂപത്തിനും സവിശേഷമായ ചിട്ടവട്ടങ്ങളുണ്ട്. കേരളത്തിന്റെ പ്രധാന കലാരൂപമായ കഥകളിയിൽ ഒരേ സമയം ഒന്നിലധികം കലകളുടെ സവിശേഷതകൾ ദർശിക്കാൻ കഴിയും. |
| **പഠനനേട്ടങ്ങൾ** | • കേരളത്തിന്റെ പ്രസിദ്ധ കലാരൂപമായ കഥകളിയുടെ ചടങ്ങുകൾ, വേഷം എന്നിവ സാമാന്യമായി പരിചയപ്പെട്ട് കുറിപ്പുകൾ, ആൽബം, എന്നിവ തയ്യാറാക്കുന്നു. • ഓരോ പ്രദേശത്തിനും തനതായ കലാരൂപമുണ്ടെന്ന് തിരിച്ചറിഞ്ഞ്, സവിശേഷതകൾ കണ്ടെത്തി കുറിപ്പുകൾ തയ്യാറാക്കുന്നു. • കേരളീയ കലകൾ സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള മനോഭാവം വളർത്തുന്നു. |
| **വ്യവഹാരരൂപം** | കുറിപ്പ്, അനുഭവ വിവരണം |
| **സാമഗ്രികൾ** | വീഡിയോ ക്ലിപ്പിംഗ്സ് - കലാരൂപങ്ങൾ, ചിത്രങ്ങൾ, വർക്ക്ഷീറ്റുകൾ |
| **സമയം** | 10 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1. പ്രവേശകം 2. വായനയിലേക്ക് 3. കണ്ടെത്താം 4. വിശകലന ചോദ്യങ്ങൾ 5. സമാനാർത്ഥം 6. പദങ്ങൾ കണ്ടെത്താം 7. മാറ്റിയെഴുതാം 8. ഭാവാത്മക വായന 9. തിരിച്ചറിയാം 10. കുറിപ്പ് തയ്യാറാക്കാം. 11. എത്രയെത്ര കലകൾ 12. കഥകളി കാണാം (അനുഭവക്കുറിപ്പ് ) 13. എഡിറ്റിംഗ് 14. പൂരിപ്പിക്കാം 15. ആൽബം തയ്യാറാക്കാം. 16. ഞാൻ എന്നെക്കുറിച്ച് |
| **വായനസാമഗ്രി** | കേരളത്തിലെ കലാരൂപങ്ങൾ - ബാലകൃഷ്ണൻ കൊയ്യാൽ, കേരളീയ കലകൾ - ആലങ്കോടു ലീലാകൃഷ്ണൻ, താളം മേളം - ഡോ. എസ്. ഭാഗ്യലക്ഷ്മി |
| **സർഗ്ഗവേദി** | കലാരൂപങ്ങൾ - അവതരണം |
| **സി.പി.ടി.എ** | ആൽബം, കുട്ടികളുടെ ഉല്പന്നങ്ങൾ പ്രദർശനം |
| **ദിനാചരണം** | |

**പ്രവർത്തനങ്ങളുടെ സൂഷ്മപ്രക്രിയ**

**1. പ്രവേശകം (30 മിനിറ്റ് )**

വിവിധ കലാരൂപങ്ങളുടെ വീഡിയോ ക്ലിപ്പിംഗുകൾ / ചിത്രങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. കലാരൂപത്തിന്റെ പേര് കുട്ടികൾ പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. ഈ കലാരൂപങ്ങളുടെ സവിശേഷതകൾ കുട്ടികൾ അറിയുന്നത് പറയുന്നു. ടീച്ചർ കൂട്ടിച്ചേർക്കലുകൾ നടത്തുന്നു. ഇതിൽ കേരളത്തിന്റെ തനതായ കലാരൂപം ഏത്? കഥകളി കുട്ടികൾ പ്രതികരിക്കുന്നു. കഥകളിക്ക് മറ്റ് കലാരൂപങ്ങളിൽ നിന്നുള്ള വ്യതാസം എന്താണ്? കുട്ടികളുടെ പ്രതികരണം ബോർഡിൽ ക്രോഡീകരിക്കുന്നു.

കഥകളിയുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് എത്ര പദങ്ങൾ അറിയാം പ്രതികരണം രേഖപ്പെടുത്തുന്നു. നിങ്ങൾ പറഞ്ഞ പദങ്ങളുടെ അർത്ഥം എന്താണ്? എങ്ങനെ അറിയാം. എങ്കിൽ പേജ് 92 ലെ കഥ വായിച്ച് നോക്കൂ.

**2. വായനയിലേക്ക് (40 മിനിറ്റ്)**

കുട്ടികൾ വ്യക്തിഗതമായി പാഠം വായിക്കുന്നു. കഥകളിയുമായി ബന്ധപ്പെട്ട പദങ്ങൾ കണ്ടെത്തിയ വർ പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. എല്ലാവർക്കും കണ്ടെത്താൻ കഴിഞ്ഞോ? എന്തുകൊണ്ടാണ് കഴിയാഞ്ഞത്? എല്ലാവരും കണ്ടെത്തേണ്ടേ? എങ്ങനെ കണ്ടെത്താം? കുട്ടികൾ വീണ്ടും വായിക്കുന്നു.

വായിക്കുമ്പോൾ ഇഷ്ടപ്പെട്ടവ, അറിയുന്നവ, അറിയാത്തവ (-, ✓ X) യഥാക്രമം അടയാളപ്പെടുത്തുന്നു. മൂന്നംഗഗ്രൂപ്പിൽ ഓരോന്നായി പങ്കുവെക്കുന്നു. ആദ്യം ഇഷ്ടപ്പെട്ടവ എല്ലാവരും പറയുന്നു. പിന്നീട് അറിയുന്നവ, അതിന്ശേഷം അറിയാത്തവ പിന്നാക്കക്കാർക്ക് ആദ്യം അവസരം അവതരിപ്പിക്കാനുള്ള അവസരം നല്കണം. ഒരാൾ അവതരിപ്പിക്കുമ്പോൾ മറ്റുള്ളവർ കൂട്ടിച്ചേർക്കലുകൾ നടത്തണം.

ഗ്രൂപ്പുകളുടെ കണ്ടെത്തൽ പൊതുവായി അവതരിപ്പിക്കണം. ഓരോ സന്ദർഭത്തിലും ടീച്ചർ ആവശ്യമായ ഇടപെടലുകൾ നടത്തണം. ആശയ വ്യക്തത ഉറപ്പാക്കണം. അറിയാത്ത പദങ്ങൾ പദശേഖരണ പുസ്തകത്തിലേക്ക്. ഇപ്പോൾ എല്ലാവർക്കും എല്ലാ പദത്തിന്റെയും അർത്ഥവും ആശയും അറിയാം. എന്ന് ടീച്ചർ പറയുന്നു. കുട്ടികൾ പ്രതികരിക്കുന്നു.

**3. കണ്ടെത്താം (30 മിനിറ്റ്)**

ടീച്ചർ ആശയഗ്രഹണ ചോദ്യങ്ങളുടെ ചാർട്ട് പ്രദർശിപ്പിക്കുന്നു.

1. കഥകളിയുടെ ആരംഭത്തിലുള്ള പ്രധാന ചടങ്ങുകൾ 2. കഥകളിയിലെ പച്ചവേഷത്തിന്റെ പ്രത്യേകതകൾ 3. സ്ത്രീ വേഷത്തെക്കുറിച്ച് പാഠഭാഗത്ത് പറയുന്ന കാര്യങ്ങൾ 4. കഥകളിയിൽ ഉപയോഗിക്കുന്ന തിരശ്ശീലയുടെ പ്രത്യേകതകൾ 5. കഥകളിയിൽ ഉപയോഗിക്കുന്ന ആടയാഭരണങ്ങൾ

ചോദ്യങ്ങൾ കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. മനസ്സിലായ കാര്യങ്ങൾ പങ്കുവെയ്ക്കുന്നു. ആവശ്യമെങ്കിൽ ടീച്ചർ ഇടപെടുന്നു. കുട്ടികൾ വ്യക്തിഗതമായി ഉത്തരം പറയുന്നു. ഗ്രൂപ്പിൽ ഓരോന്നായി പങ്കുവെക്കുന്നു. ചർച്ച ചെയ്യുന്നു. കൂട്ടിച്ചേർക്കൽ നടത്തുന്നു. മെച്ചപ്പെടുത്താം അതിന്ശേഷം പൊതുവായി അവതരിപ്പിക്കുന്നു.

**പ്രതികരണ പേജിലേക്ക്**

ആശയഗ്രഹണ ചോദ്യങ്ങൾക്ക് എല്ലാവരും ഉത്തരം കണ്ടെത്തിയോ? കണ്ടെത്തിയ ആശയങ്ങൾ അവതരിപ്പിക്കാൻ എല്ലാവർക്കും കഴിഞ്ഞോ? എഴുതി അവതരിപ്പിക്കുമ്പോൾ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെ? പ്രക്രിയയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ?

**4. വിശകലന ചോദ്യങ്ങൾ ( 30 മിനിറ്റ് )**

ടീച്ചർ വിശകലന ചോദ്യങ്ങളുടെ ചാർട്ട് പ്രദർശിപ്പിക്കുന്നു.

1. കഥകളിയിലെ വേഷങ്ങൾ സ്വഭാവസവിശേഷതകള സൂചിപ്പിക്കുന്ന തരത്തിലാണ് എന്ന് പറയുന്നതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദമാക്കുക. 2. കഠിനമായ പ്രയത്നത്തിലൂടെ മാത്രമേ കഥകളി അഭ്യസിപ്പിക്കാൻ കഴിയൂ എന്ന് പറയുന്നത് ശരിയാണ് എന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ?

വ്യക്തിഗതമായി കുട്ടികൾ ഉത്തരം എഴുതുന്നു. ഗ്രൂപ്പിൽ പങ്കുവെക്കുന്നു. മെച്ചപ്പെടുത്തുന്നു. പൊതുവായി അവതരിപ്പിക്കുന്നു. ടീച്ചർ കൂട്ടിച്ചേർക്കുന്നു. ടീച്ചർ വേർഷൻ കാണിക്കുന്നു. കുട്ടികൾ ടീച്ചർ വേർഷനുമായി താരതമ്യം ചെയ്ത് രചന മെച്ചപ്പെടുത്തുന്നു.

**5. സമാനാർത്ഥം ( 20 മിനിറ്റ് )**

പേജ് 96ലെ സമാനാർത്ഥമുള്ള പദങ്ങൾ കണ്ടെത്താം. പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു. അവതരിപ്പിക്കുന്നു. ടീച്ചർ ഇടപെട്ട് ആവശ്യമെങ്കിൽ

തിരുത്തലുകൾ വരുത്തുന്നു. തുടർന്ന് ഈ പദങ്ങൾ ഉപയോഗിച്ചുള്ള വാക്യ നിർമ്മാണം. ഗ്രൂപ്പുകൾ തമ്മിലുള്ള മത്സരമായി ഇതിനെ മാറ്റാം. കൂടുതൽ വാക്യങ്ങൾ നിർമ്മിക്കുന്ന ഗ്രൂപ്പുകൾക്ക് സമ്മാനം നല്കാം.

**6. പദങ്ങൾ കണ്ടെത്താം ( 20 മിനിറ്റ് )**

കുട്ടികൾ അവരുടെ വസ്ത്രങ്ങളുടെ നിറങ്ങൾ പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. ചുവപ്പ് എന്ന പദത്തിന് പകരം കുട്ടികൾ പറഞ്ഞ വാക്കുകൾ ഏതെല്ലാം? വ്യക്തിഗതമായി കണ്ടെത്തി എഴുതുന്നു. ചുവപ്പ് എന്ന പദത്തിന് പകരമായി ഉപയോഗിച്ച പദങ്ങൾ ചെമപ്പ്, ചുകപ്പ്, ചുമപ്പ്, ചുവന്ന., ചുകന്ന, ചുവപ്പ് എന്നിങ്ങനെയുള്ള പദങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

എന്നാൽ വസ്തുക്കളോടോ ജീവികളോടോ 'ചെം' ചേർന്നാലുണ്ടാവുന്ന മാറ്റങ്ങൾ ചർച്ചചെയ്യുന്നു. ചെം ചേർന്ന പദങ്ങൾ കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു. ഗ്രൂപ്പുകളുടെ അവതരണം. ടീച്ചറുടെ ഇടപെടൽ

ചെങ്കുപ്പായം - ചുവന്ന കുപ്പായം, ചെഞ്ചുണ്ട് - ചുവന്ന ചുണ്ട്, ചെമ്പനീർച്ചെടി - ചുവന്ന പനിനീർച്ചെടി

ചെമ്മീൻ. ചെമ്മാനം, ചെമ്പരുന്ത്, ചെമ്പട്ട്, ചെങ്കോട്ട, ചെങ്കടൽ, ചെന്നായ്, ചെഞ്ചീര, ചെഞ്ചായം, ചെങ്കല്ല്, ചെമ്പട, ചെന്താമര, ചെങ്കൊടി, ചെഞ്ചോര,

**7. മാറ്റിയെഴുതാം (20 മിനിറ്റ് )**

ടീച്ചർ ബോർഡിൽ മാതാപിതാക്കൾ എന്ന വാക്ക് എഴുതുന്നു. ഈ വാക്കിൽ നിന്നും രണ്ട് പദങ്ങൾ കണ്ടെത്താൻ കുട്ടികൾക്ക് നിർദ്ദേശം നല്കുന്നു. പിന്നാക്കക്കാർക്ക് ആദ്യ അവസരം നല്കാം. കുട്ടികൾ മാതാവും പിതാവും കണ്ടെത്തുന്നു. ഏത് പദത്തിനാണ് കൂടുതൽ പ്രാധാന്യം? കുട്ടികളുടെ പ്രതികരണം- രണ്ട് പദത്തിനും തുല്യ പ്രാധാന്യമാണുള്ളതെന്ന് അധ്യാപിക വ്യക്തമാക്കുന്നു. തുടർന്ന് പാ.രപു. പേജ് 96ലെ പ്രവർത്തനം വ്യക്തിഗതമായി ചെയ്യുന്നു. ടീച്ചർ വിലയിരുത്തുന്നു.

**8. ഭാവാത്മക വായന (40 മിനിറ്റ്)**

ക്ലാസിലെ വിവിധ നിലവാരക്കാരായ മൂന്ന് കുട്ടികളെക്കൊണ്ട് പാഠത്തിന്റെ ഒരു ഖണ്ഡിക വായിക്കുന്നു. ആരുടെ വായനയാണ് മികച്ചത്? എന്തുകൊണ്ട്? കുട്ടികളുടെ പ്രതികരണത്തെ സൂചകങ്ങളാക്കി മാറ്റുന്നു. (ആശയ വ്യക്തത, ശബ്ദ വ്യതിയാനം) തുടർന്ന് മൂന്നംഗ ഗ്രൂപ്പിൽ വായന, മറ്റ് കുട്ടികൾ വിലയിരുത്തുന്നു. ഗ്രൂപ്പിൽ മികച്ചവ പൊതു വായന - ചർച്ച, ടീച്ചറുടെ ഭാവാത്മക വായന തുടർന്ന് കുട്ടികളെ ജോഡിയാക്കുന്നു. വായിക്കുന്നു. പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്തുന്നു

**9. തിരിച്ചറിയാം (30 മിനിറ്റ് )**

പാ.പു പേജ് 97ലെ ചിത്ര നിരീക്ഷണം, വാദ്യോപകരണങ്ങൾ

ഏതെല്ലാം കുട്ടികൾ അറിയാവുന്നവ രേഖപ്പെടുത്തുന്നു. ബാക്കിയുള്ളവ ടീച്ചറുടെ സഹായത്തോടെ ചർച്ചചെയ്ത് കണ്ടെത്തുന്നു. അതിന് ശേഷം വർക്ക്ഷീറ്റ് 4120 നല്കുന്നു. വരച്ച് ചേർക്കാം.

വാദ്യോപകരണങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശരിയായ രീതിയിൽ വരച്ച് യോജിപ്പിക്കുന്നു.

**10. കുറിപ്പ് തയ്യാറാക്കാം ( 40 മിനിറ്റ് )**

പാ.പു പേജ് 97ലെ കഥകളി ചിത്രങ്ങൾ കുട്ടികൾ നിരീക്ഷിക്കുന്നു. ഓരോ വേഷത്തിന്റെയും സവിശേഷതകൾ കുട്ടികൾ കണ്ടെത്തി പറയുന്നു. തുടർന്ന് പാ.പു പ്രവർത്തനം വായിക്കുന്നു. പാഠഭാഗം ഒരിക്കൽ കൂടി വായിക്കുന്നു. വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കുന്നു. ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു. പൊതുവായി അവതരിപ്പിക്കുന്നു. മറ്റ് ഗ്രൂപ്പുകൾ സൂചകങ്ങൾ വെച്ച് വിലയിരുത്തുന്നു. ടീച്ചറുടെ ഇടപെടൽ ടീച്ചർവേർഷൻ 4188 അവതരിപ്പിക്കുന്നു. കുട്ടികൾ രചന മെച്ചപ്പെടുത്തുന്നു.

**പ്രതികരണ പേജിലേക്ക് :**

കുട്ടികളുടെ രചനകളുടെ നിലവാരം, പങ്കാളിത്തം, തിരിച്ചറിവ്

**11. എത്രയെത്ര കലകൾ ( 30 മിനിറ്റ് )**



പാ.പു പേജ് 98,99 - ലെ കലാരൂപങ്ങൾ തിരിച്ചറിഞ്ഞ് പേര് താഴെ എഴുതുന്നു. തുടർന്ന് ഓരോ കലാരൂപത്തെക്കുറിച്ചും ടീച്ചറുടെ നേതൃത്വത്തിൽ ചർച്ച. പാ.പുസ്തകത്തിൽ ചിത്രങ്ങളില്ലാത്ത കലാരൂപത്തെക്കുറിച്ചും ചർച്ച വേണം. (തുള്ളൽ, കോൽക്കളി) തുടർന്ന് വർക്ക്ഷീറ്റ് 4121 നല്കുന്നു, കുട്ടികൾ വ്യക്തിഗതമായി ലഘു കുറിപ്പുകൾ തയ്യാറാക്കുന്നു. ടീച്ചർ വിലയിരുത്തുന്നു.

**12. കഥകളി കാണാം (അനുഭവക്കുറിപ്പ് ) ( 60 മിനിറ്റ് )**

കഥകളിയുടെ സി.ഡി. ക്ലാസിൽ പ്രദർശിപ്പിക്കുന്നു. കഥകളി കണ്ടതിന് ശേഷം ചർച്ച നടത്തരുത്. ഓരോ കുട്ടിയും അവൻ കണ്ട കഥകളി അനുഭവക്കുറിപ്പ് തയ്യാറാക്കുന്നു. ചിലത് പൊതുവായി അവതരിപ്പിക്കുന്നു. അതിന്ശേഷം ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തലുകൾ വരുത്തുന്നു. ഗ്രൂപ്പിന്റെ അവതരണം, സൂചകങ്ങൾ വെച്ച് വിലയിരുത്തൽ (ആശയ വ്യക്തത, ഉള്ളടക്കം ആത്മാംശം ഉൾക്കൊണ്ട ഭാഷ) ടീച്ചർവേർഷൻ അവതരിപ്പിക്കുന്നു. കുട്ടികൾ തങ്ങളുടെ രചനകൾ മെച്ചപ്പെടുത്തുന്നു.




**13. എഡിറ്റിംഗ് (30 മിനിറ്റ് )**

ഒരു ഗ്രൂപ്പിന്റെ അനുഭവക്കുറിപ്പ് പൊതുവായി എഡിറ്റിംഗിന് തിരഞ്ഞെടുക്കുന്നു. ആശയം, വാക്യഘടന, പദം, അക്ഷരം, വ്യവഹാരരൂപം എന്നിവയിൽ ഒഴിവാക്കേണ്ടതും, കൂട്ടിച്ചേർക്കേണ്ടതും, തിരുത്തലുകൾ വരുത്തേണ്ടതും ടീച്ചറുടെ ചോദ്യങ്ങളിലൂടെ കുട്ടികൾ എഡിറ്റ് ചെയ്യുന്നു. സ്വന്തം രചനകളിൽ മാറ്റം വരുത്തുന്നു.

**14. പൂരിപ്പിക്കാം (30 മിനിറ്റ് )**

പാ.പു പേജ് 100 ലെ വാക്യങ്ങൾ ടീച്ചർ ചാർട്ടിൽ എഴുതിയത് പ്രദർശിപ്പിക്കുന്നു. ഓരോ കൂട്ടത്തിലെയും ഒന്നാമത്തെ വാക്യം മതി. കുട്ടികൾക്ക് വായിക്കാൻ അവസരം നല്കുന്നു. വാക്യം ശരിയാണോ? എന്തെങ്കിലും പോരായ്മകൾ ഉണ്ടോ? വാക്യഘടന ശരിയാണോ? എന്തെങ്കിലും കൂട്ടിച്ചേർക്കേണ്ടതുണ്ടോ? എവിടെ ചേർക്കണം? കുട്ടികളുടെ പ്രതികരണം? മാറ്റം വരുത്തി ടീച്ചർ ബോർഡിൽ എഴുതുന്നു.

ചർച്ചകൾ നടത്തുന്നു. വാക്യങ്ങളുടെ അർത്ഥം പൂർത്തിയായത് ചില കൂട്ടിച്ചേർക്കലുകൾ നടത്തിയപ്പൊഴാണെന്ന് കുട്ടികൾ കണ്ടെത്തി പറയുന്നു. ഇതേ മാതൃകയിൽ ടി.ബി,യിലെ ഇതോടനുബന്ധിച്ച പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു ടീച്ചർ വിലയിരുത്തുന്നു.



**15. ആൽബം തയ്യാറാക്കാം (ഗൃഹപാഠം)**

കഥകളിയിലെ വേഷങ്ങൾ, വാദ്യങ്ങൾ, നവരസ പ്രകടനങ്ങൾ എന്നിവയുടെ ചിത്രങ്ങൾ, കഥകളിയെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തി ക്ലാസിൽ ഒരു ആൽബം തയ്യാറാക്കുന്നു. എല്ലാ കുട്ടികളുടേയും പങ്കാളിത്തം ടീച്ചർ ഉറപ്പാക്കുന്നു. സ.പി.ടി എയിൽ ആൽബം പ്രദർശിപ്പിക്കുന്നു.

**16. ഞാൻ എന്നെക്കുറിച്ച് (10 മിനിറ്റ് )**

പാ. പു പേജ് 102 ലെ പ്രവർത്തനം കുട്ടികൾ വ്യക്തിഗതമായി ചെയ്യുന്നു. മറ്റ് കുട്ടികൾ വിലയിരുത്തിയതിനെ വിലയിരുത്തുന്നു. അഭിപ്രായങ്ങൾ പറയുന്നു, ന്യായീകരിക്കുന്നു.

P E N C I L

Process Ensuring for Natural Classroom Interaction and Learning

എല്ലാവർക്കും പഠനനേട്ടം അദ്ധ്യാപന മികവിലൂടെ

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വർക്ക്ഷീറ്റ് - 4120

| ക്ലാസ് : 4 | യൂണിറ്റ് 6 - മേളിതം | മൊഡ്യൂൾ 13. | മുരളി കണ്ട കഥകളി |
|---|---|---|---|

# തിരിച്ചറിയാം വരച്ചു ചേർക്കാം

**വാദ്യോപകരണങ്ങളുടെ ചിത്രവും വിവരണവും നൽകിയിരിക്കുന്നു. ചേരും പടി ചേർക്കുക**

| | |
|---|---|
|  കൊമ്പ് | അസുരവാദ്യമെന്നറിയപ്പെടുന്നു. മുഖരിതമായതുകൊണ്ടുതന്നെ അസുരഭാവമാണുള്ളത്. തുകൽകൊണ്ട് നിർമ്മിക്കുന്നു. |
|  ചെണ്ട | വാദ്യാഘോഷത്തിലെ കാലപ്രമാണം ക്രമപ്പെടുത്താൻ ഉപയോഗിക്കുന്നു. ഓട് കൊണ്ടുള്ള തകിട്. |
|  ചേങ്ങില | ചെണ്ടമേളത്തിലെ പാഞ്ചാരി, പാണ്ടി മുതലായ മേളങ്ങൾക്ക് കൊഴുപ്പുകൂട്ടാനായി ഉപയോഗിക്കുന്നു. ലോഹനിർമ്മിതം |
| ഇലത്താളം  | വാദനം (വായന ) ഇല്ലാത്തതുകൊണ്ട് വാദ്യോപകരണം എന്നു പറയാൻ കഴിയില്ല. പഞ്ചവാദ്യത്തിൽ ഉൾപ്പെടുന്നില്ല. പഞ്ചവാദ്യത്തിന്റെ തുടക്കത്തിൽ ഓംകാര ധ്വനിയുണ്ടാക്കാൻ ഉപയോഗിക്കുന്നു. |
|  ഇടയ്ക്ക | തീവ്രശ്രുതിയോടു കൂടിയ ഒരു തുകൽ വാദ്യം |
|  മദ്ദളം | ഓടുകൊണ്ടുണ്ടാക്കിയ രണ്ടു തകിടുകൾ പഞ്ചവാദ്യത്തിലുൾപ്പെടുന്നു. |
|  ശംഖ് | പഞ്ചവാദ്യത്തിലുൾപ്പെട്ട വാദ്യം. പശുവിന്റെ വയറിനകത്തുള്ള നേരിയ ചർമ്മം കൊണ്ടുണ്ടാക്കുന്നു. സപ്തസ്വരങ്ങൾ നേരിട്ടു വായിക്കുന്നു. 64 കലകളെ സൂചിപ്പിക്കുന്ന 64 ചെണ്ടുകൾ തൂക്കിയിട്ടിരിക്കുന്നു. |

PENCIL

Process Ensuring for Natural Classroom Interaction and Learning

എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വർക്ക്ഷീറ്റ് - 4121

DIET MALAPPURAM

| ക്ലാസ് : 4 | യൂണിറ്റ് 6 - മേളിതം | മൊഡ്യൂൾ 13. | മുരളി കണ്ട കഥകളി |
|---|---|---|---|

| കലാരൂപം | ലഘുവിവരണം |
|---|---|
|  | |
|  | |
|  | |
|  | |
|  | |



**പച്ചവേഷം :** കഥകളി വേഷങ്ങളിൽ ഏറ്റവും സുന്ദരം എന്നാണ് പച്ചവേഷം അറിയപ്പെടുന്നത്. മുഖത്ത് പച്ചനിറത്തിലുള്ള മനയോല തേക്കുന്നതുകൊണ്ടാണ് ഈ വേഷത്തിന് പച്ച എന്ന പേര് ലഭിച്ചത്. ചുമന്ന കുപ്പായവും കേശഭാരവും കീരീടവുമാണ് ഈ വേഷത്തിന് സാധാരണ ഉപയോഗിക്കുന്നത്. സത്വഗുണ പ്രധാനരായ രാജാക്കന്മാർക്കും ചില ഉപനായകർക്കുമാണ് പച്ചവേഷം വിധിച്ചിട്ടുള്ളത്. ധീരോദാത്തത, ധീരശാന്തത, ലാളിത്യം തുടങ്ങിയ ഭാവങ്ങളാണ് സാമാന്യമായി കാണുന്നത്. ശൃംഗാരമോ വീരമോ സ്ഥായിയായ രസമായിരിക്കും. ഹരിശ്ചന്ദ്രൻ, രുഗ്മാംഗദൻ, നളൻ, ധർമപുത്രൻ, അർജുനൻ, ശ്രീകൃഷ്ണൻ, ശ്രീരാമൻ, ഉത്തരൻ, ഋതുപർണൻ തുടങ്ങിയവർക്കെല്ലാം പച്ചവേഷമാണ്. പച്ചയുടെ നായകത്വവും ആഭിജാത്യവും മറ്റു വേഷങ്ങൾക്കില്ല. ശ്രീരാമലക്ഷ്മണന്മാർ, കുശലവന്മാർ, ശ്രീകൃഷ്ണൻ എന്നിവർക്ക് പീലിമുടി ഉപയോഗിക്കുന്നു.

**2. മിനുക്ക്** : ബ്രാഹ്മണർ, ഋഷിമാർ, സ്ത്രീകൾ, സൂതന്മാർ, ആശാരി, മല്ലൻ എന്നിവർക്ക് കഥകളിയിലുപയോഗിക്കുന്ന വേഷമാണ് മിനുക്ക്., ലൗകിക സമ്പ്രദായങ്ങളോട് ഏറ്റവും അടുത്തുപോകുന്ന കഥകളി വേഷമാണ് മിനുക്ക്. ഓരോ വിഭാഗത്തിന്റെയും ഉടുത്തുകെട്ടിലും അലങ്കാരങ്ങളിലും ചില വ്യത്യാസങ്ങളുമുണ്ട്. മുഖം മിനുക്കലും തിലകം ചാർത്തലും ശിരോവസ്ത്രം, മെയ്യാഭാരണങ്ങൾ തുടങ്ങിയവ അണിയലും സ്ത്രീവേഷത്തിന്റെ പ്രത്യേകതകളാണ്. കുലീനത്വമുള്ള സ്ത്രീവേഷം തലയിൽ കൊണ്ടകെട്ടും സ്ത്രീവേഷം ലാസ്യപ്രധാനമായതുകൊണ്ട് ചെണ്ടമേളം പതിവില്ല.



**3. കത്തി** - 4189



രജോഗുണ പ്രധാനികളും അസുരന്മാരുമായ കഥാപാത്രങ്ങളാണ് കത്തി വേഷക്കാർ. അകവശം ചുവന്ന് വെള്ള അരികോടുകൂടി മേൽമീശയുടെ ആകൃതിയിൽ വാൾത്തല പൂപോലെ വരച്ച് തേയ്ക്കുന്നതുകൊണ്ടാണ് ഈ വേഷത്തിന് കത്തി എന്നു പറയുന്നത്. നെടുംകത്തി എന്നും, കുറുംകുത്തി എന്നും കത്തിവേഷങ്ങൾ രണ്ട് വിഭാഗമുണ്ട്. രാവണൻ. കീചകൻ, ദുര്യോധനൻ തുടങ്ങിയവരെല്ലാം കത്തിവേഷത്തിൽപ്പെടുന്നു.



**4. കരി**

ക്രൂര സ്വഭാവക്കാരായ കഥാപാത്രങ്ങളാണ് കരിവേഷക്കാർ. മുഖത്തെ തേപ്പും, ആടകളും കറുപ്പ് നിറത്തിലുള്ളതായിരിക്കും. ആൺ കരിയും പെൺകരിയുമുണ്ട്. സിംഹിക, ശൂർപ്പണഖ, പൂതന തുടങ്ങയിവർ പെൺകരിയും കാട്ടാളൻ ആൺകരിയുമാണ്. ആൺകരിയുടെ മുഖത്ത് തൂവൽപോലെ കതിർപ്പുള്ള ചുട്ടിയും, മൂക്കിൻ പൂവും, കറുത്ത കൃത്രിമ താടിയും ഉണ്ടാകും. കുപ്പായവും, ഉടുത്തുകെട്ടുമെല്ലാം കറുത്തതായിരിക്കും. പെൺകരിയുടെ മുഖത്തെ കറുപ്പിൽ വെളുത്തപുള്ളികൾ കുത്തിയിട്ടുണ്ടാവും.

**5. താടി**

കനത്തിലും വീതിയിലുമുള്ള കൃത്രിമ താടി വെച്ചു കെട്ടുന്ന വേഷങ്ങൾക്കാണ് താടി എന്ന്പറയുന്നത്. ചുവന്നതാടി, വെളുത്തതാടി, കറുത്തതാടി, എന്നിങ്ങനെ മൂന്നുതരമുണ്ട്. ദുശ്ശാസനൻ, ബകൻ, ജരാസന്ധൻ, ബാലിസുഗ്രീവന്മാർ തുടങ്ങിയവർ ചുവന്ന താടിക്കാരാണ്., വെള്ളത്താടി സത്വഗുണ പ്രധാനികളായിരിക്കും. ഇതിലെ പ്രധാനവേഷം ഹനുമാനാണ്. നളചരിതത്തിലെ കലി കറുത്ത താടിവേഷമാണ്.



| ക്ലാസ് : 4 | യൂണിറ്റ് 7 - മോഹിതം | മൊഡ്യൂൾ 14. | നിലാവിനോട് |
|---|---|---|---|

| | |
|---|---|
| ആമുഖം | അമ്പിളിയും നിലാവും കുട്ടികൾക്ക് ഏറെ കൗതുകം ജനിപ്പിക്കുന്ന ആകാശ വിസ്മയങ്ങളാണ്. കവികൾക്കും പ്രിയപ്പെട്ടതാണ് അമ്പിളി. നിലാവിനോട് കൗതുകക്കണ്ണുമായി നിൽക്കുന്ന കുട്ടിയുടെ അടുത്തേക്ക് വരാൻ പറയുകയാണ് കവി. |
| ആശയം | നമ്മെ വിസ്മയിപ്പിക്കുന്ന നിരവധി അനുഭവങ്ങൾ നിറഞ്ഞതാണ് ഈ പ്രകൃതിയും പ്രപഞ്ചവും.ആകാശ വിസ്മയങ്ങളിൽ ഏറെ ആകർഷകമാണ് അമ്പിളി |
| പഠനനേട്ടം | പ്രപഞ്ച വിസ്മയങ്ങൾ ആസ്വദിക്കുന്നു. അവയോട് ആദരവ് പ്രകടിപ്പിക്കുന്നു. ലഘുവിവരണങ്ങൾ തയ്യാറാക്കി ചർച്ചകളിൽ അവതരിപ്പിക്കുന്നു. |
| പ്രവർത്തനങ്ങൾ | 1. പ്രവേശകം. 2. വായന 3. കണ്ടെത്താം 4. വിശകലന ചോദ്യങ്ങൾ 5. പ്രയോഗഭംഗി 6. പദങ്ങൾ കണ്ടെത്താം 7. ചൊല്ലി രസിക്കാം 8. കടങ്കഥകൾ ശേഖരിക്കാം. 9. താരതമ്യം ചെയ്യാം 10. എഡിറ്റിംഗ് |
| വ്യവഹാര രൂപങ്ങൾ | താരതമ്യക്കുറിപ്പ്, കവിത രചന |
| പ്രതീക്ഷിത സമയം | 6 മണിക്കൂർ |
| വർക്ക് ഷീറ്റ് | 1. പ്രായോഗ ഭംഗി കണ്ടെത്താം |
| ചുമർപത്രം | ശേഖരിച്ച കടങ്കഥകൾ. സ്വന്തമായി രചിച്ച കവിതകൾ താരതമ്യക്കുറിപ്പ് |
| സർഗവേള | കവിതാലാപനം |
| സാമഗ്രികൾ | വിശകലന ചോദ്യചാർട്ട്, ടീച്ചർവേർഷൻ, വർക്ക്ഷീറ്റുകൾ, ചാർട്ട് |
| ദിനാചരണം | ഈണം, താളം എന്നിവ പാലിച്ച് ഭാവാത്മകമായി കവിത ചൊല്ലുന്നു. കവിത രചിക്കുന്നു. സമാനാശയങ്ങളുള്ള കവിതയുമായി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നു |
| സി. പി. ടി. എ | കവിത അമ്പിളിക്കവിതകൾ |

**പ്രവർത്തനം : സൂക്ഷ്മപ്രക്രിയ**

**1. പ്രവേശകം (40 മിനിട്ട്)**

അധ്യാപിക കവിതാചാർട്ട് പ്രദർശിപ്പിക്കുന്നു

അമ്പിളിയമ്മാവാ കൂമ്പിടുമെന്നേ നീ
അമ്പൊടുനോക്കാതെ വമ്പൊടു പോകുന്നോ?

കവിത വ്യക്തിഗതമായി ചൊല്ലുന്നു. തുടർന്ന് അധ്യാപിക ഈ പാട്ട് കേൾപ്പിക്കുന്നു. (നാഴിയുരി പ്പാലുകൊണ്ട്.........) നാഴിയുരിപ്പാലുകൊണ്ട് എന്ന് വിശേഷിപ്പിക്കുന്നത് ഏതിനെയാണ്? മാനത്തു ള്ള തുമ്പച്ചെടികൾ എന്താണ്?
ഇതുപോലെ എത്രയെത്ര വിസ്മയങ്ങളാണ് നമുക്ക് ചുറ്റുമുള്ളത്. പറഞ്ഞ് നോക്കൂ
പ്രതികരണം ബോർഡിൽ കുറിക്കുന്നു. ചർച്ച ക്രോഡീകരണം
(ഈ പ്രപഞ്ചം അനേകം അത്ഭുതങ്ങൾ നിറഞ്ഞതാണ്. വിസ്മയിപ്പിക്കുന്ന ഒട്ടേറെ സംഭവങ്ങളും കാഴ്ചകളും നമ്മുടെ പ്രപഞ്ചത്തിലുണ്ട് )

**2. വായന (60 മിനിട്ട്)**

അമ്പിളിയമ്മാവാ താമരക്കുമ്പിളിലെന്തുണ്ട്?........ഈ പാട്ട് കേൾപ്പിക്കുന്നു. ചർച്ച, അഭിപ്രായങ്ങൾ
പൂർണ്ണചന്ദ്രൻ ആകാശത്ത് പുഞ്ചിരി തൂകി നിൽക്കുന്നു. എങ്ങും നിലാവ് പരന്നിട്ടുണ്ട്. നിങ്ങളുടെ പ്രായത്തിലുള്ള ഒരു കുട്ടി മുറ്റത്തിറങ്ങി നിൽക്കു ന്നു. അമ്പിളിയമ്മാമനോട് ആ കുട്ടി എന്തൊക്കെയായിരിക്കും ചോദി ക്കുക? കുട്ടികളുടെ പ്രതികരണം അധ്യാപിക ബോർഡിൽ രേഖപ്പെടു ത്തുന്നു. നിലാവിനോട് എന്ന കവിതയിൽ ഇതുപോലെ ഒരു കുട്ടി നിലാവിനോട് കുറെ കാര്യങ്ങൾ പറയുന്നുണ്ട്. നിങ്ങൾ പറഞ്ഞതു തന്നെയാണോ അവളും പറയുന്നത്? ഒന്നു നോക്കൂ. വ്യക്തിഗത വായന
എന്തൊക്കെയാണ് കുട്ടി അമ്പിളി അമ്മാവനോട് പറയുന്നത്?
ഏതാനും പേർ പറയുന്നു.



എല്ലാവർക്കും പറയാൻ കഴിയുന്നുണ്ടോ? എല്ലാവരും പറയേണ്ടേ? എന്തുകൊണ്ടാണ് എല്ലാവർക്കും പറയാൻ കഴിയാത്തത്? വീണ്ടും വായിക്കാൻ അവസരം വായിക്കുമ്പോൾ മനസ്സിലാവയവ (✓) മന സ്സിലാകാത്തവ (X) എന്നീ അടയാളങ്ങൾ കൊണ്ടും ഇഷ്ടപ്പെട്ടവ അടിവരയിട്ടും അടയാളപ്പെടുത്താൻ നിർദ്ദേശം നൽകുന്നു.
ഗ്രൂപ്പിൽ പങ്കുവെക്കുന്നു. ക്രോഡീകരിക്കുന്നു. തുടർന്ന് ഓരോ ഗ്രൂപ്പും ഇഷ്ടപ്പെട്ടത്, അറിയുന്നത്. അറിയാത്തത് എന്നിവ അവത രിപ്പിക്കുന്നു. മറ്റ് ഗ്രൂപ്പുകൾ പ്രതികരിക്കുന്നു. ടീച്ചർ ക്രോഡീകരി ക്കുന്നു



**3. കണ്ടെത്താം (30 മിനിറ്റ്)**

ആരുടെ മുന്നിലേക്ക് വരാനാണ് നിലാവിനോട് ആവശ്യപ്പെട്ടത്?
പൈതൽ എപ്രകാരമാണ് നിലാവിനെ വിളിക്കുന്നത്? പാരിലേക്ക് കളിക്കാൻ വന്നാൽ എന്തെല്ലാം നൽകാമെന്നാണ് കുട്ടി പറയുന്നത്?
കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തുന്നു. ഗ്രൂപ്പിൽ ക്രോഡീകരിക്കു ന്നു. ഗ്രൂപ്പ് അവതരണം ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരു ത്തുന്നു. മാതൃകാ വായന (ടീച്ചറുടെ വിശദീകരണം )

**4. വിശകലന ചോദ്യങ്ങൾ (40 മിനിറ്റ്)**

ചോദ്യചാർട്ട് പ്രദർശിപ്പിക്കുന്നു. നിലാവിനോട് എന്ന കവിതയിൽ നിങ്ങൾക്കിഷ്ടപ്പെട്ട വരികൾ ഏതാണ്? എന്തുകൊണ്ട്? തുമ്പപ്പൂവിനേക്കാൾ വെൺമയുണ്ട് നിലാ വിന് എന്നുപറയുന്ന വരികൾ ഏതാണ്? ' കൊണ്ടൽ ആന' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?
ഉത്തരങ്ങൾ കുട്ടികൾ നോട്ടുബുക്കിൽ വ്യക്തിഗതമായി കുറിക്കുന്നു. ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു പൊതു അവതരണം
ഓരോ ചോദ്യവും ഉത്തരവും ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. ഏറ്റവും ഉചിതമായ ഉത്തരം ക്രോഡീകരിക്കുന്നു.

**5. പ്രായോഗ ഭംഗി (30 മിനിട്ട്)**

വർക്ക് ഷീറ്റ് 4122 വിതരണം ചെയ്യുന്നു. വ്യക്തിഗതമായി ചെയ്യുന്നു. ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നു. പൊതു അവതരണം, ടീച്ചർ കൂട്ടിച്ചേർക്കുന്നു

**6. ചൊല്ലി രസിക്കാം കവിത രചിക്കാം ( 80 മിനിറ്റ്)**

പന്തളം കേരള വർമ്മ, ഉള്ളൂർ, കുമാരനാശാൻ എന്നിവരുടെ കവിതകൾ അധ്യാപിക ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. കുട്ടികൾ സ്വന്തമായി ഈണം കണ്ടെത്തുന്നു. വ്യക്തിഗത അവതര ണവും ഗ്രൂപ്പ് അവതരണവും തുടർന്ന് ഒരു അമ്പിളിക്കവിത എഴുതി നോക്കൂ വ്യക്തിഗത രചന

ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ പൊതു അവതരണം

**7. എഡിറ്റിംഗ് (30 മിനിറ്റ് )**

**ആശയം**

നൽകിയിട്ടുള്ള ആശയത്തിൽ തന്നെയല്ലേ കവിത രചിച്ചത്? മെച്ചപ്പെടുത്തേണ്ടതുണ്ടോ?

**വാക്യഘടന**

പദങ്ങൾ ഏതെങ്കിലും അനാവശ്യമായി ആവർത്തിച്ചോ? പദങ്ങൾ ക്രമം തെറ്റി പ്രയോഗിച്ചോ? പദങ്ങൾ വിട്ടുപോയോ?

**അക്ഷരം**



അക്ഷരങ്ങൾ തെറ്റായി രേഖപ്പെടുത്തിയോ? ചിഹ്നങ്ങൾ, അക്ഷരങ്ങൾ, വിട്ടുപോയോ?

**വ്യവഹാര രൂപം**

ആശയ സമഗ്രതയുണ്ടോ? പദങ്ങളുടെ തിരഞ്ഞെടുപ്പ് അനുയോജ്യമാണോ?

പ്രയോഗങ്ങൾ അനുയോജ്യമാണോ? ഭാവനാംശം ഉണ്ടോ? ഗ്രൂപ്പുകൾ രചനകൾ കൈമാറി എഡിറ്റ് ചെയ്യുന്നു. മാറ്റങ്ങൾ ഉൾപ്പെടുത്തി രചന മെച്ചപ്പെടുത്തുന്നു വ്യക്തിഗതം മെച്ചപ്പെടുത്തി നോട്ടുബുക്കിൽ എഴുതുന്നു.

**8. കടംകഥാ ശേഖരണം മത്സരം**

കുട്ടികളെ രണ്ട് ഗ്രൂപ്പ് ആക്കുന്നു. അവൻ ശേഖരിച്ച കടംകഥകൾ പരസ്പരം ചോദിക്കുന്നു. പോയിന്റുകൾ രേഖപ്പെടുത്തുന്നു. വിജയിച്ച ടീമിനെ കണ്ടെത്തുന്നു.

**9. താരതമ്യം ചെയ്യാം (80 മിനിറ്റ്)**



അമ്പിളി ചിരിക്കും മാനത്ത് തുമ്പ ചിരിക്കും താഴത്ത്

-ഒ.എൻ.വി കുറുപ്പ്

ഈ വരികളിലെ ആശയവും 'തുമ്പപ്പൂ കണ്ടിട്ടു തുല്ലു ചൊല്ലും തൂവാലയിങ്ങു കൊടുത്തയ്ക്കും' എന്ന വരികളിലെ ആശയവും താരതമ്യപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക

ആദ്യത്തെ വരികളിൽ എന്താണ് പറഞ്ഞിട്ടുള്ളത്? രണ്ടാമത്തേതിലോ? കുട്ടികൾ പ്രതികരിക്കുന്നു. രണ്ടിലേയും ആശയങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കിനോക്കൂ. വ്യക്തിഗതരചന, ഗ്രൂപ്പിൽ അവതരണം, ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ, പൊതു അവതരണം

**10. എഡിറ്റിംഗ് ( 30 മിനിറ്റ് )**

**ആശയം**

ആശയം വിട്ടുപോയിട്ടുണ്ടോ? നൽകിയിട്ടുള്ള ആശയത്തിൽ തന്നെയാണോ കുറിപ്പ് തയ്യാറാക്കിയത്?

മെച്ചപ്പെടുത്തേണ്ടതുണ്ടോ?

**വാക്യഘടന**

പദങ്ങൾ അനാവശ്യമായി ആവർത്തിച്ചോ? പദങ്ങൾ ക്രമം തെറ്റി പ്രയോഗിച്ചോ? പദങ്ങൾ വിട്ടുപോയോ?

**അക്ഷരം**

അക്ഷരങ്ങൾ തെറ്റായി രേഖപ്പെടുത്തിയോ? ചിഹ്നങ്ങൾ അക്ഷരങ്ങൾ വിട്ടുപോയോ?

**വ്യവഹാര രൂപം**

ആശയ സമഗ്രതയുണ്ടോ? പ്രയോഗങ്ങൾ അനുയോജ്യമാണോ?

വ്യവഹാര രൂപത്തിന്റെ ഘടന പാലിച്ചോ? ഗ്രൂപ്പുകൾ രചനകൾ കൈമാറി എഡിറ്റ് ചെയ്യുന്നു. മാറ്റങ്ങൾ ഉൾപ്പെടുത്തി രചന മെച്ചപ്പെടുത്തുന്നു വ്യക്തിഗതം മെച്ചപ്പെടുത്തി നോട്ടുബുക്കിൽ എഴുതുന്നു.

# PENCIL

Process Ensuring for Natural Classroom Interaction and Learning

എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വർക്ക്ഷീറ്റ്-4122

| ക്ലാസ് : 4 | യൂണിറ്റ് 7 – മോഹിതം | മൊഡ്യൂൾ 14. | നിലാവിനോട് |
|---|---|---|---|



| വരികൾ | പ്രായോഗ ഭംഗി വിശദീകരണം |
|---|---|
| അമ്പിളിത്തേർ വിട്ടിറങ്ങിവാ നീ<br>അക്കൊണ്ടൽ ആനമേൽ ഏറിവാ നീ | |
| തുമ്പപ്പൂ കണ്ടിട്ടു തുല്ലു ചൊല്ലും<br>തൂവാലയിങ്ങു കൊടുത്തയക്കും | |
| വിണ്ണിൽ നിന്നമ്പിളിക്കൊച്ചമ്മാമൻ<br>കണ്ണാടിയൊന്നു കൊടുത്തയക്കും. | |



| ക്ലാസ് : 4 | യൂണിറ്റ് 7 - മോഹിതം | മൊഡ്യൂൾ 14. | നിലാവിനോട് |
|---|---|---|---|

# മാമനെ കാണാൻ



അമ്പിളിമാമാ അമ്പിളിമാമാ
എന്നോടെന്തിനൊളിച്ചു കളി
നിന്നെക്കാണാൻ ഇവിടുന്നങ്ങോ-
ട്ടൊത്തിരി പേരു വരുന്നുണ്ടേ
എന്നും മാമുണ്ണുമ്പോൾ മാമൻ
എന്നെ നോക്കി ചിരിച്ചില്ലേ?
മാമനെ നോക്കി നടന്നിട്ടെന്റെ
കാലുകൾ രണ്ടു കുഴച്ചില്ലേ?
അന്നേ തോന്നിയതാണേ മാമനെ
അങ്ങനെ വിട്ടാൽ പറ്റില്ല?!
മാമൻ കയ്യുപിടിച്ചിട്ടിനി
ഒത്തിരി കാര്യം പറയേണം
ചാന്ദ്രയാനെന്നൊരു തേരുകേറി
ഞങ്ങളുമെത്തും നിൻ നാട്ടിൽ
മാനത്തുള്ളൊരു തിരുമുറ്റത്ത്
പുത്തൻ മാളിക തീർക്കും ഞാൻ
കുളിരോലുന്ന നിലാവിൽ മയങ്ങീ-
ട്ടെന്നും രാത്രിയുറങ്ങും ഞാൻ
കൂട്ടുരുമൊത്താ മുറ്റത്തങ്ങനെ
ക്രിക്കറ്റൊന്നു കളിക്കും ഞാൻ



# ഓടയിൽ നിന്ന്....

അമ്മേ ! അമ്മേ ! അമ്മേ ! നമ്മുടെ
അമ്പിളിയമ്മാവൻ എപ്പൊവരും?
അമ്മിണിത്താരകൾ കുഞ്ഞിന്റെ കുടെ
അത്താഴമുണ്ണനെപ്പവരും?
(അമ്മേ)

ഇന്നലെ രാത്രിയിൽ കണ്ടില്ല
ഇന്നു വെളുപ്പിനും കണ്ടില്ല
ചന്ദനക്കിണ്ണവും
വെണ്ണനെയ്ച്ചോറുമായ്
വന്നു വിളിച്ചില്ല...അമ്മാവൻ
വന്നുവിളിച്ചില്ല
അമ്പലപ്പാവയും വേണ്ടല്ലോ
കമ്പിളിത്തൊപ്പിയും വേണ്ടല്ലോ
പഞ്ചാരയുമ്മയും പുഞ്ചിരിപ്പൂവുമായ്
എന്നെ വിളിക്കൂലേ..... അമ്മാവൻ
എന്നെ വിളിക്കൂലേ.


**-വയലാർ**

## അമ്പിളിയമ്മാവാ താമര കുമ്പിളിലെന്തുണ്ട്?



അമ്പിളിയമ്മാവാ-
താമര കുമ്പിളിലെന്തുണ്ട്
കുമ്പിട്ടിരിപ്പാണോ -
മാനത്തെ കൊമ്പനാനപ്പുറത്ത്?
താമരക്കുമ്പിളുമായ് -
അമ്മാവൻ താഴോട്ട് പോരാമോ
പാവങ്ങളാണേലും ഞങ്ങള്
പായസച്ചോറു തരാം
പായസച്ചോറുണ്ടാൽ ഞങ്ങള്
പാടിയുറക്കുമല്ലോ
പാലമരത്തണലിൽ തൂമലർ
പായവിരിക്കുമല്ലോ
അമ്പിളിയമ്മാവാ
താമരക്കുമ്പിളിലെന്തുണ്ട്?
പേടമാൻ കുഞ്ഞില്ലേ മടിയില്
പേടിച്ചിരിപ്പാണോ?
അപ്പൂപ്പൻ താടിപോലെ നരച്ചൊരു
തൊപ്പിയുള്ളമ്മാവാ
താഴോട്ടു പോരുമ്പോൾ എനിക്കൊരു
കാരിയം കൊണ്ടെരുമോ
മാനത്തെ മാളികയിൽ ഇരിക്കണ
നാണം കുണുങ്ങിയില്ലേ?
അപ്പെണ്ണിൻ കൈയിൽ നിന്നും
എനിക്കൊരു കുപ്പി വളതരുമോ?

**ഒ.എൻ.വി.**



## അമ്പിളിയും തുമ്പയും

അമ്പിളി മാനത്തു ചിരിക്കുന്നതുപോലെ തുമ്പപ്പൂ താഴത്ത് ചിരിച്ചു നിൽക്കുന്നുവെന്ന് ആദ്യത്തെ വരികളിൽ കാണുന്നു. എന്നാൽ രണ്ടാമത്തെ വരികളിൽ തുമ്പപ്പൂവിനേക്കാൾ വെൺമയുണ്ട് നിലാവിന് എന്നാണ് കവി പറയുന്നത്. ഒ.എൻ.വി കുറുപ്പിന്റെ കവിതയിൽ തുമ്പപ്പൂവും അമ്പിളിയുടെ ചിരിയും (നിലാവ് )ഒരു പോലെ വെൺമയുള്ളതാണ്. രണ്ടിന്റെയും ചിരി കവിക്ക് ഒരു പോലെ അനുഭവപ്പെട്ടു. അവ നിൽക്കുന്ന ഇടത്തിന് മാത്രമേ വ്യത്യാസം കാണുന്നുള്ളു. എങ്കിലും അമ്പിളിയോളം പ്രാധാന്യം കവി തുമ്പപ്പൂവിനും നൽകുന്നുണ്ട്. പണ്ഡിറ്റ് കെ.പി. കറുപ്പന്റെ കവിതയിൽ നിലാവിന് തന്നെയാണ് പ്രാധാന്യം. വിണ്ണിൽ നിന്ന് അമ്പിളിയമ്മാവൻ തുമ്പപ്പൂവിനേക്കാൾ വെൺമയുള്ള നിലാവാകുന്ന തൂവാല കൊടുത്തയക്കും എന്നാണ് കവി പറയുന്നത്.



**PENCIL**

**Process Ensuring for Natural Classroom Interaction and Learning**

**എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ**

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, പാഠാസൂത്രണരേഖ (കരട്)

| ക്ലാസ് : 4 | യൂണിറ്റ് 7 - മോഹിതം | മൊഡ്യൂൾ 15. | കുത്തബ്ബ്മിനാർ |
|---|---|---|---|

| | |
|---|---|
| **ആമുഖം** | മലയാളത്തിലെ പ്രമുഖ കഥാകാരനും നോവലിസ്റ്റും സഞ്ചാസ സാഹിത്യകാരനുമായ എസ്.കെ. പൊറ്റക്കാട് കുത്തബ്ബ്മിനാർ സന്ദർശിച്ചതിന്റെ സ്മരണകളാണ് 'യാത്രാസ്മരണകൾ' എന്ന കൃതിയിൽനിന്നെടുത്ത 'കുത്തബ്ബ്മിനാർ' എന്ന പാഠഭാഗം. മനുഷ്യനിർമ്മിതങ്ങളായ വിസ്മയങ്ങൾക്കു മുന്നിൽ അത്ഭുതാദരങ്ങളോടെ നിൽക്കാനും അവയോട് സർഗ്ഗാത്മകവും ഭാവനാത്മകവുമായി പ്രതികരിക്കാനും യാത്രാനുഭവങ്ങൾ വായിക്കാനും യാത്രകളോട് താല്പര്യമുണ്ടാവാനും ഈ പാഠഭാഗം സഹായിക്കും. |
| **ആശയം** | നമുക്കുചുറ്റുമുള്ള വിസ്മയം നിറഞ്ഞ അനുഭവങ്ങളെ അടുത്തറിയുന്നതിനു യാത്രകൾ സഹായകമാകുന്നു. ഇന്ത്യയിലെ ചരിത്ര പ്രസിദ്ധമായ സ്മാരകമാണ് കുത്തബ്ബ്മിനാർ.<br>അനുയോജ്യമായ പ്രയോഗ വിശേഷങ്ങളിലൂടെയും വർണ്ണനകളിലൂടെയും ജന ജീവിതം, പ്രകൃതിദൃശ്യങ്ങൾ എന്നിവയെക്കുറിച്ച് നേരനുഭവം ജനിപ്പിക്കുന്ന രചനകളാണ് യാത്രാവിവരണങ്ങൾ. |
| **പഠനനേട്ടം** | ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ചരിത്രസ്മാരകമായ കുത്തബ്ബ്മിനാറിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് രചനകൾ നിർവ്വഹിക്കുന്നു. യാത്രാ വിവരണങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>രചനകളിൽ ഉചിതമായ ചിഹ്നങ്ങൾ ചേർക്കുന്നു. പ്രകൃതി ദൃശ്യങ്ങൾ മുഴുക്കാഴ്ചകൾ എന്നിവ വർണ്ണിച്ചെഴുതുന്നു. |
| **വ്യവഹാരരൂപം** | അനുഭവവിവരണം, യാത്രാ വിവരണം, ചിഹ്നം ചേർക്കൽ |
| **സാമഗ്രികൾ** | ടീച്ചർ വേർഷൻ, അനുഭവവിവരണം |
| **സമയം** | 6 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1. വായനയിലേക്ക്, 2. ആശയഗ്രഹണ ചോദ്യങ്ങൾ, 3. വിശകലന ചോദ്യങ്ങൾ, 4. ഭാവാത്മകവായന, 5. ചിഹ്നം ചേർത്തെഴുതാം. 6. വിശേഷിപ്പിക്കാം, 7. അനുഭവവിവരണം, 8. എഡിറ്റിംഗ്, 9. പ്രയോഗഭംഗി, 10. യാത്രക്ക് മുമ്പ്, 11. യാത്രാവിവരണം തയ്യാറാക്കൽ, 12. എഡിറ്റിംഗ്, 13. പദങ്ങൾ കണ്ടെത്താം. |
| **വർക്ക്ഷീറ്റ്** | പ്രയോഗഭംഗി |
| **വായനാസാമഗ്രി** | പ്രകൃതി ദൃശ്യങ്ങൾ അത്ഭുതഗുഹയിലൂടെ വർണന, (നാലാംക്ലാസ്സിലെ കഴിഞ്ഞ വർഷത്തിലെ മഞ്ഞിന്റെ താഴ്വരയിലുടെ എന്ന വായനാസാമഗ്രി), യാത്രാവിവരണം, |
| **ഉല്പന്നങ്ങൾ** | പ്രകൃതി ദൃശ്യങ്ങൾ, അനുഭവവിവരണം, യാത്രാവിവരണം |
| **സർഗ്ഗവേള** | യാത്രാവിവരണം അവതരണം |
| **ചുമർപത്രം** | അനുഭവവിവരഭണം, യാത്രാവിവരണം |
| **ദിനാചരണം** | |
| **സി.പി.ടി.എ.** | വ്യവഹാര രൂപങ്ങൾ (ഉല്പന്നങ്ങൾ), പ്രദർശനം, യാത്രാവിവരണം അവതരണം, സി.പി.ടി.എയിൽ ചർച്ച ചെയ്യുക. |

**പ്രവർത്തനങ്ങൾ - സൂക്ഷ്മ പ്രക്രിയ**

**1. വായനയിലേക്ക് (60 മിനിറ്റ്)**

ആൾപ്പാർപ്പില്ലാത്ത കുടിലിന്റെ മുറ്റത്തു മഴക്കാലത്തു നിറയെ ഞാഞ്ഞൂൽ പുറ്റുകൾ പൊന്തിനിൽക്കുന്ന് നിങ്ങൾ കണ്ടിരിക്കുമല്ലോ ആ പുറ്റുകൾ തവിട്ടു നിറത്തിലല്ല, പച്ചനിറത്തിലാണെന്നു സങ്കല്പിക്കുക. ഏകദേശം അതുപോലുള്ളൊരു കാഴ്ചയാണ് മിനാറിന്റെ മുകളിൽ നിന്നു നാം കാണുക. ആളുകൾ ചെറുപ്രാണികളാണെന്നേ തോന്നൂ. അകലെ വെയിലിൽ, വെള്ളിയരഞ്ഞാൺ പോലെ വെട്ടിത്തിളങ്ങുന്നത് യമുനാ നദിയാണ്.

ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള ഗോപുരത്തിൽ നിന്നുള്ള കാഴ്ചയാണിത്. ഏതാണ് ഈ ഗോപുരം? ആരാണിത് നിർമ്മിച്ചത്? എവിടെയാണ് സ്ഥിതി ചെയ്യുന്നത്? കുട്ടികൾ വ്യക്തിഗതമായി അഭിപ്രായം പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു.

യഥാർത്ഥത്തിൽ ഈ ഗോപുരം സ്ഥിതി ചെയ്യുന്നത് എവിടെയാണെന്ന് എങ്ങനെ അറിയാം? - പാഠപുസ്തകവായനയിലേക്ക് വ്യക്തിഗതമായി വായിക്കുന്നു. (10 മിനിട്ട്)

കണ്ടെത്തൽ കുട്ടികൾ പറയുന്നു. പിന്നോക്കക്കാർക്ക് ആദ്യം അവസരം നൽകുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. നേരത്തെ പറഞ്ഞ അഭിപ്രായവുമായി തട്ടിച്ചു നോക്കുന്നു. എല്ലാവർക്കും വായിച്ചു മനസ്സിലാക്കാൻ കഴിഞ്ഞോ? എന്തുകൊണ്ടാണ് കഴിയാതെ വന്നത്? (അർത്ഥമറിയില്ല, ആശയം മനസ്സിലായില്ല.) എല്ലാവർക്കും മനസ്സിലാക്കേണ്ടേ? എങ്ങനെ മനസ്സിലാക്കാം?

വീണ്ടും വായന അറിയുന്നത് (✓) അറിയാത്തത് (✗) ഇഷ്ടപ്പെട്ടത് (-) അടയാളപ്പെടുത്തുന്നു.

മൂന്നംഗ ഗ്രൂപ്പിൽ ഇഷ്ടപ്പെട്ടത്, അറിയുന്നത്, അറിയാത്തത് അവതരിപ്പിക്കുന്നു. തുടർന്ന് ഗ്രൂപ്പുകളുടെ അവതരണം. മറ്റുഗ്രൂപ്പുകൾ പ്രതികരിക്കുന്നു. ടീച്ചർ ഇടപെട്ട് മെച്ചപ്പെടുത്തുന്നു. അറിയാത്ത പദങ്ങളുടെ അർത്ഥം നോട്ടുബുക്കിൽ എഴുതുന്നു. എല്ലാവരും എഴുതി എന്ന് ടീച്ചർ ഉറപ്പാക്കുന്നു.

ഈ പാഠഭാഗവുമായി ബന്ധപ്പെട്ട എല്ലാ പദങ്ങളുടേയും അർത്ഥം എല്ലാവർക്കും അറിയും എന്ന് ടീച്ചർ ഉറപ്പാക്കുന്നു.

**പ്രതികരണ പേജിലേക്ക്**

എല്ലാവർക്കും വായിക്കാൻ കഴിഞ്ഞുവോ? വായനയിൽ പ്രയാസം നേരിട്ടവരുണ്ടോ? വ്യക്തിഗതമായും ഗ്രൂപ്പിലും സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിയുന്നുണ്ടോ?

**2. ആശയഗ്രഹണ ചോദ്യങ്ങൾ (40 മിനിട്ട്)**

യാത്രാവിവരണം കുട്ടികൾക്ക് മനസ്സിലായോ എന്നറിയാൻ ടീച്ചർ ചോദ്യചാർട്ട് പ്രദർശിപ്പിക്കുന്നു. കുട്ടികൾ നോട്ട് ബുക്കിൽ ചോദ്യവും ഉത്തരവും എഴുതുന്നു. കുത്തബ്ബ് മിനാറിന്റെ മുകളിൽ നിന്നുമുള്ള സ്വപ്നതുല്യമായ കാഴ്ചകൾ എന്തൊക്കെയാണ്? കുത്തബ്ബ് മിനാറിന്റെ മുകളിലേക്ക് കയറുന്തോറും അനുഭവിക്കേണ്ടി വരുന്ന പ്രയാസങ്ങൾ എന്തെല്ലാം?

വ്യക്തിഗതമായി എഴുതുന്നു. ഗ്രൂപ്പിൽ വായിച്ചവതരണം പൊതു അവതരണം ടീച്ചറുടെ ക്രോഡീകരണം.

**പ്രതികരണ പേജിലേക്ക്**

വായിച്ച് ആശയം മനസ്സിലാക്കുന്നതിൽ പുരോഗതിയുണ്ടോ? ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതുവാൻ കഴിഞ്ഞുവോ?

**3. വിശകലന ചോദ്യങ്ങൾ (40 മിനിട്ട്)**

1. കുത്തബ്ബ് മിനാറിന്റെ മുകളിൽ നിന്നുള്ള കാഴ്ച എസ്.കെ. പൊറ്റക്കാട് വർണ്ണിക്കുന്നുണ്ട്. അതിൽ ചുറ്റുപാടുമുള്ള കുട്ടികൾ, ആളുകൾ, രാജപാത, യമുനാനദി, വൈസ്രോയി മന്ദിരം എന്നിവ എങ്ങനെയാണ് അദ്ദേഹത്തിന് അനുഭവപ്പെട്ടത്? വർണ്ണനയുടെ ഭംഗി വിശദമാക്കുക.
2. ദൽഹിയിൽ നിന്നും കുറച്ച് ദൂരം യാത്ര ചെയ്യുമ്പോൾ തന്നെ കുത്തബ്ബ്മിനാറിന്റെ മുകൾഭാഗം കാണാം. കുത്തബ്ബ് മിനാറിൽ വിശാലമായ പൂന്തോട്ടമുണ്ട്. അവിടെ ജലധാരകൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. തുടങ്ങിയ ആശയങ്ങൾ എങ്ങനെ അവതരിപ്പിച്ചിരിക്കുന്നു. അതിന്റെ പ്രത്യേകത എന്തെല്ലാം?
3. കുത്തബ്ബ് മിനാർ സന്ദർശിക്കാൻ വരുന്ന ഒരാൾ ഏറ്റവും ഉയരം കൂടിയ ഒരു ഗോപുരം സന്ദർശിക്കുക മാത്രമല്ല ചെയ്യുന്നത്. ലേഖകൻ ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത്?

ടീച്ചർ ചോദ്യ ചാർട്ട് പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു. ചോദ്യം എല്ലാവർക്കും മനസ്സിലായി എന്ന് ഉറപ്പാക്കുന്നു. കുട്ടികൾ കണ്ടെത്തൽ, അവതരണം - ചർച്ച - പൊതു അവതരണം - ടീച്ചറുടെ ക്രോഡീകരണം.

**4. ഭാവാത്മക വായന (40 മിനിട്ട്)** മൂന്ന് നാല് കുട്ടികൾ പാഠത്തിന്റെ ആദ്യഭാഗം പൊതുവായി വായിക്കുന്നു. ഏതാണ് മികച്ചത്. എന്തുകൊണ്ട്?

ചർച്ച - വായന സൂചകങ്ങൾ രൂപപ്പെടുത്തുന്നു. 3 അംഗ ഗ്രൂപ്പിൽ ഓരോരുത്തരും ഭാവാത്മകമായി വായിക്കുന്നു. മറ്റു രണ്ടുപേർ സൂചകം വെച്ച് വിലയിരുത്തുന്നു. ക്ലാസ്സിൽ മികച്ചവരുടെ വായന * ടീച്ചറുടെ ഭാവാത്മക വായന കുട്ടികൾ വിലയിരുത്തുന്നു. തുടർന്ന് പിയർ ഗ്രൂപ്പിൽ വായന പരസ്പരം വിലയിരുത്തണം.

**പ്രതികരണ പേജിലേക്ക്**

വായന ഭാവാത്മകമായിരുന്നോ? വായനയിൽ എല്ലാവരും പങ്കെടുത്തുവോ?

**5. ചിഹ്നം ചേർത്തെഴുതാം (30 മിനിട്ട്)**

പാഠഭാഗത്തിലെ ആദ്യഖണ്ഡിക എല്ലാ ചിഹ്നങ്ങളും മാറ്റിയ ശേഷം ചാർട്ടിൽ എഴുതിയത് പ്രദർശിപ്പിക്കുന്നു. കുട്ടികളോട് ചാർട്ട് വായിക്കാൻ ആവശ്യപ്പെടുന്നു. വ്യക്തിഗതവായന. എന്തെങ്കിലും പ്രത്യേകത കാണുന്നുണ്ടോ? ചിഹ്നങ്ങളുടെ അഭാവം തിരിച്ചറിയുന്നു.

സാധാരണ ഉപയോഗത്തിലുള്ള ചിഹ്നങ്ങൾ കുട്ടികൾ പറയുന്നു. അടയാളങ്ങൾ ബോർഡിൽ എഴുതുന്നു. 2. ഗ്രൂപ്പായി കുട്ടികളെ തിരിച്ച് കളിയായും ഈ പ്രവർത്തനം ചെയ്യാവുന്നതാണ്. കൂടുതൽ ശരിയാക്കുന്ന ടീമായിരിക്കും വിജയിക്കുക. പാഠപുസ്തകത്തിലെ പേജ് 112 ലെ ചിഹ്നം ചേർക്കാനുള്ള പ്രവർത്തനം വ്യക്തിഗതമായി ചെയ്യുന്നു. * *ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ, *ഗ്രൂപ്പിന്റെ അവതരണം - ചർച്ച - മെച്ചപ്പെടുത്തൽ * ടീച്ചറുടെ അവതരണം * ടീച്ചർ വേർഷനുമായി താരതമ്യം - ചർച്ച.

**6. വിശേഷിപ്പിക്കാം (20 മിനിട്ട്)**

വിശേഷണ പദങ്ങൾ ചേർത്തുള്ള വാക്കുകൾ എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. വിശേഷണ പദങ്ങൾ അടിവരയിട്ട് സൂചിപ്പിക്കണം? എന്താണ് ഇവിടെ ഉദ്ദേശിക്കുന്നത്?

അടിവരയിട്ട പദങ്ങൾ പിന്നീട് വരുന്ന പദങ്ങളെ വിശേഷിപ്പിക്കുന്നു. രണ്ടാമത്തെ പദത്തിന്റെ പ്രത്യേകതയാണ് ഇവിടെ വ്യക്തമാക്കുന്നത്. തുടർന്ന് വിശേഷണ പദങ്ങൾ ചേർന്നു വരുന്ന വാക്കുകൾ പാഠഭാഗത്തുനിന്നും കണ്ടെത്തി പറയുന്നു.

പാഠപുസ്തകത്തിലെ 114 ലെ പ്രവർത്തനം വ്യക്തിഗതമായി ചെയ്യുന്നു. ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു. ഗ്രൂപ്പിന്റെ അവതരണം - ചർച്ച - മെച്ചപ്പെടുത്തൽ * ടീച്ചറുടെ അവതരണം മെച്ചപ്പെടുത്തൽ

**7. അനുഭവ വിവരണം (45 മിനിട്ട്)**

ഈ വിവരണത്തിൽ നേരിൽ കാണുന്നതുപോലെ ഉള്ള അനുഭവം ഉണ്ടായ സന്ദർഭങ്ങൾ ഏതെല്ലാം? അതിന്റെ കാരണമെന്ത്? കുട്ടികൾ അവരുടെ കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.

ടീച്ചർ ക്രോഡീകരിക്കുന്നു. ഒരു സന്ദർഭത്തിലെ/ കാഴ്ചയിലെ കാണാൻ കഴിയുന്നതും കേൾക്കാൻ കഴിയുന്നതുമൊക്കെയായ കാര്യങ്ങൾ എടുത്തു എഴുതുമ്പോഴാണ് നേരിൽ കാണുന്ന തോന്നൽ ഉണ്ടാകുന്നത്. നേരിൽ കാണുന്ന തരത്തിൽ വർണ്ണിച്ച്, പുതിയ പദങ്ങൾ, ശൈലികൾ, പ്രയോഗങ്ങൾ എന്നിവ കൃത്യമായി ഉപയോഗിച്ച് ആശയങ്ങളുടെ തുടർച്ച ഉറപ്പാക്കുകയും ചെയ്യുമ്പോഴാണ് ഒരു വിവരണം മികച്ചതാകുന്നത്. ഇതുപോലെ നല്ല കാഴ്ചയുടെ/ തന്റെ ഓർമ്മയിലുള്ള സ്വപ്നതുല്യമായ ഒരു കാഴ്ചയുടെ അനുഭവം നിങ്ങൾക്കും ഉണ്ടാവില്ലേ? എങ്കിൽ ശക്തമായ ഭാഷയിൽ ഒരു അനുഭവ വിവരണം തയ്യാറാക്കൂ. (15 മിനിട്ട്) കുട്ടികൾ വ്യക്തിഗതമായി തയ്യാറാക്കുന്നു. ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നു. ഗ്രൂപ്പിന്റെ അവതരണം - ചർച്ച - വിവരണത്തിന്റെ സൂചകങ്ങൾ വെച്ച് ഓരോ ഗ്രൂപ്പിന്റെ രചനയേയും വിലയിരുത്തുന്നു. ടീച്ചർ വേർഷൻ അവതരണം.

**പ്രതികരണ പേജിലേക്ക്**

അനുഭവവിവരണം എഴുതുവാൻ എല്ലാവർക്കും സാധിച്ചുവോ? ഞാൻ നേരിട്ട പ്രയാസങ്ങൾ എന്തെല്ലാം? കുട്ടികൾ നേരിട്ട പ്രയാസങ്ങൾ? പരിഹരിച്ച രീതി/ എങ്ങനെ പരിഹരിച്ചു?

**8. എഡിറ്റിംഗ് (30 മിനിട്ട്)**

വിശകലനാത്മക ചോദ്യത്തിലൂടെ എഡിറ്റിംഗ് നടത്തുന്നു. ഒരു ഗ്രൂപ്പിന്റെ രചന തെരഞ്ഞെടുക്കുന്നു.

ആശയപരം, വാകൃഘടന, പദം, അക്ഷരം, വ്യവഹാര രൂപം, എന്നീ ക്രമത്തിൽ എഡിറ്റിംഗ് നടത്തുന്നു. മെച്ചപ്പെടുത്തി എഴുതുന്നു. പോർട്ട് ഫോളിയോയിലേക്ക്

**പ്രതികരണ പേജിലേക്ക്**


എഡിറ്റിംഗിൽ പങ്കാളിത്തം എത്ര മാത്രം? എഡിറ്റിംഗിൽ ഉള്ള പുരോഗതി ?

**9. പ്രയോഗഭംഗി കണ്ടെത്താം (30 മിനിട്ട്)**

പാഠഭാഗങ്ങളിൽ ലേഖകൻ തന്റെ യാത്രാനുഭവത്തിലെ സവിശേഷമായ കാഴ്ചകൾ വർണ്ണിക്കാനായി ചില പ്രയോഗങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. അവ കണ്ടെത്തി എഴുതൂ. കുട്ടികൾ വ്യക്തിഗതമായി പാഠഭാഗം വീണ്ടും വായിക്കുന്നു. കണ്ടെത്തിയ പ്രയോഗങ്ങൾ പട്ടികപ്പെടുത്തുന്നു. രണ്ടോ മൂന്നോ പേർ അവതരിപ്പിക്കുന്നു. ടീച്ചർ ക്രോഡീകരിക്കുന്നു. തുടർന്ന് പ്രയോഗഭംഗി കണ്ടെത്താം എന്ന വർക്ക്ഷീറ്റ് നൽകുന്നു. വ്യക്തിഗതമായി എഴുതുന്നു. ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു. ഓരോന്നായി എല്ലാ ഗ്രൂപ്പുകാരും അവതരിപ്പിക്കുന്നു. ചർച്ച - മെച്ചപ്പെടുത്തൽ.

**പ്രതികരണ പേജിലേക്ക്**

എല്ലാവർക്കും എഴുതുവാൻ കഴിഞ്ഞുവോ? വർക്ക്ഷീറ്റ് ഈ പ്രവർത്തനത്തിന് എത്രമാത്രം സഹായകമായി? പരിമിതികൾ തിരിച്ചറിഞ്ഞുവോ?




**10. യാത്രയ്ക്ക് മുമ്പ് (10 മിനിട്ട്)**

സ്കൂളിൽ നിന്നുള്ള പഠനയാത്രയ്ക്ക് എന്തൊക്കെ ഒരുക്കങ്ങളാണ് നടത്തേണ്ടത്. കുട്ടികൾ പ്രതികരിക്കുന്നു. ടീച്ചർ അവ ബോർഡിൽ എഴുതുന്നു. കുട്ടികൾ പറയുന്ന മുറയ്ക്ക് എഴുതണം. തുടർന്ന് ക്ലാസിലൊരു ചർച്ച - അതിനുശേഷം ഒരുക്കങ്ങളെ ക്രമപ്പെടുത്തുക. കുട്ടികൾ വ്യക്തിഗതമായി ക്രമപ്പെടുത്തുന്നു. അവ ഗ്രൂപ്പിലവതരണം മെച്ചപ്പെടുത്തൽ, അവതരണം - ഗ്രൂപ്പുകൾ - ടീച്ചർ ക്രോഡീകരണം നടത്തണം.

**11. യാത്രാ വിവരണം തയ്യാറാക്കൽ (45 മിനിട്ട്)**

കുത്തബ്ബ്മിനാർ എന്ന യാത്രാവതരണത്തിൽ എസ്.കെ. പൊറ്റക്കാട് തന്റെ യാത്രയുമായി ബന്ധപ്പെട്ട എന്തെല്ലാം കാര്യങ്ങളാണ് സൂചിപ്പിച്ചിട്ടുള്ളത്? കുട്ടികൾ പട്ടികപ്പെടുത്തുന്നു.

അതുപോലെ നിങ്ങളും യാത്രകൾ നടത്തിയവരായിരിക്കും. നിങ്ങളുടെ യാത്രയുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് നിങ്ങൾക്ക് സൂചിപ്പിക്കാനുണ്ടാവുക? കുട്ടികൾ വ്യക്തിഗതമായി എഴുതുന്നു. തുടർന്ന് ആശയഭൂപടം തയ്യാറാക്കുവാൻ നിർദ്ദേശിക്കുന്നു. (യാത്ര, മനുഷ്യൻ, വാഹനം, ദിവസം, സമയം, സ്ഥലങ്ങൾ, പങ്കെടുത്തവർ, തിരിച്ചെത്തിയ സമയം, കാഴ്ചകൾ, ഭൂപ്രകൃതി) ആശയഭൂപടം പൂർത്തിയാക്കുന്നു. (വ്യക്തിഗതം) ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു. ടീച്ചർ ക്രോഡീകരിക്കുന്നു. ഈ ആശയഭൂപടം ഉപയോഗിച്ച് നല്ല തുടക്കം, ഉചിതമായ ഭാഷ, ഖണ്ഡികാകരണം, ആശയക്രമീകരണം, എന്നിവ പാലിച്ച് ഒരു യാത്രാവിവരണം തയ്യാറാക്കൂ. കുട്ടികൾ വ്യക്തിഗതമായി യാത്രാവിവരണം തയ്യാറാക്കുന്നു. രണ്ടോ മൂന്നോ പേർ അവതരിപ്പിക്കുന്നു. സൂചകങ്ങൾ തയ്യാറാക്കുന്നു. ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ഗ്രൂപ്പിൽ സൂചകങ്ങൾ വെച്ച് വിലയിരുത്തുന്നു. ചർച്ചയുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തി എഴുതുന്നു. ഗ്രൂപ്പിൽ മികച്ചവ പൊതു അവതരണം, പരസ്പരം വിലയിരുത്തൽ - ചർച്ച, ടീച്ചർ വേർഷൻ അവതരണം * വായനാസാമഗ്രികൾ അധികവായനയ്ക്കായി നൽകുന്നു. സ്വന്തം രചന മെച്ചപ്പെടുത്തുന്നു. പോർട്ട്ഫോളിയോയിലേക്ക്

**പ്രതികരണ പേജിലേക്ക്**

* എല്ലാവരുടേയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞുവോ? * യാത്രാവിവരണം എന്ന വ്യവഹാര രൂപം കുട്ടികൾ എഴുതി തയ്യാറാക്കിയപ്പോൾ തനിക്കുണ്ടായ തിരിച്ചറിവ് എന്ത്?

**12. എഡിറ്റിംഗ് (30 മിനിട്ട്)**

വിശകലനാത്മക ചോദ്യത്തിലൂടെ എഡിറ്റിംഗ് നടത്തുന്നു.

**ആശയം**

നൽകിയ ആശയവുമായി ബന്ധമുണ്ട്. പ്രധാന ആശയങ്ങളെല്ലാം വന്നിട്ടുണ്ടോ? വിഷയവുമായി ബന്ധമില്ലാത്ത ആശയങ്ങൾ വന്നിട്ടുണ്ടോ? ഏതെങ്കിലും ആശയങ്ങൾ കൂട്ടിച്ചേർക്കുന്നുണ്ടോ?

**വാക്യഘടന**


വാക്കുകൾ ക്രമം തെറ്റി എഴുതിയിട്ടുണ്ടോ? വാക്കുകൾ വിട്ടുപോയിട്ടുണ്ടോ? ആവശ്യമില്ലാത്ത വാക്കുകൾ ചേർത്തിട്ടുണ്ടോ?

**പദം**

അനുയോജ്യമായ പദങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്? പദങ്ങൾ ഏതെങ്കിലും മാറ്റേണ്ടതുണ്ടോ? സന്ദർഭത്തിന് യോജിക്കാത്ത പദങ്ങൾ ഉപയോഗിച്ചിട്ടുണ്ടോ?

**അക്ഷരം**

അക്ഷരം, പദം, വാക്യം എന്നിവ നിശ്ചിത അകലം പാലിച്ച് എഴുതിയിട്ടുണ്ടോ? അക്ഷരം, ചിഹ്നം എന്നിവ തെറ്റില്ലാതെ ശരിയായ രൂപത്തിൽ എഴുതിയിട്ടുണ്ടോ?


PENCIL

Process Ensuring for Natural Classroom Interaction and Learning

DIET

അനുഭവ വിവരണം

**വ്യവഹാര രൂപം**

നല്ല തുടക്കമുണ്ടോ? ആശയക്രമീകരണം പാലിച്ചിട്ടുണ്ടോ? ഖണ്ഡികാകരണം പാലിച്ചിട്ടുണ്ടോ?

**പ്രതികരണ പേജിലേക്ക്**

എഡിറ്റിംഗിൽ എത്രമാത്രം പങ്കാളിത്തമുണ്ട്? എഡിറ്റിംഗ് ചെയ്യുന്നതിന് എന്തെങ്കിലും പുരോഗതിയുണ്ടോ?

**13. പദങ്ങൾ കണ്ടെത്താം (20 മിനിട്ട്)**

പാഠപുസ്തകത്തിലെ പ്രവർത്തനം കുട്ടികൾ വായിക്കുന്നു. വ്യക്തിഗതമായി പ്രവർത്തനം ഏറ്റെടുക്കുന്നു. മലർ എന്ന പദം വിശേഷണമായി ഉപയോഗിക്കുന്ന മറ്റു വാക്കുകൾ കണ്ടെത്തുന്നു. നോട്ട് ബുക്കിൽ എഴുതുന്നു. വ്യക്തിഗത അവതരണം ഗ്രൂപ്പവതരണം മെച്ചപ്പെടുത്തൽ ടീച്ചറുടെ ക്രോഡീകരണം

**പ്രതികരണ പേജ്**

എല്ലാവർക്കും ചെയ്യാൻ സാധിച്ചുവോ? നേരിട്ട പ്രയാസങ്ങൾ എന്തെല്ലാം?

| ക്ലാസ് : 4 | യൂണിറ്റ് 7 - മോഹിതം | മൊഡ്യൂൾ 15. | കുത്തബ്ബ്മിനാർ |
|---|---|---|---|

# പ്രയോഗഭംഗി കണ്ടെത്താം


**കുത്തബ്ബ് മിനാർ എന്ന പാഠഭാഗത്തിലെ ഭാഷാ പ്രയോഗങ്ങളുടെ ഭംഗി കണ്ടെത്തി എഴുതുക.**

| പ്രയോഗങ്ങൾ | പ്രയോഗഭംഗി |
|---|---|
| ആളുകൾ ചെറുപ്രാണികളെ പോലെ | |
| കുത്തി വരച്ച രേഖകൾ പോലെ രാജപാതകൾ | |
| വെള്ളിയരഞ്ഞാൺ പോലെ യമുനാനദി | |
| ആശ്ചര്യ ചിഹ്നം പോലെ ഗോപുരശൃംഗം | |
| മണ്ണപ്പം ഉണ്ടാക്കിവെച്ചപോലെ | |



# അനുഭവ വിവരണം

കഴിഞ്ഞ അവധിക്കാലത്ത് മലമ്പുഴയിലേക്കായിരുന്നു ഞങ്ങളുടെ യാത്ര. അച്ഛനും അമ്മയും അനിയത്തിയുമാണ് കൂടെയുണ്ടായിരുന്നത്. മലമ്പുഴ അണക്കെട്ടിനെ കുറിച്ച് പഠിച്ചിട്ടുണ്ടെങ്കിലും ഇതുവരെ അവിടെ പോകാൻ കഴിഞ്ഞിരുന്നില്ല. അങ്ങനെ ഞങ്ങൾ മലമ്പുഴയിലെത്തി. കാറിൽ നിന്നിറങ്ങിയ ഞങ്ങൾ പ്രവേശന കവാടത്തിലൂടെ അകത്തുകടന്നു. അവിടെ ഞങ്ങളെ എതിരേറ്റത് ഒരു കൊച്ചു സ്വർഗ്ഗം പോലെ തോന്നുന്ന പൂന്തോട്ടമാണ്. പല വർണങ്ങളിലുള്ള പൂക്കൾ ചൂടിയ മരങ്ങളും ചെടികളും വള്ളികളും, നിറങ്ങൾ വാരിവിതറിയ പോലെ എങ്ങും പൂക്കൾ, പച്ചപ്പുൽത്തകിടുകൾ. ഞാനും അനിയത്തിയും അല്പനേരം അവിടെ കളിച്ചു.



കുറച്ചകലെ ഒരു വലിയ മതിൽ, ആകാശം മുട്ടെ ഉയർന്നു നിൽക്കുന്നു. കളിച്ചുകൊണ്ടിരിക്കുന്ന ഞങ്ങളോട് അണക്കെട്ടിന് മുകളിൽ കയറണ്ടേ എന്ന് അച്ഛൻ ചോദിച്ചപ്പോഴാണ് ആ വലിയ മതിൽ അണക്കെട്ടാണെന്ന് മനസ്സിലായത്. അവിടെയുള്ള തൂക്കുപാലത്തിലൂടെ അണക്കെട്ടിനടുത്തേക്ക് പോയത് ഇപ്പോഴും പേടിയോടെ മാത്രമേ എനിക്കോർമ്മിക്കാൻ കഴിയൂ. വെള്ളത്തിനുമുകളിലൂടെ അങ്ങോട്ടുമിങ്ങോട്ടും ആടിയുള്ള ആ യാത്ര!

അണക്കെട്ടിനുമുകളിൽ നിന്നുള്ള കാഴ്ച അതിമനോഹരമാണ്. അണക്കെട്ടിന്റെ ഒരു വശത്ത് മനോഹരമായ പൂന്തോട്ടം. മറുവശത്ത് വിശാലമായ ജലാശയം. അനങ്ങാതെ പരന്നു കിടക്കുന്ന നീലജലാശയത്തെ തടഞ്ഞു നിർത്തിയിരിക്കുന്ന അണക്കെട്ടിന്റെ ഉറപ്പും ബലവും എന്നെ അത്ഭുതപ്പെടുത്തി. മുകളിലൂടെ കുറേ കുഞ്ഞുപെട്ടികൾ ആകാശത്ത് ഒഴുകി പോകുന്നു. ഞങ്ങളും അതിൽ കയറി 'റോപ്പ് വേ' എന്നാണതിന്റെ പേര്. അതിൽ നിന്നുള്ള കാഴ്ച ഒന്നു വേറെ തന്നെയാണ്. ഇപ്പോഴും അവ മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്നു. കഥകളിൽ മാത്രം നമ്മൾ കേട്ടറിഞ്ഞ ഒരു യക്ഷിയുണ്ടവിടെ. ഇത്രയും വലിയ പ്രതിമ ഞാനിതിനു മുമ്പ് കണ്ടിട്ടേയില്ല.

ഇരുട്ടുപരന്നു കാഴ്ചകൾ മങ്ങിത്തുടങ്ങിയപ്പോൾ ഞങ്ങൾ മടക്കയാത്ര തുടങ്ങി. എന്നാൽ കണ്ട കാഴ്ചകൾ മനസ്സിൽ തെളിഞ്ഞു നിന്നു.

PENCIL

Process Ensuring for Natural Classroom Interaction and Learning

എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, പാഠാസൂത്രണരേഖ (കരട്)

| ക്ലാസ് : 4 | യൂണിറ്റ് 7 - മോഹിതം | മൊഡ്യൂൾ 16. | കുട്ടിയും തള്ളയും |
|---|---|---|---|

| | |
|---|---|
| **ആമുഖം** | മഹാകവി കുമാരനാശാന്റെ 'പുഷ്പവാടി' എന്ന കവിതാസമാഹരത്തിൽ നിന്നെടുത്ത കവിതയാണ് 'കുട്ടിയും തള്ളയും'. പ്രകൃതിയുടെ വിസ്മയങ്ങളായ പൂമ്പാറ്റകളും പൂക്കളും. കുട്ടിയുടെ ഭാവനാപൂർണ്ണമായ ചോദ്യങ്ങൾക്ക് അമ്മ മറുപടി നൽകുകയാണ് ഈ കവിതയിൽ. |
| **ആശയം:** | പ്രകൃതിയിലെ വിസ്മയിപ്പിക്കുന്ന സൗന്ദര്യാനുഭവമാണ് പൂമ്പാറ്റ. കൗതുകം നിറഞ്ഞ കണ്ണുകളോടെയാണ് കുട്ടികൾ പൂമ്പാറ്റകളെ നോക്കുന്നത്. പൂമ്പാറ്റകളുടെ സൗന്ദര്യം ആവിഷ്കരിക്കുന്ന നിരവധി കവിതകൾ ഉണ്ട്. |
| **പഠനനേട്ടങ്ങൾ** | ഈണം, താളം എന്നിവ പാലിച്ച് ഭാവാത്മകമായി കവിത ചൊല്ലുന്നു. ഒരു കവിതയിലെ ആശയത്തെ സമാനകവിതയിലെ ആശയവുമായി താരതമ്യം ചെയ്ത് കുറിപ്പാക്കുന്നു. പ്രകൃതി ദൃശ്യങ്ങൾ, മറ്റു കാഴ്ചകൾ എന്നിവ വർണ്ണിച്ചെഴുതുന്നു. |
| **വ്യവഹാര രൂപം** | സംഭാഷണം, താരതമ്യക്കുറിപ്പ്, കവിതാപൂരണം, വർണ്ണന |
| **സാമഗ്രികൾ** | വിശകലന ചോദ്യച്ചാർട്ട്, കവിത (ഓഡിയോ) പ്രകൃതി ദൃശ്യങ്ങൾ |
| **സമയം** | 6 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1. പ്രവേശകം, 2. വായനയിലേക്ക്, 3. കണ്ടെത്താം, 4. വിശകലന ചോദ്യങ്ങൾ, 5. വരികൾ കണ്ടെത്താം. 6. പകരം പദങ്ങൾ, 7. ചൊല്ലി രസിക്കാം, 8.സംഭാഷണം, 9. താരതമ്യക്കുറിപ്പ്, 10. എഡിറ്റിംഗ്, 11. സാങ്കല്പിക രചന, 12. വർണ്ണപൂമ്പാറ്റ, 13. സ്വന്തം കവിത, 14. വർണ്ണിച്ചെഴുതാം, 15. ഞാൻ എന്നെക്കുറിച്ച്. |
| **വർക്ക്ഷീറ്റ്** | വരികൾ കണ്ടെത്താം 4125, കവിതാപൂരണം 4126 |
| **വായനാസാമഗ്രി** | എന്റെ കുട്ടിക്കാലം-ചാർലിചാപ്ലിൻ വേഷപകർച്ചകൾ- ദേവകി നിലയങ്ങോട്, പുഷ്പവാടി, കവിതാപുസ്തകങ്ങൾ, ടീച്ചർ വേർഷൻ, പൂമ്പാറ്റ - പൂവ് കവിതകൾ, ആശാൻ കവിതകൾ, മാജിക്ലന്റേൺ - ബർഗ്മാൻ |
| **ചുമർചിത്രം** | കവിതകൾ (ശേഖരിച്ചത്), വർണ്ണന, സ്വന്തം കവിത സാങ്കല്പിക രചന |
| **സർഗ്ഗവേള** | ആശാൻ കവിതകൾ, പൂമ്പാറ്റ നിർമ്മാണം, കുട്ടികൾ ശേഖരിച്ച കവിതകൾ |
| **സി.പി.ടി.എ.** | ചുമർ പത്രപ്രദർശനം, കവിതാപാരായണം, പൂമ്പാറ്റ നിർമ്മാണം. |

**പ്രവർത്തനങ്ങൾ-സൂക്ഷ്മപ്രക്രിയ**

**1. പ്രവേശകം (15 മിനിട്ട്)**

ടീച്ചർ എല്ലാവർക്കും പേപ്പർ നൽകുന്നു. (എ4ന്റെ പകുതി വലുപ്പം) പൂവ്, പൂച്ചെടി, പൂമ്പാറ്റ എന്നീ സൂചനകൾ ബ്ലാക്ക് ബോർഡിൽ എഴുതന്നു. കുട്ടികളോട് അതിനനുസരിച്ച് യോജിച്ച ചിത്രം വരക്കാനാവശ്യപ്പെടുന്നു. മൂന്നംഗഗ്രൂപ്പിലെ മികച്ചവ കണ്ടെത്തി ചാർട്ടിൽ ഒട്ടിക്കുന്നു. കളർ കൊടുത്ത് ആകർഷകമാക്കുന്നു.

**2. കവിതാവായനയിലേക്ക് (40 മിനിറ്റ്)**

കുട്ടികൾ ചിത്ര നിരീക്ഷണം, എന്തു തോന്നുന്നു? ടീച്ചർ തന്റെ കുട്ടിക്കാലം (സ്വന്തം കുട്ടിയുടേതോ) ഹൃദയസ്പർശമായ രീതിയിൽ കുട്ടികളുമായി പങ്കുവെക്കുന്നു. (വികൃതികൾ...)

ഈ സന്ദർഭത്തിൽ (ചിത്രത്തിലെ) നിങ്ങളാണെങ്കിൽ എന്തെല്ലാം ചോദ്യങ്ങളാണ് അമ്മയോട് ചോദിക്കുക ? കുട്ടികളുടെ പ്രതികരണം, ഇതുപോലെ കവിതയിലെ കുട്ടിയും എന്തൊക്കെയായിരിക്കും ചോദിക്കുക ?

ഊഹം, അവതരണം (ബ്ലാക്ക് ബോർഡിൽ രേഖപ്പെടുത്തൽ), അതുതന്നെയാണോ എന്ന് നമുക്ക് നോക്കാം. കവിത കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. ഊഹവുമായി താരതമ്യം. എല്ലാവർക്കും കണ്ടെത്താൻ കഴിഞ്ഞോ? എല്ലാവർക്കും കഴിയേണ്ടേ? എന്തുകൊണ്ടാണ് ആശയം ഗ്രഹിക്കാൻ എല്ലാവർക്കും കഴിയാത്തത്? എല്ലാവർക്കും ആശയം ലഭിക്കാൻ ഇനി എന്തു ചെയ്യണം?

കുട്ടികൾ കവിത വീണ്ടും വായന അറിയുന്നവ (✓) അറിയാത്തവ (✗) ഇഷ്ടപ്പെട്ടവ (-) അടയാളപ്പെടുത്തൽ 3 പേർ ഗ്രൂപ്പിൽ ഇഷ്ടപ്പെട്ടവ വിശദീകരണം, എന്തുകൊണ്ട്? കാരണം

ശേഷം അറിയുന്നവ, അറിയാത്തവ, പിന്നോക്കക്കാർക്ക് കണ്ടെത്തൽ അവതരിപ്പിക്കാൻ ആദ്യ അവസരം. ഗ്രൂപ്പുകളുടെ കണ്ടെത്തൽ, പൊതു അവതരണം, മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തൽ, ചർച്ചയിലൂടെ ആശയം വ്യക്തത ഉറപ്പാക്കൽ, അറിയാത്ത പദങ്ങൾ പദശേഖര പുസ്തകത്തിൽ ഈ പാഠഭാഗവുമായി ബന്ധപ്പെട്ട് എല്ലാവർക്കും എല്ലാ പദങ്ങളുടേയും അർത്ഥം അറിയില്ലേ? ആവശ്യസന്ദർഭങ്ങളിൽ ടീച്ചർ ഇടപെടൽ.

**പ്രതികരണപേജിലേക്ക്**

? എല്ലാവർക്കും വായനയ്ക്ക് അവസരം നൽകിയോ? ? വായനയിൽ പ്രയാസം നേരിട്ടവരുണ്ടോ?
? ആശയവ്യക്തത ഉറപ്പുവരുത്താൻ കഴിഞ്ഞോ?

**3. കണ്ടെത്താം (30 മിനിറ്റ്)**

ആശയഗ്രഹണ ചോദ്യങ്ങളുടെ ചാർട്ട് പ്രദർശിപ്പിക്കുന്നു.

1. കുട്ടിക്ക് പൂമ്പാറ്റകൾ എന്തായിട്ടാണ് തോന്നിയത്? 2. എന്തോർത്താണ് കുട്ടി സങ്കടപ്പെടുന്നത്? 3. പിച്ചകത്തിലും കുട്ടിയിലുമുള്ള എന്തു വ്യത്യാസമാണ് അമ്മ ചൂണ്ടികാണിക്കുന്നത്? 4. കുട്ടിയെ എങ്ങനെയാണ് അമ്മ ആശ്വസിപ്പിക്കുന്നത്? 5. കുട്ടി അമ്മക്ക് ഉമ്മ കൊടുക്കാമെന്ന് പറയുന്നതെപ്പോൾ?

ആശയഗ്രഹണ ചോദ്യങ്ങൾ കുട്ടി വ്യക്തിഗതമായി വായിക്കുന്നു. എന്താണ് മനസ്സിലായത്? കുട്ടികൾ പറയുന്നു. ആവശ്യമെങ്കിൽ മാത്രം ടീച്ചർ ഇടപെടുന്നു. വ്യക്തിഗതമായി കുട്ടികൾ ഉത്തമെഴുതുന്നു. ഗ്രൂപ്പിൽ ഓരോ ചോദ്യങ്ങൾ അവതരിപ്പിക്കുന്നു. ഉത്തരം പങ്കുവെക്കുന്നു.

ചർച്ച ചെയ്ത് കൂട്ടിച്ചേർക്കൽ നടത്തി മെച്ചപ്പെടുത്തുന്നു. ക്ലാസിൽ അവതരണം. വിട്ടുപോയവ മറ്റ് ഗ്രൂപ്പുകൾ കൂട്ടിച്ചേർക്കൽ. ടീച്ചർ ക്രോഡീകരണം

**പ്രതികരണ പേജിലേക്ക്**

കുട്ടി ചോദ്യങ്ങൾ സ്വയം വായിച്ചോ? ഉത്തരം കണ്ടെത്തൽ എത്ര പേർക്ക് കഴിഞ്ഞു? എല്ലാവരുടേയും പങ്കാളിത്തം ഉണ്ടായോ?

**4. വിശകലന ചോദ്യങ്ങൾ (30 മിനിട്ട്)**

ടീച്ചർ വിശകലന ചോദ്യച്ചാർട്ട് പ്രദർശിപ്പിക്കുന്നു.

1. കവിതയിൽ പറഞ്ഞിരിക്കുന്ന പോലെ ഒരു പൂന്തോട്ടത്തിലെ കാഴ്ച കണ്ടപ്പോൾ നിങ്ങൾ ഇന്ന്

ചോദിക്കുന്ന ചോദ്യങ്ങൾ എന്തെല്ലാം? 2. കുട്ടി പൂമ്പാറ്റകളെക്കണ്ട് പൂവാണെന്നു തെറ്റിദ്ധരിച്ചതെന്തുകൊണ്ട്? 3. പൂമ്പാറ്റയെ കാണുമ്പോൾ കുട്ടി വിസ്മയിക്കുന്നത് എന്തുകൊണ്ടാവാം?

കുട്ടികൾ ചോദ്യങ്ങൾ വായിക്കുന്നു. ടീച്ചർ ആവശ്യമായ വ്യക്തത വരുത്തുന്നു. ഓരോ ചോദ്യത്തിനും വ്യക്തിഗതമായി ഉത്തരം എഴുതുന്നു. ഗ്രൂപ്പിൽ ഓരോരുത്തരും വായിച്ചവതരണം, മെച്ചപ്പെടുത്തുന്നു. മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ടീച്ചർ ഇടപെടൽ, ടീച്ചർ വേർഷൻ അവതരണം

1. ആരാണ് ഈ പൂക്കൾക്കും പൂമ്പാറ്റകൾക്കും മനോഹരമായ ഈ ശരീരം നൽകിയത്? 2. പൂക്കളുടേയും പൂമ്പാറ്റകളുടേയും വർണ്ണ വൈവിധ്യത്തിലുള്ള സമാനതയാണ് പൂമ്പാറ്റകളെ കണ്ട് പൂവുകളാണെന്ന് തെറ്റിദ്ധരിക്കാൻ കാരണം. 3. പൂമ്പാറ്റയെ പറന്നുപോകുന്ന പല വർണ്ണത്തിലുള്ള പൂക്കളായിട്ടാണ് കുട്ടിക്ക് തോന്നുന്നത്. പല വർണ്ണത്തിലുള്ള പൂക്കൾ മേൽക്കുമേലായി പറന്നുപൊങ്ങുന്നത് കണ്ടപ്പോഴാണ് കുട്ടി വിസ്മയിക്കുന്നത്.

**പ്രതികരണ പേജിലേക്ക്**

ഉത്തരം കണ്ടെത്തുന്നതിൽ കുട്ടികൾ നേരിടുന്ന പ്രശ്നം? പിന്നോക്കക്കാരെ ഇതിൽ ഉൾപ്പെടുത്തിയതെങ്ങനെ? ടീച്ചർ എന്ന നിലയിലെ തിരിച്ചറിവ് എന്ത്?

**5. വരികൾ കണ്ടെത്താം. (30 മിനിട്ട്)**

കുട്ടികൾക്ക് 'ആശയം കണ്ടെത്താം' എന്ന വർക്ക്ഷീറ്റ് 4124 നൽകുന്നു.

കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. ഓരോ ആശയത്തിനും യോജിക്കുന്ന വരികൾ വ്യക്തിഗതമായി കണ്ടെത്തുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്ത് രേഖപ്പെടുത്തുന്നു. ഗ്രൂപ്പിന്റെ അവതരണം ചർച്ച, മെച്ചപ്പെടുത്തൽ, ടീച്ചർ വർക്ക്ഷീറ്റ് വിലയിരുത്തൽ

**പ്രതികരണ പേജിലേക്ക്**


വർക്ക്ഷീറ്റ് കൃത്യമായി ചെയ്യാൻ സാധിച്ചോ? എല്ലാവർക്കും വരികൾ കണ്ടെത്താൻ കഴിഞ്ഞോ? ടീച്ചർ വിലയിരുത്തിയപ്പോൾ ഉണ്ടായ തിരിച്ചറിവ്

**6. പകരം പദങ്ങൾ** (15 മിനിട്ട്)

കുട്ടികളെ ഗ്രൂപ്പാക്കുന്നു. എല്ലാവരോടും ടെക്സ്റ്റ് ബുക്കിലെ വാക്കുകൾക്ക് പകരം പദങ്ങൾ വ്യക്തിഗതമായി കണ്ടെത്താനാവശ്യപ്പെടുന്നു. ഗ്രൂപ്പുകൾ തമ്മിൽ മത്സരം ഒരു ഗ്രൂപ്പ് പദം പറയുമ്പോൾ മറ്റ് ഗ്രൂപ്പ് പകരം പദം പറയുന്നു. വിജയിക്കുന്ന ഗ്രൂപ്പിനെ കണ്ടെത്തുന്നു. പിന്നോക്കക്കാർക്ക് ആദ്യം അവസരം നൽകുന്നു.

**7. ചൊല്ലി രസിക്കാം (15 മിനുട്ട്)**

കുട്ടികളെ 2 പേർ ഗ്രൂപ്പാക്കുന്നു. (ഒരാൾ അമ്മ മറ്റെയാൾ കുട്ടി) ഓരോ രണ്ടംഗ ഗ്രൂപ്പിനോടും കവിത അമ്മയും കുട്ടിയും സംസാരിക്കുന്ന രൂപത്തിൽ ചൊല്ലി അവതരിപ്പിക്കാനാവശ്യപ്പെടുന്നു. തയ്യാറെടുപ്പ് സമയം നൽകുന്നു. തുടർന്ന് ഓരോ ഗ്രൂപ്പായി അവതരിപ്പിക്കുന്നു. (ആവശ്യമുള്ള ആംഗ്യത്തോടെ) ടീച്ചർ. കവിതയുടെ ഓഡിയോ കേൾപ്പിക്കുന്നു.



**8. സംഭാഷണം**

കവിത ചൊല്ലിയതിനുശേഷം അതിലെ ആശയം അമ്മയും കുട്ടിയും തമ്മിലുള്ള സംഭാഷണ രൂപത്തിൽ എഴുതുന്നു. (രണ്ടംഗഗ്രൂപ്പിൽ)

ഓരോ രണ്ടംഗ ഗ്രൂപ്പും എഴുതിയതിനുശേഷം 3 രണ്ടംഗ ഗ്രൂപ്പ് ഒരു ഗ്രൂപ്പാവുന്നു. ഗ്രൂപ്പിൽ അവതരണം - മികച്ചത് കണ്ടെത്തുന്നു. കൂട്ടിച്ചേർക്കൽ - മെച്ചപ്പെടുത്തൽ - പൊതു അവതരണം

ടീച്ചർ വേർഷൻ അവതരണം. സ്വന്തം രചന മെച്ചപ്പെടുത്തുന്നു.

**പ്രതികരണ പേജിലേക്ക്**

എല്ലാവർക്കും കവിത ചൊല്ലിരസിക്കാൻ അവസരം നൽകിയോ? എല്ലാവർക്കും സംഭാഷണം രചിക്കാൻ സാധിച്ചോ? പ്രയാസങ്ങൾ എന്തെല്ലാം ? സംഭാഷണത്തിൽ എല്ലാ ആശയങ്ങളും ഉൾപ്പെട്ടോ?

**9. താരതമ്യക്കുറിപ്പ് (30 മിനിട്ട്)**

ടി.ബിയിലെ പൂമ്പാറ്റ കവിത പ്രദർശനം വ്യക്തിഗതവായന, ആശയം ചർച്ച ചെയ്യുന്നു., കുട്ടിയും തള്ളയും എന്ന കവിതയിലെ ആശയവുമായി ഈ കവിതക്ക് ബന്ധമുണ്ടോ? വ്യക്തിഗതവായന അഭി

പ്രായ പ്രകടനം, ചർച്ച, 2 കവിതയിലും പൂമ്പാറ്റയെ എന്തായിട്ടാണ് കുട്ടിക്ക് തോന്നിയത്. തുടർന്ന് കുട്ടികൾ വ്യക്തിഗതമായി ആശയങ്ങളെ താരതമ്യപ്പെടുത്തി കുറിപ്പെഴുതുന്നു. ഗ്രൂപ്പിൽ അവതരണം – മെച്ചപ്പെടുത്തൽ, ഗ്രൂപ്പിന്റെ അവതരണം- ടീച്ചർ വേർഷനുമായി താരതമ്യം ചെയ്യുന്നു. മെച്ചപ്പെടുത്തി എഴുതൽ.

**പ്രതികരണ പേജിലേക്ക്**

താരതമ്യക്കുറിപ്പ് എത്ര പേർ നന്നായി എഴുതി? ആശയങ്ങളുടെ സമാനത തിരിച്ചറിഞ്ഞോ? കുട്ടികൾ നേരിടുന്ന പ്രശ്നമെന്ത്?

**10. എഡിറ്റിംഗ് (20 മിനിട്ട്)**



വിശകലനാത്മക ചോദ്യങ്ങളിലൂടെ ഗ്രൂപ്പിന്റെ രചന എഡിറ്റിംഗിന് വിധേയമാക്കുന്നു.

**ആശയം**

2 കവിതകളിലെയും ആശയം ഉൾപ്പെട്ടോ? ആശയങ്ങളുമായി ബന്ധമില്ലാത്ത വാക്യങ്ങളുണ്ടോ? ഇനിയും കൂട്ടിച്ചേർക്കാവുന്നവ, ഒഴിവാക്കേണ്ടവ എന്തൊക്കെ?

**വാക്യഘടന**

വാക്കുകൾ ക്രമംതെറ്റി എഴുതിയിട്ടുണ്ടോ? വാക്കുകൾ വിട്ടുപോയിട്ടുണ്ടോ? ആവശ്യമില്ലാത്ത വാക്കുകൾ ചേർന്നിട്ടുണ്ടോ?

**പദം**

അനുയോജ്യ പദങ്ങളാണോ? പദങ്ങളുടെ ആവർത്തനം ഒഴിവാക്കിയിട്ടുണ്ടോ?

**അക്ഷരം**



അക്ഷരം, പദം, വാക്യം എന്നിവ നിശ്ചിത അകലം പാലിച്ച് എഴുതിയിട്ടുണ്ടോ? അക്ഷരം, ചിഹ്നം എന്നിവ ശരിയായ രൂപത്തിൽ എഴുതിയിട്ടുണ്ടോ?

**വ്യവഹാരരൂപം**

2 കവിതകളിലേയും ആശയം താരതമ്യം ചെയ്ത് എഴുതിയിട്ടുണ്ടോ? സ്വന്തം നിരീക്ഷണം രേഖപ്പെടുത്തിയിട്ടുണ്ടോ?

**11. സാങ്കല്പിക രചന (20 മിനിട്ട്)**

ടി.ബിയിലെ സങ്കല്പിച്ചെഴുതാം എന്ന പ്രവർത്തനം വ്യക്തിഗതവായന, ചോദ്യത്തിൽ നിന്നും മനസ്സിലായതെന്ത്? വിശദീകരിക്കാൻ അവസരം (പിന്നോക്കക്കാർക്ക് ആദ്യം) (കുട്ടികളോട് അവർക്ക് സ്വന്തം ഇഷ്ടാനുസരണം ചിന്തിച്ച് സങ്കല്പിച്ചെഴുതാം) പൂമ്പാറ്റയെപ്പോലെ പറക്കാൻ കൊതിക്കുന്ന കുട്ടിയെ നിങ്ങൾ കണ്ടല്ലോ. നിങ്ങൾക്കും ചിറകുണ്ടായിരുന്നെങ്കിലോ? (കണ്ണടച്ച് ആലോചിക്കാനാവശ്യപ്പെടുന്നു.) ചിറകുണ്ടെങ്കിൽ ചെയ്യുന്ന കാര്യങ്ങൾ വ്യക്തിഗതമായി എഴുതുന്നു. ചിലർ എഴുതിയിരിക്കും) മറ്റുള്ളവർക്കുവേണ്ടി എന്തൊക്കെ ചെയ്യാമായിരുന്നു എന്ന് ലിസ്റ്റ് ചെയ്യുന്നു. കുറിപ്പായി വ്യക്തിഗതമായി രചിക്കുന്നു. രചനകൾ പരസ്പരം കൈമാറി വായിക്കുന്നു. മെച്ചപ്പെടുത്തുന്നു. പതിപ്പാക്കുന്നു. ടീച്ചർ സ്വന്തം സാങ്കല്പിക ചിന്ത അവതരണം.

**പ്രതികരണ പേജിലേക്ക്**

ഏറ്റവും നന്നായി സാങ്കല്പിക രചന നടത്തിയതാര്? ആശയം ക്രമപ്പെടുത്താൻ ബുദ്ധിമുട്ടനുഭവപ്പെട്ടോ? വ്യത്യസ്തങ്ങളായ രചനകൾ ഉണ്ടായിരുന്നോ?

**12. വർണ്ണ പൂമ്പാറ്റ**

ടീച്ചർ എല്ലാ കുട്ടികൾക്കും വർണ്ണക്കടലാസ് നൽകുന്നു. കുട്ടികൾ അവർക്കിഷ്ടമുള്ള രീതിയിൽ പൂമ്പാറ്റയെ ഉണ്ടാക്കുന്നു. (കടലാസ് മടക്കി വെട്ടിയോ, ചിത്രം വരച്ച് വെട്ടിയിട്ടോ) ശേഷം ടീച്ചർ പൂമ്പാറ്റയെ ഉണ്ടാക്കുന്ന വീഡിയോ കാണിക്കുന്നു. എല്ലാവരും അതുപോലെ പൂമ്പാറ്റയെ ഉണ്ടാക്കു

ന്നു. (ഗ്രൂപ്പിൽ മത്സര രൂപത്തിൽ സംഘടിപ്പിക്കാം) ഓരോരുത്തരുടേയും പേരെഴുതി ചാർട്ടിൽ ഒട്ടിക്കുന്നു.

**പ്രതികരണ പേജിലേക്ക്**

പ്രവർത്തനത്തിൽ എല്ലാവർക്കും പങ്കാളിത്തമുണ്ടായോ? കണ്ടെത്തലുകൾ

**13. സ്വന്തം കവിത**

കുട്ടികൾക്ക് വർക്ക്ഷീറ്റ് നൽകുന്നു. സ്വന്തം രീതിയിൽ കവിത പൂർത്തിയാക്കുന്നു.

1. പൂമ്പാറ്റേ പൂമ്പാറ്റേ
   ചിരി തൂകിക്കൊണ്ടെങ്ങോട്ടാ
2. പൂമ്പാറ്റ പാറിപ്പറന്നുവന്നു
   പൂമ്പാറ്റ പൂവിന്മേൽ ചെന്നിരുന്നു.

കുട്ടികൾ വ്യക്തിഗതമായി കവിതയുടെ തുടർന്നുള്ള വരികൾ എഴുതുന്നു.

ഗ്രൂപ്പിൽ അവതരണം - മികച്ചത്


കണ്ടെത്തൽ

പൂവുകൾ നിറയും പൂന്തേനുണ്ണാൻ/ പൂവുകൾ തേടിപ്പോകുന്നു.
പൂന്തോട്ടത്തിൽ വിരിയും ഭംഗികൾ / കാണാനായിപ്പോകുന്നു.
കാറ്റിൽ നിറയും പൂമണമേല്ക്കാൻ / കുതുകമിയന്നു പറക്കുന്നു.

പൂന്തേൻനുകരാൻ തിടുക്കമായോ/ പൂന്തേൻ നുകർന്നുമതിമറന്നോ?
പൂമണമേറ്റു മയങ്ങുന്നേരം / കുഞ്ഞിളം കാറ്റതുകൊണ്ടുപോയോ?

പൊതു അവതരണം, ഗ്രൂപ്പിൽ കവിതാ പുസ്തകങ്ങൾ വിതരണം, പൂമ്പാറ്റ, പൂവ്, കവിതകൾ ശേഖരണം, ആശാന്റെ ചെറുകവിതകൾ കുട്ടികൾക്ക് വായിച്ച് രസിക്കാനായി നൽകുന്നു.

**14. വർണ്ണിച്ചെഴുതാം**



PENCIL
Process Ensuring for Natural Classroom Interaction and Learning
12

ടെക്സ്റ്റ് ബുക്കിലെ ഹിമാലയം (ഗദ്യം, പദ്യം) വായന ചർച്ച

കവിതയിലെ ആശയം, ഹിമാലയത്തെ എങ്ങനെയെല്ലാമാണ് ഗദ്യത്തിൽ വർണ്ണിച്ചത്?

ഹിമാലയത്തെ എങ്ങനെയെല്ലാമാണ് കവി വർണ്ണിച്ചത്?

നാലാം ക്ലാസ്സിലെ പഴയ ടി.ബിയിലെ അത്ഭുതഗുഹയിലൂടെ എന്ന പാഠഭാഗത്തിലെ വർണ്ണന ചാർട്ടൽ പ്രദർശിപ്പിക്കുന്നു. വർണ്ണന പരിചയപ്പെടുത്തുന്നു. വിസ്മയപെടുത്തുന്ന എന്തെങ്കിലും പ്രകൃതിദൃശ്യങ്ങൾ നിങ്ങളുടെ പരിസരപ്രദേശത്തുണ്ടോ? മലകൾ, പുഴ, പാടം, കുളം.... കുട്ടികൾ (കണ്ടെത്തിയ കാര്യത്തെക്കുറിച്ച്) വ്യക്തിഗത രചന വർണ്ണിച്ച് ഗ്രൂപ്പിൽ മികച്ചത് കണ്ടെത്തുന്നു. അവതരണം - മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തൽ, മെച്ചപ്പെടുത്തൽ - പൊതുഅവതരണം - ടി.വി. വേർഷൻ


PENCIL
Process Ensuring for Natural Classroom Interaction and Learning
13

സ്വന്തം രചന മെച്ചപ്പെടുത്തൽ

**പ്രതികരണ പേജിലേക്ക്**

എല്ലാവർക്കും അനുഭവങ്ങളുണ്ടായിരുന്നോ? വർണ്ണിച്ചെഴുതിയതിൽ നന്നായവർ, പ്രയാസം നേരിട്ടർ, അവർക്ക് നൽകിയ സഹായം

**15. ഞാൻ എന്നെക്കുറിച്ച്**

ടി.ബി. വ്യക്തിഗതം, വിലയിരുത്തലിലെ മികവും മെച്ചപ്പെടുത്തേണ്ടതും കുട്ടിയേയും രക്ഷിതാവിനേയും ബോധ്യപ്പെടുത്തുന്നു.

# അമ്മയും കുട്ടിയും

കുട്ടി : അമ്മേ, നോക്കൂ ഈ ചെടികളിൽ നിന്നെല്ലാം എത്ര പൂക്കളാണ് പറന്നു പോകുന്നത്?

അമ്മ : ഉണ്ണീ, നിനക്ക് തെറ്റിപ്പോയി, ഇവയൊന്നും പൂക്കളല്ല, പൂമ്പാറ്റകളല്ലേ?

കുട്ടി : അതാ, അമ്മേ, ഒന്നിനുമുകളിലൊന്നായി അവ ആകാശത്തേക്ക്പൊങ്ങിപ്പോകുന്നത് കാണുന്നില്ലേ? എന്തൊരു ഭംഗിയാണമ്മേ അത് കാണാൻ.


അമ്മ : ശരിയാണ് മോനേ, നല്ല ഭംഗിയുണ്ട്.

കുട്ടി : അവയുടെ കൂടെ എനിക്കും പാറിപ്പറന്നു കളിക്കണം. പക്ഷേ എനിക്ക് പറക്കാൻ ചിറകുകളില്ലല്ലോ അമ്മേ.

അമ്മ : എന്റെ മോൻ ചെയ്യാൻ പറ്റാത്തതിനെക്കുറിച്ചോർത്ത് ഇങ്ങനെ ദുഃഖിക്കരുത്. ഉണ്ണി പിച്ച നടന്ന് കളിക്കുന്നില്ലേ? എന്നാൽ പിച്ചകത്തിന് അത് കഴിയുന്നില്ലല്ലോ. മറ്റുള്ളവർക്കില്ലാത്ത പല കഴിവുകളും നമുക്കുണ്ട്.

കുട്ടി : അതെന്താ അമ്മേ അങ്ങനെ? എന്തുകൊണ്ടാണെന്ന് പറഞ്ഞുതന്നാൽ ഞാൻ അമ്മക്കൊരുമ്മതരാം.

അമ്മ : മോനേ, കുറച്ചുകാര്യങ്ങൾ മാത്രമേ നമുക്കറിയാവുന്നതുള്ളൂ. ഇത്തരം കാര്യങ്ങളെല്ലാം ദൈവ നിശ്ചയമാണ്.



| ക്ലാസ് : 4 | യൂണിറ്റ് 7 - മോഹിതം | മൊഡ്യൂൾ 16. | കുട്ടിയും തള്ളയും |
|---|---|---|---|

# പൂന്തേനുണ്ണുന്ന പൂമ്പാറ്റ


കുട്ടിയും തള്ളയും എന്ന കവിതയിൽ നാം കാണുന്നത് പൂക്കളും പൂമ്പാറ്റകളും തമ്മിൽ തിരിച്ചറിയാൻ കഴിയാത്ത കുട്ടിയെയാണ്. പൂമ്പാറ്റകൾ പറന്നുപോകുന്നത് കണ്ട് പൂക്കളിതാ പറന്നുപോകുന്നു എന്നാണ് കുട്ടി പറയുന്നത്. എന്നാൽ പൂവിലിരുന്ന് പൂന്തേനുണ്ണുന്ന പൂമ്പാറ്റ പൂവിതളുപോലെത്തന്നെയാകുന്നു. എന്നും പൂവിന്റെ പ്രിയപ്പെട്ടവനായി മാറുന്നു എന്നുമാണ് തന്നിട്ടുള്ള ചെറുകവിതയിൽ പറഞ്ഞിട്ടുള്ളത്. കുട്ടിയും തള്ളയും എന്ന കവിതയിലും പാഠപുസ്തകത്തിലെ ചെറു കവിതയിലും പൂമ്പാറ്റയെ കാണുമ്പോൾ പൂവാണെന്ന് തോന്നുമെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്.



| ക്ലാസ് : 4 | യൂണിറ്റ് 7 - മോഹിതം | മൊഡ്യൂൾ 16. | കുട്ടിയും തള്ളയും |
|---|---|---|---|

# തുഷാരകണങ്ങളിലെ മഴവില്ല്

പതിവുപോലെ ഇന്നും ഞാൻ അമ്മയുടെ കൂടെ വയലിനരികെയുള്ള കുളത്തിലേയ്ക്കു പോയി. തണുപ്പുണ്ട്, എങ്കിലും പ്രഭാത സൂര്യന്റെ പൊൻകിരണങ്ങൾ ശരീരത്തിൽ തട്ടുമ്പോൾ നല്ല സുഖം. നോക്കെത്താദൂരത്തോളം പച്ചച്ചുകാണുന്ന വാഴത്തോപ്പ്. പാടവരമ്പിലുള്ള പുൽനാമ്പുകളിലെ തുഷാരകണങ്ങളിൽ മഴവില്ല് വിരിയുന്നതു കാണാൻ എന്തു ചന്തം! ഇടക്കിടെ കാതിലെ ലോലാക്കുപോലെ തൂങ്ങിക്കിടക്കുന്ന മഞ്ഞുകട്ടകളും. അവയുടെ സുഖമുള്ള കുളിര് കാലിനെ ഇക്കിളിയാക്കുന്നു. നടന്നു നടന്നു കുളത്തിനടുത്തെത്തി. ഹായ്! കണ്ണാടിപോലെ തെളിഞ്ഞ വെള്ളം. ഞാനെത്തിനോക്കിയപ്പോൾ കണ്ണാടിയിലെന്നപോലെ എന്റെ മുഖം. അമ്മ കുളത്തിലിറങ്ങിയപ്പോൾ കുഞ്ഞോളങ്ങൾ എന്റമുഖത്തെ വികൃതമാക്കി. ഓ, എന്തു തണുപ്പ്! ആഴത്തിലേയ്ക്കിറങ്ങുന്നതിനനുസരിച്ച് തണുപ്പ് കുറയുന്നുണ്ടോ? പരൽമീനുകൾ വന്ന് കാൽവിരലുകളെ ഉമ്മവെയ്ക്കാൻ തുടങ്ങി. പിന്നെ ഞാൻ സംശയിച്ചുനിന്നില്ല. ആ തെളിനീരിൽ മുങ്ങാംകുഴിയിട്ടു.



| ക്ലാസ് : 4 | യൂണിറ്റ് 7 - മോഹിതം | മൊഡ്യൂൾ 16. | കുട്ടിയും തള്ളയും |
|---|---|---|---|

# വരികൾ കണ്ടെത്താം

| ആശയം | വരികൾ |
|---|---|
| വള്ളിയിൽ നിന്നും<br>പൂക്കൾ പറന്നു പോകുന്നു | |
| ചെയ്യാൻ കഴിയാത്തതിനെ<br>കുറിച്ചോർത്ത് വിഷമിക്കേണ്ട | |
| നമുക്കറിയാവുന്നത് വളരെക്കുറച്ച്<br>കാര്യങ്ങൾ മാത്രമാണ് | |
| അവ മേൽക്കുമേൽ പൊങ്ങിപ്പോ<br>കുന്നത് കാണാൻ എന്ത്<br>ഭംഗിയാണ് | |
| കുട്ടിക്ക് നടക്കാൻ കഴിയുന്നു.<br>പിച്ചകത്തിന് കഴിയുന്നില്ല. | |



| ക്ലാസ് : 4 | യൂണിറ്റ് 7 - മോഹിതം | മൊഡ്യൂൾ 16. | കുട്ടിയും തള്ളയും |
|---|---|---|---|

# കവിതാപൂരണം


പൂമ്പാറ്റേ പൂമ്പാറ്റേ
ചിരിതൂകിക്കൊണ്ടെങ്ങോട്ടാ



പൂമ്പാറ്റ പാറിപ്പറന്നുവന്നു
പൂമ്പാറ്റ പൂവിന്മേൽ ചെന്നിരുന്നു.



**ആശാൻ കവിതകൾ**



**അമ്പിളി**

തുമ്പപ്പൂവിലും തൂമയെഴും നിലാ-
വമ്പിൽ തൂവിക്കൊണ്ടാകാശ വീഥിയിൽ
അമ്പിളി പൊങ്ങി നിൽക്കുന്നതാ മര-
ക്കൊമ്പിന്മേൽ നിന്നു കോലോളം ദൂരത്തിൽ

വെള്ള മേഘ ശകലങ്ങളാം നുര
തുള്ളിച്ചുകൊണ്ടു ദേവകൾ വിണ്ണാകും
വെള്ളത്തിൽ വിളയാടിത്തുഴഞ്ഞുപോം
വെള്ളിയോടമിതെന്നു തോന്നീടുന്നു!

വിണ്ണിൽ നിന്നും മന്ദസ്മിതം തൂവുമെൻ
വെണ്മതിക്കൂമ്പേ നിന്നെയീയന്തിയിൽ
അമ്മതന്നങ്കമേറിയെൻ സോദര-
'നമ്മാവാ' യെന്നലിഞ്ഞു വിളിക്കുന്നു!



**പൂക്കളം**

പൂക്കുന്നിതാമുല്ല, പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ!

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു,
ഉല്ലാസമീ നീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ

പാടങ്ങൾ പൊന്നിൻ നിറം പൂണ്ടു, നീളെ
പാടിപ്പറന്നെത്തിയത്തത്തയെല്ലാം
കേടറ്റനെല്ലിൻ കതിർക്കാമ്പു കൊത്തി-
കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

## പൂമ്പാറ്റയോട്



ചിത്രപതംഗമേ നിന്നെ-കണ്ടെൻ
ചിത്തം തുടിച്ചുയരുന്നു.
വാർമഴവില്ലിന്റെ സത്താൽ -ത്തന്നെ
നാൻമുഖൻ നിൻമെയ് ചമച്ചു.
ആനന്ദത്തിന്റെ രസത്താൽ -ത്തന്നെ
മാനസം തീർത്തതിൽ വച്ചു.
എൻമണിക്കുട്ടനു വാഴാ-നൊരു
നന്മലർത്തോട്ടവും നല്കി.
ചെന്തളിർചൂടും ചെടികൾ - പൂവാം
പൊൻതളികയ്ക്കകം നീളെ
തേനമൃതും ചുമന്നെങ്ങും - നിൽപ്പൂ
ചേണിൽ നിൻ പൈദാഹമാറ്റാൻ
ഇമ്മട്ടിലമ്മമാർ നിന്നെ -ക്കനി
ഞ്ഞുമ്മ വച്ചൂട്ടാനിരിക്കെ
മറ്റെന്തുവേണം നിനക്കീ മന്നിൽ
മുറ്റം നിൻ ഭാഗ്യമേ ഭാഗ്യം. (ഉള്ളൂർ)

## ഞാൻ



പലപല നാളുകൾ
ഞാനൊരു പുഴുവായ്
പവിഴക്കൂട്ടിലുറങ്ങി
ഇരുളും വെട്ടവുമറിയാതങ്ങനെ
ഇരുന്നു നാളുകൾ നീക്കി
അരളിച്ചെടിയുടെ ഇലതന്നടിയിൽ
അരുമക്കിങ്ങിണിപോലെ
വീശും കാറ്റത്തിളകിത്തുള്ളി
വീഴാതങ്ങനെ നിന്നു
ഒരുനാൾ സൂര്യനുദിച്ചുയരുമ്പോൾ
വിടരും ചിറകുകൾ വീശി
പറന്നുപറ്റി അഴകു തുടിക്കും
പൂമ്പാറ്റത്തളിരായി. (സി.ഗംഗാധരൻ നായർ)

# PENCIL

## Process Ensuring for Natural Classroom Interaction and Learning

എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, പാഠാസൂത്രണരേഖ (കരട്)

DIET MALAPPURAM

| ക്ലാസ് : 4 | യൂണിറ്റ് 8 - ചരിതം | മൊഡ്യൂൾ 17. | പഴശ്ശിത്തമ്പുരാൻ |
|---|---|---|---|

| | |
|---|---|
| **ആമുഖം** | നാടിന്റെ പുരോഗതിയും യശസ്സും മാത്രം ലക്ഷ്യം വെച്ചുകൊണ്ട് ജീവിച്ച ദേശസ്നേഹത്തിന്റെ ഉദാത്ത മാതൃകകളായ നിരവധി പേർ ചരിത്രത്തിലുണ്ട്. സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ ഇവർ വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതാണ്. ദേശീയ ബോധവും ത്യാഗ മനോഭാവവും വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുക എന്നതാണ് ചരിതം എന്ന യൂണിറ്റുകൊണ്ട് ലക്ഷ്യം വെക്കുന്നത്. പഴശ്ശിത്തമ്പുരാൻ എന്ന പാഠത്തിലൂടെ കടന്നുപോകുന്ന ഒരു കുട്ടിക്ക് അദ്ദേഹത്തിന്റെ ത്യാഗോജ്ജ്വലമായ ജീവിത മുഹൂർത്തത്തിന്റെയും ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിന്റെയും പ്രകാശമാനമായ ഒരു ഏടാണ് മനസ്സിൽ പതിയുക. |
| **ആശയം** | സ്വാതന്ത്ര്യത്തിന് വേണ്ടി പൊരുതി വീരചരമം പ്രാപിച്ച ധീര ദേശാഭിമാനികൾ ഏറെയുണ്ട്. കേരള ചരിത്രത്തിലെ ഇതാഹാസ സമാനമായ ജീവിതമായിരുന്നു പഴശ്ശിയുടേത്. സ്വാതന്ത്ര്യത്തിന് വേണ്ടി ത്യാഗം അനുഷ്ഠിച്ച മഹാന്മാരെ നാം ഓർക്കുകയും ആദരിക്കുകയും വേണം. |
| **പഠനനേട്ടം** | വിദേശികൾക്കെതിരെ പോരാടി വീരചരമമടഞ്ഞ പഴശ്ശിരാജയുടെയും ജീവിതത്തിൽ നിന്ന് ആവേശം ഉൾക്കൊള്ളുന്നു. പുതിയ പദങ്ങളുടെ അർത്ഥം മനസ്സിലാക്കി വാക്യരചന നടത്തുക, ഉച്ചാരണ ശുദ്ധിയോടെയും ആശയവ്യക്തതയോടെയും ഉച്ചത്തിൽ വായിക്കുക, ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക |
| **വ്യവഹാര രൂപം** | ലേഖനം, ജീവചരിത്രക്കുറിപ്പ് |
| **സാമഗ്രി** | ചാർട്ട് - വിശകലന ചോദ്യങ്ങൾ, ടീച്ചർവേർഷൻ - പ്രയോഗഭംഗി 4199, പഴശ്ശി രാജാ- 4199 (എ) |
| **സമയം** | 4 മണിക്കൂർ |
| **പ്രവർത്തനങ്ങൾ** | 1. പ്രവേശകം 2. വായനയിലേക്ക് 3. കണ്ടെത്താം. 4. വിശകലനചോദ്യങ്ങൾ 5. ഭാവാത്മക വായന 6. പ്രയോഗഭംഗി കണ്ടെത്താം. 7. വാക്യം രചിക്കുക 8. പതിപ്പ് തയ്യാറാക്കാം |
| **വർക്ക്ഷീറ്റ്** | പ്രയോഗഭംഗി (4126) |
| **ഉല്പന്നം** | പതിപ്പ്, ജീവചരിത്രക്കുറിപ്പ് |
| **സർഗ്ഗവേദി** | പഴശ്ശിത്തമ്പുരാൻ പാഠഭാഗത്തിലെ രംഗങ്ങൾ അഭിനയിക്കൽ |
| **സി.പി.ടി.എ** | ചിത്രപ്രദർശനം, പതിപ്പ് പ്രകാശനം, നാടാകാവതരണം |

**പ്രവർത്തനം - സൂഷ്മപ്രക്രിയ**

**1. പ്രവേശകം (15 മിനിറ്റ്)**

പാ.പു പേജ് 123 ലെ ചിത്രം ആരുടേതാണ്? വലതുവശത്തു കൊടുത്തിരിക്കുന്ന ശ്രീനാരായണഗുരുവിന്റെ വചനം അർത്ഥമാക്കുന്നതെന്ത്?

കുട്ടികൾ പ്രതികരിക്കുന്നു. മറ്റ് കുട്ടികൾ കൂട്ടിച്ചേർക്കുന്നു. മഹാന്മാരെ ഓർക്കുന്നതുകൊണ്ട് കുട്ടികൾക്ക് എന്തുകാര്യം? ചർച്ച. ടീച്ചർ ക്രോഡീകരിക്കണം. നാടിന്റെ വളർച്ചയിൽ അവർ വഹിച്ച പങ്ക്, ത്യാഗോജ്ജ്വലമായ സഹനത്തിന്റെയും സഹിഷ്ണുതയുടെയും മൂല്യം. ഇന്നു നാം അനുഭവിക്കുന്ന സുഖവും സമാധാനവും അവരുടെ സംഭാവനയാണ്.

**2. വായനയിലേക്ക് (40 മിനിറ്റ്)**

ടീച്ചറുടെ ഭാവസാന്ദ്രമായ അവതരണം : തമ്പുരാനും സംഘവും തോടുകടന്ന് ഇല്ലിക്കൂട്ടം തിങ്ങിയ ഭാഗത്തേക്ക് സാവകാശം നടന്നു. നേരിയ വഴിച്ചാലു മാത്രമുണ്ട്. വെള്ളത്തിൽ പതിക്കുന്ന കാലടിയുടെ കൊച്ചുശബ്ദം പോലും പുറത്തുവരാതെയാണ് തോടു കടന്നത്. തമ്പുരാൻ തന്റെ കാലടികൾ തെന്നാതെ പ്രത്യേകം ശ്രദ്ധിച്ചു.

തമ്പുരാനും സംഘവും എങ്ങോട്ടാണ് പോകുന്നത്? എന്തിനാണ് പോകുന്നത്? ആരാണ് ഈ തമ്പുരാൻ? കുട്ടികൾ പ്രതികരിക്കുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചത്? - പാഠവായനയിലേക്ക്

വ്യക്തിഗതവായന (10 മിനിറ്റ് ) ആശയം കണ്ടെത്തിയവർ പറയുന്നു. ആദ്യം പറഞ്ഞതുമായി താരതമ്യം ചെയ്യുന്നു. എന്നാൽ എല്ലാവർക്കും കണ്ടെത്താൻ കഴിഞ്ഞോ? എന്തുകൊണ്ടാണ് കഴിയാത്തത്? (അർത്ഥമറിയില്ല, ആശയമറിയില്ല, വായിക്കാനറിയില്ല) എല്ലാവർക്കും വായിക്കാൻ കഴിയേണ്ടേ? എന്താണ് വഴി? വീണ്ടും വായന ഇഷ്ടമായത്, അറിയുന്നത്, അറിയാത്തത് (-✓X ) പെൻസിൽ കൊണ്ട് അടയാളപ്പെടുത്തുന്നു.

മൂന്നംഗ ഗ്രൂപ്പിൽ അവതരണം - ചർച്ച. ഗ്രൂപ്പുകളുടെ അവതരണം. ടീച്ചറുടെ ക്രോഡീകരണം. അറിയാത്ത പദങ്ങൾ പദശേഖരത്തിലേക്ക്. ഇപ്പോൾ എല്ലാവർക്കും ഈ പാഠത്തിലെ എല്ലാ പദങ്ങളുടെയും പ്രയോഗങ്ങളുടേയും അർത്ഥവും ആശയവുമറിയാം എന്ന് ടീച്ചർ പറയുന്നു. കുട്ടികൾ പ്രതികരിക്കുന്നു. ഇനിയും അറിയാത്തവരുണ്ടെങ്കിൽ സമസംഘപഠനത്തിന് സജ്ജമാക്കുന്നു.

**3. കണ്ടെത്താം (30 മിനിറ്റ്)**

താഴെ കൊടുത്ത ചോദ്യങ്ങൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

പഴശ്ശിയും പടയാളികളും എവിടെയാണ് പാർത്തിരുന്നത്? വെള്ളപ്പട്ടാളത്തിന്റെ തലവൻ ആരാണ്? അവർ എവിടെയാണ് തമ്പടിച്ചിരുന്നത്? പഴശ്ശി ഒളിച്ചു താമസിക്കുന്ന കാടിന്റെ ഭീകര ചിത്രം വരച്ചു കാണിക്കുന്ന വരികൾ ഏതെല്ലാം? പഴശ്ശിയുടെ മൃതശരീരത്തോട് കമ്പനി പട്ടാളം എങ്ങെനെയാണ് ആദരം പ്രകടിപ്പിച്ചത്? വ്യക്തിഗതമായി വായിച്ച് ഉത്തരമെഴുതുന്നു. ഗ്രൂപ്പിൽ അവതരണം -ചർച്ച - പങ്കുവെക്കൽ, കൂട്ടിച്ചേർക്കൽ - ഗ്രൂപ്പുകളുടെ അവതരണം- ഓരോ ചോദ്യത്തിനും മറ്റ് ഗ്രൂപ്പുകൾ കൂട്ടിച്ചേർക്കൽ ടീച്ചറുടെ ക്രോഡീകരണം.

**4. വിശകലന ചോദ്യങ്ങൾ (40 മിനിറ്റ്)**

1. ചോദ്യചാർട്ട് പ്രദർശിപ്പിക്കുന്നു. ബ്രിട്ടീഷ് പട്ടാളക്കാരുടെ വെടിയേൽക്കുന്നതിന് മുമ്പുതന്നെ പഴശ്ശിരാജ വൈരമോതിരം വിഴുങ്ങി വീരമൃത്യു വരിച്ചു. എന്തുകൊണ്ട്? 2. ശത്രുവായിരുന്നിട്ടും പഴശ്ശിരാജയുടെ മൃതശരീരത്തോട് കമ്പനിപ്പട്ടാളം ആദരം പ്രകടിപ്പിച്ചു. എന്തുകൊണ്ടായിരിക്കാം. 3. പഴശ്ശിരാജ കുറിച്യരുടെ സഹായത്തോടെ ഒളിപ്പോർ യുദ്ധമുറ സ്വീകരിക്കാൻ എന്തായിരിക്കാം കാരണം.?

4. മനോഹരമായ ഭാഷയിലാണ് ഈ പാഠഭാഗം രചിച്ചിട്ടുള്ളത്? ഉദാഹരണ സഹിതം വ്യക്തമാക്കുക. കുട്ടികൾ സ്വയം ഉത്തരം കണ്ടെത്തി എഴുതുന്നു. ഇതിനായി പാഠഭാഗം വീണ്ടും വായന. കണ്ടെത്തലുകൾ ഗ്രൂപ്പിൽ അവതരണം (ഗ്രൂപ്പ് നിയമങ്ങൾ പാലിക്കണം) പൊതുഅവതരണം. ചർച്ച. ടീച്ചറുടെ

കൂട്ടിച്ചേർക്കൽ (ഓരോ ചോദ്യവും ചർച്ചചെയ്ത് ക്രോഡീകരിച്ച ശേഷം അടുത്ത ചോദ്യം)

**ടീച്ചർവേർഷൻ**

1. ബ്രിട്ടീഷ് പട്ടാളത്തിന് മുമ്പിൽ അടിയറവു പറയുക എന്നത് പഴശ്ശിയെ സംബന്ധിച്ചേത്തോളം മരണത്തിന് സമാധാനമാണ്. അതുകൊണ്ടാണ് ധീരദേശാഭിമാനി ബ്രിട്ടീഷ് പട്ടാളത്തിന് മുമ്പിൽ ഒരിക്കലും കീഴടങ്ങാതെ  വൈരമോതിരം വിഴുങ്ങി മരണത്തെ പുൽകിയത്. 2. ആധുനികമായ പടക്കോപ്പുകളുള്ള കമ്പനി പട്ടാളത്തോട് പഴശ്ശിരാജ നടത്തിയ ചെറുത്തു നില്പ് ബ്രിട്ടീഷ് മേധാവിയെ അത്ഭുതപ്പെടുത്തി. പഴശ്ശിയുടെ ദേശസ്നേഹവും, യുദ്ധവീര്യവും, സ്വാതന്ത്ര്യദാഹവും തിരിച്ചറിഞ്ഞ പട്ടാളമേധാവിക്ക് പഴശ്ശിയോട് ബഹുമാനവും ആദരവും തോന്നിയിട്ടുണ്ടാവും. കൂടാതെ പഴശ്ശിരാജയുടെ മൃതദേഹത്തോടു കാണിക്കുന്ന ആദരവ് ജനങ്ങളുടെ മനസ്സ് തങ്ങൾക്കനുകൂലമാക്കാൻ സഹായിക്കുമെന്നും ബ്രിട്ടീഷ് പട്ടാളം കരുതിക്കാണും. 3. പീരങ്കി,. തോക്ക്, ബോംബ് തുടങ്ങിയ ആയുധങ്ങളുമായി എത്തിയ ബ്രിട്ടീഷ് പട്ടാളത്തെ നേരിട്ടെതിർക്കാൻ കഴിയില്ല. അമ്പുംവില്ലും, വാൾ, കുന്തം എന്നിവയാണ് പഴശ്ശിരാജയുടെ ആയുധങ്ങൾ. വയനാടൻ കാടുകളുടെ സ്വഭാവമറിയുന്ന കുറിച്യപ്പടയ്ക്ക് ഒളിപ്പോരിലൂടെ മാത്രമേ കമ്പനി പട്ടാളത്തെ തോല്പിക്കാനാവൂ എന്ന് പഴശ്ശിരാജക്കറിയാമായിരുന്നു. അതുകൊണ്ടാണ് ഒളിപ്പോർ തെരഞ്ഞെടുത്തത്. 4. പോരാട്ടത്തിന്റെ കഥ പറയുമ്പോഴും കാടിന്റെ സൗന്ദര്യം വെളിപ്പെടുത്തുന്നു. മനോഹരമായ ഭാഷ ഈപാഠത്തിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഉദാ. വയനാടൻ മഞ്ഞ് കൂടിപാർത്ത ഇല്ലിക്കാടുകൾ...... നേരിയമട്ടിൽ കേൾക്കാം, മാവിലാം തോടിന്റെ കരയിലെ അരിപ്പുക്കാട്, കുനിഞ്ഞു നില്ക്കുന്ന ഇല്ലിക്കൂട്ടം.

**പ്രതികരണപേജിലേക്ക്**

ആഴത്തിലുള്ള വായനയിലേക്ക് നയിക്കാൻ കഴിഞ്ഞോ? സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചവർ എത്രശതമാനം? എല്ലാവരും ഉത്തരം കണ്ടെത്താൻ ശ്രമിച്ചുവോ? സ്വന്തം തിരിച്ചറിവുകൾ എന്തെല്ലാം?

**5. ഭാവാത്മവായന ( 40 മിനിറ്റ്)**

പാഠഭാഗത്തിന്റെ ആദ്യപേജ് മൂന്നുപേർ വായിക്കുന്നു. (വ്യത്യസ്ത നിലവാരക്കാർ) ആരുടെ വായനയാണ് മികച്ചത്? എന്തുകൊണ്ട്? കുട്ടികൾ പ്രതികരിക്കുന്നു. മികവിന്റെ കാരണങ്ങൾ ചർച്ച ചെയ്യുന്നതിലൂടെ വായനയുടെ സൂചകങ്ങൾ വികസിപ്പിക്കുന്നു. (ആശയവ്യക്തത, ഭാവം ഉൾക്കൊണ്ടുള്ള വായന, ശബ്ദനിയന്ത്രണം)

ഈ സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ട് മൂന്നംഗ ഗ്രൂപ്പിൽ വായന. ഒരാൾ വായിക്കുമ്പോൾ മറ്റുള്ളവർ സൂചകങ്ങൾ വെച്ച് വിലയിരുത്തുന്നു., ഗ്രൂപ്പിൽ മികച്ചവ പൊതു അവതരണം - മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ചർച്ച, ടീച്ചറുടെ വായന. ടീച്ചറുടെ വായനയിൽ നിന്നും കിട്ടിയ അധിക ധാരണ വെച്ച് കുട്ടികൾ ജോഡികളായി വായിക്കുന്നു. പരസ്പരം വിലയിരുത്തുന്നു. (ഇപ്പോൾ ഈ പാഠത്തിലെ ആശയം ഭാഷ എന്നിവ സംബന്ധിച്ച് എല്ലാവർക്കും ധാരണയായി. കുട്ടികൾ പ്രതികരിക്കുന്നു. ഇനിയും സഹായം ആവശ്യമായവരെ സഹായിക്കാൻ ഗ്രൂപ്പുകൾക്ക് നിർദ്ദേശം നൽകുന്നു. )


**6. പ്രയോഗഭംഗി കണ്ടെത്താം (40 മിനിറ്റ്)**

ഈ പാഠഭാഗത്തുള്ള സവിശേഷ പ്രയോഗങ്ങൾ, ശൈലികൾ എന്തെല്ലാമാണ്? കുട്ടികൾ കണ്ടെത്തിപ്പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. വർക്ക്ഷീറ്റ് 4126 നൽകുന്നു. നിങ്ങൾ പറഞ്ഞതിൽ കൂടുതലായി എന്തെല്ലാമാണുള്ളത് കൂട്ടിച്ചേർക്കുന്നു. ഈ പ്രയോഗങ്ങളുടെ ആശയം ഭംഗി എന്നിവ കണ്ടെത്തി അവതരിപ്പിക്കണം. വ്യക്തിഗത ശ്രമം- ഗ്രൂപ്പിൽ പങ്കുവെക്കുന്നു. ഗ്രൂപ്പുകളുടെ അവതരണം - തുടർന്ന് വ്യക്തിഗതമായി വർക്ക്ഷീറ്റ് പൂരിപ്പിക്കൽ ഗ്രൂപ്പിൽ അവതരണം - ചർച്ച - മെച്ചപ്പെടുത്തൽ പൊതു അവതരണം

അവതരണം - ചർച്ച - ടീച്ചർവേർഷൻ അവതരണം കൂട്ടിച്ചേർക്കൽ



**പ്രതികരണ പേജിലേക്ക്**



പ്രയോഗ ഭംഗി കണ്ടെത്തുന്നതിന് മുമ്പ് നടന്ന ചർച്ച കുട്ടികളുടെ രചനയിൽ പ്രതിഫലിച്ചുവോ? എങ്ങനെ? പ്രയോഗ ഭംഗി തിരിച്ചറിഞ്ഞപ്പോൾ കുട്ടികൾക്കുണ്ടായ സന്തോഷത്തെ എങ്ങനെ വിശദമാക്കും? പറയാതെ പറയുക, മറ്റൊന്നായി പറയുക തുടങ്ങിയ തന്ത്രങ്ങൾ കുട്ടികൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നുണ്ടോ? മറ്റു നിരീക്ഷണങ്ങൾ

**7. വാക്യം രചിക്കുക (20 മിനിറ്റ്)**

പാ.പു പേജ് 128 ലെ പ്രവർത്തനം വായിക്കുന്നു. പുതിയ സന്ദർഭത്തിൽ വാക്യങ്ങൾ രചിക്കുന്നു. പരസ്പരം കൈമാറി വിലയിരുത്തുന്നു. അവതരിപ്പിക്കുന്നു. ടീച്ചറുടെ ക്രോഡീകരണം.

**8. പതിപ്പ് തയ്യാറാക്കൂ (40 മിനിറ്റ്)**



പഴശ്ശി രാജയെപ്പോലെ ജന്മനാടിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി ജീവത്യാഗം ചെയ്ത ധാരാളം ധീരദേശാഭിമാനികൾ നമുക്കുണ്ട്. പട്ടിക തയ്യാറാക്കുകയും അവരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് പതിപ്പ് നിർമ്മിക്കുകയും വേണം. (പഴശ്ശിരാജ, വേലുത്തമ്പിദളവ, കുഞ്ഞാലിമരയ്ക്കാർ) വിവരം ശേഖരിച്ചു വരാൻ മുൻകൂട്ടി നിർദ്ദേശം നൽകണം. ഗ്രൂപ്പിൽ ചർച്ചചെയ്ത് ഓരോ ഗ്രൂപ്പും ഒരു പതിപ്പ് തയ്യാറാക്കണം ടീച്ചറും ഒരു പതിപ്പ് തയ്യാറാക്കി അവതരിപ്പിക്കണം. സാമ്യവ്യത്യാസം ചർച്ചചെയ്യണം.

## പ്രയോഗഭംഗി കണ്ടെത്താം

| പ്രയോഗങ്ങൾ, ശൈലി | ആശയം / പ്രയോഗഭംഗി |
|---|---|
| മഞ്ഞ് കുടിപാർക്കുന്ന ഇല്ലിക്കാടുകൾ | വയനാടൻ മലനിരയിലെ തണുത്ത കാലാവസ്ഥ സൂചിപ്പിക്കുന്നു. മഞ്ഞു കുടിപാർക്കുക എന്ന പ്രയോഗം മഞ്ഞിന്റെ സ്ഥിരസാന്നിധ്യവും തണുത്ത കാലാവസ്ഥയുമാണ് വ്യക്തമാക്കുന്നത്. |
| കുനിഞ്ഞു നില്ക്കുന്ന ഇല്ലിക്കൂട്ടം<br><br>ഞ്ഞ | മാവിലാം തോടിന്റെ കരയിലെ അരിപ്പൂക്കാട്ടിൽ നില്ക്കുന്ന ഇല്ലിക്കൂട്ടം കുനിഞ്ഞുനില്ക്കുക എന്ന പ്രയോഗം ശ്രദ്ധേയമാണ്. വരാനിരിക്കുന്ന ദുരന്തത്തിന്റെ ആഴം തിരിച്ചറി തിന്റെ പ്രതികരണം പോലെ. |
| മുള്ള്, മുരട്, മൂർഖൻ പാമ്പ് | കാടിന്റെ ഭീകരത കാണിക്കുന്നു. എല്ലാതരം ജീവികളും ഇവിടെയുണ്ട്. അവയെ അതിജീവിച്ചു വേണം വിജയം നേടാൻ, അതത്ര എളുപ്പമല്ല എന്ന സൂചന |
| അസ്തമയ സൂര്യൻ ചെമ്പട്ട് ചുറ്റും പുതച്ചു | പഴശ്ശിയോടുള്ള ആദര സൂചകമായി പ്രകൃതിക്കുവന്ന മാറ്റം കാണിക്കുന്നു. മൃതദേഹത്തിൽ സംസ്കാരസമയത്ത് ചെമ്പട്ടു പുതപ്പിച്ച പോലെ അസ്തമയ സൂര്യന്റെ ചുവന്ന കിരണങ്ങൾ വ്യാപിച്ചു. |
| സന്ധ്യയുടെ കവിളിൽ മഞ്ഞുതുള്ളികൾ ഇറ്റുവീണു | പഴശ്ശിയുടെ വിയോഗത്തിൽ പ്രകൃതിപോലും ദുഖത്തിലാണ് എന്ന് സൂചന. പ്രകൃതിയുടെ ദുഖം മഞ്ഞുതുള്ളികളാകുന്ന കണ്ണുനീരായി സന്ധ്യയുടെ കവിളിലൂടെ ഇറ്റുവീണു |

**ഈ സന്ദർഭങ്ങൾ ദൃശ്യവല്ക്കരിക്കാനുള്ള പ്രവർത്തനം ഗൃഹപാഠമായി നൽകണം.**

| ക്ലാസ് : 4 | യൂണിറ്റ് 8 - ചരിതം | മൊഡ്യൂൾ 17. | പഴശ്ശിത്തമ്പുരാൻ |
|---|---|---|---|

## പ്രയോഗഭംഗി കണ്ടെത്താം

| പ്രയോഗങ്ങൾ, ശൈലി | ആശയം / പ്രയോഗഭംഗി |
|---|---|
| മഞ്ഞ് കുടിപാർക്കുന്ന ഇല്ലിക്കാടുകൾ | |
| കുനിഞ്ഞു നില്ക്കുന്ന ഇല്ലിക്കൂട്ടം | |
| മുള്ള്, മുരട്, മൂർഖൻ പാമ്പ് | |
| അസ്തമയ സൂര്യൻ ചെമ്പട്ട് ചൂറ്റും പുതച്ചു | |
| സന്ധ്യയുടെ കവിളിൽ മഞ്ഞുതുള്ളികൾ ഇറ്റുവീണു | |

**ഈ സന്ദർഭങ്ങൾ ദൃശ്യവല്ക്കരിക്കാനുള്ള പ്രവർത്തനം ഗൃഹപാഠമായി നൽകണം.**



## പഴശ്ശിരാജ (1753 - 1805)

1753 ജനുവരി 2 ന് പഴശ്ശിരാജ ജനിച്ചു. ബ്രിട്ടീഷ് ഭരണാധികാരികൾക്കെതിരെ പോരാടിയ നാട്ടുരാജാവായിരുന്നു അദ്ദേഹം. തന്റെ രാജ്യത്തിന്റെ കാര്യങ്ങളിൽ ബ്രിട്ടീഷുകാർ ഇടപെടാൻ തുടങ്ങി. അതിനെതിരെ വയനാട്ടിലെ ആദിവാസി സമൂഹത്തിന്റെ പിന്തുണയോടെ സമരം ചെയ്തു. തന്റെ സർവ്വസ്വവും നാടിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി ത്യജിച്ചു. അന്ത്യനിമിഷം വരെ ബ്രിട്ടീഷുകാർക്ക് മുമ്പിൽ മുട്ടുമടക്കാതെ പോരാടിയ കേരള സിംഹമായിരുന്നു അദ്ദേഹം. 1805 നവംബർ 30 ന് വയനാട്ടിൽ വെച്ച് വീരചരമം പ്രാപിച്ചു. ശത്രുക്കളുടെ പോലും ബഹുമാനം പിടിച്ചുപറ്റിയ വ്യക്തിയായിരുന്നു പഴശ്ശിരാജ. മരണശേഷം എല്ലാ ബഹുമതികളോടുകൂടിയും പരമ്പരാഗതമായ ആചാരങ്ങളോടുകൂടിയുമാണ് ശവസംസ്കാര ചടങ്ങ് നടന്നത്. പഴശ്ശിക്കു ലഭിച്ച ജനപിന്തുണയും ആദരവും അധികാരികൾ നേരിട്ടു മനസ്സിലാക്കിയിരുന്നു. നാമിന്നനുഭവിക്കുന്ന സ്വാതന്ത്ര്യം പഴശ്ശിരാജയെപ്പോലെ നിരവധി പോരാളികളുടെ ജീവത്യാഗത്തിന്റെ ഫലമാണ്. അത് നാം തിരിച്ചറിയുകയും ധീരദേശാഭിമാനികളെ ആദരിക്കുകയും വേണം. നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും ഇന്നും പഴശ്ശിരാജ നമ്മുടെ മനസ്സിൽ ജീവിക്കുകയാണ്.

| ക്ലാസ് : 4 | യൂണിറ്റ് 8 – ചരിതം | മൊഡ്യൂൾ 18. | ഹോക്കി മാന്ത്രികൻ |
|---|---|---|---|

| | |
|---|---|
| **ആമുഖം** | ഹോക്കിമാന്ത്രികൻ എന്ന പാഠം ഇന്ത്യയുടെ കായികരംഗത്ത് ശ്രദ്ധേയനായ ഹോക്കിതാരം ധ്യാൻചന്ദിന്റെ കായിക ജീവിതത്തിലെ ചില അവിസ്മരണീയ സന്ദർഭങ്ങളാണ് അവതരിപ്പിക്കുന്നത്. ഹോക്കി തനിയ്ക്ക് കേവലം വിനോദ മല്ലെന്നും സ്വന്തം നാടിനോടുള്ള ആദരവ് പ്രകടിപ്പിക്കാനുള്ള അവസരം കൂടി യാണെന്നും നമ്മെ ബോധ്യപ്പെടുത്തുന്നു ധ്യാൻചന്ദ്. |
| **ആശയം** | കളിക്കളത്തിലെ അതുല്യപ്രകടനത്തിലൂടെ നമുക്ക് പ്രചോദനമാകുന്ന നിരവധി കായിക പ്രതിഭകൾ ഉണ്ട്. കളിക്കളങ്ങളിൽ ഉജ്ജ്വലമായ ദേശസ്നേഹം പ്രകടിപ്പിച്ച കായികതാരങ്ങളെ നാം ആദരിക്കേണ്ടതുണ്ട്. |
| **പഠനനേട്ടങ്ങൾ** | ഹോക്കി മാന്ത്രികനായ ധ്യാൻചന്ദിന്റെ ഉജ്ജ്വലമായ കായികജീവിതത്തെക്കുറിച്ച് അടുത്തറിയുന്നു. കായിക വിനോദത്തിന്റെ സവിശേഷതകൾ ഉൾപ്പെടുത്തി വിവിരണം തയ്യാറാക്കുന്നു. നിവേദനം, കുറിപ്പ്, വിവരണം, ജീവചരിത്രക്കുറിപ്പ് അഭിനന്ദനക്കത്ത് എന്നിവ തയ്യാറാക്കുന്നു. |
| **വ്യവഹാരരൂപം** | നിവേദനം, കുറിപ്പ്, വിവരണം, ജീവചരിത്രക്കുറിപ്പ്, അഭിന്ദനക്കത്ത് |
| **സാമഗ്രികൾ** | ചാർട്ട്, വർക്ക്ഷീറ്റ് |
| **സമയം** | 6 മണിക്കൂർ |
| **ചുമർപത്രം** | ജീവചരിത്രക്കുറിപ്പ്, ചിത്രങ്ങൾ, വിവരണം, നിവേദനം, അഭ്യർത്ഥനക്കത്ത് |
| **പ്രവർത്തനങ്ങൾ** | 1. പ്രവേശകം, 2. വായനയിലേക്ക്, 3. കണ്ടെത്തൽ, 4. വിശകലനാത്മക ചോദ്യങ്ങൾ, 5. ഭാവാത്മകവായന, 6. അർത്ഥം കണ്ടെത്താം, 7. ചർച്ചചെയ്യാം, 8. കുറിപ്പെഴുതാം, 9. വിവരണം തയ്യാറാക്കാം. 10. ജീവചരിത്രക്കുറിപ്പ്, 11. അഭിനന്ദനക്കത്ത്, 12. നിവേദനം തയ്യാറാക്കാം. |
| **വർക്ക്ഷീറ്റ് :** | 1. കളി ഉപകരണങ്ങൾ, പ്രത്യേകതകൾ 2. ചേരുംപടി ചേർക്കാം |
| **വായനാസാമഗ്രി** | സുവർണ്ണ പാദങ്ങൾ (4199 ബി), ഒരു വലിയ കളിക്കാരൻ (4199 സി), അഭിനന്ദനക്കത്ത് (4199 ഡി), നിവേദനം (4199 ഇ) |
| **സർഗ്ഗവേദി** | കളികളുടെ തത്സമയ വിവരണം |
| **സി.പി.ടി.എ.** | ചുമർ പത്രം |

**പ്രവർത്തനം-സൂക്ഷ്മപ്രക്രിയ**

**1. പ്രവേശകം** (15 മിനിറ്റ്)

ടീച്ചർ പയ്യോളി എക്സ്പ്രസ്സ്, ക്രിക്കറ്റ് ദൈവം എന്നീ പേരുകൾ ബോർഡിൽ എഴുതുന്നു. ഈ പേരുകളിൽ അറിയപ്പെടുന്ന കായികതാരങ്ങൾ ആരെല്ലാം? ഇവർക്ക് ഈ പേരുകൾ എങ്ങനെ വന്നു? (ചർച്ച) (എക്സ്പ്രസ്സ് വേഗത്തിലോടുന്ന പയ്യോളിക്കാരി ഉഷ, ക്രിക്കറ്റിൽ അമാനുഷിക കഴിവുകൾ പ്രകടിപ്പിച്ച സച്ചിൻ ടെണ്ടുൽക്കർ)

ഹോക്കി മാന്ത്രികൻ എന്നറിയപ്പെടുന്ന കളിക്കാരൻ ആര്? മാന്ത്രികന്റെ പ്രത്യേകത എന്താണ്? കുട്ടികൾ പറയുന്നു. ടീച്ചർ ബ്ലാക്ക് ബോർഡിൽ രേഖപ്പെടുത്തുന്നു. ധ്യാൻചന്ദിന് എന്ത് മാന്ത്രികതയാണുള്ളത്? ഊഹം പറയുന്നു. (ബോർഡിൽ എഴുതുന്നു.) അതുതന്നെയാണോ യഥാർത്ഥത്തിൽ ഉള്ളത്? അറിയാനായി പാഠഭാഗം വായിക്കാൻ ആവശ്യപ്പെടുന്നു. വ്യക്തിഗതമായി വായിക്കുന്നു. എല്ലാർക്കും കണ്ടെത്താൻ കഴിഞ്ഞോ? കുട്ടികൾ പ്രതികരിക്കുന്നു. എന്തുകൊണ്ട് കണ്ടെത്താൻ കഴിഞ്ഞില്ല? (ആശയഭംഗി ഗ്രഹിക്കാനായില്ല) എങ്ങനെ ആശയമുറപ്പിക്കാം? വീണ്ടും വായന അറിയുന്നവ (✓) അറിയാത്തവ (✗) ഇഷ്ടപ്പെട്ടവ (-) എന്നീ ചിഹ്നങ്ങൾ പെൻസിൽ കൊണ്ട് രേഖപ്പെടുത്തുന്നു. മൂന്നംഗ ഗ്രൂപ്പിൽ അയാളപ്പെടുത്തിയത് പങ്കുവെയ്ക്കുന്നു. ക്രോഡീകരിക്കുന്നു. ഗ്രൂപ്പുകളുടെ പൊതു അവതരണം. മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ടീച്ചർ ഇടപെട്ട് മെച്ചപ്പെടുത്തുന്നു. പദങ്ങളുടെ അർത്ഥം എല്ലാവരും എഴുതി എന്ന് ഉറപ്പ് വരുത്തുന്നു. (ഗ്രൂപ്പിൽ പിന്നോക്കക്കാർക്ക് അവരുടെ കണ്ടെത്തലുകൾ ആദ്യം അവതരിപ്പിക്കാൻ അവസരം നൽകണം.

**പ്രതികരണ പേജിലേക്ക്**

എല്ലാവർക്കും വായനയിൽ അവസരം നൽകിയോ? വായനയിൽ പ്രയാസം നേരിട്ടവരുണ്ടോ? ആശയവ്യക്തത ഉറപ്പുവരുത്താൻ കഴിഞ്ഞോ?

**3. കണ്ടെത്താം** (30 മിനിട്ട്)

ടീച്ചർ ആശയ ഗ്രഹണ ചോദ്യങ്ങളുടെ ചാർട്ട് പ്രദർശിപ്പിക്കുന്നു. ഹോക്കി മത്സരത്തിനിടയിൽ അമേരിക്കൻ കളിക്കാരുടെ പരാതിയെന്തായിരുന്നു?. ധ്യാൻചന്ദ് എങ്ങനെയാണ് ആ പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയത്? ഒളിമ്പിക്സ് ഹോക്കിയുടെ ചരിത്രത്തിൽ ലോസ് ആഞ്ചൽസ് മത്സരം ഇടം പിടിച്ചതെങ്ങനെ? ചോദ്യങ്ങൾ കുട്ടികൾ വ്യക്തിഗതമായി സ്വയം വായിച്ച് ഉത്തരമെഴുതുന്നു. ആവശ്യമെങ്കിൽ ടീച്ചർ വിശദീകരിക്കുന്നു. മൂന്നംഗ ഗ്രൂപ്പിൽ ഓരോരോ ചോദ്യങ്ങൾ എടുത്ത് അവതരിപ്പിക്കുന്നു. താനെഴുതിയ ഉത്തരങ്ങൾ ഗ്രൂപ്പിൽ പങ്കുവെക്കുന്നു. ചർച്ച ചെയ്ത് കൂട്ടിച്ചേർക്കലുകൾ നടത്തി മെച്ചപ്പെടുത്തുന്നു. ഓരോ ഗ്രൂപ്പിന്റെയും പൊതു അവതരണം അവതരിപ്പിച്ച ഉത്തരങ്ങളിൽ വിട്ടുപോയവ മറ്റു ഗ്രൂപ്പുകൾക്ക് കൂട്ടിച്ചേർക്കാൻ അവസരം നൽകുന്നു.

തുടർന്ന് ഓരോ ചോദ്യത്തിന്റെയും ഉത്തരങ്ങൾ ഗ്രൂപ്പവതരണത്തിന് ശേഷം ടീച്ചർ ക്രോഡീകരിച്ച് പറയുന്നു.

**പ്രതികരണ പേജിലേക്ക്**

കുട്ടികൾക്ക് ചോദ്യങ്ങൾ വായിച്ച് ഉത്തരം എഴുതാൻ കഴിഞ്ഞോ? എല്ലാവരുടേയും പങ്കാളിത്തം ഉണ്ടായിരുന്നോ? ടീച്ചർ നേരിട്ട പ്രശ്നങ്ങൾ

**4. വിശകലനാത്മക ചോദ്യങ്ങൾ** (40 മിനിട്ട്)

1. മാന്ത്രികൻ എന്ന വിശേഷണം ധ്യാൻചന്ദിന് എത്രമാത്രം യോജിക്കും. വിശദമാക്കുക. 2. ഏതൊരു പരിതസ്ഥിതിയിലും ഉറച്ച മനസ്സും അർപ്പണബോധവുമുണ്ടെങ്കിൽ വിജയം കൈവരിക്കാം എന്ന് ഈ പാഠഭാഗത്തെ അടിസ്ഥാനമാക്കി വിശദമാക്കുക.

മുകളിൽ കൊടുത്ത ചോദ്യങ്ങൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. ചോദ്യങ്ങൾ കുട്ടികളോട് സ്വയം വായിച്ച് ഉത്തരം എഴുതാൻ ആവശ്യപ്പെടുന്നു. ടീച്ചർ വ്യക്തത ഉറപ്പാക്കണം (വ്യക്തിഗതം) ഗ്രൂപ്പിൽ ഓരോരുത്തരും വായിച്ചവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നു. ഗ്രൂപ്പുകളുടെ പൊതു അവതരണം. മറ്റു ഗ്രൂപ്പുകളും ടീച്ചറും ഇടപെടുന്നു. ടീച്ചർ വേർഷൻ അവതരണം 1. ഹോക്കിയിൽ ഒരു മായാജാലം തന്നെ സൃഷ്ടിച്ചാണ് ധ്യാൻചന്ദ് ഈ ലോകത്തെ വിസ്മയിപ്പിച്ചത്. ഇവിടെ എതിർ കളിക്കാരായ അമേരിക്കൻ കളിക്കാർ അദ്ദേഹത്തിന്റെ ഹോക്കിസ്റ്റിനെ മാന്ത്രികവടിയാണോ എന്ന് തെറ്റിദ്ധരിച്ചു. പിന്നീടാണ് വടിയല്ല. അതിന്റെ ഉടമയാണ് ആ മാന്ത്രികൻ എന്ന് അവർ തിരിച്ചറിഞ്ഞത്. ഹോക്കി മാന്ത്രി

കൻ എന്ന വിശേഷണം അദ്ദേഹത്തിന് ഏറ്റവും യോജിക്കുന്നതുതന്നെയാണ്. 2. തന്റെ രാജ്യം തോല്ക്കരുത് എന്ന ധ്യാൻചന്ദിന്റെ ഉറച്ച മനസ്സാണ് ഇന്ത്യയ്ക്ക് ആദ്യ ഒളിമ്പിക് സ്വർണ്ണം നേടാൻ സഹായിച്ചത്. ഇതുപോലെ ഏതൊരാൾക്കും ഏതു കാര്യത്തിലും ഉറച്ച മനസ്സും അർപ്പണബോധവുമുണ്ടെങ്കിൽ വിജയം കൈവരിക്കാം എന്ന് ഈ പാഠഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്നു.

**പ്രതികരണപേജിലേക്ക്**

ചോദ്യവായനയിൽ പ്രയാസം നേരിട്ടവരുണ്ടോ? ചോദ്യങ്ങൾ സ്വയം വായിച്ച് ഉത്തരം കണ്ടെത്താൻ കഴിഞ്ഞവരുണ്ടോ? ടീച്ചറുടെ സഹായം എത്രമാത്രം ആവശ്യമായി വന്നു?

**5. ഭാവാത്മകവായന (30 മിനിട്ട്)**

വിവിധ നിലവാരക്കാരയ കുറച്ച് കുട്ടികൾ പാഠത്തിന്റെ ഒരു ഭാഗം വായിക്കുന്നു. ആരുടെ വായനയാണ് മികച്ചത്? എന്തുകൊണ്ട് ? ചർച്ച - കുട്ടികൾ പറയുന്നു. സൂചകം വികസിപ്പിക്കുന്നു. സൂചകങ്ങൾ : ആശയത്തിന് യോജിച്ച ഭാവം ഉൾക്കൊള്ളുന്ന വായന, ശബ്ദക്രമീകരണം ഗ്രൂപ്പിലെ മികച്ച വായനക്കാരുടെ പൊതുവായന ഒരു ഗ്രൂപ്പ് അവതരിപ്പിക്കുമ്പോൾ മറ്റ് ഗ്രൂപ്പുകൾ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സ്കോറുകൾ നൽകുന്നു. ക്ലാസ്സിലെ മികച്ച വായനക്കാരനെ/ വായനക്കാരിയെ കണ്ടെത്തുന്നു. തുടർന്ന് ടീച്ചറുടെ വായന കുട്ടികൾ വിലയിരുത്തുന്നു. ടീച്ചറുടെ വായനയിൽ നിന്നു ലഭിച്ച പുതിയ കാര്യങ്ങൾ ഉൾക്കൊണ്ട് കുട്ടികൾ ജോഡികളായി പരസ്പരം വായിച്ചുകൊടുക്കുന്നു. വിലയിരുത്തുന്നു.

**പ്രതികരണ പേജിലേക്ക്**

എല്ലാവർക്കും വായനയിൽ അവസരം ലഭിച്ചോ? എല്ലാവർക്കും നന്നായി വായിക്കാൻ കഴിയുന്നുണ്ടോ? മികച്ച വായനക്കാർ, പിന്നാക്കം നിൽക്കുന്നവർ

**6. അർത്ഥം കണ്ടെത്താം (15 മിനിട്ട്)**

ടെക്സ്റ്റ് ബുക്ക് പേജ് 132ലെ അർത്ഥം കണ്ടെത്താം. വാക്കുകളുടെ അർത്ഥം വ്യക്തിഗതമായി കണ്ടെത്തുന്നു. ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു. പൊതു അവതരണം ഏറ്റവും വേഗത്തിൽ ശരിയായി ഉത്തരം എഴുതിയ ഗ്രൂപ്പ് വിജയികൾ.

**7. ചർച്ച ചെയ്യാം (20 മിനിട്ട്)**

പാഠപുസ്തകത്തിലെ 'ആ കുറിയ കളിക്കാരൻ ആക്രമണനിരയിൽ കൊടുങ്കാറ്റഴിച്ചുവിട്ടു.' എന്ന വാചകം ബോർഡിൽ എഴുതുന്നു. കൊടുങ്കാറ്റഴിച്ചുവിട്ടു എന്ന പ്രയോഗം വാക്യത്തിന് നൽകുന്ന മേന്മ ചർച്ച ചെയ്യുന്നു. ക്രോഡീകരിക്കുന്നു. 'കൊടുങ്കാറ്റ് നിയന്ത്രാണാതീതമായ ഒരു പ്രകൃതി പ്രതിഭാസമാണ് അതിനെ പ്രതിരോധിക്കുവാൻ കഴിയുകയില്ല. ഇവിടെ കളിക്കളത്തിൽ കളിക്കാരൻ കൊടുങ്കാറ്റഴിച്ചുവിട്ടു എന്ന പ്രയോഗം കളിക്കാരന്റെ പ്രകടനം എതിർ ടീമിന് പ്രതിരോധിക്കുവാൻ കഴിയാത്തവിധം ശക്തമായിരുന്നു എന്ന സൂചനയാണ് നൽകുന്നത്. കൂടുതൽ ഉദാഹരണം പാഠഭാഗത്ത് നിന്ന് കണ്ടെത്തുന്നു. വ്യക്തിഗതം - ഗ്രൂപ്പ് - പൊതു അവതരണം - ടീച്ചറുടെ ക്രോഡീകരണം.

**8. കുറിപ്പെഴുതാം. (40 മിനിട്ട്)**

പാഠപുസ്തകത്തിലെ ചോദ്യം കുട്ടികളോട് വായിക്കാൻ ആവശ്യപ്പെടുന്നു.

കുട്ടികൾ അവർക്കിഷ്ടപ്പെട്ട കളിക്കാരന്റെ പേര്, കളി, രാജ്യം എന്നിവ പട്ടികപ്പെടുത്തുന്നു. (വ്യക്തിഗതം). പൊതുചർച്ച - ബോർഡിൽ ക്രോഡീകരണം, വർക്ക്ഷീറ്റ് (4128) ചേരുംപടിചേർക്കുക. ഇതിൽ ഉൾപ്പെട്ടതോ അല്ലാത്തതോ ആയ കുട്ടികൾക്കിഷ്ടപ്പെട്ട ഒരു കായിക താരത്തെക്കുറിച്ച് കുറിപ്പെഴുതാൻ നിർദ്ദേശിക്കുന്നു. വ്യക്തിഗതമായി എഴുതുന്നു. ചിലർ അവതരിപ്പിക്കുന്നു. കുട്ടികളുടെ രചനകൾ താരതമ്യം ചെയ്ത സൂചകങ്ങൾ വികസിപ്പിക്കേണ്ട ആവശ്യകത ബോധ്യപ്പെടുത്തുന്നു.



കുട്ടികളും ടീച്ചറും ചേർന്ന് വികസിപ്പിക്കുന്നു. സൂചകങ്ങൾ ടി.ടി. പേജ് 195. സ്വന്തം രചനാ ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു. പൊതു അവതരണം, മറ്റു ഗ്രൂപ്പുകളും ടീച്ചറും വിലയിരുത്തുന്നു. ടീച്ചർ വേർഷൻ (സുവർണ പദങ്ങൾ) (4199 ബി)

**പ്രതികരണ പേജിലേക്ക്**

എല്ലാവരുടേയും പങ്കാളിത്തം ഉണ്ടായിരുന്നോ? എഴുതാൻ കഴിയാത്തവരുണ്ടോ? കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ, തുടർ പ്രവർത്തനം

**9. വിവരണം തയ്യാറാക്കാം (40 മിനിട്ട്)**

ചോദ്യം വായിക്കാൻ ആവശ്യപ്പെടുന്നു. ആവശ്യമെങ്കിൽ വിശദീകരണം. മുൻപ് തയ്യാറാക്കിയിട്ടുള്ള വിവരങ്ങൾ ഓർമ്മപ്പെടുത്തുന്നു. (ഉദാ: എന്റെ പൂന്തോട്ടം നാടൻകളി വിവരണം) വ്യക്തിഗതമായി എഴുതാൻ ആവശ്യപ്പെടുന്നു. രണ്ട്, മൂന്ന് കുട്ടികൾ അവതരിപ്പിക്കുന്നു. താരതമ്യം ചെയ്ത് മെച്ചപ്പെടുത്താനുള്ള സൂചകങ്ങൾ വികസിപ്പിക്കുന്നു./ ഉൾപ്പെടുത്തേണ്ടവ ചർച്ച ചെയ്യുന്നു. (കളിക്കളം, കളിക്കാരുടെ എണ്ണം, സമയം, ഉപകരണം) ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു. - പൊതു അവതരണം മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ടീച്ചർ വേർഷൻ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. (ടി.ടി. പേജ് 195) - ഫുട്ബോൾ മറ്റു കളികളും ആവാം. ഗ്രൂപ്പുകളുടെ രചനകൾ ചാർട്ടിൽ എഴുതി തൂക്കുന്നു/ പതിപ്പ്

**പ്രതികരണ പേജിലേക്ക്**

മുമ്പ് എഴുതിയ വിവരണങ്ങളുമായുള്ള താരതമ്യം. എത്രമാത്രം മികവ് പുലർത്തുന്നുണ്ട് (ആശയം/ ഉപയോഗിക്കുന്ന ഭാഷ, അക്ഷരത്തെറ്റുകൾ)

**10. ജീവചരിത്രക്കുറിപ്പ്** (40 മിനിട്ട്)

കുട്ടികളോട് ടെക്സ്റ്റ് ബുക്കിലെ ചോദ്യം (പേജ് 133) സ്വയം വായിച്ച് മനസ്സിലാക്കാൻ ആവശ്യപ്പെടുന്നു. ടീച്ചർ ആവശ്യമെങ്കിൽ ഇടപെടുക. ഈ യൂണിറ്റിന്റെ ആദ്യ ഭാഗത്ത് ജീവചരിത്രക്കുറിപ്പുകൾ പരിചയപ്പെടുത്തിയിട്ടുണ്ട് (പഴശ്ശിത്തമ്പുരാൻ) (ചർച്ച) ജീവചരിത്രക്കുറിപ്പും ആത്മകഥയും തമ്മിലുള്ള വ്യത്യാസം (ടി.ടി. പേജ് 197 നോക്കുക) ഇഷ്ടപ്പെട്ട കായികതാരത്തെക്കുറിച്ചുള്ള വിവരശേഖരണം നടത്താൻ മുമ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. (പ്രവർത്തനം കുറിപ്പെഴുതാം 132) അവ ക്ലാസ്സിൽ കൊണ്ടുവരുന്നു. ഇഷ്ടപ്പെട്ട കായിക താരങ്ങളുടെ പേര് ഓരോരുത്തരും പറയുന്നു. അവരുടെ ജീവചരിത്രക്കുറിപ്പ് എഴുതാൻ ആവശ്യപ്പെടുന്നു. ശേഖരിച്ച വിവരങ്ങൾ സഹായകമാക്കാം. ഒന്ന്, രണ്ട് കുട്ടികൾ അവതരിപ്പിക്കുന്നു. കുട്ടികളുടെ രചനകൾ താരതമ്യം ചെയ്ത് ഉൾപ്പെടുത്തേണ്ടവ ചർച്ച ചെയ്യുന്നു. (ടി.ടി പേജ് 197) ഒരേ കളിക്കാരെ തിരഞ്ഞെടുത്തവർ ഗ്രൂപ്പാകുന്നു. ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു. പൊതു അവതരണം - മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ടീച്ചർ വേർഷൻ നൽകുന്നു. (ഒരു വലിയ കളിക്കാരൻ) (4199 സി)




**എഡിറ്റിംഗ്**

ഒരു ഗ്രൂപ്പിന്റെ രചന പൊതുവായി എഡിറ്റ് ചെയ്യുന്നു.

**ആശയം**

എന്തെങ്കിലും ആശയം കൂട്ടിച്ചേർക്കാനുണ്ടോ? എന്തെങ്കിലും ഒഴിവാക്കേണ്ടതായിട്ടുണ്ടോ?

**വാക്യഘടന**

എന്തെങ്കിലും പദങ്ങൾ അനാവശ്യമായി ആവർത്തിച്ചിട്ടുണ്ടോ? ഏതെങ്കിലും പദങ്ങൾ ക്രമം തെറ്റി പ്രയോഗിച്ചിട്ടുണ്ടോ? ഏതെങ്കിലും പദങ്ങൾ വിട്ടുപോയിട്ടുണ്ടോ?

**പദം**

അനുയോജ്യമായ പദങ്ങൾ തന്നെയാണോ ഉപയോഗിച്ചിട്ടുള്ളത്?

**അക്ഷരം**

അക്ഷരങ്ങൾ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടോ? ചിഹ്നങ്ങൾ വല്ലതും തെറ്റായി എഴുതിയോ? വിട്ടുപോയോ?

**വ്യവഹാര രൂപം**

ജീവചരിത്രക്കുറിപ്പിന്റെ സവിശേഷതകൾ പാലിച്ചിട്ടുണ്ടോ? (ജനനം, ജീവിതകാലം, സ്ഥലം, മാതാപിതാക്കൾ, പ്രധാന പ്രവർത്തനമേഖലകൾ, സംഭവങ്ങൾ, ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ, ഭാഷാശൈലി, എഴുത്തിന്റെ ഘടന)

**പ്രതികരണപേജിലേക്ക്**

കുട്ടികളുടെ പങ്കാളിത്തം എത്രമാത്രം? വരുത്തേണ്ട മാറ്റങ്ങൾ കുട്ടികൾക്ക് സ്വന്തമായി തിരിച്ചറിയാൻ കഴിയുന്നുണ്ടോ? ടീച്ചറുടെ ഇടപെടൽ എത്രമാത്രം?

**11. അഭിനന്ദനക്കത്ത് (40 മിനിട്ട്)**

ടെക്സ്റ്റ് ബുക്കിലെ 'കത്തെഴുതാം' എന്ന പ്രവർത്തനം വായിക്കാൻ ആവശ്യപ്പെടുന്നു. (സ്വയം വായിച്ച് മനസ്സിലാക്കണം) (മൂന്നാംക്ലാസ്സിലെ നിറമുള്ള നന്മകൾ എന്ന പാഠഭാഗത്ത് കത്തെഴുത്ത് പരിചയപ്പെട്ടിട്ടുണ്ട്.)

ദൂരെയുള്ള ബന്ധുക്കളെയും സുഹൃത്തുക്കുളെയും നിങ്ങൾ വിവരങ്ങൾ അറിയിക്കുന്നതെങ്ങനെയാണ്? പണ്ടൊക്കെ ആളുകൾ എങ്ങനെയാണ് വിവരങ്ങൾ കൈമാറിയിരുന്നത്? നിങ്ങൾക്കാരെങ്കിലും കത്തയക്കാറുണ്ടോ? ഒരു കത്ത് കിട്ടാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? അതിനെന്താണ് വഴി? നമ്മൾ കത്തയച്ചാൽ മറുപടി വരും അല്ലേ? എങ്കിൽ നമുക്കൊരു കത്തെഴുതിയാലോ? ടെക്സ്റ്റ്ബുക്കിലെ ചോദ്യം ഒന്നുകൂടി വായിക്കാൻ ആവശ്യപ്പെടുന്നു. കുട്ടികളോട് വ്യക്തിഗതമായി എഴുതാൻ ആവശ്യപ്പെടുന്നു. ഒന്ന്, രണ്ട് കുട്ടികൾ വായിക്കുന്നു. താരതമ്യം ചെയ്യുന്നു. മെച്ചപ്പെടുത്തുന്നു. കത്തെഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നു. വസ്തുതകൾ ബ്ലാക്ക്ബോർഡിൽ ക്രോഡീകരണം. ടി.ടി. പേജ് 198 നോക്കുക



കൂടുതൽ വ്യക്തമാക്കുന്നതിനായി മാതൃക കത്തുകൾ ടീച്ചർക്ക് പരിചയപ്പെടുത്താവുന്നതാണ്. മെച്ചപ്പെടുത്തി എഴുതാൻ അവസരം നൽകുന്നു. ഗ്രൂപ്പിൽ അവതരിപ്പിച്ച് മികച്ച കത്ത് കണ്ടെത്തുന്നു. പൊതു അവതരണം വിലയിരുത്തൽ - മികച്ചത് ചുവർ പത്രികയിൽ ടീച്ചർ വേർഷൻ (4199 ഡി) നൽകുന്നു. ഒരു ഗ്രൂപ്പിന്റെ രചന, എഡിറ്റ് ചെയ്യാവുന്നതാണ്. എഡിറ്റ് ചെയ്യുമ്പോൾ സന്ദർഭത്തിന് അനുസൃതമായി കത്തുകൾ വൈവിധ്യം പുലർത്തുന്നു. ശൈലികൾ മാറി വരുന്നു എന്നിവ കുട്ടികളെ പരിചയപ്പെടുത്താം. തുടർന്ന് ഔദ്യോഗിക കത്ത്, ക്ഷണക്കത്ത്, അനുശോചനക്കത്ത് തുടങ്ങിയവയുടെ മാതൃകകൾ കൂടി നൽകുന്നു.

**12. നിവേദനം**

ടി.ബി. പേജ് 132 ലെ ചോദ്യം വായിക്കാൻ ആവശ്യപ്പെടുന്നു. ചർച്ച, സ്കൂളിലോ ചുറ്റുപാടിലോ അനുഭവിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു. കുട്ടികൾ പറയുന്ന പ്രശ്നങ്ങൾ ബോർഡിൽ ക്രോഡീകരണം. തുടർന്ന് ചർച്ചയിലൂടെ പ്രശ്നം തിരഞ്ഞെടുക്കുന്നു. പരിഹാരമാർഗ്ഗങ്ങൾ ചർച്ച ചെയ്ത് ബന്ധപ്പെട്ട അധികാരികൾക്ക് നിവേദനം നൽകാം എന്ന ധാരണയിലെത്തുന്നു. അപേക്ഷ, നിവേദനം തമ്മിലുള്ള വ്യത്യാസം കൂടി കുട്ടികൾക്ക് വ്യക്തമാക്കണം.

തിരഞ്ഞെടുത്ത പ്രശ്നത്തിന് നിവേദനം, തയ്യാറാക്കാം (ഗ്രൂപ്പ് തിരിച്ച്), പൊതു അവതരണം, ഇവയുടെ അടിസ്ഥാനത്തിൽ നിവേദനത്തിന്റെ സവിശേഷതകൾ ഉറപ്പിക്കുന്നു. (ടി.ടി. പേജ് 196) ചാർട്ടിൽ എഴുതുന്നു/ ടീച്ചർ ക്രോഡീകരിച്ച് ബോർഡിൽ എഴുതുന്നു. തുടർന്ന് ടി.ബിയിലെ നിശ്ചിത പ്രവർത്തനത്തിലേക്കു കടക്കുന്നു. ചോദ്യം വായിച്ച് ചർച്ച ചെയ്തുകൊണ്ട് സ്കൂളിൽ ലഭ്യമാകേണ്ട കളിയുപകരണങ്ങൾ പട്ടികപ്പെടുത്തുന്നു. (പ്രായോഗികമായി അവശ്യം വേണ്ടവ) ബോർഡിൽ ക്രോഡീകരിക്കുന്നു. തുടർന്ന് നിവേദനം തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. വ്യക്തിഗതം- ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ - പൊതു അവതരണം. മറ്റു ഗ്രൂപ്പുകളുടെ വിലയിരുത്തൽ. ടീച്ചർ വേർഷൻ നൽകുന്നു. 4199 (ഇ). തുടർന്ന് മെച്ചപ്പെടുത്താനവസരം



**പ്രതികരണ പേജിലേക്ക്**

എല്ലാ കുട്ടികളും ചർച്ചയിൽ പങ്കെടുത്തോ? നിവേദനം തയ്യാറാക്കുന്നതിൽ എല്ലാവരുടേയും പങ്കാളിത്തം ഉണ്ടായിരുന്നോ? പ്രവർത്തനം നടപ്പാക്കുന്നതിൽ എന്തെങ്കിലും പ്രയാസം അനുഭവപ്പെടുന്നുണ്ടോ?

| ക്ലാസ് : 4 | യൂണിറ്റ് 8 – ചരിതം | മൊഡ്യൂൾ 18. | ഹോക്കി മാന്ത്രികൻ |
|---|---|---|---|

## ചേരുംപടി ചേർക്കുക

| കായികതാരം | ഇനം |
|---|---|
| 1. ഡീഗോ മറഡോണ | ബാഡ്മിന്റൺ |
| 2. ജിമ്മി ജോർജ്ജ് | നീന്തൽ |
| 3. വിൽസൺ ചെറിയാൻ | ക്രിക്കറ്റ് |
| 4. രഞ്ജിത്ത് മഹേശ്വരി | ഫുട്ബോൾ |
| 5. സച്ചിൻ ടെണ്ടുൽക്കർ | ചെസ് |
| 6. വിശ്വനാഥൻ ആനന്ദ് | അത്‌ലറ്റ് |
| 7. പ്രീജാ ശ്രീധരൻ | വോളിബോൾ |
| 8. സൈന നെഹ്വാൾ | ട്രിപ്പിൾ ജംബ് |

PENCIL

Process Ensuring for Natural Classroom Interaction and Learning

എല്ലാവർക്കും പഠനനേട്ടം അധ്യാപന മികവിലൂടെ

ബിആർസി അരീക്കോട് 3,4 മലയാളം ട്രൈഔട്ട്, വർക്ക്ഷീറ്റ് 4128

| ക്ലാസ് : 4 | യൂണിറ്റ് 8 – ചരിതം | മൊഡ്യൂൾ 18. | ഹോക്കി മാന്ത്രികൻ |
|---|---|---|---|

## ചിത്രം നിരീക്ഷിക്കാം രേഖപ്പെടുത്താം

| കളി ഉപകരണങ്ങൾ | പ്രത്യേകതകൾ |
|---|---|
| 1. ഷട്ടിൽ കോക്ക്  | തൂവലുകൾ നിർമ്മാണവസ്തു. 16 തൂവലുകൾ കൊണ്ടാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. ഭാരം വളരെ കുറവാണ് |
| 2. ഷട്ടിൽ ബാറ്റ്  | |
| 3. ഹോക്കിസ്റ്റിക്  | |
| 4. കിക്കറ്റ് ബാറ്റ്  | |
| 5. ഫുട്ബോൾ  | |

| ക്ലാസ് : 4 | യൂണിറ്റ് 8 – ചരിതം | മൊഡ്യൂൾ 18. | ഹോക്കി മാന്ത്രികൻ |
|---|---|---|---|

# സുവർണ്ണപാദങ്ങൾ



ഇന്ത്യ കണ്ട എക്കാലത്തേയും മികച്ച അത്‌ലറ്റാണ് പയ്യോളി എക്സ്പ്രസ്സ്, ഗോൾഡൻ ഗേൾ, ക്വീൻ ഓഫ് ഇന്ത്യൻ ട്രാക്ക് ആൻഡ് ഫീൽഡ് എന്നീ പേരുകളിൽ അറിയപ്പെടുന്ന പിലാവുള്ളകണ്ടി തെക്കേപറമ്പിൽ ഉഷ അഥവാ പി.ടി.ഉഷ. കോഴിക്കോട് ജില്ലയിലെ പയ്യോളി വില്ലേജിൽ ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു വളർന്ന പി.ടി. ഉഷ കഠിന പ്രയത്നങ്ങളിലൂടെ കഷ്ടപാടുകളെ അതിജീവിച്ച് വിജയം കൈവരിച്ച ഒരു അത്‌ലറ്റാണ്. ദേശീയ ടീമിൽ നിന്ന് കോച്ച് ഒ.എം. നമ്പ്യാർ കണ്ടെടുത്ത വിലമതിക്കാനാവാത്ത ഒരു മുത്താണ് പി.ടി. ഉഷ. പിന്നീടങ്ങോട്ട് ട്രാക്കിലും ഫീൽഡിലുമായി മെഡലുകൾ വാരിക്കൂട്ടിയ ഉഷയ്ക്ക് സെക്കന്റിന്റെ നൂറിലൊരംശം വ്യത്യാസത്തിലാണ് 1984 ലെ ലോസ് ആഞ്ചലാസ് ഒളിമ്പിക്സിൽ 400 മീറ്റർ ഹർഡിൽസൽ മെഡൽ നഷ്ടപ്പെട്ടത്. ഇപ്പോൾ ഇന്ത്യൻ റെയൽവേയിൽ ജോലി ചെയ്യുന്നതോടൊപ്പം വളർന്നുവരുന്ന കായികതാരങ്ങൾക്കായി ജന്മനാട്ടിൽ തന്നെ ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സ്, എന്ന സ്ഥാപനം നടത്തിവരുന്നു. ടിന്റുലൂക്കയെപ്പോലുള്ള മികച്ച കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിൽ ഉഷ വഹിക്കുന്ന പങ്ക് ചെറുതല്ല.

| ക്ലാസ് : 4 | യൂണിറ്റ് 8 - ചരിതം | മൊഡ്യൂൾ 18. | ഹോക്കി മാന്ത്രികൻ |
|---|---|---|---|

## ഒരു വലിയ കളിക്കാരൻ




**ജിമ്മി ജോർജ്ജ്**

പ്രശസ്ത വോളിബോൾ കളിക്കാരനായിരുന്ന ജിമ്മിജോർജ്ജ് 1955 മാർച്ച് 8ന് കണ്ണൂരിലെ പേരാവൂർ എന്ന സ്ഥലത്ത്, ജോർജ്ജ് ജോസഫിന്റെയും മേരി ജോർജ്ജിന്റെയും രണ്ടാമത്തെ മകനായി ജനിച്ചു. തന്റെ വീടിന് പുറകുവശത്തുള്ള പാടത്താണ് അദ്ദേഹം വോളിബോൾ കളിച്ചുതുടങ്ങിയത്. അച്ഛനായിരുന്നു വോളിബോളിന്റെ ആദ്യപാഠങ്ങൾ പറഞ്ഞുകൊടുത്തത്.

അദ്ദേഹത്തിന്റെ കുടുംബത്തിന് 'ജോർജ്ജ് ബ്രദേഴ്സ്' എന്നറിയപ്പെട്ടിരുന്ന വോളിബോൾ ടീം തന്നെ സ്വന്തമായുണ്ടായിരുന്നു. അതിന്റെ മാനേജർ അദ്ദേഹത്തിന്റെ അമ്മയും കോച്ച് അച്ഛനുമായിരുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയ്ക്കു വേണ്ടിയും കേരള യൂണിവേഴ്സിറ്റിയ്ക്കു വേണ്ടിയും അദ്ദേഹം കളിച്ചു. കുറേക്കാലം ആദ്ദേഹം കേരള യൂണിവേഴ്സിറ്റിയുടെ ക്യാപ്റ്റനായിരുന്നു. പിന്നീടദ്ദേഹം കേരള പോലീസിൽ ചേർന്നു. പോലീസ് ടീമിനെ നയിച്ചു പല മാച്ചുകളിലും വിജയം നേടി. 21-ാം വയസ്സിൽ അദ്ദേഹത്തിന് അർജ്ജുന അവാർഡ് ലഭിച്ചു.

ദുബായ്ക്കും ഇറ്റലിയ്ക്കും വേണ്ടിയും അദ്ദേഹം കളിച്ചു. 1987 നവംബർ 30ന് ഒരു കാറപടകത്തിൽ അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞു. ഇപ്പോൾ അദ്ദേഹത്തിന്റെ പേരിൽ മൂന്ന് സ്റ്റേഡിയങ്ങൾ ഉണ്ട്. തിരുവനന്തപുരത്തെ, 'ജിമ്മി ജോർജ്ജ് ഇന്റോർ സ്റ്റേഡിയം' ഇന്ത്യയിലും മറ്റൊന്ന് ദുബായിലും അടുത്തത് ഇറ്റലിയിലുമാണ്.

# അഭിനന്ദനക്കത്ത്

സ്ഥലം :............................

തിയ്യതി :............................

പ്രിയപ്പെട്ട ഇർഷാദ്,

നിനക്ക് സുഖം തന്നെയല്ലേ? സബ്ജില്ലാ കായിക മേളയിൽ 100 മീറ്റർ ഓട്ടത്തിൽ ഒന്നാം സ്ഥാനം നേടി, ഈ കായിക മേളയിലെ ഏറ്റവും വേഗതയേറിയ ഓട്ടക്കാരൻ എന്ന സ്ഥാനം നീ കൈവരിച്ചതിൽ ഞാൻ വളരെയേറെ സന്തോഷിക്കുന്നു. നീ നമ്മുടെ സ്കൂളിന്റെ അഭിമാനതാരമാണ്. നിന്നെയോർത്ത് ഞങ്ങൾ അഭിമാനിക്കുന്നു. ഇത് നേരിട്ടുപറയണം എന്നാണ് ആഗ്രഹിച്ചിരുന്നതെങ്കിലും സ്കൂൾ പൂട്ടിയതിനാൽ നിന്നെക്കാണാൻ കഴിഞ്ഞില്ല. ഭാവിയിലും മികച്ച വിജയങ്ങൾ നേടി നമ്മുടെ നാടിന്റെ അഭിമാനതാരമാവാൻ നിനക്കു സാധിക്കും. എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

സ്നേഹപൂർവ്വം
**മനുപ്രസാദ്**

| ക്ലാസ് : 4 | യൂണിറ്റ് 8 - ചരിതം | മൊഡ്യൂൾ 18. | ഹോക്കി മാന്ത്രികൻ |
|---|---|---|---|

# നിവേദനം

**ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡണ്ട് അവർകൾ സമക്ഷത്തിലേക്ക് ...... സ്കൂൾ വിദ്യാർത്ഥികൾ നൽകുന്ന നിവേദനം.**

സർ,

അറുനൂറോളം കുട്ടികൾ പഠിക്കുന്ന സ്കൂളാണ് ഞങ്ങളുടേത്. ഞങ്ങളിൽ ആത്മ വിശ്വാസം വളർത്തുന്നതിനും കായികശേഷി കൂട്ടുന്നതിനും മികച്ച ആരോഗ്യത്തിനും വ്യക്തിത്വവികാസത്തിനും പഠനപുരോഗതിയ്ക്കും കളികൾ അനിവാര്യമാണല്ലോ? എന്നാൽ ഇക്കാര്യത്തിൽ ഞങ്ങൾ ചില പ്രശ്നങ്ങൾ നേരിടുന്നുണ്ട്.

ഒന്നാമതായി ഞങ്ങൾക്ക് വലിയൊരു ഗ്രൗണ്ടില്ല. ചെറിയൊരു കളിസ്ഥലം മാത്രമേ ഉള്ളൂ. അടുത്തത് ഞങ്ങളുടെ സ്കൂളിൽ വേണ്ടത്ര കളിയുപകരണങ്ങൾ ഇല്ല. ഉള്ളവ തന്നെ കേടുപാടുകൾ സംഭവിച്ചതാണ്. ഇപ്പോഴത്തെ ചുറ്റുപാടിൽ സ്കൂളിന് ഇത് വാങ്ങാൻ വേണ്ട പണമില്ല.

ഫുട്ബോൾ, ക്രിക്കറ്റ്ബാറ്റ്, ബോൾ, സ്റ്റമ്പ്, റിംഗ്, ഷട്ടിൽബാറ്റ്, കോർക്ക്, വോളി ബോൾ, നെറ്റ്, കാരംസ്. ചെസ്ബോർഡ് എന്നിങ്ങനെയുള്ളവയെല്ലാം ഞങ്ങൾക്കാവ ശ്യമാണ്.

ഈ പ്രശ്നം ഗൗരവമായെടുത്ത് വേണ്ട സഹായങ്ങൾ നൽകണം എന്ന് വിനീത മായി അപേക്ഷിക്കുന്നു.

എന്ന്
വിശ്വസ്തതയോടെ
സ്കൂൾ വിദ്യാർത്ഥികൾ

സ്ഥലം :
തിയ്യതി :

| പേര് | ഒപ്പ് |
|---|---|
| 1. | |
| 2. | |
| 3. | |

| ക്ലാസ് : 4 | വിലയിരുത്തൽ | മൊഡ്യൂൾ 18. | ഹോക്കി മാന്ത്രികൻ |
|---|---|---|---|

# അന്നും ഇന്നും

കഴിഞ്ഞ ജൂൺ മാസത്തിൽ നിന്നും ഇതുവരെയുള്ള പ്രവർത്തനങ്ങൾ സ്വയം വിലയിരുത്തുമ്പോൾ തനിക്ക് ഭാഷാപരമായി ഉണ്ടായ പുരോഗതി എന്തെല്ലാം?

| ജൂൺ 2016 | | | സൂചകങ്ങൾ | മാർച്ച് 2017 | | |
|---|---|---|---|---|---|---|
| എ | ബി | സി | | എ | ബി | സി |
| | | | വായിച്ച് ആശയം ഗ്രഹിക്കുന്നതിൽ | | | |
| | | | പ്രയോഗങ്ങൾ, ശൈലികൾ ഇവയുടെ പ്രധാന്യം തിരിച്ചറിയുന്നതിൽ | | | |
| | | | വാക്കുകളുടെ അർത്ഥം തിരിച്ചറിയുന്നതിൽ | | | |
| | | | വാക്യഘടന പാലിച്ച് എഴുതുന്നതിൽ | | | |
| | | | അക്ഷരത്തെറ്റ്, ചിഹ്നം, അക്ഷരങ്ങളുടെ ഭംഗി, അകലം പാലിക്കുന്നതിൽ ഇവയിലുള്ള നില | | | |
| | | | അനുയോജ്യമായ പദങ്ങളുടെ ഉപയോഗം | | | |
| | | | ഭാവാത്മക വായനയിൽ | | | |
| | | | വ്യവഹാര രൂപങ്ങളുടെ സവിശേഷത പാലിച്ച് എഴുതുന്നതിൽ | | | |
| | | | കവിതകൾക്ക് അനുയോജ്യമായ ഈണം കണ്ടെത്തുന്നതിൽ | | | |
| | | | ഗ്രൂപ്പു പ്രവർത്തനത്തിലെ പങ്കാളിത്തം ഉപയോഗപ്പെടുത്തുന്നതിൽ | | | |
| | | | രചനകളിൽ കരുത്തുറ്റ ഭാഷ ഉപയോഗിക്കുന്ന കാര്യത്തിൽ | | | |
| | | | സ്വയം എഡിറ്റ് ചെയ്ത് മെച്ചപ്പെടുത്തുന്നതിൽ | | | |
| | | | ചർച്ചകളിൽ ക്രിയാത്മകമായി ഇടപെടുന്നതിൽ | | | |
| | | | വായനാസാമഗ്രികൾ വായിക്കുന്നതിൽ | | | |